സത്യദൂതികയ്ക്ക്

140

ദീപ്തവർഷങ്ങൾ

CELEBRATING 140 YEARS OF NEWSFUL SERVICE WITH

ICONS OF SUCCESS

AN EXCLUSIVE RASHTRA DEEPIKA LTD
PUBLICATION 2026



ICONS OF SUCCESS



തൃശൂർ
പൂരത്തിനോടനുബന്ധിച്ചു
നടന്ന കുടമാറ്റം -

ടോജോ പി ആന്റണി

ICONS OF SUCCESS

RASHTRA DEEPIKA LTD.
KOTTAYAM

Chairman
Dr. Francis Cleetus

Managing Director
Fr. Michael Vettickat

Chief Editor
Dr. George Kudilil

Chief News Editor
C.K. Kuriachan

General Manager (Marketing)
Mathew Kollamalakarottu

Editor-in-Charge
Sebin Joseph

Layout & Design
Binny Mathew

Rashtra Deepika Unit offices

Thiruvananthapuram	: 0471-2471522
Kottayam	: 0481- 2566706
Kochi	: 0484- 2391086
Thrissur	: 0487- 2425222
Kozhikode	: 0495- 2765222
Kannur	: 0497- 2747622

Customer Care Enquiries
Ph: 0481 2566707 / 8590 988999

For Online Subscription
www.deepika.com/eshopping

ബിസിനസുകൾ വളരട്ടെ, ലോകവും

പ്രാചീനതയിൽനിന്ന് ആധുനികകാലഘട്ടത്തിലേക്കുള്ള മനുഷ്യന്റെ വളർച്ചയെ സ്വാധീനിച്ച നിർണായകഘടകമാണ് ക്രയവിക്രയം. കാർഷികവിളകൾ, വളർത്തുമൃഗങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാരംഭിച്ച വിനിമയ ഇടപാടുകൾക്ക് ഇന്നു നാണയങ്ങൾ മധ്യസ്ഥത വഹിക്കുന്നു. ക്രയവിക്രയങ്ങൾ ക്രമേണ ബിസിനസുകളായി മാറി. കാർഷിക ഉത്പന്നങ്ങളുടെ സ്ഥാനത്ത് സേവനങ്ങളും ടെക്നോളജിയും വില്പനച്ചരക്കുകളായി. ലോകത്തിന്റെ അനുദിനവളർച്ചയിൽ നിർണായക സ്ഥാനമാണ് ബിസിനസുകൾക്കുള്ളത്. ലോകജീവിതക്രമം മാറ്റിമറിച്ച ബിസിനസിന്റെ ചരിത്രമെഴുതിയത് ചില വ്യക്തികൾ ചേർന്നാണ്. അവരുടെ ചിന്തയും ആശയങ്ങളുമാണ് മാനവരാശിയെ മുന്നോട്ടു നയിക്കുന്നത്. മോട്ടോർ കാർ വ്യവസായത്തിന്റെ പിതാവ് ഹെൻറി ഫോർഡ് മുതൽ സ്പേസ് എക്സ് സ്ഥാപകൻ ഇലോൺ മസ്ക് വരെ നിളുന്ന നിരയിൽ പ്രമുഖർ നിരവധിയാണ്. ലോകത്തിലെ നാലാമത്തെ സാമ്പത്തിക ശക്തിയായി ഇന്ത്യ കുതിക്കുന്നതിന് കരുത്തുപകരുന്നത് രാജ്യത്തെ ബിസിനസ് പ്രമുഖരാണ്. സാക്ഷരതകൊണ്ടും ജീവിതനിലവാരംകൊണ്ടും രാജ്യത്തു മുൻനിരയിലുള്ള നമ്മുടെ കേരളത്തിന്റെ പുരോഗതിക്കു പിന്നിലും വിദ്യാഭ്യാസം, സാങ്കേതിക വിദ്യ, മെഡിക്കൽ രംഗം തുടങ്ങിയ മേഖലകളിലെ ദീർഘവീക്ഷണത്തോടെയുള്ള നിക്ഷേപങ്ങളാണ്.

രാഷ്ട്രദീപിക ലിമിറ്റഡ് കമ്പനിയും അതിന്റെ പ്രസിദ്ധീകരണങ്ങളായ ദീപികയും ബിസിനസ് ദീപികയും ബിസിനസ് രംഗത്തെ വളരെയധികം പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ദീപിക ദിനപത്രം 140 -ാം വാർഷികമാഘോഷിക്കുന്ന അവസരത്തിൽ ഈ രംഗത്തെ ചില പ്രമുഖവ്യക്തികളെ ഇവിടെ പരിചയപ്പെടുത്തുന്നു. വിദ്യാഭ്യാസം, മുല്യബോധം, ആഗോള കാഴ്ചപ്പാട് എന്നിവയാണ് ഇവരെ വ്യത്യസ്തരാക്കുന്നത്. വ്യാപാരലാഭം മാത്രം ലക്ഷ്യംവയ്ക്കാതെ സമൂഹത്തിന്റെ നന്മയ്ക്കുതകുന്ന ദീർഘവീക്ഷണത്തോടെയുള്ള ഇടപെടലുകളാണ് ഇവർ നടത്തുന്നത്. നവസംരംഭകരെ പരിചയപ്പെടുത്താനും പ്രോത്സാഹിപ്പിക്കാനും മാത്രമല്ല, നിലവിലുള്ള പ്രസ്ഥാനങ്ങളെ അംഗീകരിക്കാനും പുതിയ കാഴ്ചപ്പാടുകൾക്കു പാതയൊരുക്കാനും കഴിഞ്ഞ ഒന്നരനൂറ്റാണ്ടായി ദീപിക ശ്രദ്ധിച്ചിട്ടുണ്ട്. ആ പരിശ്രമങ്ങളുടെ തുടർകണ്ണിയായി പ്രസിദ്ധീകരിക്കുന്ന ഈ കോഫി ടേബിൾ ബുക്കും എല്ലാവർക്കും സ്വീകാര്യമാകുമെന്നു പ്രതീക്ഷിക്കുന്നു.

ഡോ. ജോർജ് കുടിലിൽ
ചീഫ് എഡിറ്റർ

DEEPIKA
SINCE 1887

Rashtra Deepika Ltd.
P.B. No.7, College Road
Kottayam, Kerala - 686001
0481-2566707, 2566708
deepika@deepika.com
www.deepika.com
www.facebook.com/deepika newspaper



CONTENTS

8 വ്യാപാരരംഗത്തെ വഴികാട്ടികൾ

12 ആൽമരച്ചോട്ടിലെ സെൻസെക്സും നിഫ്റ്റിയും

14 INDIA'S 10 WEALTHIES

16 THE LEADING BILLIONAIRES FROM KERALAM

18 TOP 10 WOMEN ENTREPRENEURS IN INDIA

20 കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി എന്ന വിസ്മയം

22 ആഗോള വ്യവസായ രംഗത്തെ മലയാളിപ്പെരുമ: എം. എ.യൂസഫ് അലി

24 ബീന കണ്ണൻ - ഫാഷന്റെ വിജയമേൽവിലാസം

26 JOY ALUKKAS - MOLDING DREAMS IN GOLD

27 RAVI PILLAI: THE MASTER STRATEGIST

30 കൊശമറ്റം ഗ്രൂപ്പ് - വളർച്ചയുടെ 175 വർഷങ്ങൾ

32 DDC LAB - വൈദ്യപരിശോധന രംഗത്തെ വേറിട്ട സംരംഭകൻ

38 ദർശനത്തിലുറച്ച പ്രവർത്തനം വിശ്വസ്തതയിലൂന്നിയ നേതൃത്വം - ICL Fincorp

40 തങ്കത്തിളക്കമുള്ള വിജയഗാഥ - രാജീവ് പോൾ ചുങ്കത്ത്

42 ഗുരുകുലത്തിന്റെ മുല്ലപ്പൂ സുഗന്ധം!

46 മൂന്നരലക്ഷം മലയാളികളുടെ അമേരിക്കൻ സ്വപ്നം യാഥാർഥ്യമാക്കി ട്രാവിസ സാരഥി - ഡോ. ജോസഫ് ചാക്കോ

49 സത്യത്തിലൂന്നിയ ബിസിനസ് യാത്ര - റമദ ആലപ്പി ചെയർമാൻ റെജി ചെറിയാൻ

50 രുചിയിൽ എഴുതിയ 'നവ്യ' ഗാഥ

52 തലമുറകൾക്കായി നീണ്ട കരുതലിന്റെ കരം

55 വണ്ടൻമേട് മാസ് എന്റർപ്രൈസസ് - ടി.ടി. ജോസ് വളർത്തിയ ബിസിനസ് വിസ്മയം

56 ക്രിസ്ത്യൻ വിവാഹങ്ങൾക്ക് ചാവറ മാട്രിമോണി

58 തലമുറകൾ കൈമാറി വന്ന വിശ്വാസം - പുളിമൂട്ടിൽ സിൽക്സ്

60 PROF. ANTONEY P. JOSEPH- Shaping Futures Through Education, Innovation and Global Vision

64 ജനകീയ ബ്രാൻഡ് ആയി റിച്ച്മാക്സ് ഗ്രൂപ്പ്

66 വിഷ്ണു നമ്പൂതിരി - കാലത്തിന് മുമ്പേ നടന്ന മഹാ സംരംഭകൻ

68 ജേക്കബ് തോമസിന്റെ കരുത്ത്; കരയിലും കായലിലും പടർന്ന സാമ്രാജ്യം

70 ജെ.ജെ. ഗാർഡൻസ് ഡ്രാഗൺ ഫ്രൂട്ട് വിസ്മയം

71 പൊതുരംഗത്തെ നിറസാന്നിധ്യം - കെ.എഫ്. വർഗീസ് കല്ലുമാടിക്കൽ

72 സി.എ. ജോണി പള്ളിവാതുക്കൽ - ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ ആചാര്യൻ

73 SMR Group - Synonym of Loyalty

74 ആത്മവിശ്വാസമുള്ള മുടിവളർച്ചയ്ക്ക് ഡി ലാപ്പ്

76 ജെഎൻ ലൈറ്റ്സ് - നാടിന്റെ വെളിച്ചം

78 ലിസി കാൻസർ സെന്റർ - അർബുദ രോഗികൾക്ക് ആശ്വാസതീരം

80 സൗരോർജ്ജ രംഗത്ത് ദീർഘവീക്ഷണത്തിന്റെ 10 വർഷങ്ങൾ

82 പീറ്റർ പോൾ - പിട്ടാപ്പിള്ളിൽ ഗൃഹോപകരണ വിപണിയുടെ സാരഥി

84 ആയുരാരോഗ്യ സൗഖ്യ സാഫല്യം HealED

86 നിർമാണ മേഖലയിലെ പി.ജെ വിപ്ലവം

88 PARATHUVAYALIL HOSPITAL

90 ഡോ. ജിസ് തോമസ് പാലൂക്കുന്നേൽ - കലയിൽ തിളങ്ങിയ ഡോക്ടർ

91 വളർച്ചയുടെ പടവുകളിൽ - സഹ്യാദ്രി കോ - ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി ലിമിറ്റഡ്

92 സ്വർണ വ്യാപാരരംഗത്തെ വജ്രശോഭ - ഡോ. സി.വി. രവീന്ദ്രനാഥ്



വ്യാപാരരംഗത്തെ വഴികാട്ടികൾ

സെബിൻ ജോസഫ്

ലോകത്തിന്റെ മുന്നോട്ടുള്ള വളർച്ചയെ സ്വാധീനിച്ച ചില വ്യക്തികളാൽ എഴുതപ്പെട്ടതാണ് ലോക ബിസിനസ് ചരിത്രം. അവരുടെ ആശയങ്ങൾ വ്യവസായങ്ങളായി, നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു, ലോകജീവിതക്രമം തന്നെ മാറി. വ്യാപാരലാഭം മാത്രം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ അല്ല അവർ നടത്തിയത്. സമൂഹത്തിന്റെ ജീവിതരീതിയും തൊഴിൽമേഖലയുമെല്ലാം മാറ്റിമറിക്കുന്ന ഇച്ഛാശക്തിയോടെയുള്ള മുന്നേറ്റമാണ് അവർ നടത്തിയത്. ജനകീയ ഗതാഗതത്തിന്റെ ശില്പി ഹെൻറി ഫോർഡ്, ഊർജമേഖലയിലെ അതികായൻ ജോൺ ഡി. റോക്ഫെല്ലർ, കഥകളെ വ്യവസായമാക്കിയ വാൾട്ട് ഡിസ്നി, വിവരസാങ്കേതിക വിദ്യക്കു പുതുസ്പന്ദനം നൽകിയ സ്റ്റീവ് ജോബ്സ്, ഡിജിറ്റൽ ലോകത്തിന്റെ ശില്പി ബിൽ ഗേറ്റ്സ്, നിക്ഷേപലോകത്തിന്റെ ഗുരു വാറൻ ബഫറ്റ്, ബഹിരാകാശത്തോളം ബിസിനസ് വളർത്തിയ ഇലോൺ മസ്ക്, ഡിജിറ്റൽ വ്യാപാരത്തിന്റെ ശക്തി തിരിച്ചറിഞ്ഞ ജെഫ് ബെസോസ്, ജാക്ക് മാ, സാമൂഹ്യസേവനവും മൂല്യാധിഷ്ഠിത ബിസിനസും ഒരുമിച്ച് കൊണ്ടുപോയ രത്തൻ ടാറ്റ എന്നിവർ ആഗോള ബിസിനസിന്റെ മുഖമുദ്രകളാണ്.

ഹെൻറി ഫോർഡ് എന്ന അമേരിക്കൻ വ്യവസായി ഫോർഡ് മോട്ടർ കമ്പനി സ്ഥാപിച്ച് അസംബ്ലിലൈൻ സാങ്കേതിക വിദ്യ ജനപ്രിയമാക്കി. സാധാരണക്കാരനും കാർ സ്വന്തമാക്കാമെന്ന സാഹചര്യം സൃഷ്ടിച്ചു. ഉത്പാദനച്ചെലവ് കുറയ്ക്കുകയും വ്യവസായ കാര്യക്ഷമത വർധിപ്പിക്കുകയും ചെയ്ത അദ്ദേഹത്തിന്റെ മാതൃക ലോകമെങ്ങും ഇന്നും പിന്തുടരുന്നു. അമേരിക്കയിലെ സാധാരണ കുടുംബത്തിൽ ജനിച്ച ജോൺ ഡി. റോക്ഫെല്ലർ, എണ്ണവ്യാവസായത്തെ കോർപറേറ്റ്വത്കരിച്ചു. അക്കൗണ്ടന്റായി ഔദ്യോഗിക ജീവിതം ആരംഭിച്ച ഇദ്ദേഹം, 1870ൽ റോക്ഫെല്ലർ സ്റ്റാൻഡേർഡ് ഓയിൽ കമ്പനി സ്ഥാപിച്ചു. ഉത്പാദനച്ചെലവ് കുറയ്ക്കൽ, മികച്ച മാനേജ്മെന്റ്, ദീർഘകാല പദ്ധതികൾ എന്നിവയിലൂടെ ബിസിനസ് സാമ്രാജ്യം വിപുലപ്പെടുത്തി. 1911ൽ സ്റ്റാൻഡേർഡ് ഓയിൽ കമ്പനി വിഭജിക്കപ്പെട്ടെങ്കിലും റോക്ഫെല്ലർ സ്ഥാപിച്ച റോക്ഫെല്ലർ ഫൗണ്ടേഷൻ വിദ്യാഭ്യാസ - ജീവകാരുണ്യരംഗത്ത് ഇന്നും പ്രവർത്തിക്കുന്നു. ലോക വിനോദവ്യവസായത്തിന്റെ ചരിത്രത്തിൽ നിർണായകസ്വാധീനം ചെലുത്തിയ വ്യക്തിയാണ് വാൾട്ട് ഡിസ്നി. മിക്കിമൗസിലൂടെയും ഡിസ്നിലാൻഡിലൂടെയും ഇദ്ദേഹം ശ്രദ്ധേയനായി. ഒരുകാർട്ടൂൺ കഥാപാത്രത്തെ സൃഷ്ടിച്ചതിൽ ഒതുങ്ങാതെ കഥപറച്ചിലിന്റെയും അനിമേഷന്റെയും കുടുംബവിനോദത്തിന്റെയും മുഖച്ഛായ തന്നെ വാൾട്ട് ഡിസ്നി മാറ്റിമറിച്ചു.

സാങ്കേതികവിദ്യയെ ജനങ്ങളുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമാക്കിയ വ്യക്തിയാണ് സ്റ്റീവ് ജോബ്സ്. ആപ്പിൾ സഹസ്ഥാപകനായ അദ്ദേഹം ഐഫോൺ, ഐപാഡ്, മാക്ബുക്ക് തുടങ്ങിയ ഉത്പന്നങ്ങളിലൂടെ ഡിജിറ്റൽ യുഗത്തിന് പുതിയദിശ നൽകി. മൈക്രോസോഫ്റ്റ് സ്ഥാപകനായ ബിൽ ഗേറ്റ്സ് പേഴ്സണൽ കംപ്യൂട്ടറുകളുടെ വ്യാപനത്തിന് വലിയ പങ്കുവഹിച്ചു. ലോകത്തെ കോടിക്കണക്കിന് കംപ്യൂട്ടറുകളിൽ പ്രവർത്തിക്കുന്ന സോഫ്റ്റ്വേർ സംവിധാനങ്ങൾ വികസിപ്പിച്ചു, ജീവകാരുണ്യപ്രവർത്തനത്തിലും അദ്ദേഹം ശ്രദ്ധേയനായി.

ലോകത്തിലെ ഏറ്റവും വിജയിച്ച നിക്ഷേപകരിൽ ഒരാളാണ് വാറൻ ബഫറ്റ്. അദ്ദേഹത്തിന്റെ ബെർക്ക്ഷെയർ ഹാത്തവേയിലൂടെ ദീർഘകാല നിക്ഷേപത്തിന്റെ പ്രാധാന്യം ലോകത്തെ പഠിപ്പിച്ചു. ഒരു ടെക്സ്റ്റൈൽ കമ്പനി ആരംഭിച്ച്, പിന്നീട് റിട്ടെയിൽ, ഒയിൽവേ തുടങ്ങിയ മേഖലയിലെ കമ്പനികളെ ഏറ്റെടുത്ത് വാറൻ ബഫറ്റ് ലോകത്തിലെ മുൻനിര നിക്ഷേപകനായി. ടെസ്ല, സ്പേസ്എക്സ് തുടങ്ങിയ സംരംഭങ്ങളിലൂടെ ഇലോൺ മസ്ക് വൈദ്യുത വാഹനങ്ങളുടെയും ബഹിരാകാശ സാങ്കേതികവിദ്യയുടെയും രംഗത്ത് പുതിയ സാധ്യതകൾ തുറന്നു. അസാധ്യമെന്നു തോന്നുന്ന ആശയങ്ങളെ യാഥാർഥ്യമാക്കി അദ്ദേഹം ലോകത്തിന്റെ ശ്രദ്ധപിടിച്ചുപറ്റി. ആധുനിക ബിസിനസ് ചരിത്രത്തെ ഏറ്റവും കൂടുതൽ സ്വാധീനിച്ച ഒരാളാണ് ജെഫ് ബസോസ്. ഓൺലൈൻ പുസ്തകക്കടയിൽ നിന്ന് ലോകത്തിലെ ഏറ്റവുംവലിയ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമായി ആമസോണിനെ വളർത്തി. ചൈനയിലെ ഒരു സാധാരണ അധ്യാപകനിൽനിന്ന് ആഗോള ഇ-കൊമേഴ്സ് സാമ്രാജ്യത്തിന്റെ ശില്പിയായി ജാക്ക് മാ വളർന്നു. ഇന്റർനെറ്റിന്റെ സാധ്യത തിരിച്ചറിഞ്ഞ് അദ്ദേഹം സ്ഥാപിച്ച ഓൺലൈൻ ബിസിനസ് പ്ലാറ്റ്ഫോം ആലിബാബ വളരെ വേഗം ലോകപ്രശസ്തി നേടി.

ആധുനിക ഇന്ത്യയുടെ ശില്പികൾ

ലോകത്തിലെ നാലാമത്തെ വലിയ സാമ്പത്തിക ശക്തിയായി ഇന്ത്യ വളർന്നതിനു പിന്നിൽ അസാധാരണമായ ദീർഘവീക്ഷണവും ധൈര്യവും കഠിനാധ്വാനവും പുലർത്തിയ ചില സംരംഭകരുണ്ട്. ഇവർ സ്ഥാപിച്ച വ്യവസായങ്ങളും സ്ഥാപനങ്ങളും രാജ്യത്തിന്റെ ആത്മവിശ്വാസം വർധിപ്പിക്കുകയും ഭാവി സുരക്ഷിതമാക്കുകയും ചെയ്തു. ഇന്ത്യൻ വ്യവസായത്തിന് അടിത്തറപാകിയ വ്യക്തിയാണ് ജംഷഡ്ജി ടാറ്റ. സാമൂഹ്യസേവനവും വ്യവസായവികസനവും പരസ്പരപൂരകങ്ങളാണ് എന്ന ടാറ്റ പാരമ്പര്യത്തിന്റെ സ്രഷ്ടാവ്. ബ്രിട്ടീഷ് ഇന്ത്യയിൽ സ്റ്റീൽ പ്ലാന്റുകൾ, വൈദ്യുതോത്പാദനം, വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവ സ്ഥാപിക്കുകവഴി രാഷ്ട്രനിർമാണത്തിന്റെ ഭാഗമായി. ടാറ്റയുടെ പാരമ്പര്യം ആഗോളതലത്തിലേക്ക് ഉയർത്തിയത് രത്തൻ ടാറ്റയാണ്. സാമൂഹിക ഉത്തരവാദിത്തത്തിലും വ്യവസായിക നൈതികതയിലും വിട്ടുവീഴ്ചയില്ലാതെ എങ്ങനെ മുന്നോട്ട് പോകണമെന്ന് തെളിയിച്ചു. ആധുനിക ഡിജിറ്റൽ ഇന്ത്യ കെട്ടിപ്പടുക്കുന്നതിൽ രത്തൻ ടാറ്റ നിർണായക പങ്കുവഹിച്ചു.

ഒരു ചെറുകിട വ്യാപാരിയിൽനിന്ന് ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യ വ്യവസായ ഗ്രൂപ്പായ റിലയൻസ് സ്ഥാപകനിലേക്കുള്ള ധീരുഭായ് അംബാനിയുടെ യാത്ര, ഇന്ത്യൻ സംരംഭകത്വത്തിന്റെ പ്രതീകമാണ്. ധീരുഭായ് അംബാനി തുടങ്ങിവച്ച വിപ്ലവകരമായ മാറ്റം മുകേഷ് അംബാനിയിലൂടെ തുടരുന്നു. മുകേഷ് അംബാനി ഇന്ത്യയിലെ ടെലികോം - ഡിജിറ്റൽ വിപ്ലവത്തിന് നേതൃത്വം നൽകി. ജിയോ പോലുള്ള സംരംഭങ്ങൾ, ഡാറ്റയും സാങ്കേതികവിദ്യയും ജനകീയമാക്കി, സമ്പദ്വ്യവസ്ഥയുടെ ഗതി മാറ്റി.

സ്വാതന്ത്ര്യസമര കാലത്ത് തന്നെ ഇന്ത്യൻ വ്യവസായത്തിന് ആത്മവിശ്വാസം നൽകിയ വ്യക്തിയാണ് ജി.ഡി. ബിർള. വ്യവസായവും രാഷ്ട്രസ്നേഹവും കൈകോർത്ത് പോകാമെന്നത് അദ്ദേഹത്തിന്റെ ജീവിതം തെളിയിച്ചു. ഇൻഫോസിസിലൂടെ നാരായണ മൂർത്തി ഇന്ത്യൻ ഐടി വ്യവസായത്തെ ആഗോള മാപ്പിൽ ഉറപ്പിച്ചു. സുതാര്യത, കോർപറേറ്റ് ഗവർണൻസ്, മൂല്യാധിഷ്ഠിത നേതൃത്വം ഇവയെല്ലാം പുതിയ തലമുറ സംരംഭകർക്ക് മാതൃകയായി. ഗോദ്റേജ് ഗ്രൂപ്പിനെ നവീകരണത്തിന്റെയും വിശ്വാസത്തിന്റെയും പ്രതീകമാക്കിയ ആദി ഗോദ്റേജ്, പരമ്പരാഗത ബിസിനസിനെ ആധുനിക കാലത്തിനനുസരിച്ച് മാറ്റിയ നേതാവാണ്.

ഇന്ത്യയിൽ ഏറ്റവും സ്വാധീനമുള്ള വ്യവസായികളിൽ ഒരാളാണ് ഗൗതം അദാനി. തുറമുഖങ്ങൾ, വൈദ്യുതി, ഊർജം, വിമാനത്താവളങ്ങൾ, ലോജിസ്റ്റിക്സ്, നവീന ഊർജം തുടങ്ങിയ വിവിധ മേഖലകളിൽ വ്യാപിച്ചുകിടക്കുന്ന വ്യവസായ സാമ്രാജ്യത്തിന്റെ അധിപനാണ് അദ്ദേഹം. ഗുജറാത്ത് കേന്ദ്രമാക്കി 1988ൽ ആരംഭിച്ച അദാനി ഗ്രൂപ്പിന് രാജ്യത്തിന് അകത്തും പുറത്തുമായി വിവിധ ബിസിനസുകളിൽ നിക്ഷേപമുണ്ട്. ഒരു കുടുംബ ബിസിനസിനെ രാജ്യത്തിന്റെ ഏറ്റവും വിശ്വസനീയമായ വാഹനബ്രാൻഡുകളിലൊന്നാക്കി മാറ്റിയ വ്യക്തിയാണ് രാഹുൽ ബജാജ്. ഇന്ത്യൻ മധ്യവർഗത്തിന്റെ യാത്രാസ്വപ്നങ്ങൾക്ക് ചിറകുകൾ നൽകിയ വ്യവസായിയാണ് അദ്ദേഹം. രാജ്യത്തെ ഐടി വ്യവസായത്തിന്റെ വളർച്ചയെക്കുറിച്ച് പറയുമ്പോൾ ഒഴിവാക്കാനാവാത്ത പേരാണ് അസിം പ്രേംജി. ഒരു ചെറിയ ഉപഭോക്തൃ ഉത്പന്ന കമ്പനിയെ ആഗോള സാങ്കേതിക സ്ഥാപനമാക്കി മാറ്റിയ ദീർഘവീക്ഷണമുള്ള വ്യവസായിയും ജീവകാരുണ്യപ്രവർത്തകനുമാണ് അദ്ദേഹം. ഇന്ത്യയെ ആഗോള ഐടി സേവന കേന്ദ്രമാക്കി ഉയർത്തുന്നതിൽ പ്രേംജിയുടെ വിപ്രോയും മറ്റ് ഇന്ത്യൻ കമ്പനികളും നിർണാ



വിപണിയുടെ ഗതി നിർണയിച്ച ബിസിനസ് ഐക്കണുകൾ

യക പങ്കുവഹിച്ചു. എച്ച്സിഎൽ ടെക്നോളജീസ് സ്ഥാപകൻ ശിവ് നാടാർ, ആദിത്യ ബിർള ഗ്രൂപ്പ് ചെയർമാൻ കുമാർ മംഗളം ബിർള, ഭാരതി എയർടെൽ സ്ഥാപകൻ സുനിൽ ഭാരതി, നന്ദൻ നിലേക്കനി, കിരൺ മജുംദാർഷാ, വിജയ് ശേഖർ ശർമ, ഭവീഷ് അഗർവാൾ, ദീപീന്ദർ ഗോയൽ, രാഹുൽ ബജാജ്, ഉദയ് കോടക്, ആനന്ദ് മഹീന്ദ്ര, രാധാകൃഷ്ണ ധമാനി, ദിലീപ് സാംഗ്വി, ശ്രീധർ വെമ്പു തുടങ്ങി പ്രമുഖരുടെ പട്ടിക നീളുന്നു.

മലയാളികളുടെ അഭിമാനം

ഉയർന്ന സാക്ഷരതയും സാമൂഹിക പുരോഗതിയും മനുഷ്യവികസന സൂചികകളും കൊണ്ട് പ്രശസ്തമായ കേരളം, അതുപോലെ തന്നെ ലോകോത്തര ബിസിനസ് നേതാക്കളെയും സൃഷ്ടിച്ചിട്ടുണ്ട്. കേരളത്തിലെ ബിസിനസ് ഐക്കണുകൾ വിദ്യാഭ്യാസം, കഠിനാധ്വാനം, മൂല്യബോധം ഇവയെ ആധാരമാക്കി പ്രാദേശികമായി ചെറുസംരംഭങ്ങൾ തുടങ്ങി ആഗോളവിജയത്തിൽ എത്തിച്ചവരാണ്.





തൃശൂർ ജില്ലയിലെ ഒരു ചെറിയ ഗ്രാമത്തിൽനിന്ന് എം.എ. യൂസഫ് അലി ആരംഭിച്ച യാത്ര, ലോകത്തിലെ ഏറ്റവും വലിയ റീട്ടെയിൽ ശൃംഖലയായി. ലുലു ഗ്രൂപ്പിലൂടെ മിഡിൽ ഈസ്റ്റിലും ഇന്ത്യയിലും സംഘടിത റീട്ടെയിലിന് പുതിയ മുഖം നൽകി. വിദ്യാഭ്യാസം, ആരോഗ്യം, ദുരിതാശ്വാസം തുടങ്ങിയ മേഖലകളിലെ കാരുണ്യപ്രവർത്തനം അദ്ദേഹത്തിന്റെ സാമൂഹിക പ്രതിബദ്ധത വ്യക്തമാക്കുന്നു.

ഗൾഫ് രാജ്യങ്ങളിലെ നിർമാണമേഖലയിൽ മലയാളി സംരംഭകത്വത്തിന് വിശ്വാസ്യതയും കൃത്യതയും നൽകിയ വ്യക്തിയാണ് രവി പിള്ള. ആർ.പി. ഗ്രൂപ്പിന്റെ അന്താരാഷ്ട്ര ഇൻഫ്രാസ്ട്രക്ചർ പദ്ധതികൾ, വിശ്വസ്തതയും ഗുണനിലവാരവും എങ്ങനെ ആഗോള വിജയത്തിലേക്ക് നയിക്കുമെന്നതിന് ഉദാഹരണമാണ്.

ഒരു വോൾട്ടേജ് സ്റ്റബിലൈസറിൽനിന്ന് ആരംഭിച്ച് ദേശീയതലത്തിലുള്ള ഉപഭോക്തൃ ബ്രാൻഡായി വി-ഗാർഡിനെ ഉയർത്തിയത് കൊച്ചൗസേഫ് chിറ്റിലപ്പിള്ളിയാണ്. ഉപഭോക്തൃ ആവശ്യങ്ങൾ മനസിലാക്കി ഗുണനിലവാരത്തിൽ വിട്ടുവീഴ്ച ചെയ്യാതെയാണ് ഈ വളർച്ച. കേരളത്തിന്റെ ടൂറിസം രംഗത്ത് നിർണായകസ്ഥാനമുള്ള വാട്ടർതീം പാർക്കുകളുടെ സ്രഷ്ടാവും അദ്ദേഹം തന്നെ.

റിയൽ എസ്റ്റേറ്റ് മേഖലയിലേക്ക് ആഗോള നിലവാരത്തിലുള്ള നിർമാണ ശൈലികൾ കൊണ്ടുവന്ന വ്യക്തിയാണ് പി.എൻ.സി. മേനോൻ. ശോഭ ഗ്രൂപ്പിലൂടെ കൃത്യത, ഇൻ-ഹൗസ് നിർമ്മാണം, കർശന ഗുണനിലവാര നിയന്ത്രണം ഇവയെല്ലാം ഇന്ത്യൻ നഗരവികസനത്തിന് പുതിയ മാതൃകയായി.









വിപണിയുടെ വളർച്ചയുടെ ഗതി നിർണയിച്ച ബിസിനസ് ഐക്കണുകൾ





ഓഹരി വിപണിയെ സാധാരണ നിക്ഷേപകർക്ക് സമീപമാക്കിയതിൽ നിർണായക പങ്കുവഹിച്ച വ്യക്തിയാണ് സി.ജെ. ജോർജ്. ജിയോജിത്തിലൂടെ സാമ്പത്തിക സാക്ഷരതയും നിക്ഷേപ സംസ്കാരവും കേരളത്തിലും രാജ്യത്തുടനീളവും വളർത്തി. പരീക്ഷാ പരിശീലന അധ്യാപകനിൽനിന്ന് ആഗോള എഡ്ടെക് സംരംഭകനിലേക്കുള്ള ബൈജു രവീന്ദ്രന്റെ യാത്ര, അറിവ് അധിഷ്ഠിത സംരംഭകത്വത്തിന്റെ സാധ്യതകൾ തുറന്നുകാട്ടി. വെല്ലുവിളികളോടൊപ്പം തന്നെ ഇന്ത്യൻ വിദ്യാഭ്യാസ മേഖലയിലെ ഡിജിറ്റൽ മാറ്റത്തിന് അദ്ദേഹം വഴിയൊരുക്കി. എം.പി. രാമചന്ദ്രൻ, സണ്ണി വർക്കി, ഷംസീർ വയലിൽ, വി.പി. നന്ദകുമാർ, ജോർജ് അലക്സാണ്ടർ മുത്തൂറ്റ്, ജോയ് ആലുക്കാസ്, ടി.എസ്. കല്യാണരാമൻ, ബോബി ചെമ്മണ്ണൂർ, എം.സി. ജേക്കബ്, എസ്.ഡി. ഷിബുലാൽ, ക്രിസ് ഗോപാലകൃഷ്ണൻ തുടങ്ങി കേരളത്തിലെ ബിസിനസ് പ്രമുഖരുടെ നിര നീളുന്നു.

കേരളത്തിലെ ബിസിനസ് ഐക്കണുകളിൽ പലരും സംസ്ഥാനത്തിനോ രാജ്യത്തിനോ പുറത്ത് അവസരം കണ്ടെത്തിയെങ്കിലും സ്വന്തം മണ്ണിനോട് ചേർന്നുനിന്ന് പ്രവർത്തിക്കാൻ അതീവതാത്പര്യം പ്രകടിപ്പിക്കുന്നവരാണ്.



മാത്തുക്കുട്ടി ടി. കൂട്ടുമ്മേൽ

ആൽമരച്ചോട്ടിലെ സെൻസെക്സും നിഫ്റ്റിയും

മുംബൈ ദലാൾ സ്ട്രീറ്റിലെ ആൽമരച്ചോട്ടിലെ അനൗദ്യോഗിക വ്യാപാരങ്ങളിൽനിന്ന് തുടങ്ങി, ഇന്ന് ലോകത്തിലെതന്നെ ഏറ്റവും ചലനാത്മകമായ സാമ്പത്തികവ്യവസ്ഥകളിലൊന്നായി രൂപപ്പെട്ട ഇന്ത്യൻ ഓഹരിവിപണിയുടെ ചരിത്രം ആകർഷകവും സമ്പന്നവുമാണ്. 18-ാം നൂറ്റാണ്ടുമുതൽ ചരിത്രമുള്ള ഇന്ത്യൻ ഓഹരി വിപണി ആഗോള വിപണിമൂല്യത്തിൽ എഴാം സ്ഥാനത്താണ്. മുംബൈ ആസ്ഥാനമായുള്ള ബോംബെ സ്റ്റോക് എക്സ്ചേഞ്ചും നാഷണൽ സ്റ്റോക് എക്സ് ചേഞ്ചുമാണ് ഇന്ത്യയിലെ പ്രധാന ഓഹരിവിപണികൾ. ഇവയുടെ രണ്ടു പ്രധാന സൂചികകളാണ് ബിഎസ്ഇ, സെൻസെക്സ്, എൻഎസ്ഇ നിഫ്റ്റി 50 എന്നിവ.

ബോംബെ സ്റ്റോക് എക്സ്ചേഞ്ചിന്റെ ഉദയം

1800കളുടെ തുടക്കത്തിൽ ഈസ്റ്റ് ഇന്ത്യ കമ്പനി ഇന്ത്യയിൽ പ്രവേശിച്ചതോടെ ലോൺ സെക്യൂരിറ്റീസ് വ്യാപാരം ആരംഭിച്ചെങ്കിലും സ്റ്റോക് എക്സ്ചേഞ്ചുകൾ പിന്നെയും വൈകിയാണ് ഉയർന്നുവന്നത്. ഇന്ത്യയിൽ ഓഹരിവിപണിയുടെ ചരിത്രം 1830 മുതൽ ആരംഭിച്ചു. 1850കളിൽ അഞ്ചു പേരടങ്ങുന്ന സ്റ്റോക് ബ്രോക്കർമാർ അന്നത്തെ ബോംബെ ടൗൺ ഹാളിനു മുന്നിലുള്ള ആൽമരത്തിനു കീഴിൽ ഒത്തുകൂടി. ഈ അനൗപചാരികമായ ഒത്തുകൂടൽ ഏഷ്യയിലെ തന്നെ ആദ്യ സ്റ്റോക് എക്സ്ചേഞ്ചിന് അടിത്തറപാകുകയായിരുന്നു. പിന്നീട് സ്റ്റോക് ബ്രോക്കർമാരുടെ എണ്ണം ഉയർന്നുതുടങ്ങിയതോടെ അവർ പല ആൽമരങ്ങൾക്കു കീഴിലായി. ബ്രോക്കർമാരുടെ എണ്ണം ഉയർന്നതോടെ ഇവർക്കു ചേരാൻ സ്ഥിരമായ ഒരു സ്ഥലം വേണമെന്ന നിലയിലെത്തി. 1872 വരെ ടൗൺ ഹാളിന് എതിർവശത്ത് 22 സ്റ്റോക് ബ്രോക്കർമാർ പ്രവർത്തിച്ചിരുന്നു. 1874ൽ ബ്രോക്കർമാർ അവരുടേതെന്നു പറയാവുന്ന സ്ഥലം കണ്ടെത്തി. ഇതോടെ ദലാൽ സ്ട്രീറ്റ് പിറവിയെടുത്തു. 1875 ജൂലൈ ഒമ്പതിന് നേറ്റിവ് ഷെയർ ആൻഡ് സ്റ്റോക് ബ്രോക്കേഴ്സ് അസോസിയേഷൻ എന്ന പേരിൽ ബ്രോക്കേഴ്സ് സംഘടന സ്ഥാപിതമായി. ഇതു പിന്നീട് ബോംബെ സ്റ്റോക് എക്സ്ചേഞ്ച് എന്നാകുകയായിരുന്നു. ഏഷ്യയിലെ ഏറ്റവും പഴക്കമേറിയതും ലോകത്തിലെ പത്താമത്തെ പഴക്കമേറിയതുമായ സ്റ്റോക് എക്സ്ചേഞ്ചായ ബിഎസ്ഇ ഇന്ത്യയുടെ സാമ്പത്തിക വിപണികളുടെ പ്രതികമാണ്. 2025ൽ ബിഎസ്ഇ 150-ാം വാർഷികം ആഘോഷിച്ചു.

ബിഎസ്ഇ സ്ഥാപിതമായതിനു മുന്നു വർഷങ്ങൾക്കുശേഷമാണ് ടോക്കിയോ സ്റ്റോക് എക്സ്ചേഞ്ച് രൂപീകൃതമാകുന്നത്. കോട്ടൺ കിംഗ് ഓഫ് ബോംബെ എന്നറിയപ്പെട്ട പ്രേചന്ദ് റോയിചന്ദ് ആണ് ബിഎസ്ഇയുടെ പ്രധാന സ്ഥാപകരിൽ ഒരാൾ. ബിഎസ്ഇയുടെ പിറവിക്കുശേഷം അടുത്ത ദശകങ്ങളിൽ അഹമ്മദാബാദ് (1894), കോൽക്കത്ത (1908), മദ്രാസ് (1920), ഹൈദരാബാദ് (1944) എന്നിവിടങ്ങളിൽ സ്റ്റോക് എക്സ്ചേഞ്ചുകൾ ഉദിച്ചുവന്നു.

ബിഎസ്ഇ നിലവിൽ സ്ഥിതിചെയ്യുന്ന സ്ഥലം 1928ലാണ് വാങ്ങിയത്. 1930ൽ കെട്ടിടത്തിന്റെ നിർമാണം ആരംഭിച്ചു. ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കു ശേഷം 1956ൽ സെക്യൂരിറ്റീസ് കോൺട്രാക്ട്സ് (റെഗുലേഷൻ) ആക്ട് (എസ്സിആർഎ) പ്രകാരം ഭാരത സർക്കാരിൽനിന്ന് സ്ഥിരമായ അംഗികാരം ലഭിച്ച രാജ്യത്തെ ആദ്യത്തെ സ്റ്റോക് എക്സ്ചേഞ്ചാണ് ബിഎസ്ഇ. ഇത് രാജ്യത്തെ ഓഹരി വ്യാപാരത്തിന് ഔദ്യോഗികവും നിയമപരവുമായ രൂപം നൽകി. ഫിറോസ് ജിജിഭോയ് ടവേഴ്സ് എന്നറിയപ്പെടുന്ന ഇപ്പോഴത്തെ ബിഎസ്ഇ കെട്ടിടം 1970ൽ നിർമിച്ചതാണ്. 1966 മുതൽ 1980 വരെ ബിഎസ്ഇയുടെ ചെയർമാനായിരുന്ന ഫിറോസ് ജംഷഡ്ജി ജിജിഭോയിയുടെ പേരിലാണ് ഇതറിയപ്പെടുന്നത്. ഏകദേശം അയ്യായിരത്തോളം ഓഹരികളാണ് ബിഎസ്ഇയിൽ വ്യാപാരം നടത്തുന്നത്.

സെൻസെക്സിന്റെ പിറവി

1986ൽ ബിഎസ്ഇ ഇന്ത്യയിലെ ആദ്യത്തെ സ്റ്റോക് എക്സ്ചേഞ്ച് സൂചികയായ സെൻസെക്സ് ആരംഭിച്ചു. 1978-79 സാമ്പത്തിക വർഷത്തെയാണ് ഇതിന്റെ അടിസ്ഥാന വർഷമായി കണക്കാക്കുന്നത്. 100 പോയിന്റാണ് അടിസ്ഥാന മൂല്യം. സെൻസിറ്റിവ് ഇൻഡക്സ് എന്നും ഇതിന് വിളിപ്പേരുണ്ട്. 1989ൽ സ്റ്റോക്ക് മാർക്കറ്റ് അനലിസ്റ്റായ ദീപക് മോഹോനിയാണ് "സെൻസെക്സ് " (Sensex) എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത്: "സെൻസിറ്റീവ് " (Sensitive), "ഇൻഡക്സ് " (Index) എന്നീ രണ്ട് വാക്കുകൾ ചേർത്താണ് ഈ പേര് രൂപപ്പെടുത്തിയത്. ചെറിയ സംഭവങ്ങൾ പോലും ഓഹരി വിലകളെ വലിയ രീതിയിൽ സ്വാധീനിച്ചേക്കാം എന്ന ഓഹരി വിപണിയുടെ "സെൻസിറ്റിവിറ്റി" യെ ആണ് ഈ പേര് സൂചിപ്പിക്കുന്നത്.

ബിഎസ്ഇയുടെ പ്രധാന സൂചികയായ സെൻസെക്സ് ബാങ്കിംഗ്, ഐടി, ഊർജം, എഫ്എംസിജി തുടങ്ങിയ വിവിധ മേഖലകളിൽ നിന്നുള്ള, ഏറ്റവും മികച്ച, സാമ്പത്തിക ഭദ്രതയുള്ള, കൂടുതൽ വ്യാപാരം നടക്കുന്നതുമായ 30 മുൻനിര കമ്പനികളാണ് ഇതിൽ ഉൾപ്പെടുന്നത്. വിപണി മൂല്യം, ലിക്വിഡിറ്റി, ഓരോ മേഖലയുടെയും പ്രാതിനിധ്യം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ കമ്പനികളെ തെരഞ്ഞെടുക്കുന്നത്. 13 വ്യത്യസ്ത വ്യവസായ മേഖലകളാണ് സെൻസെക്സിലുള്ളത്.

സെൻസെക്സ് നാഴികക്കല്ലുകൾ

1990 ജൂലൈ 25ന് സെൻസെക്സ് 1000 പോയിന്റ് ആദ്യമായി കടന്നു. 1999 ഒക്ടോബർ 11ന് 5000 പോയിന്റ്, 2006 ഫെബ്രുവരി ഏഴിന് ആദ്യമായി 10,000 പോയിന്റ് പിന്നിട്ടു. 2007 ഡിസംബർ 11ന് 20,000, 2014 മേയ് 16ന് 25,000 പോയിന്റ് കടന്നു. 2015 മാർച്ച് നാലിന് 30,000 പോയിന്റ്, 2018 ജനുവരി 17ന് 35,000 പോയിന്റ് കടന്നു. 2020 ഡിസംബർ നാലിന് 45,000 പോയിന്റ്. 2021 ജനുവരി 21ന് 50,000 പോയിന്റ് കടന്നു. 2023 ഡിസംബറിൽ 70,000, 2024 ജൂലൈ മൂന്നിന് 80,000 പോയിന്റും കടന്നു. സെൻസെക്സ് രേഖപ്പെടുത്തിയ ഏറ്റവും ഉയർന്ന പോയിന്റ് 2025 ഡിസംബറിൽ രേഖപ്പെടുത്തിയ 86159.02 ആണ്.

ഓഹരിവിപണികളും സെബിയും

1992 ഇന്ത്യൻ സാമ്പത്തിക രംഗം നിരവധി മാറ്റങ്ങൾ കണ്ട വർഷമായിരുന്നു. അന്നത്തെ കേന്ദ്ര സർക്കാർ വിദേശ നിക്ഷേപകർക്ക് ഇന്ത്യയിൽ നിക്ഷേപം നടത്താനുള്ള വാതിൽ തുറന്നു നൽകി. ലിബറലൈസേഷൻ, പ്രൈവറ്റൈസേഷൻ, ഗ്ലോബലൈസേഷൻ നയം അവതരിപ്പിക്കുകയും ചെയ്തു. പുതിയ അവസരങ്ങൾ ഉടലെടുത്തു. ഹർഷദ് മേത്ത എന്ന പേര് ഇന്ത്യയിൽ മൊത്തം സുപരിചിതമായി. ഇന്ത്യ കണ്ട ഏറ്റവും വലിയ സെക്യൂരിറ്റി കുംഭകോണത്തിലൂടെ അദ്ദേഹം ഇരുമ്പഴിക്കുള്ളിലായി. ഇതിന്റെ ഫലമായി ആ വർഷം സെക്യൂരിറ്റീസ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യക്കു (സെബി) നിയമപരമായി അംഗികാരം ലഭിച്ചു. 1988ൽ സ്ഥാപിതമായെങ്കിലും നാലു വർഷം നോൺ സ്റ്റാറ്റ്യൂട്ടറി ബോഡി ആയാണ് പ്രവർത്തിച്ചത്. 1992ൽ സെബി ആക്ട് പ്രകാരം സെബിക്ക് പാർലമെന്റ് നിയമപരമായ സ്വയംഭരണാധികാരം നൽകി. ഓഹരിവിപണികളിലെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന സ്ഥാപനമാണ് സെബി. വിപണിയിൽ സുതാര്യത ഉറപ്പാക്കുന്നതിനുള്ള നിയമങ്ങൾ നിർമിക്കുന്നത് സെബിയാണ്.

നാഷണൽ സ്റ്റോക് എക്സ്ചേഞ്ചിന്റെ വരവ്

ഇന്ത്യയിലെ ഏറ്റവും വലിയ ആധുനിക സ്റ്റോക് എക്സ്ചേഞ്ചാണിത്. 1992ൽ എൻഎസ്ഇ (നാഷണൽ സ്റ്റോക് എക്സ്ചേഞ്ച്) സ്ഥാപിതമായി. 1994ൽ ബിഎസ്ഇയുടെ കുത്തകയുമായി ആരോഗ്യകരമായ മത്സരത്തിനായി കടപത്ര, ഓഹരി വിപണിയിൽ ഇറങ്ങി. വ്യാപാരം ആരംഭിച്ചപ്പോൾ തന്നെ എൻഎസ്ഇ പൂർണമായും കംപ്യൂട്ടർ അധിഷ്ഠിതമായ സ്ക്രീൻ ബേസ്ഡ് ട്രേഡിംഗ് സിസ്റ്റം ആണ് ഇന്ത്യയിൽ അവതരിപ്പിച്ചത്. ബിഎസ്ഇ പോലുള്ള പഴയ എക്സ്ചേഞ്ചുകളിൽ ട്രേഡിംഗ് റിംഗും ഓക്ഷൻ ഔട്ട്ക്രൈ രീതിയും നിലനിന്നിരുന്ന കാലത്താണ്, എൻഎസ്ഇ ഒരു ട്രേഡിംഗ് ഫ്ളോർ പോലും ഇല്ലാതെ പൂർണമായും സാറ്റലൈറ്റ് ലിങ്കുകൾ വഴി കംപ്യൂട്ടറുകളെ ബന്ധിപ്പിച്ചുകൊണ്ട് രംഗപ്രവേശം ചെയ്തത്.

എൻഎസ്ഇയിൽ മുഴുവായിരത്തിലേറെ ഓഹരികളാണ് വ്യാപാരം നടത്തുന്നത്.

നിഫ്റ്റി 50

1995 അടിസ്ഥാന വർഷമായും 1000 പോയിന്റ് അടിസ്ഥാന മൂല്യമായും നിശ്ചയിച്ച് 1996ലാണ് നിഫ്റ്റി 50 ആരംഭിച്ചത്. എൻഎസ്ഇയിൽ ലിസ്റ്റ് ചെയ്തിട്ടുള്ളതും ഏറ്റവും കൂടുതൽ വിപണി മൂല്യമുള്ളതും സജീവമായി വ്യാപാരം നടക്കുന്നതുമായ 50 കമ്പനികളുടെ കൂട്ടായ്മയാണ് നിഫ്റ്റി 50 (NIFTY 50). രാജ്യത്തെ പ്രധാന സാമ്പത്തിക മേഖലകളെ പ്രതിനിധീകരിക്കുന്ന കമ്പനികളാണ് ഇതിലുള്ളത്. "National Stock Exchange" എന്നും "Fifty' എന്നുമുള്ള വാക്കുകൾ ചേർത്താണ് NIFTY എന്ന പേര് ഉണ്ടായത്. നിഫ്റ്റിയിൽ 15 വ്യത്യസ്ത വ്യവസായ മേഖലകളാണുള്ളത്.

നാഴികക്കല്ലുകൾ

അടിസ്ഥാന മൂല്യം 1000 പോയിന്റായി ആരംഭിച്ച നിഫ്റ്റി 50, 2004 ഡിസംബർ 14ന് 2000ലെത്തി. 2007 സെപ്റ്റംബർ 27ന് 5000 കടന്നു. 2017 ജൂലൈ 24ന് 10000 പോയിന്റ് പിന്നിട്ടു. 2021 ഫെബ്രുവരി എട്ടിന് 15,000 പോയിന്റ് കടന്ന സൂചിക 2023 സെപ്റ്റംബർ 11ന് 20,000 പോയിന്റ് കടന്നു. 2024 ഓഗസ്റ്റ് ഒന്നിന് 25,000 പോയിന്റും ഒരു മാസത്തിനുശേഷം സെപ്റ്റംബർ 24ന് 26,000ഉം കടന്നു. 2026 ജനുവരി രണ്ടിന് നിഫ്റ്റി 50 എക്കാലത്തെയും ഉയർന്ന നിലയായ 26,340 പോയിന്റിലെത്തി; 26,328.55 എന്ന എക്കാലത്തെയും ഉയർന്ന ക്ലോസിംഗ് നിരക്കിൽ വ്യാപാരം പൂർത്തിയാക്കി.

സെൻസെക്സ്, നിഫ്റ്റി50

രണ്ട് സൂചികകളിലും ഉൾപ്പെട്ടിരിക്കുന്ന ഭൂരിഭാഗം കമ്പനികളും ഒന്നുതന്നെയാണ് (ഉദാഹരണത്തിന്: റിലയൻസ്, ടിസിഎസ്, എച്ച്ഡിഎഫ്സി). അതുകൊണ്ട് തന്നെ സാധാരണയായി സെൻസെക്സ് ഉയരുമ്പോൾ നിഫ്റ്റിയും ഉയരാറുണ്ട്; സെൻസെക്സ് താഴോട്ട് പോകുമ്പോൾ നിഫ്റ്റിയും താഴും.



₹ India's 10 Wealthiest*



1. MUKESH AMBANI
Net Worth: $99.7 billion
Source of Wealth: Diversified
City: Mumbai



2. GAUTAM ADANI
Net Worth: $63.8 billion
Source of Wealth: Infrastructure
City: Ahmedabad



3. SAVITRI JINDAL
Net Worth: $39.1 billion
Source of Wealth: Steel
City: Hisar



4. LAKSHMI MITTAL
Net Worth: $31 billion
Source of Wealth:Steel
City: London/Dubai



5. SHIV NADAR
Net Worth: $30.9 billion
Source of Wealth: Software Services
City: Delhi

₹ India's 10 Wealthiest*



6. CYRUS POONAWALLA
Net Worth: $27 billion
Source of Wealth: Vaccines
City:Pune



7. DILIP SHANGHVI
Net Worth: $25.6 billion
Source of Wealth: Pharmaceuticals
City: Mumbai



8. KUMAR BIRLA
Net Worth: $21.1 billion
Source of Wealth: Commodities
City: Mumbai



9. RADHAKISHAN DAMANI
Net Worth: $15.7 billion
Source of Wealth: Retail, Investments
City: Mumbai



10. UDAY KOTAK
Net Worth: $14.4 billion
Source of Wealth: Banking
City: Mumbai

*(Net worth as of March 1, 2026)

THE LEADING BILLIONAIRES FROM KERALAM



Joy Alukkas

$6.7 Billion | Chairman of the Joyalukkas Group, a global jewelry empire with retail networks across multiple countries.



M.A. Yusuff Ali

$5.4 Billion | Chairman and Managing Director of the LuLu Group International, renowned for its massive hypermarkets and shopping malls globally.



Sunny Varkey

$4.0 Billion | Founder and Chairman of GEMS Education, the world's largest K-12 private education provider.



B. Ravi Pillai

$3.9 Billion | Founder and Chairman of the RP Group, a massive construction and infrastructure conglomerate operating primarily in the Middle East.



T.S. Kalyanaraman

- $3.6 Billion | Chairman and Managing Director of Kalyan Jewellers, one of India's largest and most trusted jewelry brands.

THE LEADING BILLIONAIRES FROM KERALAM



S. Gopalakrishnan

$3.5 Billion | Co-founder of Infosys and Chairman of Axilor Ventures, significantly contributing to the IT and venture capital sectors.



Ramesh Kunhikannan

$3.0 Billion | Founder and Managing Director of Kaynes Technology, a leading end-to-end electronics manufacturing services company.



Muthoot Family

George Alexander Muthoot

$2.5 Billion | Promoters of the Muthoot Group, a major financial powerhouse specializing in gold loans.



Shamsheer Vayalil

$1.9 Billion | Founder and Chairman of Burjeel Holdings, one of the largest private healthcare services providers in the Middle East.



S.D. Shibulal

$1.9 Billion | Co-founder of Infosys and a prominent technology investor.

TOP 10 WOMEN ENTREPRENEURS IN INDIA



Roshni Nadar Malhotra

Chairperson, HCLTech
First woman to lead a listed IT hardware and services firm in India; steering a multi-billion dollar tech giant.



Falguni Nayar

Founder & CEO, Nykaa
Former investment banker who pivoted at age 50 to construct a premier omni-channel e-commerce empire.



Radha Vembu

Co-founder
Zoho Corporation
Major stakeholder in the highly profitable, global bootstrapped cloud software powerhouse Zoho.



Isha Ambani

Executive Director, Reliance Retail
Directing India's largest retail network, spearheading omni-channel tech investments and global luxury brand acquisitions.



Kiran Mazumdar-Shaw

Executive Chairperson, Biocon
Pioneering biotechnology founder who built India's largest biopharmaceutical giant from a garage startup.

TOP 10 WOMEN ENTREPRENEURS IN INDIA



Radhika Gupta

MD & CEO, Edelweiss Asset Management
Prominent asset management leader who scaled Edelweiss's retail investment footprint.



Vishakha Mulye

CEO, Aditya Birla Capital-
Financial veteran driving the extensive non-banking finance, credit, and insurance arm of the Aditya Birla Group.



Vineeta Singh

Co-founder & CEO, SUGAR Cosmetics
IIM-A graduate who rejected high-paying corporate placements to build a fast-growing millennial cosmetics enterprise.



Ruchi Kalra

Co-founder, OfBusiness & Oxyzo
Achieved the rare milestone of simultaneously co-founding and scaling two distinct multi-billion dollar startup unicorns.



Namita Thapar

Executive Director, Emcure Pharmaceuticals-
Manages complex domestic operations and supply structures for a leading global pharmaceutical firm.





കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി എന്ന വിസ്മയം

മൂന്നാം ക്ലാസ് വരെ മണ്ണെണ്ണ വിളക്കിന്റെ വെട്ടത്തിലിരുന്നു പഠിച്ചൊരു കുട്ടി... പഠനത്തിലെ മികവും കഠിനാധ്വാനത്തിനുള്ള മനസും ചേർത്തുവച്ച് അവൻ വലിയ സ്വപ്നങ്ങൾ കണ്ടു. ഏതെങ്കിലും സ്ഥാപനത്തിൽ ജോലി ചെയ്യാനല്ല, അനേകർക്കു ജോലി നൽകുന്ന സംരംഭമായിരുന്നു ആ സ്വപ്നങ്ങളുടെ ഉള്ളടക്കം.

വർഷങ്ങൾ പിന്നിട്ടു... മലയാളിയുടെ വീടുകളിൽ ടെലിവിഷനും ഫ്രിഡ്ജും എസിയുമെല്ലാം എത്തും മുമ്പേ അതിനൊപ്പം ഉപയോഗിക്കേണ്ട സ്റ്റെബിലൈസറിനെക്കുറിച്ച് അയാൾ ചിന്തിച്ചു. അഞ്ചിൽനിന്നു കടമായി വാങ്ങിയ ലക്ഷം രൂപ മൂലധനം. സ്വന്തമായി രൂപകല്പന ചെയ്ത സ്റ്റെബിലൈസറുകളുടെ നിർമാണം വാടക മുറിയിൽ. ഒപ്പം രണ്ടു തൊഴിലാളികൾ. ലാംപി സ്കൂട്ടറിൽ പോയി കടകൾ കയറിയിറങ്ങി വില്പന. അതൊരു തുടക്കമായിരുന്നു.

പതിറ്റാണ്ടുകൾ പിന്നിട്ടു... കേരളവും ഭാരതവും ലോകവുമറിയുന്ന ബൃഹദ് സംരംഭത്തിന്റെ, പല പട്ടങ്ങളിലായി തലയെടുപ്പുള്ള അനുബന്ധ സംരംഭങ്ങളായി പടർന്നു പന്തലിച്ച, വി ഗാർഡിന്റെ സാരഥി. അതെ, സാക്ഷാൽ കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി എന്ന വ്യവസായിയുടെ കുതിപ്പിന്റെ ആദ്യ അധ്യായങ്ങൾ മുതലിങ്ങോട്ട് സംരംഭകലോകം അടിവരയിട്ടു പഠിക്കേണ്ട പാഠങ്ങൾ തന്നെ.

വാടകമുറിയിൽ തുടങ്ങിയ വി ഗാർഡിന്റെ പ്രയാണം, അര നൂറ്റാണ്ടടുക്കുമ്പോൾ, 5,500 കോടി രൂപ വിറ്റുവരവുള്ള ദേശീയ ബ്രാൻഡിലേക്കു വളർന്നു.

വ്യവസായ ലോകത്ത് അര നൂറ്റാണ്ടോളമെത്തിയ കഠിനാധ്വാനത്തിലൂടെയും ദീർഘവീക്ഷണത്തിലൂടെയും സ്വന്തമാക്കിയ ഉയരങ്ങളുടെ പേരിൽ മാത്രമല്ല, ജീവിതവഴികളിൽ കുറിച്ചിട്ട മാനവിക മുദ്രകളുടെ പേരിൽക്കൂടിയാണ് ഇദ്ദേഹം ഇന്നു നമുക്കിടയിൽ വ്യത്യസ്തനാകുന്നത്.

> **ജീവിതാനുഭവങ്ങൾ പാഠങ്ങൾ**
>
> ജീവിതവഴികളിൽ അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങളുണ്ടാകും. അതിനെ നാം എങ്ങനെ സമീപിക്കുന്നു എന്നതാണു പ്രധാനം. ഉയർന്ന ബിരുദങ്ങളേക്കാൾ ജീവിതത്തിലും ബിസിനസിലും പ്രയോജനപ്പെടുക പ്രായോഗികവും തീക്ഷ്ണവുമായ ജീവിതാനുഭവങ്ങളാകും. -
>
> കൊച്ചൗസേഫ് ചിറ്റിലപ്പിള്ളിയുടെ ഓർമപ്പെടുത്തൽ.



കടത്തിലാണു തുടക്കം

കോളജ് പഠനശേഷം തിരുവനന്തപുരത്തെ സ്ഥാപനത്തിൽ ജോലി ചെയ്തു. അപ്പോഴും സ്വന്തമായൊരു സംരംഭം എന്നതു മനസിലുണ്ടായിരുന്നു. സ്ഥാപനത്തിലെ പരിചയങ്ങളും ലോകപരിചയവും സംരംഭക സ്വപ്നങ്ങളുമെല്ലാം ചേർന്നപ്പോൾ ജോലി രാജിവച്ചു. ഇലക്ട്രോണിക്സിലുള്ള അറിവും താത്പര്യവും തൊഴിൽ പരിചയവും കൈമുതലാക്കി സ്റ്റെബിലൈസർ നിർമിക്കുന്ന ബിസിനസിലേക്കിറങ്ങാൻ തീരുമാനിച്ചു; മൂലധനം തേടി പിതാവിന്റെയടുത്ത് കടം ചോദിക്കാനും. "കടം തരാം, ഒരേയൊരു കണ്ടീഷൻ - സ്ഥാപനത്തിൽ പെൺകുട്ടികളെ ജോലിക്കു നിർത്തരുത്."

താൻ നേരത്തേ ജോലി ചെയ്ത സ്ഥാപനത്തിൽ പെൺകുട്ടികളും ഉണ്ടായിരുന്നല്ലോ എന്നു മറുചോദ്യം ഉന്നയിക്കാൻ തോന്നിയെങ്കിലും, പണം കിട്ടുകയെന്ന ലക്ഷ്യം ഉള്ളിലുണ്ടായിരുന്നതിനാൽ അതുപേക്ഷിച്ചു; പണം കിട്ടി.

1977ൽ പിതാവിൽനിന്ന് കടം വാങ്ങിയ ലക്ഷം രൂപയുമായി കൊച്ചി കലൂരിലെ ഓടുമേഞ്ഞ വാടകമുറിയിൽ ഇലക്ട്രിക്കൽ സ്റ്റെബിലൈസറുകൾ നിർമിക്കുന്ന സ്ഥാപനത്തിനു തുടക്കം. നിർമാണവും വിതരണവും മാർക്കറ്റിംഗുമെല്ലാം കൊച്ചൗസേഫ് തന്നെ. മലയാളിയുടെ ഗൾഫ് കുടിയേറ്റകാലമായതോടെ ടെലിവിഷനും ഫ്രിഡ്ജുമെല്ലാം വീടുകളിലേക്കെത്തിത്തുടങ്ങി. സ്റ്റെബിലൈസറിന് ആവശ്യക്കാരേറി. കൊച്ചൗസേഫിന്റെ സംരംഭം വളർന്നു. സ്റ്റെബിലൈസറിനു പുറമേ, പമ്പ് സെറ്റുകൾ, വാട്ടർ ഹീറ്ററുകൾ... വി ഗാർഡ് ഉത്പന്നങ്ങൾ പലതായി.

വിജയച്ചുവടുകൾ

രണ്ടു പതിറ്റാണ്ടുകൊണ്ടു വി - ഗാർഡ് ഇൻഡസ്ട്രീസ് കേരളത്തിലും സമീപ സംസ്ഥാനങ്ങളിലും തലയെടുപ്പുള്ള സ്ഥാപനമായി. പുതിയ മേഖലകളിലേക്കു ബിസിനസ് ആശയങ്ങൾ അവതരിപ്പിക്കാനും പുതുസംരംഭങ്ങൾ ആരംഭിക്കാനുമുള്ള പ്രയത്നങ്ങൾ അമ്യൂസ്മെന്റ് പാർക്ക് തുടങ്ങുന്നതിലേക്കെത്തിച്ചു. ഡിസ്നി ലാൻഡ്, സിംഗപ്പൂരിലെ യൂണിവേഴ്സൽ സ്റ്റുഡിയോ തുടങ്ങിയ അമ്യൂസ്മെന്റ് പാർക്ക് സന്ദർശിച്ചതിലൂടെയാണ് ഈ മേഖലയിൽ കേരളത്തിലെ സംരംഭകസാധ്യത തിരിച്ചറിഞ്ഞത്.

2000ൽ 22 കോടി രൂപ മുതൽമുടക്കിൽ വീഗാലാൻഡ് അമ്യൂസ്മെന്റ് പാർക്കിനു തുടക്കമിട്ടു. റിസ്കും നിക്ഷേപവും അധികമായ സംരംഭമായതിനാൽ പലരും പിന്തിരിപ്പിക്കാൻ ശ്രമിച്ചതാണ്. വാട്ടർ തീം പാർക്കിനെക്കുറിച്ച് കേരളം കേട്ടിട്ടുപോലുമില്ലാത്ത കാലത്താണ് അത്തരത്തിലൊന്ന് ഇവിടെ ആരംഭിച്ചത്. അമ്യൂസ്മെന്റ് പാർക്കിന്റെ വിജയസാധ്യത ബോധ്യപ്പെടുത്താൻ ടീമിലുണ്ടായിരുന്നവരെ കൊച്ചൗസേഫ് പലവട്ടം വിദേശരാജ്യങ്ങളിലെ സമാന സംരംഭങ്ങൾ പരിചയപ്പെടുത്തി.

വളരെ വേഗത്തിൽ ജനപ്രിയമായ വീഗാലാൻഡ് പിന്നീട് വണ്ടർലായായി. വൈകാതെ ബംഗളൂരു, ഹൈദരാബാദ്, ചെന്നൈ എന്നിവിടങ്ങളിലേക്കും വണ്ടർലാ വ്യാപിച്ചു. ഇന്നു വിനോദവ്യവസായരംഗത്തു ദക്ഷിണേന്ത്യയിലെ തലപ്പൊക്കമുള്ള സംരംഭകമാതൃകയായി വണ്ടർലാ വളർന്നു.

വസ്ത്രലോകത്തെ ശ്രദ്ധേയ ബ്രാൻഡായി വളർന്ന വി - സ്റ്റാർ ക്രിയേഷൻസ് വി ഗാർഡിന്റെ അനുബന്ധ സംരംഭമാണ്.

120 കോടി രൂപയിലേറെ മുതൽമുടക്കിൽ മൂന്ന് ഏക്കറിലായി 1,10,338 ചതുരശ്ര അടിയിൽ വ്യാപിച്ചു കിടക്കുന്ന അത്യാധുനിക ഇന്നൊവേഷൻ കാമ്പസ് കാക്കനാട് കിൻഫ്ര - ഇഎംസി പാർക്കിൽ പ്രവർത്തനമാരംഭിച്ചതാണു വി - ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ഏറ്റവും ഒടുവിലുള്ള ശ്രദ്ധേയ മുന്നേറ്റം.

സക്സസ് ഫാമിലി

കൊച്ചൗസേഫ് ചിറ്റിലപ്പിള്ളിയുടെ ദർശനങ്ങളും വഴികളും പിന്തുടർന്നു, മകളായ അരുണും മിഥുനും ബിസിനസിലേക്കു പ്രവേശിച്ചതോടെ വി ഗാർഡിന്റെ വളർച്ച പുതിയ ദിശയിലേക്കു കടന്നു. മൂത്തമകൻ അരുൺ കെ. ചിറ്റിലപ്പിള്ളി വണ്ടർലായുടെ സാരഥ്യം നിർവഹിക്കുന്നു. ഇളയമകൻ മിഥുൻ കെ. ചിറ്റിലപ്പിള്ളിക്കാണു വി - ഗാർഡ് ഇൻഡസ്ട്രീസിന്റെ ചുമതല. കൊച്ചൗസേഫിന്റെ ഭാര്യ ഷീല വസ്ത്രവിഭാഗമായ വി - സ്റ്റാർ ക്രിയേഷൻസിനു മേൽനോട്ടം നിർവഹിക്കുന്നു. ചുരുങ്ങിയ കാലംകൊണ്ടു റിയൽ എസ്റ്റേറ്റ് രംഗത്ത് വിജയഗാഥകൾ എഴുതിയ വി ഗാർഡ് ഡെവലപ്പേഴ്സിന്റെ പൂർണ മേൽനോട്ടം കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി തന്നെ നിർവഹിക്കുന്നു. ക്വാളിറ്റി, ഇക്കോഫ്രണ്ട്ലി, റെസ്പോൺസിബിൾ ബിൽഡർ എന്നീ മൂന്നു ഘടകങ്ങളിലൂന്നി വി ഗാർഡ് ഡെവലപ്പേഴ്സ് ഇന്ന് പുതിയ ഉയരങ്ങളിലാണ്.

മാതൃക മഹാദാനം

കേരളം അവയവദാനത്തെക്കുറിച്ച് അഭിമാനത്തോടെ പറയുമ്പോൾ, കൊച്ചൗസേഫ് ചിറ്റിലപ്പിള്ളിയുടെ പേരുകൂടി ചേർത്തുപറയും. അപരിചിതനായ ട്രക്ക് ഡ്രൈവർക്ക് സ്വന്തം വൃക്ക ദാനം ചെയ്തു മാതൃകയാകാൻ അദ്ദേഹത്തിനായത് കേരളം അഭിമാനത്തോടെ സ്മരിക്കുന്നു. പിന്നീട് അവയവദാനത്തിന് അനേകർക്കു പ്രചോദനമാകാൻ ഇതു കാരണമായെന്നതാണ് ഏറെ പ്രധാനം. അറുപതാം വയസിലായിരുന്നു കൊച്ചൗസേഫിന്റെ വൃക്കദാനം. പ്രായമല്ല അവയവദാനത്തിന്റെ മാനദണ്ഡമെന്നും ആരോഗ്യമുള്ള ആർക്കും ചെയ്യാവുന്ന കാര്യമാണെന്നും അദ്ദേഹം തെളിയിച്ചു. ഫാ. ഡേവിസ് ചിറമ്മലിന്റെ വൃക്കദാനമാണ് കൊച്ചൗസേഫിനെ ആ വഴിയിലേക്കു കൈപിടിച്ചത്.





ആഗോള വ്യവസായ രംഗത്തെ മലയാളിപ്പെരുമ: എം.എ. യൂസഫ് അലി

പണത്തിനും പ്രശസ്തിക്കും ഒപ്പം എളിമയും മനുഷ്യത്വവും കാത്തുസൂക്ഷിക്കുന്ന, സമൂഹത്തിന്റെ പുരോഗതിക്കായി പ്രവർത്തിക്കുന്ന ഒരു മാതൃകാവ്യക്തിത്വം.

കേരളത്തിലെ സംരംഭക ചരിത്രത്തിൽ ഏറ്റവും ശ്രദ്ധേയമായ പേരുകാരനാണ് എം.എ. യൂസഫ് അലി. കഠിനാധ്വാനവും ദീർഘവീക്ഷണവും ശുഭാപ്തിവിശ്വാസവും കൈമുതലായുണ്ടെങ്കിൽ ലോകത്തിന്റെ ഏതു കോണിലാണെങ്കിലും വിജയം വരിക്കാമെന്ന് ജീവിതം കൊണ്ട് തെളിയിച്ച വ്യക്തി. കേരളത്തിലെ ഒരു കൊച്ചു ഗ്രാമത്തിൽ ജനിച്ച് ആഗോള വ്യവസായത്തിലേക്കുള്ള അദ്ദേഹത്തിന്റെ വളർച്ച, ബിസിനസ് രംഗത്ത് എത്തുന്നവർക്ക് പ്രചോദനമാണ്. മിഡിൽ ഈസ്റ്റിലെയും ഏഷ്യയിലെയും ഏറ്റവും വലിയ റീട്ടെയിൽ ശൃംഖലയായ ലുലു ഗ്രൂപ്പിന്റെ അമരക്കാരൻ ആയിരിക്കുമ്പോഴും യൂസഫ് അലി ലാളിത്യം കൊണ്ടും ജീവകാരുണ്യപ്രവർത്തനങ്ങൾകൊണ്ടും വ്യത്യസ്തനാകുന്നു. ഒരു വ്യവസായി എന്നതിലുപരി ലക്ഷക്കണക്കിന് ഇന്ത്യക്കാർക്കും പ്രവാസികൾക്കും ഒരു ആശ്രയവും രാജ്യങ്ങൾക്കിടയിലെ ഒരു മധ്യസ്ഥനുമാണ് അദ്ദേഹം. ഫോബ്സ് മാസികയുടെ ലോകത്തിലെ സമ്പന്നരുടെ പട്ടികയിൽ സ്ഥിരമായി ഇടംപിടിക്കുന്ന ഇദ്ദേഹം അബുദാബി ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുടെ (ADCCI) ഡയറക്ടർ ബോർഡിലേക്ക് നാമനിർദേശം ചെയ്യപ്പെട്ട ആദ്യവിദേശിയാണ്.

പ്രവാസത്തിന്റെ തുടക്കം

1955 നവംബർ 15ന് തൃശൂർ നാട്ടികയിലുള്ള മുസലിയാം വീട്ടിൽ അബ്ദുൾ ഖാദറിന്റെയും സഫിയയുടെയും മകനായാണ് മുസലിയാം വീട്ടിൽ അബ്ദുൾ ഖാദർ യൂസഫ് അലി എന്ന എം.എ. യൂസഫ് അലിയുടെ ജനനം. കാരാഞ്ചിറ സെന്റ് സേവ്യേഴ്സ് ഹൈസ്കൂളിൽനിന്ന് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി, ബിസിനസ് മാനേജ്മെന്റ് ആൻഡ് അഡ്മിനിസ്ട്രേഷനിൽ ഡിപ്ലോമ നേടി. 1973ൽ പതിനെട്ടാം വയസിൽ പുതിയ ജീവിതം തേടി യുഎഇയിലെ അബുദാബിയിലേക്ക് കപ്പൽ കയറി. അമ്മാവൻ അഹമ്മദ് ഹാജി നടത്തിയിരുന്ന ജനറൽ സ്റ്റോറിലാണ് യൂസഫ് അലിയുടെ ബിസിനസ് ജീവിതം ആരംഭിച്ചത്. ഗൾഫ്നാട്ടിലെ പ്രതികൂലസാഹചര്യങ്ങളും കഠിനമായ ചൂടിനെയും അതിജീവിച്ച്, യൂസഫ് അലി ബിസിനസിന്റെ മർമം പഠിച്ചെടുത്തു.

ലുലു ഗ്രൂപ്പിന്റെ വളർച്ച

റീട്ടെയിൽ വ്യാപാരത്തിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞ യൂസഫ് അലി 1990 ൽ അബുദാബിയിൽ ആദ്യത്തെ ലുലു സൂപ്പർമാർക്കറ്റ് ആരംഭിച്ചു. പരമ്പരാഗത കടകളിൽനിന്നും വ്യത്യസ്തമായി ഒരു മേൽക്കൂരയ്ക്കു കീഴിൽ എല്ലാം ലഭിക്കുന്ന സൂപ്പർ മാർക്കറ്റ് ആണ് ആരംഭിച്ചത്. 1990 ലെ ഗൾഫ് യുദ്ധകാലത്ത് വിദേശവ്യവസായികൾ അവിടം വിട്ടപ്പോൾ, യൂസഫ് അലിയും ലുലു ഗ്രൂപ്പും അവിടെ പിടിച്ചുനിന്നത് ബിസിനസ് വിപുലപ്പെടാൻ സഹായിച്ചു. ഗൾഫ് മേഖലയിൽ യുദ്ധംമൂലമുള്ള ഭക്ഷ്യപ്രതിസന്ധി പരിഹരിക്കാൻ ലുലുഗ്രൂപ്പ് മുന്നിട്ടിറങ്ങി, ഈ ധീരമായ തീരുമാനം അദ്ദേഹത്തിന്റെ ബിസിനസിൽ വഴിത്തിരിവായി. ഇന്നു മൂന്നു ഭൂഖണ്ഡങ്ങളിലായി 250 ലധികം ലുലു ഹൈപ്പർമാർക്കറ്റുകളും സൂപ്പർ മാർക്കറ്റുകളും പ്രവർത്തിക്കുന്നു. യുഎഇ, ഒമാൻ, ഖത്തർ, കുവൈത്ത്, യെമൻ, സൗദി അറേബ്യ, ബഹ്റിൻ, ഈജിപ്ത്, കെനിയ, ഇന്ത്യ, ചൈന എന്നീ രാജ്യങ്ങളിൽ ലുലു ഗ്രൂപ്പ് പ്രവർത്തിക്കുന്നു. വിവിധ രാജ്യങ്ങളിൽ നിന്നായി മൂന്നുലക്ഷത്തോളം പേർക്കു ജോലി നൽകുന്ന ഒരു വൻ സാമ്രാജ്യമായി ലുലു ഗ്രൂപ്പ് മാറിക്കഴിഞ്ഞു.

കേരളത്തിൽ കൊച്ചി, തിരുവനന്തപുരം, തൃശൂർ, കോട്ടയം, പാലക്കാട് എന്നിവിടങ്ങളിലും ബംഗളൂരു, ലഖ്നോ, ഹൈദരാബാദ് എന്നിവിടങ്ങളിലും ലുലു മാളുകൾ ഉണ്ട്. 2025 ൽ കേരളത്തിലെ ഏറ്റവും വലിയ ഐടി ട്വിൻ ടവർ ലുലു ഗ്രൂപ്പ് കൊച്ചിയിൽ ഉയരുന്നു. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ (CIAL) ആദ്യം മുതലെ നിക്ഷേപം നടത്തിയ വ്യക്തിയാണ് യൂസഫ് അലി. നിലവിൽ CIAL ഡയറക്ടർ ബോർഡ് അംഗമാണ്. കൊച്ചി ബോൾഗാട്ടി ഗ്രാൻഡ് ഹയാത്ത്, കൺവെൻഷൻ സെന്റർ, തൃശൂർ ഹയാത്ത് റീജൻസി എന്നിവ ലുലു ഗ്രൂപ്പിന്റെ ഉടമസ്ഥതയിലാണ്. സിഎസ്കെ ബാങ്ക്, ധനലക്ഷ്മി ബാങ്ക്, ഫെഡറൽ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നിവയിൽ ഓഹരി പങ്കാളിത്തമുണ്ട്. യുകെ ആസ്ഥാനമായി പ്രവർത്തിക്കുന്ന ട്രേഡിംഗ് കമ്പനിയായ ഈസ്റ്റ് ഇന്ത്യ കമ്പനിയിൽ 10 ശതമാനം ഓഹരിയുണ്ട്. റീട്ടെയിൽ രംഗത്തിനു പുറമേ ഭക്ഷ്യസംസ്കരണം, ഹോസ്പിറ്റാലിറ്റി, റിയൽ എസ്റ്റേറ്റ്, ലോജിസ്റ്റിക്സ് തുടങ്ങിയ മേഖലയിലും നിക്ഷേപമുണ്ട്.

ഇന്ത്യയും യുഎഇയും തമ്മിലുള്ള സാമ്പത്തിക - സാംസ്കാരിക ബന്ധം ശക്തിപ്പെടുത്തുന്നതിലും യൂസഫ് അലി പ്രധാന പങ്ക് വഹിക്കുന്നുണ്ട്. വിവിധ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന ഇന്ത്യക്കാർ നേരിടുന്ന പ്രശ്നങ്ങളിൽ അദ്ദേഹം ഫലപ്രദമായി ഇടപെടുന്നുണ്ട്. വ്യവസായത്തിനപ്പുറം ജീവകാരുണ്യപ്രവർത്തനത്തിലും സജീവമാണ്. വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, ദുരിതാശ്വാസ പ്രവർത്തനം എന്നിവയ്ക്ക് അദ്ദേഹം വലിയതോതിൽ സഹായം ചെയ്യുന്നു.

പുരസ്കാരങ്ങളും അംഗീകാരങ്ങളും

യൂസഫ് അലിയുടെ വ്യവസായ മികവിനും സാമൂഹിക പ്രതിബദ്ധതയ്ക്കും നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഇന്ത്യയുടെ ഉയർന്ന സിവിലിയൻ ബഹുമതികളിൽ ഒന്നായ പത്മശ്രീ 2008 ൽ രാജ്യം നൽകി ആദരിച്ചു. 2005 ൽ പ്രവാസികൾക്കു നൽകുന്ന ഏറ്റവും ഉയർന്ന ബഹുമതിയായ പ്രവാസി ഭാരതീയ സമ്മാൻ ലഭിച്ചു. 2021 ൽ അബുദാബി സർക്കാർ നൽകുന്ന ഏറ്റവും ഉയർന്ന സിവിലിയൻ ബഹുമതി അബുദാബി അവാർഡ് ലഭിച്ചു. ഫോബ്സ് മാസികയുടെ ലോകത്തിലെ ഏറ്റവും സമ്പന്നരായ വ്യക്തികളുടെ പട്ടികയിൽ സ്ഥിരമായി ഇടം പിടിക്കുന്ന മലയാളി കൂടിയാണ് അദ്ദേഹം.

പണത്തിനും പ്രശസ്തിക്കും ഒപ്പം എളിമയും മനുഷ്യത്വവും കാത്തുസൂക്ഷിക്കുന്ന വ്യക്തിയാണ് യൂസഫ് അലി. സമൂഹത്തിന്റെ പുരോഗതിക്കായി പ്രവർത്തിക്കുന്ന ഒരു മാതൃകാവ്യക്തിത്വം. കഠിനാധ്വാനം, ആത്മവിശ്വാസം, സാമൂഹിക പ്രതിബദ്ധത എന്നിവയിലൂടെ ഉയരങ്ങൾ കീഴടക്കാമെന്ന് യൂസഫ് അലി തെളിയിച്ചു. വളർന്നുവരുന്ന സംരംഭകർക്ക് അദ്ദേഹം ഒരു മാർഗദീപമാണ്.















ബീന കണ്ണൻ

ഫാഷന്റെ വിജയ മേൽവിലാസം

SEEMATTI
The Queen of silks

മികച്ചതിനായി സ്വപ്നങ്ങൾ കാണുക; ആ സ്വപ്നങ്ങൾ സഫലമാക്കാൻ കഠിനാധ്വാനം ചെയ്യുക; ചുറ്റുമുള്ള അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങളെ ലക്ഷ്യത്തിലേക്കെത്തുന്നതിനുള്ള ചവിട്ടുപടികളാക്കുക...

സംരംഭകലോകത്ത് പെൺകരുത്തിന്റെ പതാകവാഹകയായി കേരളം അഭിമാനത്തോടെ കാണുന്ന ബീന കണ്ണന്റെ വിജയവഴികളുടെ ഫോർമുല ഇങ്ങനെ സംഗ്രഹിക്കാം. കല്ലും മുള്ളും നിറഞ്ഞ ജീവിതാനുഭവങ്ങളുടെ നെരിപ്പോടുകളിൽനിന്ന്, അങ്ങനെയങ്ങു തോറ്റുകൊടുക്കാനുള്ളതല്ല ഈ ജീവിതമെന്നുറപ്പിച്ചു വിജയങ്ങളുടെ പടവുകൾ ഒന്നൊന്നായി താണ്ടി മുന്നേറിയ പ്രതിഭ. കേരളത്തിലെ വസ്ത്രവ്യവസായത്തിന് അഭിമാനിക്കാവുന്നൊരു അംബാസഡർ.

ബീന കണ്ണന്റെ അഭ്യുദയകാംക്ഷികളും ആരാധകരുമെല്ലാം വൈവിധ്യമാർന്ന വസ്ത്രശേഖരങ്ങളായി ചാരുതയോടെ കരുതിവച്ചിട്ടുണ്ട് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ശീമാട്ടി ഷോറൂമുകൾ.

പ്രാധ്യം, പാരമ്പര്യം

1910ൽ വീരയ്യ റെഡ്യാരാണ് ശീമാട്ടി വസ്ത്രവ്യാപാര ശാല ആരംഭിച്ചത്. ചെറുമകളായ ബീന കണ്ണനിലേക്ക് അതിന്റെ സാരഥ്യമെത്തിയപ്പോൾ കേവലം വസ്ത്രവ്യാപാരശാല എന്നതിനപ്പുറം കേരളത്തിന്റെയും ദക്ഷിണേന്ത്യയുടെയും വസ്ത്രസങ്കല്പങ്ങൾക്കു വേറിട്ടൊരു മേൽവിലാസം കുറിക്കുകയായിരുന്നു ശീമാട്ടി.

കുട്ടിക്കാലം മുതൽ പഠനത്തിനൊപ്പം ബിസിനസിന്റെ പാഠങ്ങളും കേട്ടും പരിചയിച്ചും വളർന്ന ബീന കണ്ണനു ബിരുദത്തിനുശേഷം അതിലേക്ക് അധികസമയം മാറ്റിവയ്ക്കാൻ ബുദ്ധിമുട്ടുണ്ടായില്ല. വ്യവസായരംഗത്ത് സ്ത്രീകൾ അപൂർവമായിരുന്ന കാലത്താണ്, ഭർത്താവിന്റെ മരണശേഷം ബീന കണ്ണൻ ശീമാട്ടി എന്ന കുടുംബ ബിസിനസിന്റെ തലപ്പത്തെത്തി അതിനെ മികവിന്റെ ഉയരങ്ങളിലേക്കു കൈപിടിക്കുന്നത്.

കനൽവഴികൾ താണ്ടി

ഭർത്താവിന്റെ രോഗവും ചികിത്സയ്ക്കായുള്ള നെട്ടോട്ടങ്ങളും ഏതൊരു സ്ത്രീയെയുമെന്നപോലെ ബീനയെയും തളർത്തി. അപ്പോഴും ജീവിതത്തിലെ പ്രതിസന്ധികളിൽ തോൽക്കില്ലെന്ന ദൃഢനിശ്ചയത്തിലുറച്ചായിരുന്നു അതിജീവനസഞ്ചാരം.

പിതാവിനും ഭർത്താവിനുമൊപ്പം 1980കളിലാണ് ബീന കണ്ണൻ ശീമാട്ടിയുടെ ഭാഗമാകുന്നത്. അന്നു മൂന്നു മക്കളുടെ അമ്മയായിരുന്നു ബീന കണ്ണൻ. ആദ്യനാളുകളിൽ കുട്ടികളുടെ പരിചരണശേഷമുള്ള സമയങ്ങളിൽ കടയിലെത്തി കാര്യങ്ങൾ നോക്കുകയായിരുന്നു പതിവ്. ഭർത്താവിന്റെ മരണശേഷം കടയുടെ പൂർണ ഉത്തരവാദിത്തം ഏറ്റെടുത്തു.

ഫാഷൻ ചെറിയ കാര്യമല്ല

ഫാഷൻ സങ്കല്പങ്ങളെക്കുറിച്ചു കൃത്യവും സൂക്ഷ്മവുമായ കാഴ്ചപ്പാടുകളുണ്ട് ബീന കണ്ണന്. ഓരോ നാടിനും അതിന്റേതായ ഫാഷൻ സങ്കല്പങ്ങളുണ്ടെങ്കിലും കേരളം രൂപപ്പെടുത്തിയ വസ്ത്രശൈലികൾ ദക്ഷിണേന്ത്യയുടെ ടെക്സ്റ്റയിൽസ് മേഖലയിൽ ഒരളവുവരെയെങ്കിലും സ്വാധീനം ചെലുത്താനായെന്ന് ബീന കണ്ണൻ പറയുന്നു.

വൈവിധ്യങ്ങളായ പട്ടുസാരികളിൽ, എട്ടുകോൽ ബോർഡർ, ഭവാൻജി പോലുള്ള ഫാഷനുകൾ അവതരിപ്പിച്ചതു നമ്മളാണ്. ഇതു പിന്നീട് ദക്ഷിണേന്ത്യയും രാജ്യമെങ്ങും ഏറ്റെടുത്തു. സാരികളിൽ തനതായ നിറങ്ങൾ അവതരിപ്പിക്കാൻ ശീമാട്ടിക്കായി.

ലെഹങ്ക, ദാവണി എന്നീ മറുനാടൻ ഫാഷനുകൾ നമ്മൾ ഉൾക്കൊണ്ടപ്പോൾ നമ്മുടെ വസ്ത്രവൈവിധ്യങ്ങളെ മറ്റു നാടുകളും ഏറ്റുവാങ്ങിയിട്ടുണ്ട്. ഫാഷൻ ഷോകൾക്കു തനതായ മുഖമുദ്രയായ പകരാനും നമുക്കായി. - ബീന കണ്ണൻ പറയുന്നു.

സംതൃപ്തം, സുധീരം

നിരവധി വനിതാ സംരംഭകരുള്ള കേരളത്തിലും ദക്ഷിണേന്ത്യയിലും എന്തുകൊണ്ട് ബീന കണ്ണൻ എന്ന ചോദ്യത്തിന് നിഷ്കളങ്കമായ പുഞ്ചിരിയോടെ മറുപടി - എന്നെ അറിയുന്നവർക്കറിയാം ഞാൻ ആരെന്നത്. പൂർണ സംതൃപ്തിയോടെയാണ് ഞാൻ വസ്ത്രലോകത്ത് ഇടപെടൽ നടത്തുന്നത്.

ഫാഷൻ രംഗത്ത് നവീനമായ ട്രെൻഡുകൾ അവതരിപ്പിക്കാൻ ആയെന്നത് അഭിമാനകരമാണ്. മാറുന്ന ലോകത്തിനനുസരിച്ചു ചിന്തിക്കാൻ നമുക്കാവണം. നെയ്ത്തുകാർ, ചെറുകിട കച്ചവടക്കാർ തുടങ്ങി വസ്ത്ര നിർമാണ മേഖലയിലെ ഏറ്റവും അടിസ്ഥാനതലം മുതൽ വിപണിയിലെ വൻകിടക്കാരുമായും വരെ ആശയവിനിമയം നടത്താനും മാറ്റങ്ങളെ നിരീക്ഷിക്കാനും എക്കാലവും ശ്രമിക്കാറുണ്ട്. നമ്മൾ ഇടപെടുന്ന മേഖലയെ അറിഞ്ഞ് അതനുസരിച്ചു മാറ്റങ്ങൾ കൊണ്ടുവരികയാണ് പ്രധാനം. അതിനാണു ശ്രമിക്കുന്നതും. ബീന കണ്ണൻ പറയുന്നു.

യാത്രകൾ, അനുഭവങ്ങൾ

വില്പന നടത്തുന്ന സാരികളും ഷോളുകളും മറ്റു തുണിത്തരങ്ങളും അവയുടെ ഫാഷൻ രീതികളുമെല്ലാം ക്രമപ്പെടുത്താൻ ബീന കണ്ണൻ ഇന്ത്യക്കകത്തും പുറത്തും അനേകം യാത്രകൾ നടത്തിയിട്ടുണ്ട്. പാരിസും ലണ്ടനും കുത്താമ്പുള്ളിയും ബാലരാമപുരവുമെല്ലാം ഫാഷൻ സങ്കല്പങ്ങൾ രൂപീകരിക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ടെന്ന് ബീന കണ്ണൻ പറയുന്നു.

നെയ്ത്തുകാരെ നേരിൽക്കണ്ട് സംസാരിക്കുന്നതിലൂടെ പുതിയ ആശയങ്ങൾ ലഭിക്കും. നമ്മുടെ മനസിലെ ആശയങ്ങൾക്കൊത്തു നെയ്ത്തിനെ ക്രമീകരിക്കാനുമായാൽ ഫാഷൻ ലോകത്തു പുതുമകളൊരുക്കാനാകുമെന്നും ബീന കണ്ണൻ പറയുന്നു.

ബീന കണ്ണൻ യാത്രകൾ തുടരുകയാണ്. വസ്ത്ര സങ്കല്പങ്ങൾക്കു പുതുചാരുത പകരാനുള്ള യാത്രകൾ. ജീവിതാനുഭവങ്ങളുടെ തീക്ഷ്ണമായ അധ്യായങ്ങൾ കൈമുതലാക്കി, ബിസിനസിൽ പുതിയ പാതകൾ വെട്ടിയൊരുക്കി തുടരുന്ന ജൈത്രയാത്ര.



Molding Dreams in Gold

Founder and Chairman
Joy Alukkas Group

Joy Alukkas, is a prominent Indian billionaire entrepreneur and a globally recognized business icon in the gold and retail sectors. Rising from a family-run jewelry shop in Thrissur, Kerala, he built the Joyalukkas Group into an international conglomerate with a footprint spanning multiple countries, establishing himself as one of the world's wealthiest jewelers.

Transition to Gold Empire

Joy Alukkas's journey in the jewelry business began under the guidance of his father, Alukka Joseph Varghese, who established a jewelry store in Thrissur, Kerala. Joining the family trade at an early age, Alukkas chose to forgo completing his formal education to focus fully on the craft and operations of the business. Recognizing the untapped potential among the growing South Asian diaspora in the Gulf, he relocated to the Middle East-a strategic move that scaled his business from a regional storefront into an international powerhouse.

In 2001, he officially founded the independent Joyalukkas brand, adopting a dual-headquarters strategy between Thrissur, Kerala, and Dubai, UAE, to systematically capture both domestic and international market. From a single international showroom, the brand expanded aggressively. Today, Joyalukkas operates over 190 showrooms across 12 countries.





Ravi Pillai: The Master Strategist

The narrative of modern global enterprise is punctuated by individuals who transformed adversity into monumental success. Among these icons, Dr. B. Ravi Pillai stands as a towering figure. As the Founder and Chairman of the RP Group, Dr. Pillai has engineered a multi-billion-dollar empire that spans construction, hospitality, healthcare, and education. Today, headquartered in Dubai, United Arab Emirates, he commands a global workforce of over 100,000 personnel, making him one of the largest employers of Indian expatriates in the Gulf Cooperation Council (GCC) region. His journey from a modest village in southern India to the pinnacle of international business is a masterclass in resilience, vision, and strategic execution.

Great entrepreneurs are often defined by how they respond to unexpected crises. Born on September 2, 1953, into a humble farming family in Chavara, Kollam, Kerala, Pillai displayed an innate entrepreneurial drive from a young age. While pursuing his degree in Commerce at the University of Cochin, he refused to settle for conventional career paths, instead launching a local chit fund business using borrowed capital. Recognizing the massive potential in infrastructure, he quickly transitioned into the engineering contracting sector, successfully executing vital industrial projects for prominent corporations like Fertilisers and Chemicals Travancore Limited (FACT) and Cochin Refineries.

However, the trajectory of his career faced a sudden and crippling roadblock. A severe, localized labor strike brought his thriving domestic business to an abrupt halt. Where others might have seen ruin, Pillai saw a broader horizon. Refusing to succumb to defeat, he viewed this domestic disruption as a sign to think globally. In 1978, he made the calculated and courageous decision to migrate to Saudi Arabia—a pivotal move that would permanently alter both his personal destiny and the landscape of Middle Eastern industrial construction.

Dr. B. Ravi Pillai's life story proves that true leadership extends far beyond the boardroom or balance sheets. It is found in the ability to pivot during times of crisis, scale operations with uncompromising quality, and lift others up along the way. His philosophy remains a grounding blueprint for next-generation leaders:





അതിരുകളില്ലാത്ത സ്വപ്നത്തിലേക്ക് വഴി തുറക്കുമ്പോൾ... വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രാത്രികാല ദൃശ്യം. കേരളത്തിന്റെ കയറ്റുമതി രംഗത്തിന്റെ നാഴികകല്ലാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, മദർഷിപ്പുകൾ അടിഷിക്കാവുന്ന ദക്ഷിണേന്ത്യയിലെ ആദ്യ തുറമുഖം.

- ടി.സി. ഷിജുമോൻ

വിജയകഥകൾ ചുരുളഴിയുമ്പോൾ...

വിജയം എന്നത് യാദൃച്ഛികമായി സംഭവിക്കുന്ന ഒന്നല്ല; മറിച്ച് അത് കൃത്യമായ ലക്ഷ്യബോധത്തിന്റെയും കഠിനാധ്വാനത്തിന്റെയും വിട്ടുവീഴ്ചയില്ലാത്ത പ്രതിബദ്ധതയുടെയും ഫലമാണ്. ലോകത്തെ മാറ്റിമറിച്ച, വ്യവസായ രംഗത്ത് വിപ്ലവം സൃഷ്ടിച്ച ബിസിനസ് പ്രതിഭകളുടെ ജീവിതം പരിശോധിച്ചാൽ നമുക്കത് മനസ്സിലാകും. പൂജ്യത്തിൽ നിന്ന് തുടങ്ങി കോടികളുടെ സാമ്രാജ്യം കെട്ടിപ്പടുത്തവരും, പ്രതിസന്ധികളെ അവസരങ്ങളാക്കി മാറ്റിയവരുമാണ് അവർ. അവരെയാണ് നമ്മൾ **'ബിസിനസ് ഐക്കണുകൾ'** എന്ന് വിളിക്കുന്നത്.

"വലിയ കാര്യങ്ങൾ സ്വപ്നം കാണുക, ചെറിയ രീതിയിൽ തുടങ്ങുക, എന്നാൽ വേഗത്തിൽ വളരുക." എന്ന തത്വം അന്വർത്ഥമാക്കിയ ഇവരുടെ ജീവിതം നമുക്ക് മുന്നിൽ തുറന്നുതരുന്നത് വിജയത്തിലേക്കുള്ള ലളിതവും എന്നാൽ ശക്തവുമായ വഴികളാണ്.

ഈ ഐക്കണുകളുടെ ജീവിതകഥകൾ നിങ്ങൾക്ക് പുതിയൊരു ഊർജ്ജവും ദിശാബോധവും നൽകും. ഒരു പുതിയ ബിസിനസ് വിപ്ലവത്തിലേക്ക്, ചിന്തകളിലേക്ക് സ്വാഗതം!

കൊശമറ്റം ഗ്രൂപ്പ് വളർച്ചയുടെ 175 വർഷങ്ങൾ

വിത്തിൽനിന്നു വൃക്ഷത്തിലേക്കുള്ള വളർച്ച പോലെയാണ് കൊശമറ്റം ഗ്രൂപ്പിന്റെ ഉയർച്ച. സത്യസന്ധത കൊണ്ട് നനച്ചിട്ട മണ്ണിലായിരുന്നു വളർച്ചയുടെ തുടക്കം. കാലം കരുതലൊരുക്കി. ജനവിശ്വാസം തണലും മഴയും വളവുമായി. പതിറ്റാണ്ട് മുന്നേ കിളിർത്തുപൊങ്ങിയ ചെറിയൊരു ധനകാര്യ സ്ഥാപനമിന്ന് വിവിധ മേഖലകളിലേക്ക് ചിറകു വിരിച്ച്, വ്യവസായ ലോകത്തിന്റെ ആകാശരേഖയിൽ തെളിഞ്ഞുനിൽക്കുന്നു. അതിന്റെ കുളിരും തണലും തണുപ്പും ആയിരങ്ങൾക്ക് സാന്ത്വനമാകുന്നു. സ്വന്തംവളർച്ചയിൽ ചുറ്റുമുള്ളവരെക്കൂടി ചേർത്തണയ്ക്കുമ്പോൾ കാലത്തിന്റെ കാറ്റിലും ആടിയുലയാതെ നിൽക്കാൻ കൊശമറ്റമെന്ന മഹാപ്രസ്ഥാനത്തിന് കഴിയുന്നു. കുറഞ്ഞസമയം, കുറഞ്ഞ പലിശനിരക്ക്. സ്വർണപ്പണയ വായ്പകളിൽ സുതാര്യതയുടെ നേർത്ത വരപോലും തെറ്റാതെയുള്ള ബിസിനസാണ് അടിത്തറപാകിയത്. പുതിയ ബിസിനസ് മേഖലകളിലേക്കുള്ള ചുവടുവയ്പ് എപ്പോഴും അടിസ്ഥാനമൂല്യങ്ങളിൽനിന്ന് അണുവിട മാറാതെയാണ് പ്രയാണം. പാരമ്പര്യപ്പെരുമയിൽ അടിയുറച്ചും പുത്തൻ സങ്കേതങ്ങളെ സ്വീകരിച്ചും മാത്യു കെ. ചെറിയാനെന്ന ദീർഘവീക്ഷണമുള്ള ബിസിനസുകാരന്റെ ആശയമാണ് കൊശമറ്റത്തിന്റെ ആണിക്കല്ല്.



മാത്യു കെ. ചെറിയാൻ (എം.ഡി).

വിശ്വാസത്തിന്റെ വേരുകൾ

1850ൽ കോട്ടയത്തിന്റെ പുരാതനമായ കൊശമറ്റം കുടുംബത്തിൽനിന്നു മുളച്ച ആ ചെറിയ സംരംഭം തലമുറകളുടെ കരുതലിൽ വളർന്നു. കാലം പലതവണ പെയ്യിച്ച പേമാരിയിലും കൊടുങ്കാറ്റിലും വേരുകൾ വിറയാതെ നിന്നു. ആ വൃക്ഷത്തിനെ കാലാനുസൃതമായി വളർത്തിയത് മാത്യു കെ. ചെറിയാന്റെ ദീർഘദ്രർശനവും ദൃഢനിശ്ചയവുമാണ്. ഇന്ന് ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ വ്യവസായ ഗ്രൂപ്പുകളിലൊന്നാണ്. പതിനഞ്ചിൽപ്പരം വ്യത്യസ്ത ബിസിനസ് രംഗങ്ങളിൽ വേരുറപ്പിച്ച കൊശമറ്റം ഗ്രൂപ്പ് വീണ്ടും പുതിയ മേഖലകളിലേക്കും പടരുകയാണ്. ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിൽ 2014 ഏപ്രിൽ മുതൽ ഇതുവരെ 36 കടപ്പത്ര പബ്ലിക് ഇഷ്യുകൾ വഴി 7000 കോടിയിലധികം രൂപ പ്രവർത്തന മൂലധനം സമാഹരിച്ച കമ്പനിയാണ് കൊശമറ്റം.

ഉപഭോക്താക്കളുടെ വിശ്വാസം കരുത്ത്

സംതൃപ്തരായ ഉപയോക്താക്കൾ തന്നെയാണ് സ്ഥാപനത്തിന്റെ ഏറ്റവും നല്ല പരസ്യമെന്നാണ് മാത്യുവിന്റെ പക്ഷം. രാജ്യമെമ്പാടുമായി ശാഖകളുള്ള വൻകിട എൻബിഎഫ്സികളിലൊന്നാണ് കൊശമറ്റം. സാമ്പത്തികമായി ബുദ്ധിമുട്ടുന്ന ചെറുകിടക്കാരുടെ ഏറ്റവും വിശ്വസ്ത കൂട്ടാളി എന്ന നിലയിലാണ് കൊശമറ്റം പദ്ധതികൾ ആവിഷ്കരിക്കുന്നത്. ഇടനിലക്കാരുടെ ചൂഷണങ്ങൾ ഒഴിവാക്കാൻ തോട്ടം മേഖലകളിലും മറ്റും ഞായറാഴ്ച കളിലും പ്രവർത്തിക്കുന്ന ശാഖകൾ സ്ഥാപനത്തിന്റെ പ്രത്യേകതയാണ്.



Kosamattam Group
SINCE 1850
Trust grows with time

സത്യസന്ധത കൊണ്ട് നനച്ചിട്ട മണ്ണിലായിരുന്നു വളർച്ചയുടെ തുടക്കം. കാലം കരുതലൊരുക്കി. ജനവിശ്വാസം തണലും മഴയും വളവുമായി. പതിറ്റാണ്ട് മുന്നേ കിളിർത്തുപൊങ്ങിയ ചെറിയൊരു ധനകാര്യ സ്ഥാപനമിന്ന് വിവിധ മേഖലകളിലേക്ക് ചിറകു വിരിച്ച്, വ്യവസായ ലോകത്തിന്റെ ആകാശരേഖയിൽ തെളിഞ്ഞുനിൽക്കുന്നു. അതിന്റെ കുളിരും തണലും തണുപ്പും ആയിരങ്ങൾക്ക് സാന്ത്വനമാകുന്നു. സ്വന്തംവളർച്ചയിൽ ചുറ്റുമുള്ളവരെക്കൂടി ചേർത്തണയ്ക്കുമ്പോൾ കാലത്തിന്റെ കാറ്റിലും ആടിയുലയാതെ നിൽക്കാൻ കൊശമറ്റമെന്ന മഹാപ്രസ്ഥാനത്തിന് കഴിയുന്നു.

ജീവനക്കാരെന്ന ശക്തി

രാജ്യമാകെ നാലായിരത്തിലധികം ജീവനക്കാർ. അവരുടെ അനന്യമായ പിന്തുണയാണ് തന്റെ കരുത്തെന്ന് മാത്യു കെ. ചെറിയാൻ ഉറപ്പിച്ചു പറയുന്നു. അതുകൊണ്ട് തന്നെ അവരുടെ ക്ഷേമത്തിൽ അദ്ദേഹം പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. സ്ഥാപനത്തിലെ ജീവനക്കാരുടെ പ്രഫഷണലിസമാണ് മറ്റൊരു പ്രത്യേകത. സഹായത്തിനായി സമീപിക്കുന്നവരെ വെറും കൈയോടെ പറഞ്ഞയയ്ക്കരുതെന്നും ആകുന്ന സഹായം നൽകണമെന്നുള്ള പിതാവിന്റെ ഉപദേശം ഇന്നും തന്റെ വഴികൾക്ക് വെളിച്ചമാണെന്ന് മാത്യു കെ. ചെറിയാൻ പറയുന്നു. സ്ത്രീശാക്തീകരണത്തിലും ശ്രദ്ധപതിപ്പിക്കുന്ന അദ്ദേഹം തന്റെ സ്ഥാപനങ്ങളിൽ മൊത്തം ജീവനക്കാരിൽ 75 ശതമാനത്തിനു മുകളിൽ സ്ത്രീകൾക്കാണ് നിയമനം നൽകിയിരിക്കുന്നത്.

ലാഭത്തിനുമപ്പുറം

ലൈഫ്, വാഹന ഇൻഷ്വറൻസ് സേവനങ്ങളും കമ്പനി നൽകുന്നു. സാമൂഹിക സേവനരംഗത്തും കൊശമറ്റം ഗ്രൂപ്പ് സ്തുത്യർഹമായ പങ്ക് വഹിക്കുന്നുണ്ട്. 175ൽപ്പരം വർഷംകൊണ്ട് നേടിയെടുത്ത വിശ്വസ്തയാണു കൊശമറ്റം ഗ്രൂപ്പിന്റെ ഏറ്റവും വലിയ സ്വത്ത് എന്ന് വിശ്വസിക്കുന്ന മാത്യു കെ. ചെറിയാൻ സത്യസന്ധതയ്ക്കാണ് ഏറ്റവും പ്രാമുഖ്യം നൽകുന്നത്.

പരിപൂർണ സമർപ്പണം

രാവിലെ എട്ടിനു ഓഫിസിലെത്തുന്ന മാത്യു കെ. ചെറിയാൻ രാത്രി എട്ടു വരെ ബിസിനസിൽ അത്യന്തം വ്യാപൃതനായിരിക്കും. ബിസിനസ് മണ്ഡലങ്ങളിൽ സംഭവിക്കാവുന്ന ചെറിയ ചലനങ്ങൾ പോലും സാകൂതം വീക്ഷിച്ച് നിർദ്ദേശങ്ങൾ നൽകുന്നത് മാത്യു കെ. ചെറിയാൻ നേരിട്ടാണ്. രാജ്യമെമ്പാടുമുള്ള എല്ലാ ഓഫിസുകളിലും അദ്ദേഹത്തിന്റെ മൊബൈൽ നമ്പർ പ്രദർശിപ്പിച്ചിട്ടുണ്ട്. വരുന്ന ഫോൺ കോളുകളിൽ നല്ലൊരു ശതമാനവും നേരിട്ട് എടുത്ത് പരിഹാരം കാണാനും ശ്രദ്ധിക്കുന്നു. ഇതും കൊശമറ്റം ഗ്രൂപ്പിന്റെ പ്രത്യേകതയാണ്. തന്റെ വ്യവസായ സംരംഭങ്ങളുടെ പുരോഗതിയും അതുവഴി ജീവനക്കാരുടെയും സമൂഹത്തിന്റെയും സമഗ്ര ഉന്നമനത്തിനായി പരിപൂർണ സമർപ്പിത ജീവിതമാണ് മാത്യു കെ. ചെറിയാൻ നയിക്കുന്നത്.

കൊശമറ്റം ഫിനാൻസ്, കൊശമറ്റം ഫോറിൻ എക്സ്ചേഞ്ച്, കൊശമറ്റം എസ്റ്റേറ്റ്സ്, കൊശമറ്റം എനർജി, കൊശമറ്റം ഹോട്ടൽസ്/റിസോർട്ട്സ്, കൊശമറ്റം ഹെൽത്ത് കെയർ, കൊശമറ്റം സെക്യൂരിറ്റി സിസ്റ്റംസ്, കൊശമറ്റം ഹ്യൂവൽസ്, ബിൽഡേഴ്സ് ആൻഡ് ഡെവലപ്പേഴ്സ്, കൊശമറ്റം ജൊ ഫാം/ഇൻഗ്രേഡ് ഫാംസ്/ഫാം ടൂറിസം തുടങ്ങിയ സംരംഭങ്ങൾക്കാണ് കൊശമറ്റം ഗ്രൂപ്പിനു കീഴിൽ മാത്യു കെ. ചെറിയാൻ നേതൃത്വം നൽകുന്നത്.

ജോമി കുര്യാക്കോസ്



Convention Centre
Near Medical College, Kottayam



Kottayam Grand Hotel and Convention Centre
Near Medical College Kottayam



Hotel Kottayam Grand, Kudayampady

രോഗനിർണ്ണയ രംഗത്ത് നൂതന സാങ്കേതിക വിദ്യകളുടെ തുടക്കക്കാരൻ

സ്വകാര്യമേഖലയിൽ ന്യൂക്ലിയർ മെഡിസിൻ, എ.ഐ. സാങ്കേതികവിദ്യ



DDC LAB

വൈദ്യപരിശോധന രംഗത്തെ വേറിട്ട സംരംഭകൻ

DDC Pathlabs
Trusted Diagnostic Specialists Since 1983

രോഗനിർണയ - ചികിത്സാരംഗത്ത് നിർമിത ബുദ്ധി ഉൾപ്പെടെ വ്യത്യസ്ത മേഖലകളിൽ നിക്ഷേപം നടത്തിയ വൈദ്യപരിശോധനാ രംഗത്തെ മികച്ച സംരംഭകൻ. ഇന്ത്യയിലെ അറിയപ്പെടുന്ന ന്യൂക്ലിയർ മെഡിസിൻ ഡോക്ടറായ അജിത് ജോയ്, ഡോക്ടേഴ്സ് ഡയഗണോസ്റ്റിക് സെന്റർ പ്രൈവറ്റ് ലിമിറ്റഡ് (ഡിഡിസി-DDC), ഡിഡിസിവെൽനസ് സെന്റർ (DDC Wellness Centre) , ഡിഡിസി ഫാർമസി (DDC Pharmacy), ഡിഡിസി പാത്ത് ലാബ്സ് (DDC Path Labs), ഡിഡിഎൻഎംആർസി (DDNMRC) പെറ്റ്സ്കാൻസ് പ്രൈവറ്റ് ലിമിറ്റഡ് , സീവീസ് ഇമേജിംഗ് ആൻഡ് ഹെൽത്ത് റിസേർച്ച്, മോളിക്കുലാർ സൈക്ലോട്രോൺ, മോളിക്കുലാർ റേഡിയോ ഫാർമസി, അരാമിസ് എഐ എന്നിവയുടെ സാരഥിയാണ്.

കേരളത്തിൽ ലാബ് ടെസ്റ്റ്, ഇമേജിംഗ് ഉൾപ്പെടെ മെഡിക്കൽ പരിശോധനാ രംഗത്ത് ആശുപത്രികൾക്ക് പുറത്തെ ആദ്യത്തെ ആധുനിക സമഗ്ര സ്വകാര്യ പരിശോധനാ കേന്ദ്രം ഡിഡിസി ലാബ് ആണ്. ന്യൂക്ലിയർ മെഡിസിൻ പേറ്റാബേസുമായി ബന്ധിപ്പിച്ചിട്ടുള്ള അരാമിസ് എഐ സാങ്കേതിക വിദ്യ ഡിഡിസി ലാബിലുണ്ട്. ഡോ. അജിത് ജോയ് നേതൃത്വം നൽകുന്ന അരാമിസ് എഐ, യുഎസ്എഫ്ഡിഎ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

ഡോ. അജിത് ജോയിയുടെ പിതാവ് ജോയ് ജോസഫ് 1983-ലാണ് ഡിഡിസി ഗ്രൂപ്പ് സ്ഥാപിച്ചത്. എറണാകുളം എംജി റോഡിലെ ആദ്യ ലാബിൽ നിന്ന് ഡിഡിസി ഗ്രൂപ്പ് ഇപ്പോൾ 44 ലാബിലേക്ക് വളർന്നു. ഡിഡിസി ലാബിനെ കൂടാതെ ഡയഗണോസിംഗ് റിസേർച്ചിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ 1991-ൽ ഡിഡിആർസി ആരംഭിച്ചു. ഡിഡിസിയും ഡിഡിആർസിയും ഒരു മാനേജ്മെന്റിന്റെ കീഴിലാണ് പ്രവർത്തിച്ചിരുന്നത്. 2006 നുശേഷം ഡിഡിആർസിയിൽ ഡിഡിസിക്ക് അമ്പതു ശതമാനം പങ്കാളിത്തമാണ് ഉണ്ടായിരുന്നത്. 2014-ൽ ഡിഡിസി സ്ഥാപക ചെയർമാൻ ജോയ് ജോസഫ് മരിക്കുമ്പോൾ ഡിഡിആർസിക്ക് 69 ലാബുകളാണുണ്ടായിരുന്നത്. ഡോ. അജിത് ജോയ് സാരഥ്യം ഏറ്റെടുത്തതോടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഡിഡിആർസി ലാബുകൾ സ്ഥാപിച്ചു. ഇരു കമ്പനികളും വേർപിരിയുന്ന 2021-ൽ ഡിഡിസിക്ക് 18 ലാബും ഡിഡിആർസിക്ക് 220 ലാബുമാണ് ഉണ്ടായിരുന്നത്.

തുടക്കം ഗുഡ് ഷെപ്പേർഡ് ആശുപത്രിയിൽനിന്ന്

മൂവാറ്റുപുഴ കടവൂർ കിഴക്കേഭാഗം കർഷക കുടുംബത്തിലാണ് ഡോ. അജിത് ജോയിയുടെ പിതാവ് ജോയ് ജോസഫ് ജനിച്ചത്. ഇന്ത്യൻ എയർഫോഴ്സിൽ എയ്റോനോട്ടിക്കൽ എൻജിനിയറായി ഔദ്യോഗിക ജീവിതം തുടങ്ങി. എഴുപതുകളുടെ തുടക്കത്തിൽ രോഗബാധിതനായ പിതാവിനെ ശുശ്രൂഷിക്കുന്നതിനായി എയർഫോഴ്സ് ജീവിതം മതിയാക്കി ജോയ് ജോസഫ് നാട്ടിലെത്തി. ഇതിനിടെ, കുടുംബം എറണാകുളത്തേക്ക് താമസം മാറിയിരുന്നു. പിതാവിനെ ചികിത്സിക്കുന്നതിനും പ്രായമായ മുത്തച്ഛനെയും മുത്തശ്ശിയെയും ശുശ്രൂഷിക്കുന്നതിനുമായി കടവന്ത്രയിൽ ഗുഡ് ഷെപ്പേർഡ് എന്ന ആശുപത്രി ആരംഭിച്ചു. ഇതേസമയം തന്നെ, ഇന്ത്യയിലെ തന്നെ ആദ്യത്തെ പാരാമെഡിക്കൽ അക്കാഡമിയായ കൊച്ചിൻ സ്കൂൾ ഓഫ് പാരാമെഡിക്കൽ കടവന്ത്രയിൽ ആരംഭിച്ചു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നും കെനിയ, ടാൻസാനിയ, നൈജീരിയ ഉൾപ്പെടെ ആഫ്രിക്കയിലെ വിവിധ രാജ്യങ്ങളിൽനിന്നുമുള്ള വിദ്യാർഥികൾ കൊച്ചിൻ സ്കൂൾ ഓഫ് പാരാമെഡിക്കൽസിലെത്തി.



(Late) Sri JOY JOSEPH
Founder Chairman & MD
DDC Group

പാരാമെഡിക്കൽ സ്കൂളിനൊപ്പം തന്നെ ഒരു സ്വകാര്യ പരിശോധനാ സ്ഥാപനം ആരംഭിച്ചുകൂടേ എന്ന ചിന്തയിൽനിന്നാണ് 1983-ൽ ഡോക്ടേഴ്സ് ഡയഗണോസ്റ്റിക് സെന്റർ (ഡിഡിസി) ആരംഭിക്കുന്നത്. ജോയ് ജോസഫിനൊപ്പം എറണാകുളം സിറ്റി ആശുപത്രിയിലെ പതോളജിസ്റ്റായ ഡോ. അരവിന്ദ് ബാബുവും ഡിഡിസിയിൽ ചേർന്നു. 1986-ൽ ഡോ. അരവിന്ദ് ബാബു ഗൾഫിലേക്ക് ജോലിക്കായി മടങ്ങി. ഇതിനുശേഷം, 1987-ൽ പ്രഫസർ ഡോ. എം. ബലരാമൻ നായർ ഡിഡിസി ഗ്രൂപ്പിന്റെ ഭാഗമായി. 1991-ൽ റിസേർച്ച് ഡിവിഷൻ കൈകാര്യം ചെയ്യുന്നതിനായി ഡിഡിആർസി തിരുവനന്തപുരത്ത് സ്ഥാപിച്ചു. 2006-ൽ അജയ് പിരമളിന്റെ, പിരമൾ ഗ്രൂപ്പ് ഡിഡിആർസിയിൽ അമ്പതുശതമാനം സംയുക്തപങ്കാളിത്തം എടുത്തു. ഡിഡിആർസി വെൽസ്പ്രിംഗ്, ഡിഡിആർസി പിരമൾ എന്നിങ്ങനെ ബ്രാൻഡ് നെയിമുകൾ മാറി. 2009-ൽ പിരമൾ ഗ്രൂപ്പ് അവരുടെ ഓഹരികൾ ഫോർട്ടിസ് ഗ്രൂപ്പിന് കൈമാറുകയും ഡിഡിആർസി എസ്ആർഎൽ രൂപം കൊള്ളുകയും ചെയ്തു. 2021 ഏപ്രിലിൽ ഡിഡിആർസിയിലുള്ള നിക്ഷേപം ഡിഡിസി ഗ്രൂപ്പ് പൂർണമായും എസ്ആർഎൽ ഗ്രൂപ്പിന് കൈമാറി.

ഡിഡിസി ഗ്രൂപ്പ് 1983 മുതൽ പൂർണ്ണമായും ജോയ് ജോസഫിന്റെ ഫാമിലി ഓണർഷിപ്പിൽ തുടർന്ന് പ്രവർത്തിച്ചു വരുന്നു .

ഡിഡിഎൻഎംആർസി (DDNMRC)

കേരളത്തിൽ സ്വകാര്യ മേഖലയിൽ ന്യൂക്ലിയർ മെഡിസിൻ ഡിവിഷൻ ആരംഭിക്കുന്നത് ഡോ. അജിത് ജോയിയാണ്. 2003-ൽ അമൃത, ആർസിസി ആശുപത്രികളിൽ മാത്രമേ ന്യൂക്ലിയർ മെഡിസിൻ ഡിവിഷൻ ഉണ്ടായിരുന്നുള്ളൂ. ഇന്ത്യ മൊത്തം 250 ആശുപത്രികളിൽ മാത്രം.

2003 ഒക്ടോബറിൽ തിരുവനന്തപുരത്ത് ഡിഡിഎൻഎംആർസി (ഡോക്ടേഴ്സ് ഡയഗ്നോസ്റ്റിക് ന്യൂക്ലിയർ മെഡിസിൻ റിസേർച്ച് സെന്റർ) ആരംഭിച്ചു. സിം

DDC Pharmacy
Pioneering Healthcare Since 1983

DDC wellness
Your Wellness Partner Since 1983

DR. JOY'S DDNMRC
SINCE 2003
NUCLEAR MEDICINE IMAGING & THERAPY CENTRE



ഗിൾ ഫോട്ടോൺ എമിഷൻ ടോമോഗ്രാഫി (SPECT-Scan) ഡിഡിഎൻഎംആർസി യിൽ ആരംഭിച്ചു. ന്യൂക്ലിയാർ മെഡിസിൻ ടെസ്റ്റുകൾ അധികം പ്രചാരത്തിലില്ലായിരുന്ന കാലത്ത് 3.5 കോടി രൂപയുടെ മെഷീനാണ് സ്ഥാപിച്ചത്. റേഡിയോ ആക്ടീവ് മരുന്നു ശരീരത്തിൽ കുത്തിവച്ചാണ് പരിശോധന നടത്തിയിരുന്നത്. ശരീരത്തിലെ ഏതു ഭാഗമാണ് പരിശോധിക്കേണ്ടത്, അവിടുത്തെ കോശങ്ങളിൽ വരുന്ന സിഗ്നലുകൾ (ഗാമ വികിരണങ്ങൾ) പിടിച്ചെടുത്താണ് രോഗനിർണയം നടത്തുക. തൈറോയിഡ്, വൃക്ക, ഹൃദയം, കരൾ, പിത്താശയം, എല്ലുകൾ, തലച്ചോറ് എന്നിവയുടെ പരിശോധനകൾ ഡിഡിഎൻഎംആർസിയിൽ നടത്തി വരുന്നു.

ഊട്ടി ബോർഡിംഗ് സ്കൂൾ, കഴക്കൂട്ടം സൈനിക സ്കൂൾ, ചിന്മയ വിദ്യാലയ എറണാകുളം എന്നിവിടങ്ങളിൽനിന്ന് പ്രാഥമിക വിദ്യാഭ്യാസം നേടിയ ഡോ. അജിത് ജോയ്, 1993 -ൽ കർണാടക BLDEAS മെഡിക്കൽ കോളജിൽനിന്ന് എംബിബിഎസ് പൂർത്തിയാക്കി. റേഡിയേഷൻ മെഡിസിൻ സെന്റർ (BARC Mumbai), ടാറ്റ മെമ്മോറിയൽ ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ ന്യൂക്ലിയാർ മെഡിസിനിൽ സ്പെഷലൈസ് ചെയ്തു. 2005 അവസാനത്തോടെ ഡിഡി എൻഎംആർസി തിരുവനന്തപുരത്തിന്റെ ചുമതലയേറ്റെടുത്തു. ഇതോടൊപ്പം, തൈറോയിഡ് ചികിത്സയ്ക്കുള്ള അയഡിൻ തെറാപ്പി ആരംഭിച്ചു. ടോക്സിക് തൈറോയിയിൽ അയഡിൻ 131 ആണ് ഉപയോഗിക്കുന്നത്.

2006 -ൽ ഡിഡിഎൻഎംആർസി കേരളത്തിലെ രണ്ടാമത്തെ 64 slice കാർഡിയാക് & ഹോൾ ബോഡി CT സ്കാൻ തിരുവനന്തപുരത്ത് ഉള്ളൂരിൽ സ്ഥാപിച്ചു. 2009 -ൽ സീവീസ് ഇമേജിംഗ് എന്ന പുതിയ കമ്പനിയുടെ കീഴിൽ 64 slice CT സ്കാൻ തിരുവനന്തപുരത്തെ കിംസ് ആശുപത്രിയിൽ സ്ഥാപിച്ചു. കിംസ് ആശുപത്രിയിൽ ഇതിനു പുറകെ 2011 -ൽ ന്യൂക്ലിയർ മെഡിസിൻ SPECT ഗാമ ക്യാമറയും തൈറോയിഡ് കാൻസർ തെറാപ്പിയും ആരംഭിച്ചു. 2014 -ൽ ഇതേ ആശുപത്രിയിൽ കേരളത്തിലെ രണ്ടാമത്തെ PET CT യും 1.5 Tesla MRI സ്കാനും സ്ഥാപിച്ചു. എട്ടു വർഷത്തെ നടത്തിപ്പിനുശേഷം സെന്റർ കിംസ് ആശുപത്രിക്ക് കൈമാറി.

2017 -ൽ തിരുവനന്തപുരം ഉള്ളൂരെ ഡിഡിഎൻഎംആർസിയിൽ കേരളത്തിലെ നാലാമത്തെ PET CT യും കേരളത്തിലെ ആദ്യത്തെ 16 Slice SPECT CT യും തൈറോയിഡ് കാൻസർ തെറാപ്പി, DOTA തെറാപ്പി, PSMA തെറാപ്പി എന്നിവയ്ക്കുള്ള വാർഡും ആരംഭിച്ചു. 2026 -ൽ തൃശൂരിലും കൊച്ചിയിലും ഡിഡിഎൻഎംആർസി യുടെ മൂന്നാമത്തെയും നാലാമത്തെയും ഡിജിറ്റൽ PET CT, ഡയഗ്നോസ്റ്റിക് SPECT CT, ന്യൂക്ലിയർ മെഡിസിൻ തെറാപ്പി വാർഡ് എന്നസൗകര്യങ്ങൾ ഉൾപ്പെടുന്ന സെന്ററുകളുടെ പണി പുരോഗമിക്കുന്നു.



മോളിക്കുലാർ സൈക്ലോട്രോൺ

കാൻസർ രോഗനിർണ്ണയത്തിനായി ഏറ്റവും അനിവാര്യമായ PET CT സ്കാനിംഗ് നടത്തുമ്പോൾ രോഗികളിൽ കുത്തിവയ്ക്കുന്നതിനുള്ള ഫ്ളൂറോ ഡിയോക്സി ഗ്ലൂക്കോസ് (FDG) എന്ന റേഡിയോ ഐസോടോപ്പ് മരുന്ന് ആദ്യ കാലത്ത് മുംബൈ, ബാംഗ്ലൂർ, ചെന്നൈ എന്നീ സ്ഥലങ്ങളിൽ നിന്ന് വിമാന മാർഗമാണ് എല്ലാ ദിവസവും കേരളത്തിലേക്ക് വന്നിരുന്നത്. ഈ കാലഘട്ടത്തിൽ കേരളത്തിൽ ഡിഡിഎൻഎം ആർസി യുടെ രണ്ട് PET CT ഉൾപ്പെടെ നാല് സെന്ററുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. FDG എന്ന ഈ റേഡിയോ ഐസോടോപ്പ് മരുന്ന് ഓരോ 110 മിനിറ്റ് കഴിയുമ്പോഴും പകുതിയായി കുറയുന്നതിനാൽ ഇതിന്റെ ലഭ്യത കേരളത്തിൽ വളരെ വിരളവും വില വളരെ കൂടുതലും ആയിരുന്നു. ഈ പ്രതിസന്ധി മറികടക്കാനായാണ് കേരളത്തിൽ മരുന്ന് ഉത്പാദിപ്പിക്കുവാൻ ആവശ്യമായ മെഡിക്കൽ സൈക്ലോട്രോൺ എന്ന ആശയം ഡോക്ടർ അജിത്തിന്റെ നേതൃത്വത്തിൽ രൂപംകൊള്ളുന്നത്. പിന്നീട് 2017 -ൽ മോളിക്കുലാർ സൈക്ലോട്രോൺസ് എന്ന കമ്പനിയുടെ കീഴിൽ കേരളത്തിലെ ഏക മെഡിക്കൽ സൈക്ലോട്രോൺ കൊച്ചി പുതുവൈപ്പിൽ ആരംഭിച്ചു.



ഏറ്റവും കൂടുതൽ കോവിഡ് പരിശോധന

2020 -2021 കോവിഡ് മഹാമാരിയുടെ സമയത്ത് ഏറ്റവും കൂടുതൽ കോവിഡ് പരിശോധന നടത്തിയത് ഡോക്ടർ അജിത് ജോയിയുടെ നേതൃത്വത്തിൽ ഡിഡിആർസിയിലാണ്. 2020 -ൽ ദിവസം 25,000 ലധികം ടെസ്റ്റുകൾ നടത്തിയിരുന്നു. ഡിഡിആർസി ഗ്രൂപ്പിന്റെ 220 സെന്ററുകളിൽ 32 എണ്ണം കോവിഡ് പരിശോധനയ്ക്കു വേണ്ടി മാത്രം ക്രമീകരിച്ചു. ഇന്റേണൽ ലോജിസ്റ്റിക് വച്ച് കേരളത്തിലെ വിവിധ സ്ഥലത്തുനിന്ന് സാമ്പിളുകൾ നേരിട്ട് ശേഖരിച്ചാണ് ടെസ്റ്റുകൾ നടത്തിയിരുന്നത്. സംസ്ഥാന സർക്കാരിന്റെ ആരോഗ്യവിഭാഗം ചെയ്യുന്നതിനേക്കാൾ കൂടുതൽ പരിശോധന ഡിഡിആർസി ദിവസവും നടത്തിയിരുന്നു. കോവിഡ് പരിശോധനയിൽ സ്വകാര്യമേഖലയിൽ കേരള സർക്കാരിന്റെ നട്ടെല്ല് ഡിഡിആർസി ആയിരുന്നു.

മോളിക്കുലാർ സൈക്ലോട്രോൺ എന്ന സ്ഥാപനത്തിൽനിന്ന് കേരളത്തിന് അകത്തും പുറത്തുമായി 23 കാൻസർ ആശുപത്രികൾക്ക് പെറ്റ് ഐസോടോപ്പ് മരുന്ന് വിതരണം ചെയ്യുന്നുണ്ട്. പ്രഫസർ ഡോക്ടർ MRA പിള്ളൈ ആണ് (Ex . ചീഫ് എക്സിക്യൂട്ടീവ് ഓഫ് BRIT) മോളിക്കുലാർ സൈക്ലോട്രോൺസിന്റെ ഗ്രൂപ്പ് ഡയറക്ടർ. കേരളത്തിൽ സൈക്ലോട്രോൺ സ്ഥാപിച്ചതോടെ നിരവധി ആശുപത്രികളിൽ PET CT ആരംഭിക്കുവാൻ സാധിച്ചു.

കൂടാതെ, 2025 -ൽ പുതുവൈപ്പിനിൽ മോളിക്കുലാർ റേഡിയോ ഫാർമസിയും ആരംഭിച്ചു. ഇതോടൊപ്പം ന്യൂക്ലിയർ മെഡിസിൻ SPECT സ്കാനിനു ആവശ്യമായ കോൾഡ് കിറ്റുകളുടെ ഉത്പാദനവും തുടങ്ങി. ഇന്ത്യയിലെ നാല്പതോളം സ്കാനിംഗ് സെന്ററുകൾ ഇത് ഉപയോഗിക്കുന്നുണ്ട്.

ഇന്ത്യയിൽ തൈറോയിഡ് കാൻസറിന്റെ രോഗനിരക്ക് കേരളത്തിലാണ് ഏറ്റവും കൂടുതൽ. സർജറിക്കുശേഷം അവശേഷിക്കുന്ന തൈറോയിഡ് കോശങ്ങളെ പൂർണ്ണമായും ശരീരത്തിൽനിന്നും നീക്കം ചെയ്യാൻ ഉപയോഗിക്കുന്ന ചികിത്സയാണ് 131 അയോഡിൻ ലാർജ് ഡോസ് തെറാപ്പി. ഇതിനായി ആവശ്യമുള്ള 131 അയോഡിന്റെ ലഭ്യത ഇന്ത്യയിൽ കുറവായതിനാൽ മോളിക്കുലാർ റേഡിയോ ന്യൂക്ലിയെയ്ഡ് ഫാർമസി 2025 -ൽ സൗത്ത് ആഫ്രിക്കയിൽനിന്നും റഷ്യയിൽ നിന്നും 131 അയോഡിൻ ഇറക്കുമതി ചെയ്ത് രോഗികൾ ക്കാവശ്യമായ ഡോസിൽ ആശുപത്രികളിൽ എത്തിക്കാവുന്ന രീതിയിൽ ഒരു സെൻട്രൽ റേഡിയോ ഫാർമസി പുതുവൈപ്പിനിൽ ആരംഭിച്ചു.

കാൻസർ രോഗ നിർണയത്തിനും ചികിത്സയ്ക്കും ആവശ്യമായ, വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യുന്ന പെപ്റ്റൈഡ്സ് നിർമിക്കാൻ മോളിക്യുലാർ റേഡിയോ ഫാർമസി വരും മാസങ്ങളിൽ ഉദ്ദേശിക്കുന്നു.

കാൻസർ രോഗികളുടെ വർധനവ് സൗത്ത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ ക്രമാതീതമായി കൂടുന്നതിനാലും കാൻസർ തെറാപ്പി സെന്ററുകളിൽ PET CT സംവിധാനത്തിന്റെ ആവശ്യകത കണക്കിലെടുത്തും മോളിക്കുലാർ സൈക്ലോട്രോൺസ് 2026 -ൽ രണ്ടാമത്തെ സെന്ററിന്റെ നിർമാണം പാലക്കാട്ട് ആരംഭിച്ചു. 2027 ഓഗസ്റ്റിൽ പാലക്കാടുള്ള ഈ സ്ഥാപനം FDG യുടെ വിതരണത്തിനായി സജ്ജമാകും.

അരാമിസ് എഐ

രോഗനിർണയം, ന്യൂക്ലിയർ മെഡിസിൻ ചികിത്സ എന്നിവയ്ക്കു പുറമേ ഡോ. അജിത് ജോയ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഡിക്കൽ സാങ്കേതിക വിദ്യ എന്നിവയിൽ നിക്ഷേപം നടത്തുന്നു. ഡോ.



ദീപിക ശതോത്തര റുബി ജൂബിലി എക്സലൻസ് അവാർഡ് ഇൻ ന്യൂക്ലിയർ മെഡിസിൻ ഡിഡിഎൻഎംആർസി പ്രൈവറ്റ് ലിമിറ്റഡ് ചെയർമാൻ ഡോ. അജിത് ജോയ് ഉപരാഷ്ട്രപതി സിപി. രാധാകൃഷ്ണനിൽനിന്ന് ഏറ്റുവാങ്ങുന്നു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മുഖ്യമന്ത്രി വിഡി. സതീശൻ എന്നിവർ സമീപം.

അജിത്തിനു നിക്ഷേപമുള്ള ആർട്ടിഫിഷൽ ഇന്റലിജൻസ് കമ്പനിയാണ് അരാമിസ് Imaging. അരാമിസ് സാങ്കേതിക വിദ്യ യുഎസ് FDA അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. അരാമിസിൽ സിടി, എംആർഐ, പെറ്റ് സിടി Analysis ഒരു വർക്ക് സ്റ്റേഷന്റെ കീഴിൽ വരും. മെഡിക്കൽ Imaging ലാംഗ്വേജായ ഡൈക്കോമാണ് ഉപയോഗിച്ചിരിക്കുന്നത്.

ആശുപത്രിയിലെ മൊത്തം ഉപകരണങ്ങളിലേക്ക് കണക്റ്റിവിറ്റി കൊടുക്കാൻ പറ്റുന്ന PACS എന്ന സംവിധാനം ഇതിലുണ്ട്. ക്ലൗഡ് ബേസിൽ ഒരു ബ്രൗസറിൽനിന്ന് ക്ലിക്ക് ചെയ്യാൻ പറ്റുന്ന രീതിയിലാണ് ഡെവലപ് ചെയ്തിരിക്കുന്നത്. അരാമിസിന്റെ സെയിൽസ് ഓഫീസ് ദുബായിലും ഡെവലപ്മെന്റ് ഓഫീസ് തിരുവനന്തപുരം ടെക്നോപാർക്കിലുമാണ്. കൂടാതെ, അരാമിസ് Imaging ഏഴോളം സോഫ്റ്റ് വെയർ Products ഉണ്ട്. ലോകത്തിലെ ഏറ്റവും വലിയ റേഡിയോളജി ഡേറ്റബേസായ റേഡിയോ പീഡിയയുമായി അരാമിസ് നേരിട്ട് ബന്ധിപ്പിച്ചിട്ടുണ്ട്. പരിശോധന നടത്തുമ്പോൾ ഡോക്ടർക്കു തോന്നുന്ന സംശയങ്ങൾക്കുള്ള മറുപടി റേഡിയോ പീഡിയയിൽനിന്ന് കണ്ടെത്തുമ്പോൾ തന്നെ ഇമേജ് നോക്കാനും കഴിയുന്നതാണ്. ടൈപ്പിംഗ്, വോയിസ് കമാൻഡ് കൊടുത്താൽ ആവശ്യമായ വിവരം റേഡിയോ പീഡിയയിൽനിന്ന് ലഭിക്കുന്ന രീതിയിലാണ് ഡെവലപ് ചെയ്തിരിക്കുന്നത്. ഇന്ത്യയിൽ വാലിഡേഷനും ട്രയൽസും കഴിഞ്ഞ ടെക്നോളി ഫിലിപ്പീൻസ്, തായ്ലൻഡ്, ആഫ്രിക്ക എന്നിവിടങ്ങളിൽ ഇൻസ്റ്റോൾ ചെയ്തിട്ടുണ്ട്. നിലവിൽ ഡിഡിസി സെന്ററുകളിൽ ഇതു കണക്ട് ചെയ്തിട്ടുണ്ട്.

വൈദ്യശാസ്ത്രവുമായി ബന്ധപ്പെട്ട സാങ്കേതിക വിദ്യയിലും ഗവേഷണത്തിലുമാണ് ഡോ. അജിത് ജോയിക്ക് താത്പര്യം. മെഡിക്കൽ രംഗത്ത് ഗവേഷണം നടത്തുന്ന വിവിധ കമ്പനികളിൽ ഡോക്ടർ നിക്ഷേപം നടത്തിയിട്ടുണ്ട്. ഒരു ബ്രത്ത് ടെസ്റ്റിൽനിന്ന് ട്യൂബർകുലോസിസും ശ്വാസകോശ കാൻസറും കണ്ടെത്തുന്ന പരീക്ഷണത്തിന്റെ ഭാഗമാണ്. ഇതിനുള്ള മെഷിനുകൾ നിർമിച്ച് ക്ലിനിക്കൽ ട്രയലുകൾ നടത്തിവരുന്നു. കുട്ടികളിലെ ബ്രീത്തിംഗ് ഡിസെബിലിറ്റി കണ്ടെത്തുന്നതിന് ജർമനി വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യ കേരളത്തിൽ വൈകാതെ നടപ്പിലാക്കും. വളരെയധികം പണച്ചെലവുള്ള ഈ സംവിധാനം നെതർലൻഡ്സ്, സ്വിറ്റ്സർലൻഡ് രാജ്യങ്ങളിലെ കിൻഡർ ഗാർഡണിൽ പരിശീലിപ്പിക്കുന്നുണ്ട്. കേരളത്തിലെ വിവിധ സ്കൂളുകളിൽ സംവിധാനം ഏർപ്പെടുത്താനാണ് അജിത് ജോയിയുടെ ലക്ഷ്യം.

360 ഡിഗ്രി ഹെൽത്ത് കെയർ

കൊച്ചിയിലും തൃശൂരിലും ഡിഡിസി വൈകാതെ പ്രവർത്തനം തുടങ്ങും. കോട്ടയത്ത് തെറാപ്പി സെന്റർ ആരംഭിക്കും. നിലവിൽ ഡിഡിസിക്ക് 44 ലാബുകളാണ് ഉള്ളത്. 2026 അവസാനത്തോടെ 85 ലാബുകൾ ആരംഭിക്കും. മൂന്നു മാസത്തിനുള്ളിൽ ഏറ്റവും വലിയ ജീനോമിക്സ് ഐഎച്ച്സി ഡിവിഷൻ ആരംഭിക്കും. പുതിയകാവിൽ സെൻട്രൽ പ്രോസസിംഗ് ലാബ് തുടങ്ങും. കേരളത്തിൽ ഒരു മെഗാ ലാബ് ഇല്ല എന്നതിനു പരിഹാരമായിരിക്കും ഇത്. മോളിക്കുലാർ ബയോളജി, ജീനോമിക്സ്, മൈക്രോ ബയോളജി, പതോളജി, ഇമ്മ്യുണൈസ്ഡ് കെമിസ്ട്രി (കാൻസർ ഡയഗണോസിസ് സ്പെക്ട്രം), അഡ്വാൻസ്ഡ് മൈക്രോബയോളജി എന്നിവ ലാബിൽ ഉണ്ടാകും. സാമ്പിളിന്റെ താപനില സന്തുലിതമായി നില നിർത്തേണ്ടത് ആവശ്യമാണ്. അതിനാൽ, അഞ്ചു മുതൽ എട്ട് കിലോമീറ്റർ ചുറ്റളവിൽ വിവിധ സെന്ററുകൾ സ്ഥാപിച്ച് ഒരു പ്രോസസിംഗ് ലാബിൽ എത്തിച്ച് പരിശോധന നടത്തുന്നു. നിലവിൽ തൃപ്പൂണിത്തുറ, കോട്ടയം, പാലാ എന്നിവിടങ്ങളിൽ സെൻട്രൽ പ്രോസസിംഗ് യൂണിറ്റുണ്ട്.

ഡിഡിസി വെൽനസിനു കീഴിൽ ഡിജിറ്റൽ മാമോഗ്രാം, എക്സ്റേ, ഓഡിയോളജി, കണ്ണൂർ പരിശോധന, ഹോംനേഴ്സിംഗ് ഉൾപ്പെടെ നടത്തുന്ന സെന്റർ സ്ഥാപിക്കും. പാലിയേറ്റീവ് കെയർ നടത്തുന്നവർക്ക് ഡോക്ടറുടെ പ്രിസ്ക്രിപ്ഷൻ അടിസ്ഥാനത്തിൽ ഹോംനേഴ്സിംഗ് നൽകും. ഡിഡിസി വെൽനസ് - ഹോളിസ്റ്റിക് അപ്രോച്ചസ് ടു മെഡിസിൻ ആണ് നൽകുന്നത്. വൈകാതെ വെൽനസ് സെന്ററിനൊപ്പം ഡെന്റൽ ഡിവിഷൻ ആരംഭിക്കും. ഫാറ്റ് റിഡക്ഷൻ കോസ്മറ്റോളജി.

360 ഡിഗ്രി ഹെൽത്ത് കെയർ, ഫിസിയോ തെറാപ്പി, ഹോംകെയർ, ഹോം നഴ്സിംഗ്, മരുന്നുകളുടെ ഹോം ഡെലിവറി, ഹോം സാമ്പിൾ കളക്ഷൻ, ആംബുലൻസ് എന്നീ സേവനങ്ങൾ ചെയ്തു വരുന്നു. നിലവിൽ എറണാകുളം, തിരുവനന്തപുരം, കോട്ടയം എന്നിവിടങ്ങളിലാണ് വെൽനസ് സെന്ററുകൾ ഉള്ളത്.



കണ്ണൂർ വാരിയേഴ്സ് ഫുട്ബോൾ ടീം

സ്കൂൾ പഠനകാലം മുതൽ അത്ലറ്റിക്സിലും ഗെയിംസിലും തിളങ്ങിയ ഡോ. അജിത് ജോയ്, സംസ്ഥാന ഫുട്ബോൾ ലീഗായ സൂപ്പർ ലീഗ് കേരളയിലെ കണ്ണൂർ വാരിയേഴ്സ് ഫുട്ബോൾ ടീമിന്റെ എട്ടു പ്രമോട്ടർമാരിൽ ഒരാളാണ്. 2025 സീസണിലെ ജേതാക്കളാണ് കണ്ണൂർ വാരിയേഴ്സ്. അജിത് ജോയിയുടെ തന്നെ സംരംഭമായ ജോയ് സ്പോർട്സ് ആണ് കണ്ണൂർ വാരിയേഴ്സിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. തൃപ്പൂണിത്തുറയിൽ ബെയ്ലിം സ്പോർട്സ് നടത്തുന്ന ഫുട്ബോൾ ടർഫ്, ബാളിംഗ് മെഷീനോട് കൂടിയ ക്രിക്കറ്റ് പ്രാക്ടിസിങ് പിച്ച് എന്നിവയും അജിത് ജോയിയുടെ സ്പോർട്സ് സംരംഭങ്ങളാണ്.

ജോയ് മൂവി പ്രൊഡക്ഷൻസ്

ചലച്ചിത്ര നിർമാണം, പ്രൊഡക്ഷൻ സ്റ്റുഡിയോ എന്നീ മേഖലകളിലും ഡോ. അജിത് ജോയ് സാന്നിധ്യമറിയിച്ചിട്ടുണ്ട്. വിചിത്രം, മുകുന്ദനുണ്ണി അസോസിയേറ്റ്സ്, ചാൾസ് എന്റർപ്രൈസസ്, ആട്ടം എന്നീ സിനിമകൾ നിർമിച്ചത് അജിത് ജോയിയുടെ ജോയ് മൂവീസ് ആണ്. ആട്ടം സിനിമയ്ക്ക് നിരവധി ദേശീയ, അന്താരാഷ്ട്ര പുരസ്കാരങ്ങൾ ലഭിച്ചു. ഇന്ത്യൻ ഫിലിം ഫെസ്റ്റിവൽ ഓഫ് ലോസ് ആഞ്ചലസ് ഗ്രാൻഡ് ജൂറി അവാർഡ് (2023), 2023 ലെ മികച്ച സിനിമ, തിരക്കഥ, എഡിറ്റിംഗ്



2023 ലെ മികച്ച ചിത്രത്തിനുള്ള ദേശീയ പുരസ്കാരം ഡോ. അജിത് ജോയ് രാഷ്ട്രപതി ദ്രൗപദി മുർമുവിൽനിന്ന് സ്വീകരിക്കുന്നു. കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവ് സമീപം.

JOY MOVIE PRODUCTIONS

BEYLIM

എന്നീ മൂന്ന് വിഭാഗങ്ങളിലെ ദേശീയ പുരസ്കാരങ്ങൾ, മികച്ച സിനിമയ്ക്കുള്ള ഫിലിം ഫെയർ അവാർഡ്, FIPRESCI ബെസ്റ്റ് ഫിലിം ഓഫ് ഇന്ത്യ അവാർഡ്, കേരള ക്രിട്ടിക്സ് അവാർഡ് തുടങ്ങിയവയെല്ലാം ആട്ടം കരസ്ഥമാക്കി

ബെയ്ലിം കോണ്ടന്റ് ഫാക്ടറി എന്ന സ്റ്റാർട്ട് അപ്പ് ഡോക്ടർ അജിത് ജോയിയുടെ പുതിയ സംരംഭമാണ്. ആധുനിക രീതിയിൽ വിഷ്വൽ ആൻഡ് ഓഡിയോ കോണ്ടന്റ് ക്രിയേഷൻ നടത്തുവാൻ ശേഷിയുള്ള സംരംഭമാണ് ബെയ്ലിം. കളറിംഗ് സ്റ്റുഡിയോ, ഡബ്ബിംഗ് സ്യൂട്ട്, വിഎഫ്എക്സ്, ആനിമേഷൻ എന്നീ സേവനങ്ങളും ബെയ്ലിം നൽകുന്നു. എഡ്യുകേഷൻ സെഗ്മെന്റിലേക്ക് കൂടി കടക്കുവാൻ ഒരുങ്ങുകയാണ് ബെയ്ലിം. ബെയ്ലിം അക്കാദമി എന്ന പുതിയ ഡിവിഷൻ ഏപ്രിൽ 2026ൽ പ്രവർത്തനം ആരംഭിക്കും.

ദുബായിൽ സിൽവർ ഓക്ക് പ്രോപ്പർട്ടീസ് എന്ന റിയൽ എസ്റ്റേറ്റ് ബ്രോക്കറിംഗ് കമ്പനിയും അജിത് ജോയിയുടേതായുണ്ട്. നിലവിൽ വില്പന, വാങ്ങൽ, ബ്രോക്കറിംഗ് ആണ് നടത്തുന്നത്. വൈകാതെ നിർമാണമേഖലയിലേക്ക് കടക്കും. ജോയി ജോസഫ് കാൻസർ കെയർ ഫൗണ്ടേഷൻ, എഡ്യുകേഷൻ ഫൗണ്ടേഷൻ എന്നിവ വൈകാതെ ആരംഭിക്കും.

ദീപിക ബിസിനസ് എക്സലൻസ് അവാർഡ്, ചലച്ചിത്ര നിർമാണ രംഗത്തെ ദേശീയ പുരസ്കാരം ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ഡോ. അജിത് ജോയിക്ക് ലഭിച്ചിട്ടുണ്ട്. യൂറോപ്യൻ ന്യൂക്ലിയാർ മെഡിസിൻ സൊസൈറ്റി, സൊസൈറ്റി ഓഫ് ന്യൂക്ലിയാർ മെഡിസിൻ അമേരിക്ക, ഇന്ത്യൻ ന്യൂക്ലിയാർ മെഡിസിൻ, യൂറോപ്യൻ റേഡിയോളജി അസോസിയേഷൻ എന്നിവയിൽ മെംബർ ആണ്.

അമ്മ എൽസി ജോസഫ് ഡിഡിസി മാനേജിംഗ് ഡയറക്ടറാണ്. പതോളജിസ്റ്റായ ഡോ. സ്മിത അജിത്താണ് ഭാര്യ. മക്കൾ: എറിക് ജോസഫ് (മാസ്റ്റേഴ്സ് ഇൻ കംപ്യൂട്ടർ എൻജിനിയറിംഗ് ബ്രിസ്ബെയിൻ, ഓസ്ട്രേലിയ), സേറ മറിയ (പത്താംക്ലാസ്, ക്രിസ്തുജയന്തി സ്കൂൾ), നീൽ പോൾ ജോസഫ് (എട്ടാംക്ലാസ്, ക്രിസ്തുജയന്തി സ്കൂൾ). അഡ്വ. അനിത ജോസഫ് (ദുബായ്), ഡോ. ആശ ജോസഫ്. (ഡയൽ ഡയഗണോസ്റ്റിക്സ്) എന്നിവർ സഹോദരങ്ങളാണ്.

സെബിൻ ജോസഫ്

ദർശനത്തിലുറച്ച പ്രവർത്തനം. വിശ്വസ്തതയിലൂന്നിയ നേതൃത്വം.

ICL
Join ICL, Grow with us

ICL Fincorp

അഡ്വ. കെ.ജി. അനിൽ കുമാർ
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
ICL ഫിൻകോർപ്

ഒരു ദർശനത്തിൽ നിന്ന് തുടങ്ങിയ യാത്ര

കേരളത്തിന്റെ മണ്ണിൽ നിന്നുയർന്ന ഒരു സംരംഭകന്റെ ദർശനം ഇന്ന് ജനലക്ഷങ്ങളുടെ വിശ്വാസമായി മാറിയ കഥയാണ് ICL ഫിൻകോർപിന്റേത്. വ്യക്തമായ ദർശനവും ശക്തമായ നേതൃത്വവും കൊണ്ട് നമുക്കെല്ലാം സുപരിചിതമായ ഈ സാമ്പത്തിക സ്ഥാപനത്തെ യാഥാർത്ഥ്യമാക്കിയ ദീർഘദർശിയായ നേതാവാണ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ശ്രീ. കെ.ജി. അനിൽ കുമാർ.

വ്യവസായം എന്നത് അദ്ദേഹത്തിന് വിശ്വാസം സൃഷ്ടിക്കുന്നതും, മനുഷ്യരുടെ ജീവിതത്തിൽ മാറ്റം കൊണ്ടുവരുന്നതുമായ ഒരു ദൗത്യമാണ്. അതിനായി അനേകായിരം കുടുംബങ്ങളുടെ ഭാവി ഭദ്രമാക്കുന്ന ഒരു സാമ്പത്തിക ശൃംഖല തന്നെ അദ്ദേഹം നിർമ്മിച്ചു. വിശ്വാസത്തിന്റെയും സേവനത്തിന്റെയും മുഖമുദ്രയായ ICL ഫിൻകോർപ് എന്ന സാമ്പത്തിക സ്ഥാപനം ഇന്ന് രാജ്യമൊട്ടാകെ പടർന്ന് പന്തലിച്ചിരിക്കുകയാണ്.

പാരമ്പര്യത്തിന്റെ പ്രചോദനം

സ്വാതന്ത്ര്യസമര സേനാനിയായിരുന്ന പിതാവ് ശ്രീ. എരേക്കത്ത് ഗോവിന്ദ മേനോന്റെയും പരേതയായ ശ്രീമതി ലീല ജി മേനോന്റെയും മകനാണ് ശ്രീ. കെ.ജി. അനിൽ കുമാർ. അച്ഛന്റെ ദർശനവും പോരാട്ട മനോഭാവവും അദ്ദേഹത്തിന്റെ ജീവിതത്തെയും ദർശനത്തെയും ആഴത്തിൽ സ്വാധീനിച്ചു. "ഓരോ തൊഴിലാളിക്കും വളരാൻ കഴിയുന്ന തൊഴിൽ സ്ഥലം" എന്ന ആശയം, അദ്ദേഹത്തിന്റെ സ്ഥാപനത്തിന്റെ ആത്മാവായി മാറി. മൂല്യങ്ങളും വിശ്വാസവും ചേർന്ന ഈ പാരമ്പര്യം, അദ്ദേഹത്തിന്റെ എല്ലാ സംരംഭങ്ങളിലും പ്രതിഫലിക്കുന്നു.

ഇരിഞ്ഞാലക്കുടയിൽ നിന്ന് ഇന്ത്യയുടെ ഹൃദയത്തിലേക്ക്

1991–ൽ കേരളത്തിലെ ഒരു ചെറു പട്ടണമായ ഇരിഞ്ഞാലക്കുടയിൽ നിന്നാരംഭിച്ച യാത്ര ഇന്ന് ഇന്ത്യയിലുടനീളം 300–ലധികം ശാഖകളും 2000–ത്തിലധികം ജീവനക്കാരുമായി വ്യാപിച്ചിരിക്കുന്നു. ICL ഫിൻകോർപ്, ശ്രീ. കെ.ജി. അനിൽ കുമാറിന്റെ നേതൃത്വത്തിൽ, സാമ്പത്തിക രംഗത്ത് വിശ്വാസത്തിന്റെ പ്രതീകമായി മാറി. ഗ്രാമങ്ങളിലും നഗരങ്ങളിലുമുള്ള ജനങ്ങൾക്ക് വിശ്വാസത്തോടെ സാമ്പത്തിക സേവനങ്ങൾ എത്തിക്കുന്ന NBFC ആയി ICL ഇന്ന് ഇന്ത്യയിൽ ശ്രദ്ധേയമാണ്.

വിശ്വാസം പടുത്തുയർത്തിയ സാമ്പത്തിക സാമ്രാജ്യം

ICL ഫിൻകോർപ് ഇന്ന് ഇന്ത്യയിലെ വിശ്വാസയോഗ്യമായ NBFC കളിലൊന്നായി മാറിയിരിക്കുന്നു. തുടക്കത്തിലെ ചെറിയ ചുവടുകളിൽ നിന്ന് രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലായി വലിയ ഒരു സാമ്പത്തിക ശൃംഖലയായി ഇത് വളർന്നു. സ്വർണ്ണവായ്പ, സാമ്പത്തിക സേവനങ്ങൾ, നിക്ഷേപ പദ്ധതികൾ എന്നിവയിലൂടെ സാധാരണ മനുഷ്യർക്കും സാമ്പത്തിക ശക്തി നൽകുക എന്നതാണ് ICL-ന്റെ പ്രധാന ലക്ഷ്യം.

കേരളത്തിൽ ആരംഭിച്ച ഈ വിശ്വാസയാത്ര ഇന്ന് രാജ്യത്തിന്റെ പല ഭാഗങ്ങളിലേക്കും വ്യാപിച്ചിരിക്കുകയാണ്. അതോടൊപ്പം തന്നെ ICL ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ അന്തർദ്ദേശീയ തലത്തിലും ശക്തി പ്രാപിച്ചുകൊണ്ടിരിക്കുകയാണ്.

അന്താരാഷ്ട്ര സാന്നിദ്ധ്യത്തിന്റെ പ്രസക്തി

ഗ്ലോബൽ വിപണിയിലേക്കുള്ള കുതിപ്പിന്റെ ഭാഗമായി ദുബായിലും ICL ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ വ്യാപിച്ചു. പ്രവാസി ഇന്ത്യൻ സമൂഹത്തെയും നിക്ഷേപ സാമ്പത്തിക സേവനങ്ങളുമായി ബന്ധിപ്പിക്കുന്നതിലൂടെ ICL അതിന്റെ സാന്നിദ്ധ്യം അന്താരാഷ്ട്ര തലത്തിലും ഉറപ്പിച്ചു.

വിശ്വാസം, വ്യക്തത, സ്ഥിരത എന്ന മൂല്യങ്ങളാണ് ICLനെ ഇന്ത്യക്കകത്തും പുറത്തും ശക്തമായ ഒരു ബ്രാൻഡായി ഉയർത്തിയത്.

ബഹുമുഖ സംരംഭകൻ

സാമ്പത്തിക രംഗത്തോടൊപ്പം ശ്രീ. കെ.ജി. അനിൽ കുമാർ ടൂറിസം, ഫാഷൻ, ഹെൽത്ത്, അന്താരാഷ്ട്ര വ്യാപാരം തുടങ്ങി നിരവധി മേഖലകളിൽ തന്റെ കഴിവുകൾ തെളിയിച്ചിട്ടുണ്ട്. ദുബായിൽ ആരംഭിച്ച ICL Fincorp Investments LLC, ഗോൾഡ് ട്രേഡിംഗ്, ഫിനാൻഷ്യൽ ബ്രോക്കറേജ് തുടങ്ങിയ സേവനങ്ങൾ, മലയാളിയുടെ സംരംഭകശേഷിയെ ആഗോള തലത്തിൽ ഉയർത്തിക്കാട്ടുന്നു.

അംഗീകാരങ്ങളും പുരസ്കാരങ്ങളും



മുൻ ഉപരാഷ്ട്രപതി ശ്രീ വെങ്കയ്യ നായിഡുവിനോടൊപ്പം



ക്യൂബൻ അംബാസഡർ അലെഹാന്ദ്രോ സീമാൻകാസ് മറീനോടൊപ്പം

LACTC-യുടെ Goodwill Ambassador ആയി 33 ലാറ്റിൻ അമേരിക്കൻ, കരീബിയൻ രാജ്യങ്ങളുമായി ഇന്ത്യയുടെ ബന്ധം ശക്തിപ്പെടുത്തുന്നതിൽ അദ്ദേഹം നിർണ്ണായക പങ്കു വഹിച്ചു. Lions Club International District Governor ആയി സേവനം അനുഷ്ഠിച്ച അദ്ദേഹം, സാമൂഹിക ഉന്നമനം ലക്ഷ്യമാക്കിയുള്ള പദ്ധതികളിലൂടെ സമൂഹത്തിനോടുള്ള കടപ്പാട് തെളിയിച്ചു. COVID–19 കാലത്ത് ആശുപത്രികൾക്ക് ആംബുലൻസുകളും വെന്റിലേറ്ററുകളും സംഭാവന ചെയ്യുന്നതുൾപ്പടെ, ക്ഷേത്ര നവീകരണം, വിദ്യാഭ്യാസ സഹായം, ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടങ്ങി നിരവധി സേവനങ്ങൾ അദ്ദേഹം നടത്തി.

സാമൂഹ്യസേവനത്തിനും വ്യവസായ രംഗത്തെ നേട്ടങ്ങൾക്കും ശ്രീ. കെ.ജി. അനിൽ കുമാർ നിരവധി ദേശീയ അന്താരാഷ്ട്ര പുരസ്കാരങ്ങളും അംഗീകാരങ്ങളും നേടിയിട്ടുണ്ട്.

വളർച്ചയ്ക്കൊപ്പം സാമൂഹ്യ പ്രതിബദ്ധതയും

ഗോവയിൽ ICL ഫിൻകോർപ് നീജിയണൽ ഓഫീസും അഞ്ച് ശാഖകളും മുഖ്യമന്ത്രി പ്രമോദ് സാവന്ത് ഉദ്ഘാടനം ചെയ്തതും, ബിഹാറിലെ പട്നയിൽ റീജിയണൽ ഓഫീസും മൂന്ന് ശാഖകളും കേന്ദ്ര മന്ത്രി ജിതൻ റാം മഞ്ചി ഉദ്ഘാടനം ചെയ്തതും, ICL-ന്റെ വളർച്ചയിലെ ഏറ്റവും പുതിയ നാഴികക്കല്ലുകളാണ്. എന്നാൽ വളർച്ചയോടൊപ്പം സമൂഹത്തോടുള്ള ഉത്തരവാദിത്തവും അത്ര തന്നെ പ്രധാനമാണെന്ന് കെ.ജി. അനിൽ കുമാർ വിശ്വസിക്കുന്നു. വിദ്യാഭ്യാസ സഹായങ്ങൾ, ആരോഗ്യരംഗത്തെ സേവനങ്ങൾ, ദരിദ്രർക്കുള്ള സഹായങ്ങൾ, സമൂഹക്ഷേമ പ്രവർത്തനങ്ങൾ എന്നിവയിലൂടെ നിരവധി മേഖലകളിൽ മാറ്റം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകുന്നു.



ഗോവ മുഖ്യമന്ത്രി ഡോ. പ്രമോദ് സാവന്തിനൊപ്പം

സമൂഹത്തോടുള്ള പ്രതിബദ്ധതയും മനുഷ്യനോടുള്ള കരുതലുമാണ് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നത്.

ICL ഫിൻകോർപിന്റെ സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ (CSR) ഭാഗമായി ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിൽ നിർമ്മിച്ച പുതിയ പേവ്മെന്റ് സംസ്ഥാന ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്തത് ഈയിടെയാണ്.



ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദുവിനൊപ്പം



MLA ശ്രീ രമേശ് ചെന്നിത്തലയോടൊപ്പം

കുടുംബം എന്ന നിതാന്ത പ്രചോദനം



വ്യവസായ ലോകത്ത് വിജയിച്ച ഒരു നേതാവായിരിക്കുമ്പോഴും, വ്യക്തി ജീവിതത്തിൽ കുടുംബമൂല്യങ്ങൾക്കു വലിയ പ്രാധാന്യം നൽകുന്ന വ്യക്തിയാണ് കെ.ജി. അനിൽ കുമാർ. ഒരു ഭർത്താവായും, പിതാവായും, കുടുംബനാഥനായും അദ്ദേഹം ജീവിതത്തിലെ സമതുലിതത്വം നിലനിർത്തുന്നു.
വ്യവസായ വിജയം മാത്രമല്ല, കുടുംബ ബന്ധങ്ങളും മനുഷ്യ ബന്ധങ്ങളും ഒരുപോലെ സംരക്ഷിക്കുന്നതാണ് അദ്ദേഹത്തിന്റെ ജീവിത ദർശനം.

ജീവിതയാത്രയിൽ അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി ഉമ, ICL ഫിൻകോർപിന്റെ CEOയും Whole-time Director–മായി, അദ്ദേഹത്തിന്റെ ഏറ്റവും വലിയ പിന്തുണയായി നിലകൊള്ളുന്നു. ദുബായിലെ പ്രവർത്തനങ്ങൾ, മകൻ അമൽജിത്ത്. എ. മേനോൻ, (ഇന്റർനാഷണൽ ഓപ്പറേഷൻസ് ഡയറക്ടർ, ICL) കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നു. മരുമകൾ ഗായത്രി ഗോപകുമാറും, മകൾ കൃഷ്ണേന്ദു. എ. മേനോനും കുടുംബത്തിന് എന്നും പ്രചോദനമാണ്.



യൂണിയൻ ക്യാബിനറ്റ് മിനിസ്റ്റർ ശ്രീ ജിതൻ റാം മാഞ്ജിയോടൊപ്പം



കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രി ശ്രീ. ചിരാഗ് പാസ്വാൻ, ലുലു ഗ്രൂപ്പ് ഇന്റർനാഷണലിന്റെ ചെയർമാൻ & മാനേജിങ് ഡയറക്ടർ ശ്രീ. എം.എ. യൂസഫലി എന്നിവരോടൊപ്പം.

നേതൃത്വ പാടവത്തിന്റെ പല മുഖങ്ങൾ

വ്യവസായ രംഗത്ത് ദീർഘകാല അനുഭവവും ശക്തമായ നേതൃപാടവവുമുള്ള ശ്രീ. കെ.ജി. അനിൽ കുമാർ, ICL ഫിൻകോർപിന്റെ ചെയർമാൻ & മാനേജിങ് ഡയറക്ടർ, ICL ഗ്രൂപ് ഓഫ് കമ്പനീസിന്റെ ഡയറക്ടർ, ICL ടൂർസ് & ട്രാവൽസിന്റെ ഡയറക്ടർ, ടുലൈൻ ഫാഷന്റെ ഡയറക്ടർ, ICL മെഡിലാബിന്റെ ഡയറക്ടർ എന്നിങ്ങനെ നിരവധി പ്രധാനപ്പെട്ട സ്ഥാനങ്ങൾ വഹിക്കുന്നു.

സാമ്പത്തിക സേവന മേഖലയിൽ പുതുമകളും ഉത്തരവാദിത്തവും ഒരുമിച്ച് മുന്നോട്ട് കൊണ്ടുപോകുന്ന നേതാവെന്ന നിലയിൽ അദ്ദേഹം വ്യാപകമായ ബഹുമാനവും വിശ്വാസവും നേടിയിട്ടുണ്ട്.

വിജയ യാത്ര തുടരുന്നു

ദർശനത്തിൽ നിന്നും വിശ്വസ്തതയിലേക്ക്. വിശ്വസ്തതയിൽ നിന്നും വളർച്ചയിലേക്ക്. അതാണ് കെ.ജി. അനിൽ കുമാർ എന്ന ബിസിനസ് അതികായന്റെ യാത്ര.

സാമ്പത്തിക രംഗത്ത് ഉണർവുണ്ടാക്കുന്ന ശ്രദ്ധേയമായ നീക്കങ്ങളിലൂടെയും, സമൂഹത്തോടുള്ള ഉത്തരവാദിത്തം നിറവേറ്റുന്ന പദ്ധതികളിലൂടെയും, രാജ്യത്തിന്റെ വളർച്ചയെ അദ്ദേഹം ത്വരിതപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ICL ഫിൻകോർപ് വിശ്വാസത്തിന്റെ പ്രതീകമായി, ആയിരക്കണക്കിന് കുടുംബങ്ങളുടെ ഭാവി ഭദ്രമാക്കുന്ന സ്ഥാപനമായി മാറിയിരിക്കുന്നു. ദർശനവും സമർപ്പണവും ഇഴചേർന്ന അദ്ദേഹത്തിന്റെ ഈ യാത്ര തുടരുന്നുകൊണ്ടേയിരിക്കുന്നു–കൂടുതൽ വിശ്വാസം സൃഷ്ടിക്കാനും, കൂടുതൽ അവസരങ്ങൾ ഒരുക്കാനും.

ICONS OF SUCCESS
DEEPIKA



തങ്കത്തിളക്കമുള്ള വിജയഗാഥ

രാജീവ് പോൾ ചുങ്കത്ത്

കേരളത്തിലെ ആഭരണ വിപണന രംഗത്തു ചുങ്കത്ത് ജ്വല്ലറി കുറിച്ചിട്ട വിശ്വാസത്തിന്റെ തങ്കത്തിളക്കത്തിന് പതിറ്റാണ്ടുകളുടെ പൈതൃകമുണ്ട്. ജ്വല്ലറിയിൽ തുടങ്ങി ബിസിനസിന്റെ വൈവിധ്യമേഖലകളിലേക്കു ചുവടുവച്ചു വിജയങ്ങൾ കൈവരിച്ചതിന്റെ പ്രചോദനാത്മകമായ കഥയാണ് ചുങ്കത്ത് ജ്വല്ലറിയ്ക്കും അതിന്റെ സാരഥി രാജീവ് പോളിനും പറയാനുള്ളത്.

ജ്വല്ലറി രംഗത്തെ പ്രമുഖനായ പിതാവും ചുങ്കത്ത് ഫാഷൻ ജ്വല്ലറിയുടെ സ്ഥാപകനുമായ അന്തരിച്ച പോൾ ചുങ്കത്തിന്റെ വഴികളാണ് രാജീവ് പോളിനെ ബിസിനസിലേക്കു കൈപിടിച്ചത്. 120 വർഷത്തോളം പാരമ്പര്യമുള്ള ബിസിനസ് ചരിത്രമാണ് ചുങ്കത്തിനുള്ളത്. ഗ്രേറ്റ് ഗ്രാൻഡ് ഫാദർ ലാസർ തുടക്കമിട്ടു ഗ്രാൻഡ് ഫാദർ സി.എൽ. പാവുണ്ണിയിലൂടെയും പിതാവ് സി.പി. പോളിലൂടെയും കൈമാറിക്കിട്ടിയ ബിസിനസ് പൈതൃകം അതിന്റെ തിളക്കത്തോടെ ഇന്നു തുടരുകയാണ് രാജീവ്.

Chungath
JEWELLERY SINCE 1914

കൊല്ലത്തു തുടക്കം

എൻജിനിയറിംഗിൽ ബിരുദവും മാസ്റ്റർ ബിരുദവും പൂർത്തിയാക്കിയശേഷം, ബോംബെയിൽ ഒനിഡ കമ്പനിയിലാണ് രാജീവ് പോൾ തന്റെ കരിയർ ആരംഭിച്ചത്. തുടർന്ന് ഒരു വർഷം മാർഗ് എന്ന കമ്പനിയിൽ ജോലി ചെയ്തു.

1995 മുതൽ ജ്വല്ലറി രംഗത്തുണ്ട്. കൊല്ലത്തു ജ്വല്ലറി ആരംഭിച്ചതായിരുന്നു രാജീവ് പോളിന്റെ ആഭരണ വ്യാപാര മേഖലയിൽ ആദ്യചുവട്. തുടർന്ന് എറണാകുളം, കൊല്ലം, തിരുവനന്തപുരം, കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ ചുങ്കത്ത് ജ്വല്ലറിയുടെ വിശാലമായ ഷോറൂമുകൾ. ഇതിനു പുറമേ, നാലിടങ്ങളിൽ ഫ്രാഞ്ചൈസി ഷോറൂമുകളും പ്രവർത്തിക്കുന്നു.

ചുങ്കത്ത് ഫ്രാഞ്ചൈസികൾ

ചുങ്കത്ത് ബ്രാൻഡിലുള്ള ഷോറൂമിൽ, ജീവനക്കാർ, സോഫ്‌വെയർ, സ്റ്റോക്ക് എന്നിവ ചുങ്കത്ത് ജ്വല്ലറി നൽകുന്നതാണ് ഫ്രാഞ്ചൈസികളുടെ രീതി. ഷോറൂമിന്റെ ദൈനംദിന പ്രവർത്തനങ്ങൾ ഫ്രാഞ്ചൈസി ഉടമയുടെ നിയന്ത്രണത്തിലാകും. കേരളത്തിലെ വിടെയും വിശ്വസ്തരായവർക്കു ചുങ്കത്ത് ഗ്രൂപ്പ് ഫ്രാഞ്ചൈസികൾ നൽകും. കൊച്ചിയിൽ രണ്ടും കുണ്ടറയിലും തിരുവനന്തപുരത്തും ഓരോന്നു വീതവുമാണ് നിലവിൽ ചുങ്കത്ത് ജ്വല്ലറിയുടെ ഫ്രാഞ്ചൈസികൾ പ്രവർത്തിക്കുന്നത്.

ഹുണ്ടായ് സിഗ്നേച്ചർ ഡീലർ

ജ്വല്ലറി ബിസിനസിലാണു ആദ്യഘട്ടത്തിൽ നിക്ഷേപവും ശ്രദ്ധയും കേന്ദ്രീകരിച്ചതെങ്കിലും, പിന്നീട് കാലഘട്ടത്തിന്റെ ആവശ്യങ്ങളറിഞ്ഞുള്ള സംരംഭങ്ങളിലേക്കു ചുവടുവയ്ക്കാൻ രാജീവ് പോളിനായി. പുതിയ സ്വപ്നങ്ങളും ഉയരങ്ങളും ലക്ഷ്യമിട്ടുള്ള ഇദ്ദേഹത്തിന്റെ ദർശനങ്ങൾ, മികച്ച സംരംഭങ്ങളായി പിറന്നു, കുതിച്ചു.

രാജീവിന്റെ നേതൃത്വത്തിലുള്ള പ്രധാനപ്പെട്ട മറ്റൊരു സംരംഭം ഹുണ്ടായ് ഡീലർഷിപ്പാണ്. ചുങ്കത്ത് സ്പ്രൈസ് ഹുണ്ടായ് എന്ന പേരിലുള്ള ഡീലർഷിപ്പ് തെക്കൻ കേരളത്തിൽ ഇതിനകം കാർ ഉപഭോക്താക്കൾക്കു പ്രിയപ്പെട്ടതായിക്കഴിഞ്ഞു.

കൊല്ലത്തെ ഹുണ്ടായിയുടെ ഏക സിഗ്നേച്ചർ ഡീലറാണ് ചുങ്കത്ത്. ഹുണ്ടായിയുടെ എല്ലാ മോഡലുകളും ഇവിടെ വില്പനയുണ്ട്. കൊല്ലത്തിനു പുറമേ, കരുനാഗപ്പള്ളി, നിലമേൽ, കൊട്ടാരക്കര എന്നീ സ്ഥലങ്ങളിലും ഹുണ്ടായ് സെയിൽസ്, സർവീസ് സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്.

ലേക്‌ഫോർഡ് ഇന്റർനാഷണൽ സ്കൂൾ

സിബിഎസ്ഇ സിലബസിൽ 2500 വിദ്യാർഥികൾ പഠിക്കുന്ന കൊല്ലത്തെ ലേക്‌ഫോർഡ് ഇന്റർനാഷണൽ സ്കൂളിന്റെ ഡയറക്ടറും രാജീവ് പോൾ ചുങ്കത്താണ്. കൊല്ലം വട്ടക്കായലിലുള്ള സ്കൂൾ മികവിന്റെ രണ്ടു പതിറ്റാണ്ടിലേക്കടുക്കുന്നു. കെജി മുതൽ പ്ലസ്ടുവരെയുള്ള വിദ്യാർഥികൾ ഇവിടെ മികച്ച നിലവാരത്തിൽ അധ്യയനം നടത്തുന്നു.

സ്പ്രൈസ് റിസോർട്ട്സ്

ഹോട്ടൽ ബിസിനസിലും ചുങ്കത്ത് രാജീവ് പോൾ നിറ സാന്നിധ്യമാണ്. മൂന്നാറിൽ സ്പ്രൈസ് റിസോർട്ട്സ് ആൻഡ് സ്പായിൽ 30 കോട്ടേജുകളുണ്ട്. 22 റൂമുകളും അനുബന്ധ അത്യാധുനിക സൗകര്യങ്ങളുമായി ഫോർട്ട്കൊച്ചിയിൽ നാപിയർ റിസോർട്ട് ഹെറിറ്റേജ് ഹോട്ടൽ പ്രവർത്തിക്കുന്നു.

വയനാട്ടിൽ 16 കോട്ടേജുകളുള്ള പുതിയ സിൽവർ സ്ട്രീംഗ് എന്ന പേരിലുള്ള റിസോർട്ടും പ്രവർത്തനസജ്ജമായിട്ടുണ്ട്.

നിർമാണരംഗത്തെ മികവ്

രാജീവിന്റെ നേതൃത്വത്തിലുള്ള ചുങ്കത്ത് ബിൽഡേഴ്സ് ആൻഡ് ഡെവലപ്മെന്റ് കേരളത്തിലെ നിർമാണ മേഖലയിൽ ഇതിനകം ശ്രദ്ധേയമായ പ്രോജക്ടുകൾ പൂർത്തിയാക്കി കൈമാറിയിട്ടുണ്ട്. വില്ലകൾ ഉൾപ്പെടെ ഇതുവരെ ചുങ്കത്ത് ബിൽഡേഴ്സ് നിർമാണം പൂർത്തിയാക്കിയത് 300 പ്രോജക്ടുകളാണ്.

സ്പ്രൈസ് ഇന്ത്യ

കോവിഡ് കാലത്തെ മെഡിക്കൽ പരിശോധനയ്ക്കുള്ള ആർടിപിസിആർ കിറ്റുകൾ നിർമിച്ചു കൊണ്ടു വിപണിയിലെത്തിച്ചതിലൂടെയാണു രാജീവിന്റെ നേതൃത്വത്തിലുള്ള സ്പ്രൈസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് മെഡിക്കൽ വിപണിയിൽ ശ്രദ്ധേയ സാന്നിധ്യമായത്. മെഡിക്കൽ എക്യുപ്മെന്റുകൾ, ആക്സസറികൾ എന്നിവയുടെ നിർമാണ വിപണന രംഗങ്ങളിൽ ഇന്നു സ്പ്രൈസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് മികച്ച സേവനം ലഭ്യമാക്കുന്നു. കാക്കനാട് കേന്ദ്രീകരിച്ചാണ് കമ്പനിയുടെ പ്രവർത്തനം.

LENKARA

8 വർഷമായി പ്രവർത്തിക്കുന്ന LENKARA Jewellery Design and Management Institute കേരളത്തിലെയും പുറത്തേയും പ്രമുഖ ജ്വല്ലറികളുടെ ഡിസൈനിംഗ് സെന്ററുകളിലേക്ക് ഉദ്യോഗാർഥികളെ സംഭാവന ചെയ്യുന്നു. Lenkara കേരളത്തിലെ നമ്പർ വൺ ജ്വല്ലറി ഹാൻഡ്സ്കെച്ച്, കാഡ് ട്രെയിനിംഗ് സെന്ററാണ്.

Secret Mill Advertising Agency

ചുങ്കത്ത് ഗ്രൂപ്പിന്റെ പുതിയ സംരംഭമായ ക്രിയേറ്റീവ് പരസ്യ ഏജൻസിയാണ് Secret Mill പുതിയ ആശയങ്ങളുമായി സ്റ്റാർട്ടപ്പ് സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നു.



Bajaj Chungath Motors

ബജാജ് ത്രിവീലർ, സിഎൻജി, ഇലക്ട്രിക് വാഹനങ്ങളുടെ എക്സ്ക്ലൂസീവ് ഡീലറാണ്. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽ പ്രവർത്തിക്കുന്നു.

സസ്നേഹം കുടുംബം

മാത്തമാറ്റിക്സ് അധ്യാപികയായ അനി രാജീവാണ് രാജീവ് പോളിന്റെ ഭാര്യ. ചുങ്കത്തിന്റെ സ്ഥാപനങ്ങളിൽ പാർട്ണർ കൂടിയാണ് അനി രാജീവ്. രണ്ടു മക്കളും ഡോക്ടർമാരാണ്. മൂത്ത മകൾ ഡോ. ടിസ അമൃത ആശുപത്രിയിൽ ഫിസിഷ്യൻ. ഡെർമറ്റോളജിസ്റ്റായ ഡോ. ടോണിയാണ് ഡോ. ടിസയുടെ ഭർത്താവ്. മെഡിസിൻ പൂർത്തിയാക്കി ഇന്റേൺഷിപ്പിലുള്ള ഡോ. ലിറ്റയാണു രണ്ടാമത്തെ മകൾ.

ചാലക്കുടി, ഇരിങ്ങാലക്കുട, തൃശൂർ, പെരുമ്പാവൂർ ഷോറൂമുകളുടെ ചുമതല രാജീവിന്റെ സഹോദരൻ രഞ്ജിത്തിനാണ്. രാജി, രേണു എന്നിവരാണു മറ്റു സഹോദരങ്ങൾ. രാജിയുടെ ഭർത്താവ് ഡോ. ടോണി വികെഎം ഹോസ്പിറ്റൽ മെഡിക്കൽ സൂപ്രണ്ടാണ്. രേണുവിന്റെ ഭർത്താവ് എബി അങ്കമാലി ചുങ്കത്ത് ജ്വല്ലറിയുടെ സാരഥിയാണ്.

വിജയവഴികൾ

ദാത്യവഴികളിലെ സുസ്ഥിരമായ പ്രകടനമാണ് ചുങ്കത്ത് ജ്വല്ലറിയുടെയും രാജീവ് പോളിന്റെയും വിജയവഴികൾക്ക് ആധാരം. ബിസിനസിൽ പേഴ്സണൽ ടച്ച് ഉറപ്പാക്കുന്നതും ഇദ്ദേഹത്തിന്റെ വിജയത്തിൽ പ്രധാന പങ്കുവഹിക്കുന്നു.



ഗുരുകുലത്തിന്റെ മുല്ലപ്പൂ സുഗന്ധം!

ചാണകം മെഴുകിയ തറയിലെ മേശപ്പുറത്തു കയറിനിന്നു പ്രസംഗിച്ചു വീട്ടുകാരെക്കൊണ്ടു കൈയടിപ്പിച്ച ആ പയ്യൻ വർഷങ്ങൾക്കിപ്പുറം ഒരു നാടിന്റെ ഒന്നാകെ കൈയടി ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്നു. കേരളത്തിലെ ഏതൊരു വിദ്യാർഥിയും വന്നു മുന്നിൽ നിൽക്കാൻ ആഗ്രഹിക്കുന്ന മേശയ്ക്ക് അപ്പുറത്തിരുന്നു പുഞ്ചിരിക്കുന്നു. ഇതു റവ. ഡോ. ജയിംസ് മുല്ലശേരി സി.എം.ഐ. കലാലയങ്ങൾക്ക് മികവിന്റെ മുല്ലപ്പൂ സുഗന്ധം പകരുന്ന ഗുരു.



ചങ്ങനാശേരി വടക്കേക്കരയിലെ ഒരു സാധാരണ വീട്. വീട്ടിൽ ഭക്ഷണം കഴിക്കാനും മറ്റുമായി ഉപയോഗിക്കുന്ന ആകെയുള്ള ഒരു മേശയുടെ മുകളിൽ ഒരു നിക്കറുമിട്ട് ഒരു പയ്യൻ കയറി നിൽക്കുന്നു. പ്രൗഢമായ ഒരു പ്രസംഗവേദിയിൽ കയറി നിൽക്കുന്ന ഭാവത്തിലാണ് അവന്റെ നിൽപ്പ്. താഴെ ഒരു സംഘം കാഴ്ചക്കാരുമുണ്ട്. അവന്റെ അമ്മയും ആറു സഹോദരങ്ങളുമാണ് താഴെ നിരന്നിരിക്കുന്നത്. അപ്പൻ ജോലി സ്ഥലത്താണ്. അവനു നാളെ സ്കൂളിൽ ഒരു പ്രസംഗമുണ്ട്. അതിനുള്ള തയാറെടുപ്പാണ് ഈ നടക്കുന്നത്. ചുറ്റുമിരിക്കുന്ന അമ്മയെയും സഹോദരങ്ങളെയും നോക്കി പയ്യൻ പ്രസംഗം തുടങ്ങി.. അമ്മയാണ് ഈ പരിശീലന പരിപാടിയുടെ സംഘാടക. പ്രസംഗത്തിനിടെ അമ്മയുടെ വക ചില്ലറ തിരുത്തുകൾ. പ്രസംഗം തീർന്നതും മുറിയിൽ നിറഞ്ഞ കൈയടി. പയ്യന്റെ മുഖം സന്തോഷത്താലും അഭിമാനത്താലും ഒന്നുകൂടി ഉയർന്നു.

ആ കുടുംബസദസ് പകർന്ന ആത്മവിശ്വാസവുമായിട്ടാണ് പിറ്റേന്ന് അവൻ സ്കൂളിലേക്കു പോയത്.

ചാണകം മെഴുകിയ തറയിലെ മേശപ്പുറത്തു കയറിനിന്നു പ്രസംഗിച്ചു വീട്ടുകാരെക്കൊണ്ടു കൈയടിപ്പിച്ച ആ പയ്യൻ വർഷങ്ങൾക്കിപ്പുറം ഒരു നാടിന്റെ ഒന്നാകെ കൈയടി ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്നു. കേരളത്തിലെ ഏതൊരു വിദ്യാർഥിയും വന്നു മുന്നിൽ നിൽക്കാൻ ആഗ്രഹിക്കുന്ന മേശയ്ക്ക് അപ്പുറത്തിരുന്നു പുഞ്ചിരിക്കുന്നു. ഇതു റവ. ഡോ. ജയിംസ് മുല്ലശേരി സിഎംഐ. കലാലയങ്ങൾക്ക് മികവിന്റെ മുല്ലപ്പൂ സുഗന്ധം പകരുന്ന ഗുരു.

ഇന്നു കേരളത്തിൽ വിദ്യാർഥികൾക്കിടയിൽ ഏറ്റവും പ്രശസ്തമായതും ഏവരും പഠിക്കാൻ കൊതിക്കുന്നതുമായ മാന്നാനം കെ.ഇ. സ്കൂളിന്റെ പ്രഗല്ഭനായ പ്രിൻസിപ്പൽ. സേവനം ചെയ്ത വിദ്യാലയങ്ങളെയെല്ലാം പ്രതിഭകളുടെ



ഫാക്ടറിയാക്കി മാറ്റിയ വിദ്യാഭ്യാസരംഗത്തെ വിസ്മയ സാന്നിധ്യം. തന്റെ ചെറുപ്പത്തിൽ പ്രസംഗിക്കാൻ മേശപ്പുറത്തു കയറിയ മനുഷ്യൻ ഇന്നു നൂറു കണക്കിനു വിദ്യാർഥികളെ സിവിൽ സർവീസ്, മെഡിസിൻ, എൻജിനിയറിംഗ് തുടങ്ങി വൈവിധ്യമാർന്ന പ്രഫഷനുകളുടെ മേശപ്പുറങ്ങളിലേക്കു കൈപിടിച്ചു കയറ്റിനിർത്തുന്നു. സിവിൽ സർവീസ് പ്രതിഭകൾ, ഡോക്ടർമാർ, കലാകാരൻമാർ, എൻജിനിയർമാർ എന്നു വേണ്ട സകല പ്രഫഷനിലുമുള്ളവർ ഫാ. ജയിംസ് മുല്ലശേരിയുടെ ഒരു ഫോൺ കോളിന്റെ അപ്പുറത്തു പ്രിയ ശിഷ്യന്മാരായി കാത്തിരിക്കുന്നു.

2011ൽ മാന്നാനം കെഇ സ്കൂളിന്റെ പടി ചവിട്ടിക്കയറിയതാണ് ജയിംസച്ചൻ. ഇന്നു മാന്നാനം കെഇ സ്കൂളിന്റെ ചരിത്രം ഫാ. ജയിംസ് മുല്ലശേരി വരുന്നതിനു മുമ്പും വന്നതിനു ശേഷവും എന്ന രീതിയിൽ മാറ്റിയെഴുതിയിരിക്കുന്നു. സന്യാസജീവിതത്തിലും വിദ്യാഭ്യാസരംഗത്തും വേറിട്ട വഴികളിലൂടെ നടക്കുന്ന ഫാ. മുല്ലശേരിയോടു തന്നെ ചോദിക്കാം.

വിദ്യാഭ്യാസ രംഗത്തേക്കുള്ള വരവ് നേരത്തെ സ്വപ്നങ്ങളിലുണ്ടായിരുന്നോ?

ഇല്ലേയില്ല. ഒരു സന്യാസവൈദികനായി ഏതെങ്കിലും ഇടവകകളിൽ ജനങ്ങൾക്കൊപ്പം ശുശ്രൂഷ ചെയ്യണമെന്നായിരുന്നു ആഗ്രഹം. അപ്രതീക്ഷിതമായിട്ടാണ് വിദ്യാഭ്യാസ രംഗത്തേക്കു വന്നത്. വൈദികനായശേഷം 2001ൽ ചെത്തിപ്പുഴ തിരുഹൃദയ പള്ളിയിൽ അസി. വികാരി ആയിരിക്കുമ്പോൾ അന്നത്തെ എന്റെ പ്രൊവിൻഷ്യൽ ഒരു ദൗത്യം ഏൽപിച്ചു. അടിയന്തരമായി കോൽക്കത്ത ആംഗ്ലയിലുള്ള സ്കൂളിലേക്കു പോകണം. സ്കൂളിന് സർക്കാർ അംഗീകാരം ഇല്ല. രക്ഷിതാക്കൾ സമ്മർദം ചെലുത്തുന്നു, കുട്ടികൾ കൊഴിയുന്നു. അതിനാൽ എങ്ങനെയും എൻട്രൻസ് നേടിയെടുക്കണം. തിയോളജി പൂനയിൽ പഠിച്ചതിനാൽ കുറച്ചു ഹിന്ദി അറിയാം എന്നതു മാത്രമായിരുന്നു എന്റെ യോഗ്യത.

ഗ്രാമീണപ്രദേശത്തുള്ള സ്കൂൾ ആണ്. അംഗീകാരം നേടിയെടുക്കാൻ ഒന്നിൽനിന്നു തുടങ്ങേണ്ടി വന്നു. ആവശ്യമായ അപേക്ഷകളും രേഖകളുമെല്ലാം ഉണ്ടാക്കി. സർക്കാർ ഓഫിസുകൾ പലവട്ടം കയറിയിറങ്ങി. ഒടുവിൽ അതു നേടിയെടുത്തു. ഇന്ന് 2500ലേറെ കുട്ടികൾ പഠിക്കുന്ന മികച്ച സ്കൂൾ ആണിത്.

അവിടം തന്നെയായിരുന്നോ അച്ചനെ വിദ്യാഭ്യാസ രംഗത്തു രൂപപ്പെടുത്തിയ കളരി?

എൻഒസി കിട്ടിക്കഴിഞ്ഞപ്പോൾ ഞാൻ ബിഎഡ് പഠിക്കാൻ പോയി. തുടർന്ന് പുളിങ്കുന്ന് സെന്റ് ജോസഫ് സ്കൂളിൽ പഠിപ്പിക്കാൻ തുടങ്ങി. ഇതിനിടയിൽ കോൽക്കത്തയിലെ സ്കൂളിൽ വീണ്ടും ചില പ്രശ്നങ്ങൾ. അന്നത്തെ പ്രിൻസിപ്പൽ ഒരു കുട്ടിയെ എന്തോ കാര്യത്തിനു തല്ലി. ഇതു വീട്ടുകാർ വലിയ വിഷയമാക്കി. നാട്ടുകാരിൽ ഒരു വിഭാഗവും ഇവർക്കൊപ്പം കൂടി. അവിടെ നിൽക്കാനാവില്ലെന്നു പറഞ്ഞ് പ്രിൻസിപ്പൽ നാട്ടിലേക്കു മടങ്ങി. എന്തു സംഭവിക്കുമെന്നു യാതൊരു നിശ്ചയവുമില്ലാതെയാണ് ഞാൻ വീണ്ടും അവിടേക്കു ചെന്നത്. എന്തായാലും ചെന്ന പാടെ രക്ഷിതാക്കളെ ഫോണിൽ വിളിച്ചു. നിങ്ങളുടെ വീട്ടിലേക്കു ഞാൻ വരികയാണെന്നു പറഞ്ഞു. അത് അവരെ അമ്പരപ്പിച്ചു കാണും. നേരിട്ട് വീട്ടിൽ ചെന്ന് ആ കുട്ടിയെ കണ്ടു ആശ്വസിപ്പിച്ചു. രക്ഷിതാക്കളോടും സംസാരിച്ചു. ഇതോടെ അവർ മഞ്ഞുപോലെ ഉരുകി. ഭക്ഷണവുമൊക്കെ ഒരുക്കി ഗംഭീര സ്വീകരണം നൽകിയ ശേഷമാണ് അന്ന് അവർ മടക്കിവിട്ടത്. 2004ൽ വീണ്ടും പുളിങ്കുന്നിലേക്ക്. ഹൈസ്കൂളിൽ ഇംഗ്ലീഷ് അധ്യാപകനായി ഒരു വർഷം.

ചങ്ങനാശേരി പ്ലാസിഡ് വിദ്യാവിഹാർ സ്കൂളിലേക്കു വന്നതോടെയാണ് അച്ചന്റെ വിദ്യാഭ്യാസ രംഗത്തെ ജൈത്രയാത്ര തുടങ്ങിയതെന്നു കേട്ടിട്ടുണ്ട്.

2006ൽ ചങ്ങനാശേരി പ്ലാസിഡ് സ്കൂളിൽ പ്രിൻസിപലായി ചുമതലയേറ്റു. മികച്ച സ്കൂളുകൾ ഉള്ള പ്രദേശമാണ് ചങ്ങനാശേരി. മികച്ചതു നൽകുന്നിടത്തേക്കു മാത്രമേ രക്ഷിതാക്കൾ കുട്ടികളെ വിടൂ. കുട്ടികൾ പലപ്പോഴും പ്ലസ്ടുവിനു ശേഷം എൻട്രൻസ് പഠിക്കാൻ പോകുന്നതായിരുന്നു അതു വരെയൊക്കെയുള്ള ശീലം. അതിനു പകരം സ്കൂളിൽത്തന്നെ എൻട്രൻസ് കോച്ചിംഗ് നൽകുന്നതിന്റെ സാധ്യതകൾ ആലോചിച്ചു. ആദ്യം ദർശനയുടെ കോച്ചിംഗ് ആയിരുന്നു. വൈകാതെ പ്രമുഖ എൻട്രൻസ് കോച്ചിംഗ് സ്ഥാപനമായ ബ്രില്യന്റ് സ്റ്റഡി സെന്ററിന്റെ പരിശീലനം പ്ലാസിഡിൽ ആരംഭിച്ചു. അതൊരു വിപ്ല



വമായി മാറിയെന്നു പറയാം. ആദ്യ വർഷം തന്നെ എയിംസ് എൻട്രൻസിൽ ഫസ്റ്റ് റാങ്ക് പ്ലാസിഡിലെത്തി. ഓൾ ഇന്ത്യ മെഡിക്കൽ എൻട്രൻസിൽ മൂന്നാം റാങ്കും. ആറു വർഷത്തിനിടെ എൻട്രൻസിൽ നാലു ഫസ്റ്റ് റാങ്കുകൾ പ്ലാസിഡിനു അഭിമാനമുദ്ര ചാർത്തി. വിദ്യാർഥികളുടെ എണ്ണം 1500ൽനിന്ന് മൂവായിരത്തിലേക്ക് എത്തി. ആറു വർഷത്തിനു ശേഷം എനിക്ക് പുതിയൊരു ദൗത്യം ലഭിച്ചു. അതു മാന്നാനം കെഇ സ്കൂളിന്റെ പ്രിൻസിപ്പൽ എന്ന നിയോഗമായിരുന്നു.

NEWS ഒട്ടും സുഖകരമല്ലാത്ത അന്തരീക്ഷത്തിലാണ് അച്ചൻ കെഇ സ്കൂളിലേക്ക് എത്തിയതെന്നു കേട്ടിട്ടുണ്ട്, പിന്നെ എന്തു മാജിക് ആണ് സംഭവിച്ചത്?

ഞാൻ വരുമ്പോൾ സ്കൂളിലെ സാഹചര്യങ്ങൾ ഒട്ടും മെച്ചമായിരുന്നില്ല. കുട്ടികൾ കൊഴിഞ്ഞുപോകുന്ന കാലം. 1500 കുട്ടികളുണ്ടായിരുന്ന സ്കൂളിൽ അപ്പോൾ 700 പേരായി ചുരുങ്ങിയിരുന്നു. കേരള പ്ലസ്ടുവിൽ ആകെ 28 പേർ. ഐസിഎസ്ഇയിൽ വെറും നാലുപേർ. സ്കൂളിന്റെ പ്രതാപം വീണ്ടെടുക്കാൻ ആദ്യമായി ബ്രില്യന്റ് കോച്ചിംഗ് സ്കൂളിൽ ആരംഭിക്കാൻ തീരുമാനിച്ചു. പിറ്റേവർഷം പുതിയൊരു ആശയംകൂടി നടപ്പാക്കി. പ്ലസ്ടു ഇന്റഗ്രേറ്റഡ് ബാച്ച് കേരളത്തിൽത്തന്നെ ആദ്യമായിട്ടായിരുന്നു ആ പരീക്ഷണം. പ്ലസ്ടു പഠനത്തിനൊപ്പം തന്നെ ബ്രില്യന്റ് പരിശീലനം. ബ്രില്യന്റിൽനിന്ന് അധ്യാപകർ പഠിപ്പിക്കാനായി ദിവസവും സ്കൂളിലേക്ക് എത്തി. മാന്നാനം പുതിയൊരു ചരിത്രമെഴുതുകയായിരുന്നുവെന്നു പറയാം. 14 കുട്ടികൾക്ക് ഐഐടി അഡ്മിഷൻ കിട്ടി. കേരള എൻജിനിയറിംഗിന്റെ മൂന്നാം റാങ്ക്, ആദ്യ ബാച്ചിൽ നൂറു പേർക്ക് മെഡിക്കൽ എൻട്രൻസ് കിട്ടിയതോടെ ഇതൊരു വിപ്ലവമായി മാറി. പിന്നെ ഓരോ വർഷവും റാങ്കുകളുടെയും എൻട്രൻസ് നേടുന്നവരുടെയും എണ്ണം മഴ പോലെ മാന്നാനത്ത് പെയ്തിറങ്ങി. ഇന്നു ഹയർ സെക്കൻഡറിയിൽ 800 കുട്ടികളുണ്ട്. ഐസിഎസ്ഇയിൽ മുന്നൂറും.

NEWS എന്താണ് ബാക്കിയായ ഒരു സ്വപ്നം?

പ്രിൻസിപ്പൽ എന്ന നിലയിൽ ആണെങ്കിൽ ഇവിടെ ഒരു നീന്തൽ കുളം കൂടി വേണം എന്നതാണ് എന്റെ സ്വപ്നം. ആശ്രമത്തിന്റെ ഒരേക്കറോളം സ്ഥലം സ്കൂൾ വാങ്ങിയിട്ടുണ്ട്. അവിടെ ഇൻഡോർ സ്റ്റേഡിയം അടക്കമുള്ള ഈ സൗകര്യങ്ങൾ വരുമെന്നാണ് പ്രതീക്ഷ. പിന്നെ വൈദികൻ എന്ന നിലയിലാണെങ്കിൽ ഏതു ജോലിയുംചെയ്യാൻ മടിയില്ല. പഠിക്കുന്ന കാലം മുതൽ കഷ്ടപ്പെട്ടും അധ്വാനിച്ചും വളർന്ന അനുഭവമാണുള്ളത്. അടുപ്പു കത്തിക്കാനുള്ള അറക്കപ്പൊടി എടുക്കാനുള്ള ചാക്കുമായിട്ടായിരുന്നു ചെറുപ്പത്തിൽ സ്കൂളിലേക്കുള്ള യാത്ര. വൈകുന്നേരം ചാക്കിൽ അറക്കപ്പൊടി ചുമന്നു വീട്ടിലെത്തിക്കും. വന്നാൽ കാപ്പി കുടി കഴിഞ്ഞാൽ തൊഴുത്തിൽ പണി, പുല്ലുചെത്ത്, കൃഷിപ്പണി അങ്ങനെ എല്ലാം ശീലിച്ചതിനാൽ ഏതു പ്രതിസന്ധിയിലും ജീവിക്കാൻ മടിയില്ല. ആ ആത്മവിശ്വാസം തന്നെയാണ് മുന്നോട്ടു പോകാൻ കരുത്തുനൽകുന്നതും.



NEWS ഉന്നത പദവികൾ വഹിക്കുന്ന വലിയൊരു ശിഷ്യഗണം അച്ചനുണ്ടല്ലോ?

അതൊരു ഭാഗ്യമാണ്. സിവിൽ സർവീസുകാർ, ഡോക്ടർമാർ, എൻജിനിയർമാർ, ആർക്കിടെക്ടുകൾ തുടങ്ങി വിവിധ പ്രഫഷനുകളിലുള്ള നൂറു കണക്കിനു പേരുടെ സ്നേഹത്തിന്റെ നടുവിലാണ് ഞാൻ നിൽക്കുന്നത്. അത് ഓരോ വർഷവും കൂടി വരികയാണ്. കുറെ ജോലിക്കാരെ സൃഷ്ടിച്ചു എന്നതല്ല ഇവരൊക്കെ നമ്മുടെ രാഷ്ട്രനിർമിതിയിൽ വിവിധ രീതിയിൽ പങ്കുവഹിക്കുന്നു എന്നതാണ് നമുക്ക് അഭിമാനം പകരുന്നത്.

NEWS കോട്ടയത്തെ സാംസ്കാരികരംഗത്ത് അടയാളപ്പെടുത്താൻ അച്ചൻ ഏറെ പരിശ്രമിക്കുന്നുണ്ടല്ലോ?

അതു സമൂഹത്തോടുള്ള വലിയൊരു ഉത്തരവാദിത്വമായിട്ടാണ് കാണുന്നത്. ഞാൻ ഉൾപ്പെടെ നേതൃത്വത്തിലുള്ള സിറ്റിസൺ ഫോറം എന്ന സംവിധാനം കോട്ടയത്തു സജീവമാണ്. 15 വീടുകൾ ഇതിനകം സ്കൂളിന്റെ പേരിൽ വച്ചുകൊടുത്തുകഴിഞ്ഞു. ആർപ്പൂക്കര ചുണ്ടൻ എന്ന വള്ളം നീറ്റിലിറക്കാനുള്ള സംരംഭങ്ങളുടെ തലപ്പത്തും പങ്കുചേരുന്നത് നാടിനോടും നാട്ടുകാരോടുമുള്ള സ്നേഹംകൊണ്ടാണ്. കോട്ടയത്ത് എല്ലാ വർഷവും ബോൺനത്താലെ എന്ന ക്രിസ്മസ് റാലി സംഘടിപ്പിച്ചുവരുന്നു. ഓരോ വർഷവും ഇതിൽ പങ്കെടുക്കുന്നവരുടെ എണ്ണം കൂടി വരികയാണ്.

NEWS സിഎംഐ സഭയിലും വലിയ ഉത്തരവാദിത്വങ്ങൾ അങ്ങേയ്ക്കുണ്ടല്ലോ?

സിഎംഐ തിരുവനന്തപുരം സെന്റ് ജോസഫ് പ്രോവിൻസിലെ അംഗമാണ് ഞാൻ. സഭ ഏല്പിക്കുന്ന ഏതു ദൗത്യവും ചെയ്യാൻ സന്നദ്ധനുമാണ്. പ്രൊവിൻഷ്യൽ കൗൺസിലർ ആയിരുന്നു. കോർപറേറ്റ് മാനേജർ എന്ന നിലയിൽ ഒൻപതു വർഷമായി പ്രവർത്തിക്കുന്നു. ചാവറയച്ചനെക്കുറിച്ചുള്ള സിനിമ കർമസാഗരം നിർമിച്ചു. ചാവറയച്ചന്റെ വിശുദ്ധപദ പ്രഖ്യാപന ആഘോഷങ്ങളുടെ ചുമതലയും



നിർവഹിച്ചു. ഐസിഎസ്ഇ പ്രിൻസിപ്പൽ അസോസിയേഷൻ ദേശീയ പ്രസിഡന്റ്, ഐസിഎസ്ഇ ബോർഡ് ജനറൽ കൗൺസിൽ അംഗം, കേരള സ്റ്റേറ്റ് അൺഎയ്ഡഡ് സ്കൂൾ അസോസിയേഷൻ സ്റ്റേറ്റ് പ്രസിഡന്റ് തുടങ്ങിയ ദൗത്യങ്ങളുമുണ്ട്. - അച്ചൻ പുഞ്ചിരിയോടെ പറഞ്ഞുനിർത്തി.

അദ്ദേഹത്തോടുള്ള സംസാരം ഇത്രയുമെത്തിയപ്പോൾ ഒരു പെൺകുട്ടിയും അവളുടെ രക്ഷിതാക്കളും കാണാനെത്തി. അവർ കുറെ നേരമായി അച്ചനെ കാണാൻ നിൽക്കുന്നു. നാളെ അവൾക്കു ഫൈനൽ പരീക്ഷ തുടങ്ങുകയാണ്. അച്ചന്റെ അനുഗ്രഹം വാങ്ങാനെത്തിയതാണ്. വാത്സല്യമുള്ള ഗുരുനാഥനെപ്പോലെ അദ്ദേഹം അവളുടെ തലയിൽ കൈവച്ചു ഒരു നിമിഷം പ്രാർഥിച്ചു. ആ രക്ഷിതാക്കളും ഒരു നിമിഷം കണ്ണടച്ചു. നിറഞ്ഞ സംതൃപ്തിയോടെയാണ് അവർ പ്രിൻസിപ്പലിന്റെ മുറിവിട്ട് ഇറങ്ങിയത്. അപ്പോഴും കുറെയേറെ പേർ അച്ചനെ കാണാൻ പുറത്തു കാത്തുനിന്നിരുന്നു. ഒരാളെപോലും നിരാശപ്പെടുത്താതെ അച്ചൻ അവർക്ക് അരികിലേക്ക്.

പ്രിൻസിപ്പലിന്റെ റൂമിനു സമീപത്തുതന്നെയുള്ള ഗാലറിയിലേക്കു കണ്ണോടിച്ചാൽ മാത്രം മതി ഈ വൈദികനെ നാട് എത്രത്തോളം ആദരിക്കുന്നുണ്ടെന്നു തിരിച്ചറിയാൻ. നൂറു കണക്കിനു പുരസ്കാരങ്ങളാണ് ആ ഗാലറിയെ അലങ്കരിക്കുന്നത്. മാന്നാനം സ്കൂൾ കോമ്പൗണ്ടിൽനിന്നു പുറത്തേക്ക് ഇറങ്ങുമ്പോൾ നമ്മെ യാത്രയാക്കാനെന്നതു പോലെ ഇന്ത്യയുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ പ്രതിമ അവിടെയുണ്ട്. ഗാന്ധിപ്രതിമയുള്ള അപൂർവം സ്കൂളുകളിലൊന്ന്. പുതുതലമുറയെ രാജ്യത്തോടും ദേശീയതയോടും ഉറ്റിയുറപ്പിക്കാൻ അച്ചൻ ഒരുക്കിയ ഗാന്ധിസ്മൃതി.

- ജോൺസൺ പുവന്തുരുത്ത്

മൂന്നരലക്ഷം മലയാളികളുടെ അമേരിക്കൻ സ്വപ്നം യാഥാർഥ്യമാക്കി

TRAVISA
TOURS & TRAVELS

ട്രാവിസ സാരഥി
ഡോ. ജോസഫ് ചാക്കോ





ട്രാവൽ & ടൂറിസം രംഗത്തെ എക്സലൻസിനുള്ള 2014 ലെ നെഹ്റു അവാർഡ് മുൻ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ 50 -ാം ചരമവാർഷികത്തിൽ ഡോ. ജോസഫ് മാർ തോമ മെത്രാപ്പോലീത്തയിൽനിന്ന് സ്വീകരിക്കുന്നു.



ഓവർസീസ് കേരള ചെംബർ ഓഫ് കൊമേഴ്സ് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് അമേരിക്കയിലെ സ്റ്റഫോർഡ് മേയർ കെൻ മാത്യുവിൽ നിന്ന് സ്വീകരിക്കുന്നു.



ട്രാവൽ ആൻഡ് ടൂറിസം രംഗത്തെ അംഗീകാരത്തിന് ഇന്റർനാഷണൽ ഓണേർ യൂണിവേഴ്സിറ്റി കൊളംബോ, ശ്രീലങ്കയിൽനിന്നുള്ള ഓണറേറി പിഎച്ച്ഡി ജോസഫ് ചാക്കോ സ്വീകരിക്കുന്നു.



ട്രാവിസ ടൂർസ് ആൻഡ് ട്രാവൽസ് കോട്ടയം സിൽവർ ജൂബിലി ആഘോഷത്തിൽ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയൊടൊപ്പം ജോസഫ് ചാക്കോയും ഭാര്യ ഗ്രേസ്കുട്ടിയും.

അരനൂറ്റാണ്ടിനിടെ മൂന്നരലക്ഷം മലയാളികളുടെ അമേരിക്കൻ സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകി ട്രാവിസ ടൂർസ് ആൻഡ് ട്രാവൽസ് സാരഥി ഡോ. ജോസഫ് ചാക്കോ. അമേരിക്കയിൽ മലയാളി സാന്നിധ്യം കുറവായിരുന്ന കാലത്ത്, ഇന്ത്യയിൽ നഴ്സിംഗിനു വലിയ മതിപ്പ് ഇല്ലാതിരുന്ന കാലത്ത്, ആദ്യതലമുറ മലയാളി നഴ്സുമാരെ 1970ൽ കൽക്കട്ടയിൽനിന്ന് ന്യൂയോർക്കിലെത്തിച്ചുകൊണ്ട് ജോസഫ് ചാക്കോ എന്ന അഞ്ചരിക്കാരൻ ചരിത്രം സൃഷ്ടിച്ചു. കർമപഥത്തിലെ സമർപ്പിത സേവനവും കഠിനാധ്വാനവും അദ്ദേഹത്തെ അമേരിക്കൻ മലയാളികളുടെ സുഹൃത്തും വഴികാട്ടുയുമാക്കി. കേരളത്തിലെ സമ്പദ് വ്യവസ്ഥയിൽ അമേരിക്കൻ ഡോളർ വരുത്തിയ ഗതിമാറ്റത്തിൽ ഇദ്ദേഹത്തിനു നിർണായക പങ്കുണ്ട്. 1970 മുതൽ കൽക്കട്ടാ എയർ ഫ്രാൻസിലും 1981 മുതൽ മദ്രാസിലും എയർ ഫ്രാൻസ് ഉദ്യോഗസ്ഥനായിരുന്നപ്പോൾ ചെയ്തുവന്നിരുന്ന സേവനങ്ങളുടെ തുടർച്ചയാണ് ട്രാവിസയിലൂടെ ഇന്നും നൽകിവരുന്നത്.

എയർഫ്രാൻസ് വിട്ടശേഷം ജോസഫ് ചാക്കോ 1990ൽ മദ്രാസിലെ വീട്ടിൽ ആരംഭിച്ച അമേരിക്കൻ പാസേജസ് എന്ന കൺസൾട്ടൻസി അമേരിക്കൻ മലയാളികൾക്ക് വഴികാട്ടിയായി. മദ്രാസിൽ തുടങ്ങിയ സ്ഥാപനം പിന്നീട് കേരളത്തിലും പ്രവർത്തനം ആരംഭിച്ചു. മദ്രാസിൽ വരുന്ന വിസ അപേക്ഷകരിൽ കൂടുതലും മലയാളികൾ മാത്രമായിരുന്നതുകൊണ്ട്, ട്രാവലും വിസയും ചേർത്ത് ട്രാവിസ ടൂർസ് ആൻഡ് ട്രാവൽസ് കോട്ടയം ലോഗോസ് ജംഗ്ഷനിൽ തുടങ്ങി. 1992ൽ ഉമ്മൻചാണ്ടി എംഎൽഎ ഉദ്ഘാടനം ചെയ്ത ട്രാവിസ ഇന്നു മുൻനിര ബ്രാൻഡായി മാറിക്കഴിഞ്ഞു. ചെന്നൈയിൽ ഹെഡ് ഓഫീസിനു പുറമേ കേരളത്തിൽ ആറ് ശാഖകളും ട്രാവിസയ്ക്കിന്നുണ്ട്.

അമേരിക്കയിലെ ഇമിഗ്രന്റ് വിസയ്ക്കായി പെറ്റീഷൻ ഫയൽ ചെയ്യുന്നതു മുതൽ ചെന്നൈ അപ്പോളോ ഹോസ്പിറ്റലിൽ മെഡിക്കൽ, വിസ ആപ്ലിക്കേഷൻ സെന്ററിലെ ഫിംഗർ പ്രിന്റിംഗ്, ഫൈനൽ വിസ ബ്രീഫിംഗ്, മുംബൈ കോൺസുലേറ്റിൽ ഇന്റർവ്യൂ എന്നിവ കഴിഞ്ഞ് വിസ നേടി അമേരിക്കയിലേക്ക് എയർ ടിക്കറ്റ് ബുക്ക് ചെയ്യുന്നതുവരെയുള്ള സേവനങ്ങൾ ട്രാവിസ ടൂർസ് ആൻഡ് ട്രാവൽസ് ചെയ്യുന്നു.

80 വയസ് കഴിഞ്ഞവർക്കും 14 വയസിനു താഴെ പ്രായമുള്ള കുട്ടികൾക്കും ഓഫീസുകൾ കയറിയിറങ്ങാതെ വീട്ടിലിരുന്നുതന്നെ വിസിറ്റർ വിസ എടുക്കാനുള്ള സൗകര്യം ട്രാവിസ ഒരുക്കുന്നു. ഇപ്പോൾ എല്ലാ പ്രായക്കാർക്കും വീട്ടിലിരുന്ന് വിസ പുതുക്കാനുള്ള സൗകര്യവും ഉറപ്പു വരുത്തുന്നു. 2008 ജനുവരി മുതലുള്ള പത്തുവർഷത്തെ വിസ അപേക്ഷകരുടെ ഫിംഗർ പ്രിന്റുകൾ കോൺസുലേറ്റിൽ സുക്ഷിച്ചിട്ടുള്ളതിനാൽ പാസ്പോർട്ടും വിസ ഫോട്ടോയുടെ രണ്ട് കോപ്പിയും ഫീസും എത്തിച്ചാൽ അടുത്ത 10 വർഷത്തേക്കുള്ള വിസ ട്രാവിസ പുതുക്കി നൽകും.

ചരിത്രദൗത്യം നൽകിയ കൽക്കട്ട

1940 മാർച്ച് ഒമ്പതിനു കോട്ടയം പുതുപ്പള്ളി അഞ്ചേരിൽ കുടുംബത്തിൽ മാത്തിൽപാറമ്പിൽ ഉലഹന്നാൻ മാപ്പിളയുടെയും മറിയാമ്മയുടെയും അഞ്ച് മക്കളിൽ രണ്ടാമനായാണ് ജോസഫ് ചാക്കോയുടെ ജനനം. അഞ്ചേരി പള്ളിക്കൂടത്തിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം പുതുപ്പള്ളി സെന്റ് ജോർജ് ഹൈസ്കൂളിലായിരുന്നു ഹൈസ്കൂൾ വിദ്യാഭ്യാസം. ഹൈസ്കൂൾ പൂർത്തിയാക്കിയതിനുശേഷം ടൈപ്പ് റൈറ്റിംഗും ഷോർട്ട്ഹാൻഡും പഠിച്ച് ഒരുവർഷം തിരുവല്ലയിൽ സുവിശേഷകൻ കെ.വി. ചെറിയാന്റെ സെക്രട്ടറിയായി പ്രവർത്തിച്ചു. 1960ൽ കൽക്കട്ടയിലെത്തിയ ജോസഫ് ചാക്കോയെ കാത്തിരുന്നത് പലരുടെയും ജീവിതങ്ങളുടെ കുരുക്കഴിക്കുക എന്ന നിയോഗമായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ബന്ധുവിന്റെ സഹായത്തോടെ കൽക്കട്ടയിൽ എത്തുമ്പോൾ ജോലിക്കൊപ്പം വിദ്യാഭ്യാസവും വേണമെന്നായിരുന്നു ആഗ്രഹം. 1964 വരെ ഒരു ദിവസം പലകമ്പനികളിൽ ജോലി ചെയ്തു പണം സ്വരൂപിച്ചശേഷം ഈവനിംഗ് കോളജിൽ ചേർന്നു. പ്രിയൂണിവേഴ്സിറ്റിയും ബി എ ഇക്കണോമിക്സും പാസായി.

1970 മാർച്ച് 30ന് കോന്നി അട്ടച്ചാക്കൽ ചെമ്മണ്ണിൽ സി.എം. ജോർജിന്റെയും തുമ്പമൺ കോട്ടയ്ക്കകത്ത് കുഞ്ഞമ്മയുടെയും മകളായ ഗ്രേസിക്കുട്ടി ജീവിത സഖിയായി എത്തിയതോടെ ജീവിതവിജയത്തിന്റെ നല്ലകാലം തുടങ്ങി. വൈകാതെ സാധാരണക്കാർക്ക് അപ്രാപ്യമായിരുന്ന എയർ ഫ്രാൻസിൽനിന്ന് ജോലി അദ്ദേഹത്തെ തേടിയെത്തി. പിന്നീട് ജീവിതം നേട്ടങ്ങളുടെ പുതിയ ഉയരങ്ങൾ സ്വന്തമാക്കി. എയർ ഫ്രാൻസിലെ 20 വർഷത്തെ ഔദ്യോഗിക ജീവിത അനുഭവങ്ങളാണ് ട്രാവിസ ടൂർസ് ആൻഡ് ട്രാവൽസ് എന്ന സ്ഥാപനം ആരംഭിക്കാൻ തുണയായത്. ഒപ്പം അനേകം മലയാളി നഴ്സുമാരെ മെച്ചപ്പെട്ട ജീവിതത്തിലേക്ക് നയിക്കാനും കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ കാര്യമായ നേട്ടമുണ്ടാക്കുന്നതിനും കഴിഞ്ഞു.

വിയറ്റ്നാം യുദ്ധകാലത്താണ് എയർ ഫ്രാൻസിലെത്തുന്നത്. യുദ്ധക്കെടുതിയിൽ വലഞ്ഞ് ദിനംപ്രതി അമേരിക്കയിൽ എത്തിയ യുദ്ധ തടവുകാരെയും പരിക്കേറ്റ അമേരിക്കൻ സൈനികരെയും ശുശ്രൂഷിക്കാൻ വേണ്ടിടത്തോളം നഴ്സുമാർ ഉണ്ടായിരുന്നില്ല. അന്ന് പ്രസിഡന്റായിരുന്ന റിച്ചാർഡ് നിക്സൺ ലോകത്തെവിടെയുമുള്ള നഴ്സുമാർക്ക് സാമ്പത്യ ഗ്രീൻകാർഡ് വിസ നൽകുമെന്ന് പ്രഖ്യാപിച്ചു. സാമ്പത്യ ഗ്രീൻകാർഡും വിസയും കിട്ടിയാലും അമേരിക്കയിൽ എത്തിപ്പെടുക അക്കാലത്ത് മലയാളികൾക്ക് അത്ര എളുപ്പമായിരുന്നില്ല. അമേരിക്കയിലുണ്ടായിരുന്ന ചുരുക്കം മലയാളികൾ എല്ലാവരും തന്നെ ഉപരിപഠനത്തിന് പോയവരായിരുന്നു. നഴ്സുമാർക്ക് സഹായത്തിനായി ഉയർന്ന നിലയിൽ ജീവിക്കുന്ന അമേരിക്കൻ മലയാളികളെ സമീപിക്കാൻ സാധിച്ചിരുന്നില്ല.



മഹാത്മഗാന്ധി ടൂറിസം എക്സലൻസ് അവാർഡ് ഗോവ ഗവർണർ പി.എസ്. ശ്രീധരൻ പിള്ളയിൽ നിന്ന് സ്വീകരിക്കുന്നു.



ഭാരതരത്ന ഡോ. എപിജെ. അബ്ദുൾകലാം ബിസിനസ് എക്സലൻസ് അവാർഡ് സ്വീകരിക്കുന്നു.

അന്നു വിദേശയാത്ര ചെയ്യണമെങ്കിൽ റിസർവ് ബാങ്കിന്റെ പി ഫോം അപ്രൂവൽ വേണം. ഇന്ത്യയിലേക്ക് വിദേശനാണ്യം കൊണ്ടുവരുന്ന കയറ്റുമതി കമ്പനിക്കു മാത്രമേ പി ഫോം കൊടുക്കുകയുള്ളൂ. അമേരിക്കയിലെത്തി ജോലി കിട്ടി സെറ്റിലാകുന്നതുവരെയുള്ള ചെലവിനായി 200 ഡോളറും കൈയിൽ കരുതണം. ഡോളറിന് 7.50 രൂപയേ അന്നു മൂല്യമുണ്ടായിരുന്നുള്ളൂ. എങ്കിലും അക്കാലത്ത് അമേരിക്കൻ യാത്രയ്ക്ക് 1,500 രൂപയെങ്കിലും വേണം. ഈ പണം സംഘടിപ്പിക്കുക എന്നത് അക്കാലത്ത് വലിയകടമ്പയായിരുന്നു. എയർ ഫ്രാൻസിൽ യാത്ര ചെയ്യണമെന്ന നിബന്ധനയിലാണു വിസ ക്രമീകരണങ്ങളൊക്കെ സൗജന്യമായി ചെയ്തു കൊടുത്തിരുന്നത്. കോൽക്കത്തയിലുള്ള പലർക്കും അമേരിക്കൻ വിസ കിട്ടിയെന്നറിഞ്ഞതോടെ മദ്രാസ്, മുംബൈ, ഡൽഹി എന്നിവിടങ്ങളിൽനിന്നും നഴ്സുമാരെത്തി. വിസകൾ വൈകുന്ന അവസരത്തിൽ പലതരത്തിലുള്ള ഇടപെടലുകളും ജോസഫ് ചാക്കോ നടത്തിയിട്ടുണ്ട്. യുഎസ് പ്രസിഡന്റ് ജെറാൾഡ് ഫോർഡിന് നേരിട്ട് കത്തെഴുതി വിസ നടപടിക്രമങ്ങൾ വേഗത്തിലാക്കിയത് നിരവധി സംഭവങ്ങളിൽ ഒന്നാണ്. കോൽക്കത്തയിലെ യുഎസ് കോൺസലേറ്റിൽനിന്നുള്ള വിസ നടപടികൾ നിർത്തിവച്ചപ്പോൾ, ഇക്കാര്യം യുഎസ് പ്രസിഡന്റിനെ കത്തെഴുതി അറിയിച്ചു. ഇതിനെത്തുടർന്ന്, പെറ്റീഷൻ സമർപ്പിച്ച 24 നഴ്സുമാരുടെ വിസ നടപടികൾ വേഗത്തിലാക്കാൻ യുഎസ് എംബസിയിൽനിന്ന് നിർദേശം വന്നു. ഇതിൽ 21 പേരും മലയാളി നഴ്സുമാരായിരുന്നു.

ആദ്യ സംരംഭം അമേരിക്കൻ പാസേജസ്

1981ൽ ജോസഫ് ചാക്കോ എയർ ഫ്രാൻസിന്റെ മദ്രാസ് ഓഫീസിലേക്ക് ട്രാൻസ്ഫറായി എത്തിയപ്പോഴേക്കും കർണാടകയിലും തമിഴ്നാട്ടിലും കേരളത്തിലുമെല്ലാം നഴ്സിംഗ് കോളജുകൾ ആരംഭിച്ചിരുന്നു. അതോടെ ഏജൻസികൾ വഴി അമേരിക്കയിലേക്കുള്ള നഴ്സുമാരുടെ

ഒഴുക്കു തുടങ്ങി. 1990ൽ എയർ ഫ്രാൻസ് ചെന്നൈയിലെ ഓഫീസ് നിർത്തിയപ്പോഴാണ് അമേരിക്കൻ പാസേജസ് എന്ന സ്ഥാപനം തുടങ്ങുന്നത്. വിസയ്ക്കു നാട്ടിൽനിന്നു വരുന്ന നഴ്സുമാരെ സെൻട്രൽ സ്റ്റേഷനിൽനിന്നു സ്വീകരിച്ച് കൊണ്ടുവരും. അവർക്ക് സ്റ്റെല്ലാ മാരീസ് കോളജിനടുത്തുള്ള ഹാപ്പി ലോഡ്ജ് തുടങ്ങി വിവിധയിടങ്ങളിൽ താമസം ക്രമീകരിച്ച് ബ്ലഡ് ടെസ്റ്റും എക്സ്റേയുമൊക്കെ എടുപ്പിക്കും. ഈ റിപ്പോർട്ടുകളുമായി അമേരിക്കൻ കോൺസുലേറ്റിലെ ഡോക്ടറെ കാണിച്ച് ഡോക്ടറുടെ ഫൈനൽ മെഡിക്കൽ റിപ്പോർട്ടു വാങ്ങും. 4 പേർക്കുള്ള വിസ അപേക്ഷ വീട്ടിലിരുന്ന് പോർട്ടബിൾ ടൈപ്പ് റൈറ്ററിൽ പൂരിപ്പിക്കും. ഇന്റർവ്യൂ സമയത്ത് അവരോടൊപ്പം കോൺസുലേറ്റിൽ പോകും. നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി വിസ വാങ്ങി തിരികെ ട്രെയിനിൽ നാട്ടിലേക്ക് അയക്കുന്നതുവരെ അവരോടൊപ്പമുണ്ടാകും.

ട്രാവിസ ടൂർസ് ആൻഡ് ട്രാവൽസ്

അമേരിക്കൻ വിസയ്ക്കു വേണ്ടി ഏജൻസി ചെയ്യുന്ന കാര്യങ്ങൾ ഒരുവ്യക്തി തനിയെ ചെയ്യുന്നു എന്നറിഞ്ഞപ്പോൾ അമേരിക്കയിലുള്ള വിസ സ്പോൺസർമാർ ഏജൻസി തുടങ്ങാൻ നിർബന്ധിച്ചു. അങ്ങനെയാണ് മദ്രാസിലെ വീട്ടിൽ ആരംഭിച്ച അമേരിക്കൻ പാസേജസിനൊപ്പം കേരളത്തിലും ഓഫീസ് ആരംഭിക്കുന്നത്. 1992 ഫെബ്രുവരി 28 ന് ട്രാവിസ ടൂർസ് ആൻഡ് ട്രാവൽസ് കോട്ടയം ലോഗോസിൽ പുതുപ്പള്ളി ഹൈസ്കൂളിലെ സഹപാഠിയായിരുന്ന ശ്രീ ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു. കോട്ടയം ഓഫിസിൽനിന്നും ഫോറങ്ങളൊക്കെ പൂരിപ്പിച്ച് മെഡിക്കലും വിസ ഇന്റർവ്യൂവിനുമായി ക്രമീകരിക്കുന്നതിന് മദ്രാസിലെത്തുന്നതായിരുന്നു ആദ്യത്തെ രീതി. ഇതേസമയം, ആദ്യകാല അമേരിക്കൻ നഴ്സുമാർ അമേരിക്കൻ പാരത്വം സ്വീകരിച്ചു സഹോദരങ്ങൾക്കായി പെറ്റീഷൻ ഫയൽ ചെയ്തു തുടങ്ങി. മാതാപിതാക്കൾ മക്കളെ സന്ദർശിക്കാൻ വിസിറ്റർ വിസകൾക്കും അപേക്ഷിക്കാൻ തുടങ്ങി. 1994ൽ ചെന്നൈയിൽ ഓഫീസ് ആരംഭിച്ചു. 1996ൽ പത്തനംതിട്ടയിലും 2000 ജനുവരി ഒന്നിന് തിരുവല്ലയിലും 2001 ജനുവരി ഒന്നിന് കൊച്ചിയിലും 2003ൽ തിരുവനന്തപുരത്തും 2005ൽ അഞ്ചേരിയിലുമായി ഏഴ് സ്ഥലങ്ങളിൽ ട്രാവിസ ടൂർസ് ആൻഡ് ട്രാവൽസ് സേവനം തുടരുന്നു. അമേരിക്കൻ വിസകൾ മാത്രമല്ല, അമേരിക്കൻ പാസ് പോർട്ട് പുതുക്കൽ, ഗ്രീൻകാർഡ്, റീ എൻട്രി പെർമിറ്റ്, ഒസിഐ കാർഡുകൾ, പെറ്റീഷൻ ഫയലിംഗ്, വിസ പുതുക്കൽ, കോൺസുലേറ്റ് അറ്റസ്റ്റേഷൻ, കാനഡ, യുകെ, ഓസ്ട്രേലിയ തുടങ്ങി ഏതു രാജ്യങ്ങളിലേക്കുള്ള വിസകളും എയർ ടിക്കറ്റും ട്രാവിസയിലൂടെ ലഭ്യമാണ്.

സേവന വഴിയിൽ ഇന്നും കർമനിരതൻ

തൊഴിൽ എന്നതിലുപരിയായി തന്റെ മുമ്പിൽ വിവിധ



എയർ ഫ്രാൻസിലെ 20 വർഷത്തെ ഔദ്യോഗിക ജീവിത അനുഭവങ്ങളാണ് ട്രാവിസ ടൂർസ് ആൻഡ് ട്രാവൽസ് എന്ന സ്ഥാപനം ആരംഭിക്കാൻ തുണയായത്. പെട്ടെന്നു മലയാളി നഴ്സുമാരെ തെരഞ്ഞെടുത്ത് ജീവിതത്തിലേക്ക് നയിക്കാനും കേരളത്തിന്റെ സമ്പത്ത് വ്യവസ്ഥയിൽ കാര്യമായ നേട്ടമുണ്ടാക്കുന്നതിനും കഴിഞ്ഞു.

പ്രശ്നങ്ങളുമായി വന്ന അനേകർക്ക് പരിധിക്കപ്പുറം സേവനങ്ങൾ നൽകാൻ കഴിഞ്ഞതാണ് ജോസഫ് ചാക്കോയെ വ്യത്യസ്തനാക്കുന്നത്. 1970 മുതൽ 49 തവണ അമേരിക്കയിലെ പ്രധാന നഗരങ്ങളിലെല്ലാം സഞ്ചരിച്ചിട്ടുള്ള ജോസഫ് ചാക്കോ തന്റെ അൻപതാം സന്ദർശനവേളയിൽ അമേരിക്കൻ മലയാളി എന്ന പുസ്തകരചനയും നടത്തി. സൺഡേസ്കൂളിലും അഞ്ചേരി ക്രിസ്തോസ് മാർത്തോമ്മ പള്ളിയുടെ തണലിലും ബാല്യകാലം ചെലവഴിക്കുമ്പോൾ വൈദികനാകണമെന്നായിരുന്നു മോഹം. ബാല്യത്തിൽ അഞ്ചേരി ക്രിസ്തോസ് പള്ളി പണിയുന്ന സമയം മുതിർന്നവർക്കൊപ്പം കല്ലും ചുമന്നതിന് കുരുടാമണ്ണിൽ ഡോ. മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത അഭിനന്ദിച്ചത് ജോസഫ് ചാക്കോയുടെ മനസിൽ മായാതെയുണ്ട്. യുവജനസഖ്യം പ്രവർത്തനങ്ങളിലും മാങ്ങാനം അഗതിമന്ദിരത്തിലേക്ക് അഞ്ചേരിയിലുള്ള വീടുകളിൽനിന്ന് അരിപിരിവ് മുതലുള്ള സേവനങ്ങളിലും പങ്കാളിയായിരുന്നു. കോൽക്കത്തയിൽ എത്തിയപ്പോഴും ഇതൊക്കെ തുടർന്നു. ഇവിടെ യുവജനസഖ്യത്തിൽ സെക്രട്ടറിയായിരിക്കുമ്പോഴാണ് സെറാമ്പൂർ തിയോളജിക്കൽ സെമിനാരിയിൽവച്ച് 1966ലെ നോർത്ത് ഈസ്റ്റ് ഇന്ത്യ മാർത്തോമ ഫാമിലി ക്യാമ്പ് നടത്തിയത്. അതിൽ ലീഡറായി വന്ന അലക്സാണ്ടർ മാർത്തോമ്മാ തിരുമേനിയുമായി അടുപ്പമായി. കോൽക്കത്തയിലെ പള്ളി പണിയിലും യുത്ത് അംഗമെന്ന നിലയിലും സഹകരിച്ച ജോസഫ് ചാക്കോ 1981ൽ മദ്രാസിൽ വന്നതു മുതൽ ചെട്പെട്ടിലുള്ള മദ്രാസ് മാർത്തോമ്മ പള്ളിയുടെ സജീവപ്രവർത്തകനായി. സെക്രട്ടറിയായിരിക്കെ അഞ്ചുവികാരിമാരിൽകൂടി 15 വർഷത്തെ പരിശ്രമഫലമായി ഇപ്പോൾ കാണുന്ന മദ്രാസ് ചെട്പെട്ട് മാർത്തോമ്മ പള്ളി പുതുക്കി നിർമിച്ചു. അഞ്ചേരിയിലെ ഇടവക പള്ളിയുടെ വൈസ് പ്രസിഡന്റ് എന്ന നിലയിൽ ഇപ്പോഴും പ്രവർത്തനങ്ങളിൽ സജീവമാണ്.

മാർത്തോമ്മ സഭയ്ക്ക് അമേരിക്കയിൽ പള്ളികളൊന്നുമില്ലാതിരുന്ന സ്ഥാനത്ത് ഇപ്പോൾ 69 പള്ളികളും ആറ് കോൺഗ്രിഗേഷനുകളും ന്യൂയോർക്കിൽ അരമനയും ഇപ്പോഴുണ്ട്. സഭയ്ക്ക് കീഴിലുള്ളവരുടെയെല്ലാം വിസാ ക്രമീകരണങ്ങൾ ചെയ്യുന്നത് ജോസഫ് ചാക്കോയാണ്. 1970 - 80ൽ കോൽക്കത്തയിലും 1981 - 90ൽ മദ്രാസിലും എയർ ഫ്രാൻസ് വഴി സൗജന്യമായി ചെയ്തതുൾപ്പെടെ 55 വർഷം കൊണ്ട് മൂന്നരലക്ഷം വിസ ക്രമീകരണങ്ങൾ ചെയ്തുകഴിഞ്ഞു.

അംഗീകാര നിറവിൽ

2014ൽ ജവഹർലാൽ നെഹ്റുവിന്റെ 50 - ാം ചരമ വാർഷികത്തോടനബന്ധിച്ച് ഏർപ്പെടുത്തിയ നെഹ്റു അവാർഡ്, ഹൂസ്റ്റണിൽ ഓവർസീസ് കേരള ചേമ്പർ ഓഫ് കൊമേഴ്സിന്റെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, ഡള്ളസിൽ ഇന്ത്യൻ അമേരിക്കൻ നഴ്സസ് അസോസിയേഷൻ ഓഫ് നോർത്ത് ടെക്സാസ് എക്സലൻസ് അവാർഡ്, കൊളംബോ ഇന്റർനാഷണൽ ഓഷൻ യൂണിവേഴ്സിറ്റിയുടെ ഓണററി ഡോക്ടറേറ്റ്, ഇൻഡോ അമേരിക്കൻ പ്രസ് ക്ലബിന്റെ ഔട്ട്സ്റ്റാൻഡിംഗ് അച്ചീവ്മെന്റ് അവാർഡ്, കൊല്ലം ഗാന്ധിസ്മാരക നിധിയുടെ ബിസിനസ് എക്സലൻസ് അവാർഡ്, ഭാരതരത്ന അബ്ദുൾ കലാം ബിസിനസ് എക്സലൻസ് അവാർഡ് എന്നിങ്ങനെ ട്രാവൽ ആൻഡ് ടൂറിസം രംഗത്തെ മികച്ച സേവനങ്ങൾക്ക് ഒട്ടേറെ അംഗീകാരങ്ങളും ജോസഫ് ചാക്കോയെ തേടിയെത്തി.

ജീവിതത്തിന്റെയും കരിയറിന്റെയും വിജയത്തിൽ പങ്കാളിയായ ഗ്രേസ്കുട്ടികൊപ്പം ദാമ്പത്യത്തിന്റെ അമ്പതുവർഷങ്ങൾ പൂർത്തിയാക്കിയപ്പോൾ കോട്ടയം എംടി സെമിനാരിക്ക് 50 ലക്ഷം രൂപ സംഭാവനയായി നൽകി. കോൽക്കത്തയിലും മദ്രാസിലും എച്ച്എംടിയിൽ അക്കൗണ്ട്സ് മാനേജറായിരുന്ന ഗ്രേസ്കുട്ടി 2023 മേയ് 10ന് സ്വർഗസ്ഥയായി. മൂത്തമകൾ പ്രഫ. ഗോൾസി ചാക്കോ പിഎച്ച്ഡിയും ഭർത്താവ് മാരാമൺ മുള്ളവേലിൽ ജോജോയും കൊച്ചുമക്കളായ ജോഷ്വായും മേക്കബും ടെക്സാസ് ഹൂസ്റ്റണിലാണ്. രണ്ടാമത്തെ മകൾ റുബി ചാക്കോ കൊളംബിയ യൂണിവേഴ്സിറ്റിയിൽനിന്നും എംബിഎ കഴിഞ്ഞ് ന്യൂയോർക്ക് സ്റ്റോക്ക് എക്സ്ചേഞ്ചിൽ ജോലി ചെയ്യുന്നു.

ജോമി കുര്യക്കോസ്

സത്യത്തിലുന്നിയ ബിസിനസ് യാത്ര

റമദ ആലപ്പി ചെയർമാൻ റെജി ചെറിയാൻ

പത്തെ വാക്ക് എന്തുവിലകൊടുത്തും പാലിക്കണമെന്ന ജീവിത സത്യത്തിലുന്നിയ ബിസിനസ് യാത്ര റമദ ആലപ്പി ചെയർമാൻ റെജി ചെറിയാനെ വ്യത്യസ്തനാക്കുന്നു. കായംകുളത്തിനടുത്തുള്ള പത്തിയൂരിലെ ഒരു സാധാരണ കുടുംബത്തിലാണ് ഇദ്ദേഹത്തിന്റെ ജനനം. പത്തിയൂർ പഞ്ചായത്ത് സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. അതിനുശേഷം സിവിൽ എൻജിനിയറിംഗ് ബിരുദം നേടി. തുടർന്നു നാട്ടിലും വിദേശത്തുമായി 35 വർഷത്തിലധികമായി എൻജിനിയറിംഗ് നിർമ്മാണ മേഖലകളിൽ പ്രവർത്തിച്ചു. പൊതുസേവനത്തിലും വ്യവസായത്തിലും ദീർഘദർശിയായ റെജി ചെറിയാൻ യുഎഇയിൽ സിബിഎസ്ഇ സ്കൂൾ, എൻജിനിയറിംഗ് കൺസൾട്ടൻസി, എൻജിനിയറിംഗ് കമ്പനി എന്നിവ ആരംഭിച്ചു. പദ്ധതികളുടെ രൂപകൽപനയും നിർമ്മാണവുമടക്കം കെട്ടിടങ്ങൾ, റോഡുകൾ, കുടിവെള്ള പദ്ധതികൾ തുടങ്ങി നിരവധി പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞു. കേരളത്തിലും ഗൾഫിലുമായുള്ള ബിസിനസുകൾക്കൊപ്പം തന്നെ പൊതുപ്രവർത്തനത്തിനും ഇദ്ദേഹം സമയം കണ്ടെത്തുന്നു.

യുഎഇയിൽ മോഡേൺ ഇന്ത്യൻ സ്കൂൾ, മോസൂൺ എൻജിനിയറിംഗ് കൺസൾട്ടൻസി, നാഷണൽ കൺസ്ട്രക്ഷൻ കമ്പനി, സേഫ് പവർ ഇലക്ട്രിക്കൽ കമ്പനി എന്നിവയും ആലപ്പുഴ പുന്നമടക്കായലിന് അഭിമുഖമായുള്ള പഞ്ചനക്ഷത്ര ഹോട്ടൽ റമദ വിന്ദം ആലപ്പിയും റെജി ചെറിയാന്റെ ഉടമസ്ഥതയിലുള്ളതാണ്. മക്കളെ വിദേശത്തുള്ള ബിസിനസ് ഏൽപ്പിച്ച ഇദ്ദേഹം കേരളത്തിന്റെ പൊതുരംഗത്ത് സജീവമാണ്. കേരളാ കോൺഗ്രസ് നേതാവു കൂടിയായ റെജി ചെറിയാൻ 16 - ാം കേരള നിയമസഭയിൽ കുട്ടനാടിനെ പ്രതിനിധാനം ചെയ്യുന്നു.

ബിസിനസ് രംഗത്ത് തന്റേതായ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുമ്പോഴും ചുറ്റിനുമുള്ളവരുടെ പ്രശ്നങ്ങളും പ്രതിസന്ധികളും അറിയാനും എളിയതെങ്കിലും ചെറിയ സഹായങ്ങൾ ചെയ്യാനും റെജി ചെറിയാൻ ശ്രമിച്ചിരുന്നു. ദുരിതമനുഭവിക്കുന്നവർക്ക് കൈത്താങ്ങാകാൻ ആർസി ചാരിറ്റബിൾ ട്രസ്റ്റ് എന്ന ജീവകാരുണ്യ സംഘടന രൂപീകരിച്ചിട്ടുണ്ട്. കാൻസർ രോഗികളായ നിരവധി പേർക്ക് ചികിത്സാസഹായം, വീടില്ലാത്തവർക്ക് വീടു നിർമിക്കൽ, സഞ്ചാരയോഗ്യമായ വഴിയില്ലാത്തവർക്ക് യാത്രാസൗകര്യമൊരുക്കൽ എന്നിവ ചെയ്തു വരുന്നു.

ആർക്കിടെക്ടായ മൂത്തമകൻ റിച്ചു റെജിയും എംബിഎ ഫിനാൻസ് ബിരുദധാരിയായ ഇളയമകൻ റിത്തു റെജിയുമാണ് യുഎഇയിലെ ബിസിനസുകൾക്ക് നേതൃത്വം നൽകുന്നത്. ഭാര്യ മേരിക്കുട്ടി റെജി പാലാ രാമപുരം കരിപ്പുത്തുകാട്ടിൽ കുടുംബാംഗമാണ്. റിച്ചുവിന്റെ ഭാര്യ നിനുവും റിത്തുവിന്റെ ഭാര്യ സെയ്റയും ബിസിനസിൽ പങ്കാളികളാണ്.





രുചിയിൽ എഴുതിയ 'നവ്യ' ഗാഥ

ബേക്കറികൾ അധികമൊന്നും ഇല്ലാതിരുന്ന കാലം. അങ്കമാലിയ്ക്കടുത്ത് കറുകുറ്റി എന്ന കൊച്ചു ഗ്രാമത്തിൽ 42 വർഷം മുമ്പ് ഒരു സാധാരണ ബേക്കറി പിറവിയെടുത്തു - നവ്യ ബേക്കേഴ്സ്. രുചിയുടെ ലോകത്ത് നവമായൊരു അനുഭൂതി പകരുക എന്ന ആഗ്രഹം തന്നെയായിരുന്നു ആ പേരിനു പിന്നിലെ രഹസ്യം. 1984ൽ കറുകുറ്റി ചക്യേത്ത് വീട്ടിൽ സിവി. ഔസേപ്പ് തുടക്കമിട്ട ആ സംരംഭത്തിലേക്ക് ബിസിനസിൽ ഏറെ തത്പരരായിരുന്ന മക്കൾകൂടി രംഗപ്രവേശം ചെയ്തതോടെ നവ്യ വളർച്ചയുടെ പുതിയ പടവുകൾ കീഴടക്കി. ആറാമത്തെ മകനായ ബിജു ജോസഫ് പഠനശേഷം ബിസിനസിലേക്ക് ചുവടുവയ്ക്കുന്നത് 1990ൽ. അപ്പോഴേക്കും കേരളത്തിന്റെ മുക്കിലും മൂലയിലും മൊത്തം നിരവധി ബേക്കറികൾ ഇടം പിടിച്ചുകഴിഞ്ഞിരുന്നു. അവയിൽനിന്ന് വേറിട്ട് വളരുക എന്നതായിരുന്നു നവ്യയുടെ ലക്ഷ്യവും മുന്നിലുള്ള വെല്ലുവിളിയും. 42 വർഷം മുമ്പ് ഒരു ബേക്കറിയിൽ തുടങ്ങി ഇന്ന് 58 ഔട്ട്ലെറ്റുകളിൽ എത്തിനിൽക്കുന്ന നവ്യ ബേക്കേഴ്സിന്റെ ജൈത്രയാത്രയെക്കുറിച്ച് ബിസിനസിൽ വലിയ ദീർഘവീക്ഷണമുള്ള ബിജു ജോസഫ് മനസു തുറക്കുന്നു.

ഒരു ബേക്കറിയിൽനിന്ന് പലതിലേക്ക് വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് കുടുംബ ബിസിനസിനെ കാലാനുസൃതമായ മാറ്റങ്ങളിലേക്ക് കൈപിടിച്ചു നടത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചത്. ആദ്യം എറണാകുളം, തൃശൂർ ജില്ലകളിലും പിന്നാലെ കോട്ടയം, ഇടുക്കി ജില്ലകളിലുമൊക്കെ കൂടുതൽ ഔട്ട്ലെറ്റുകൾ തുറന്നു. വിശ്വാസ്യത നിലനിർത്തിയും വിഭവങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തിയും കാലത്തിന്റെ നവമായ മാറ്റങ്ങൾ കൊണ്ടുവന്നും നാട്ടിലും നഗരങ്ങളിലും നവ്യ പേരുയർത്തി; സ്വീകാര്യതയും.

രുചിയുടെ പെരുമ പരന്നതോടെ ജനങ്ങളുടെ ഇഷ്ടപ്പെട്ട രുചിയും പ്രിയപ്പെട്ട ബേക്കറിയുമായി നവ്യ മാറി. ബിസിനസിലേക്ക് കടന്നുവന്ന മക്കൾക്ക് ഒരേയൊരു ഉപദേശമേ പിതാവ് ഔസേപ്പ് നൽകിയുള്ളൂ. 'എന്തു ചെയ്താലും അത് സത്യസന്ധതയോടെയാകണം. ഭക്ഷണത്തിൽ മായം കലർത്താതിരിക്കുക'. പിതാവ് കാണിച്ചുതന്ന വഴിയിലൂടെ മൂല്യങ്ങളിൽ അടിയുറച്ച് നിന്നുകൊണ്ട് ബിജുവും സഹോദരങ്ങളും ഇന്നും ബിസിനസിനെ മുന്നോട്ടു നയിക്കുന്നു.



സ്വാദൂറും വിഭവങ്ങൾ

നവ്യയുടെ രുചിയൂറും കേക്കുകൾ മലയാളിയുടെ പ്രിയഭോജ്യമാണ്. ചക്കയെ ഉൾപ്പെടെയുള്ള വിവിധ ചക്ക വിഭവങ്ങളും നവ്യയുടെ ഗുണമേന്മ വിളിച്ചോതുന്നു. കൂടാതെ പ്രകൃതിദത്ത ഫലങ്ങൾ ഉപയോഗിച്ച് വിവിധ ജാമുകളും സ്ക്വാഷുകളും ഉത്പാദിപ്പിക്കുന്നുണ്ട്. വാക്വം ടെക്നോളജി ഉപയോഗിച്ച് പഴങ്ങളുടെ തനതായ നിറവും മണവും നഷ്ടപ്പെടാതെയാണ് ഉൽപാദനം. പൂർണമായും വീറ്റ് ഫ്ലോറും ബട്ടറും പ്യുവർ ചോക്ലേറ്റും ലോ ഗ്ലൈസമിക് ഷുഗറും മായമില്ലാത്ത ശർക്കരയും ഉപയോഗിച്ചുണ്ടാക്കുന്ന ഡയബറ്റിക് ഫ്രണ്ട്ലി ആയിട്ടുള്ള ഹെൽത്തി കേക്കുകളും കുക്കീസുകളും നവ്യ ഒരുക്കിയിട്ടുണ്ട്. വർഷത്തിൽ 365 ദിവസവും ചക്കയടക്കം ലഭിക്കുന്ന കേരളത്തിലെ തന്നെ ഒരേ ഒരു ബേക്കറി ശൃംഖലയാവും നവ്യ. ചക്കയെ സ്വാദൂറും വിഭവങ്ങളാക്കി ലോകോത്തര വിപണിയിലെത്തിച്ച ബിജുവിനെ തേടി 2018 ലും 2021 ലും സംസ്ഥാന സർക്കാരിന്റെ മികച്ച ചക്ക സംരംഭകനുള്ള അവാർഡ് എത്തി.



വിശ്വാസ്യത നിലനിർത്തിയും വിഭവങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തിയും കാലത്തിന്റെ നവമായ മാറ്റങ്ങൾ കൊണ്ടുവന്നും നാട്ടിലും നഗരങ്ങളിലും നവ്യ പേരുയർത്തി; സ്വീകാര്യതയും.

ഗുണമേന്മയിൽ മാത്രമല്ല, രുചിയിലും നവ്യ ബേക്കേഴ്സ് വിട്ടുവീഴ്ചയ്ക്ക് തയാറല്ല. മായമില്ലാത്ത, കലർപ്പില്ലാത്ത വിഭവങ്ങൾ ഒരുക്കാൻ ഉയർന്ന ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കൾ തെരഞ്ഞെടുത്ത് ഇടനിലക്കാരില്ലാതെ നേരിട്ടാണ് വാങ്ങുന്നത്. കളർ ഫ്ളേവറിനു പകരം നാച്വറൽ ഫ്ളേവർ ആദ്യമായി അവതരിപ്പിച്ചതും നവ്യ ബേക്കേഴ്സ് ആണ്. ഉത്പന്നങ്ങളുടെ പായ്ക്കിംഗിന് ഫുഡ്ഗ്രേഡ് മെറ്റീരിയൽസ് ആണ് ഉപയോഗിക്കുന്നത്. അതുപോലെ തന്നെ ഏറ്റവും വൃത്തിയുള്ള സാഹചര്യത്തിൽ വിഭവങ്ങൾ ഒരുക്കാനും അതീവ ശ്രദ്ധ പുലർത്തുന്നു. അതിനുള്ള അംഗീകാരമായി ഫൈവ് സ്റ്റാർ റേറ്റിംഗ് നവ്യക്ക് ലഭിച്ചു. ഇതു ലഭിക്കുന്ന ആദ്യ ബേക്കറിയും നവ്യതന്നെ.

58 ഔട്ട്ലെറ്റുകൾ, കയറ്റുമതി

എറണാകുളം, തൃശൂർ, കോട്ടയം, ഇടുക്കി ജില്ലകളിലായി 58 ഔട്ട്ലെറ്റുകൾ ഉണ്ട്. ആലപ്പുഴ, പാലക്കാട് ജില്ലകളിൽ പുതിയ ഔട്ട് ലെറ്റുകളും ഫ്രാഞ്ചൈസികളും തുടങ്ങാൻ ഉദ്ദേശിക്കുന്നു. കോട്ടയത്തെ ഔട്ട് ലെറ്റുകളുടെ എണ്ണം വർധിപ്പിക്കാനും പദ്ധതിയുണ്ട്. യുകെ, അയർലൻഡ്, ന്യൂസിലാൻഡ്, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലേക്ക് നവ്യയുടെ വ്യത്യസ്തങ്ങളായ വിഭവങ്ങൾ ഇപ്പോൾ കയറ്റുമതി ചെയ്യുന്നുണ്ട്. യൂറോപ്പ് മുഴുവനിലേക്കും നവ്യയുടെ മുഴുവൻ പ്രോഡക്ട്സും കയറ്റുമതി ചെയ്യുകയാണ് അടുത്ത ഫോക്കസ്. മികച്ച പരിശീലനം ലഭിച്ച, ഒരേ മനസോടെ പ്രവർത്തിക്കുന്ന ആയിരത്തോളം ജീവനക്കാർ ആണ് നവ്യയുടെ ശക്തി. കൂട്ടായ പരിശ്രമവും ചിട്ടയായ പ്രവർത്തനവും നവ്യ ഗ്രൂപ്പിനെ ഉയർച്ചയിലേക്കു നയിച്ചുകൊണ്ടിരിക്കുന്നു. കറുകുറ്റിയിലെ കോർപറേറ്റ് ഓഫിസിൽ മാത്രം നാനൂറോളം ജീവനക്കാരുണ്ട്. 24/7 കസ്റ്റമർ സർവീസുള്ള നവ്യ എത്ര വലിയ കോർപറേറ്റ് ഓർഡറുകളും ചെയ്തുകൊടുക്കാനും സദാ സജ്ജം.

300 പശുക്കളുമായി നവ്യ ഫാംസ്

നവ്യ ഫാംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ മുന്നൂറോളം പശുക്കളുള്ള സ്വന്തം ഫാമും നവ്യക്കുണ്ട്. ബേക്കറി വിഭവങ്ങളിൽ പൂർണമായും ഉപയോഗിക്കുന്നത് സ്വന്തം ഫാമിലെ പാലാണ്. വെണ്ണ നീക്കം ചെയ്യാത്ത, യാതൊരു വിധ പ്രിസർവേറ്റീവോ ചേർക്കാത്ത ശുദ്ധമായ പാൽ നവ്യയുടെ എല്ലാ ഔട്ട് ലെറ്റുകളിലും ലഭ്യമാണ്. രണ്ടു തവണ മികച്ച ക്ഷീര കർഷകനുള്ള സംസ്ഥാന അവാർഡും നവ്യയെ തേടിയെത്തി.

മക്കൾക്കും ബിസിനസ് രുചി

പുതിയ രുചിക്കൂട്ടുകൾ കണ്ടെത്താനും അത് ഉപഭോക്താക്കളിലേക്ക് എത്തിക്കാനും മുൻകൈയെടുക്കുന്നത് ഡയറക്ടറും ബിജു ജോസഫിന്റെ പത്നിയുമായ ജിജി ബിജുവാണ്. മുമ്പേ തന്നെ പാചകത്തിൽ നിപുണയായ ജിജി യൂറോപ്പിൽ പോയി പഠിച്ചെടുത്ത കേക്ക് നിർമാണത്തിന്റെ പുതുരീതികൾ നവ്യയിൽ അവതരിപ്പിക്കുന്നു. ബിജുവിനും ജിജിക്കും മൂന്ന് മക്കളാണ്. വിദേശത്തുനിന്ന് ബേക്കറി കോഴ്സ് പഠിച്ച മക്കൾക്കും രുചിക്കൂട്ടുകളുടെ സംരംഭങ്ങളോട് താത്പര്യമാണ്. കൾനറി മാനേജ്മെന്റിൽ ബിരുദധാരിയായ മൂത്ത മകൻ ജോസഫും മകൾ മരിയ തെരേസയും സജീവമായി ഈ രംഗത്ത് പ്രവർത്തിക്കുന്നു. മറ്റൊരു മകൾ റോസ് എംബിബിഎസിന് പഠിക്കുന്നു.



navya Bakes

The Tempting Taste

തലമുറകൾക്കായി നീണ്ട കരുതലിന്റെ കരം



ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി
ഡയറക്ടർ, അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രി & റിസർച്ച് സെന്റർ

അതിദാരിദ്ര്യവും പകർച്ചവ്യാധിയുംകൊണ്ട് കേരളത്തിലെ ജനങ്ങൾ പൊറുതിമുട്ടിയ ഒരു കാലഘട്ടത്തിലാണ് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിക്ക് ഏറണാകുളം അതിരൂപത തുടക്കമിടുന്നത്. അവിഭക്ത എറണാകുളം അതിരൂപത കോതമംഗലത്ത് സ്ഥാപിച്ച ധർമ്മഗിരി ആശുപത്രിയുടെ ശാഖയായി, 1936ൽ ഒരു ഡിസ്പെൻസറിയായാണ് അങ്കമാലിയിൽ ലിറ്റിൽ ഫ്ളവർ ആശുപത്രി ആരംഭിച്ചത്. കോതമംഗലം ധർമ്മഗിരി സ്ഥാപനങ്ങളുടെ ഡയറക്ടർ ദൈവദാസൻ ബഹു. മോൺ. ജോസഫ് പഞ്ഞിക്കാരനും അങ്കമാലി പള്ളിയുടെ അന്നത്തെ വികാരി ബഹു. തോമസ് തളിയത്തച്ചനും ചേർന്ന് മാർ അഗസ്റ്റിൻ കണ്ടത്തിൽ മെത്രാപ്പോലീത്തയുടെ ആശീർവാദത്തോടെ ഈ ഡിസ്പെൻസറി തുടങ്ങുമ്പോൾ ആതുരസേവനത്തോടൊപ്പം സുറിയാനി കത്തോലിക്കരെ ചേർത്തുനിർത്തുക എന്നൊരു ലക്ഷ്യം കൂടിയുണ്ടായിരുന്നു.

അതേസമയം, ആതുരസേവനം ജാതിമത ഭേദമെന്യേ എല്ലാവർക്കും താങ്ങാനാവുന്ന നിരക്കിൽ ലഭ്യമാക്കാനും ഇതിന്റെ തുടക്കക്കാർ ശ്രദ്ധചെലുത്തി. പ്രതികൂല സാഹചര്യങ്ങളുൾപ്പടെ ഓരോന്നിനെയും മറികടന്ന്, നവതിയുടെ നിറവിലെത്തി നിൽക്കുന്ന ലിറ്റിൽ ഫ്ളവർ ആശുപത്രി, ഇന്ന് ദേശീയ, അന്തർദേശീയ ഏജൻസികൾ അംഗീകരിച്ചിട്ടുള്ള ഉന്നത ആരോഗ്യ പരിശീലനകേന്ദ്രം കൂടിയാണ്. മാത്രവുമല്ല, ഡോക്ടർമാരുടെ പരിശീലനത്തിന് ലോകാരോഗ്യ സംഘടന നിർദ്ദേശിച്ചിട്ടുള്ള കേന്ദ്രങ്ങളിലൊന്നും ലിറ്റിൽ ഫ്ളവർ ആശുപത്രി തന്നെയാണ്.

ലോകബാങ്കിന്റെ പ്രോജക്ടുകൾക്കുവേണ്ടി മെഡിക്കൽ കോളേജിലെ പ്രൊഫസർമാരെ പരിശീലിപ്പിക്കുന്നതിന് ഈ സ്ഥാപനത്തെ ഇന്ത്യാ ഗവൺമെന്റ് ഏറെക്കാലം മുന്നേ തന്നെ തെരഞ്ഞെടുത്തിരുന്നു.

ഇംഗ്ലണ്ടിലെ റോയൽ കോളേജ് ഓഫ് സർജൻസിന്റെ അംഗീകൃത പരിശീലന കേന്ദ്രമെന്ന ബഹുമതിയും എൽഎഫ് ആശുപത്രിക്കുണ്ട്. ദേശീയ ബോർഡ് പരീക്ഷയ്ക്കുള്ള പരിശീലന കേന്ദ്രം, സീനിയർ ഹൗസ് സർജൻസിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമുള്ള കേന്ദ്രം എന്നീ നിലകളിലും ആശുപത്രി പ്രവർത്തിക്കുന്നു. മഹാത്മാഗാന്ധി സർവകലാശാലയുടെ അംഗീകാരമുള്ള ഗവേഷണകേന്ദ്രം കൂടിയാണിത്.

ഒരു വാടക കെട്ടിടത്തിൽനിന്ന്

അങ്കമാലിയിലെ ഒരു വാടകകെട്ടിടത്തിൽ 1936 ഫെബ്രുവരി 9 നാണ് ആശുപത്രി പ്രവർത്തനം ആരംഭിച്ചത്. ആദ്യത്തെ വാടകകെട്ടിടത്തിൽനിന്നും ഒമ്പത് മാസങ്ങൾക്കുശേഷം 1936 ഒക്ടോബർ ഒന്നിന് കിഴക്കെപ്പള്ളിക്കു സമീപമുള്ള മറ്റൊരു വാടക കെട്ടിടത്തിലേക്ക് ആശുപത്രി പ്രവർത്തനം മാറ്റിയിരുന്നു. വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുന്നാൾ ദിനത്തിൽ അങ്കമാലിയിൽ പുതിയ സ്ഥലത്ത് ആശുപത്രിയുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചപ്പോഴാണ് ആശുപത്രിക്ക് വിശുദ്ധ കൊച്ചുത്രേസ്യയുടെ നാമധേയം നൽകപ്പെട്ടത്. ചെറുപുഷ്പാശുപത്രി അഥവാ ലിറ്റിൽഫ്ളവർ ആശുപത്രി എന്ന പേര് നിർദ്ദേശിച്ചത് മാർ അഗസ്റ്റിൻ കണ്ടത്തിൽ മെത്രാപ്പോലീത്തയാണ്. എല്ലാ മനുഷ്യരെയും സേവിക്കുക (service to humanity) എന്നതായിരുന്നു ആപ്ത വാക്യം. തുടക്കത്തിൽ ഉണ്ടായിരുന്നത് ഡോ. മാത്യു മാണിക്കത്താനും ഒരു കമ്പോണ്ടറും മാത്രമായിരുന്നു.

Little Flower Hospital
& Research Centre, Angamaly
FRAGRANCE OF COMPASSION



ICONS OF SUCCESS
DEEPIKA

ബഹു. പഞ്ഞിക്കാരനച്ചൻ ഡയറക്ടറായും ബഹു. തളിയത്തച്ചൻ ലോക്കൽ മാനേജറായും ആശുപത്രിയുടെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോയി. 1937 ഫെബ്രുവരി രണ്ടിനാണ് ആശുപത്രി സ്ഥാപിക്കുന്നതിനുവേണ്ടി സ്വന്തമായി ഒരു സ്ഥലം അങ്കമാലി ചന്തക്കു സമീപം രൂപത വാങ്ങുന്നത്. 1937 മാർച്ച് 19 ന് പ്രവർത്തനം അങ്ങോട്ടുമാറ്റി. ആരംഭത്തിൽ രണ്ട് കിടക്കകൾ മാത്രമാണ് ഉണ്ടായിരുന്നത്. ആശുപത്രിയുടെ നടത്തിപ്പിനായി സർക്കാരിൽ നിന്നും പ്രതിമാസം 50 രൂപ ഗ്രാന്റ് ലഭിച്ചിരുന്നു. അന്ന് ഡോക്ടറിനും കമ്പോണ്ടറിനും 25 രൂപ വീതമായിരുന്നു മാസവേതനം. 1954 ൽ അങ്കമാലിയിൽ ഗവ. പ്രൈമറി ഹെൽത്ത് സെന്റർ സ്ഥാപിതമായതോടെ സർക്കാർ ഗ്രാന്റ് നിർത്തലാക്കി.

സ്വതന്ത്ര ആശുപത്രിയിലേക്ക്

1947ൽ കണ്ടത്തിൽ മെത്രാപ്പോലീത്ത അങ്കമാലി ആശുപത്രിയെ ധർമ്മഗിരിയിൽനിന്നും വേർപ്പെടുത്തി സ്വതന്ത്ര സ്ഥാപനമാക്കി മാറ്റി. ദൈവദാസൻ മോൺ. പഞ്ഞിക്കാരനച്ചൻ 1944ൽ കോതമംഗലത്തെ ധർമ്മഗിരിയിൽ സ്ഥാപിച്ച സന്യാസിനിസമൂഹമായിരുന്നു മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് (എംഎസ്ജെ). ഈ സന്യാസിസമൂഹത്തിൽ അംഗങ്ങളായവരാണ് ആ കാലഘട്ടത്തിൽ ലിറ്റിൽ ഫ്ളവർ ആശുപതിയിൽ ആതുരശുശ്രൂഷ നടത്തിയിരുന്നത്. ബഹു. ഗിവർഗീസ് കവലക്കാട്ടച്ചൻ ആശുപത്രിയുടെ ഡയറക്ടർ സ്ഥാനം ഏറ്റെടുത്തതോടെ ആശുപത്രിയുടെ ചരിത്രത്തിൽ വികസനത്തിന്റെ പുതിയ അദ്ധ്യായങ്ങൾ കുറിച്ചുതുടങ്ങി. ബഹു. കവലക്കാട്ടച്ചൻ ചുമതല ഏറ്റെടുത്തശേഷം ആശുപത്രിയുടെ ആരോഗ്യകരമായ നടത്തിപ്പിന് സഹായിച്ചവരിൽ പ്രധാനികൾ ഡോ. ടിയു. പുന്നനും, ഡോ. പോൾ.ജെ മാമ്പിള്ളിയുമായിരുന്നു. അത്യാധുനിക സൗകര്യങ്ങളോടെ ഇന്നു കാണുന്ന ആശുപത്രിയുടെ അടിസ്ഥാനശില പാകിയ ത്രിമൂർത്തികളായിരുന്നു അവർ. 1952 മുതൽ ആശുപത്രിയുടെ വികസനത്തിന്റെ ഭാഗമായി പുതിയ കെട്ടിടങ്ങൾ പണിതു തുടങ്ങി. ആറു കിടക്കകളോടുകൂടിയ ഒരു പേ വാർഡ് 1952ൽ പണി പൂർത്തിയാക്കി. ഡോക്ടർമാരുടെയും നഴ്സുമാരുടെയും ക്വാട്ടേഴ്സുകളും മെറ്റേണിറ്റി വാർഡ്, ഒപി വാർഡ്, എക്സറേ പ്ലാന്റ്, ഡന്റൽ ക്ലിനിക്, ഓപ്പറേഷൻ തിയേറ്റർ, സർജിക്കൽ വാർഡ്, നഴ്സിംഗ് സ്കൂൾ തുടങ്ങിയ സൗകര്യങ്ങളും 1961 ആയപ്പോഴേക്കും സാധ്യമാക്കിയിരുന്നു. 1960ൽ 765 സർജിക്കൽ ഓപ്പറേഷനുകൾ വരെ ആശുപത്രിയിൽ നടത്താൻ സാധിച്ചു. ഇതിൽ 300 എണ്ണത്തോളം മേജർ ഓപ്പറേഷനുകൾ ആയിരുന്നു.

1960 കളിൽ ആശുപത്രിയിലെ നഴ്സിങ് വിഭാഗം മെഡിക്കൽ സിസ്റ്റേഴ്സിന്റെയും ക്ലാരിസ്റ്റ് സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. 1962ൽ ആശുപത്രിയുടെ രജത ജൂബിലി സമാപനപരിപാടി ഉദ്ഘാടനം ചെയ്തത് അന്നത്തെ ഗവർണർ വിവി. ഗിരിയാണ്.

ഈ ആശുപത്രിയിൽ നഴ്സിങ് സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആദ്യമായി സ്വീകരിച്ചത് മോൺ. കവലക്കാട്ടച്ചനാണ്. ആശുപത്രിയിൽ നഴ്സുമാരുടെ അപര്യാപ്തത പരിഹരിക്കുന്നതിനൊപ്പം തൊഴിലില്ലാത്ത അഭ്യസ്തവിദ്യരായ പെൺകുട്ടികൾക്ക് തൊഴിൽ അവസരം ഒരുക്കുക എന്ന ലക്ഷ്യവും അതുവഴി ഒരു പരിധി വരെ സാധിച്ചു.

1964 ൽ ബഹു. പാനികുളമച്ചന്റെ കാലഘട്ടത്തിലാണ് നേത്രവിഭാഗവും ശിശുരോഗപരിചരണവിഭാഗവും ആശുപത്രിയിൽ തുടങ്ങിയത്. ആശുപത്രിയോടനുബന്ധിച്ച് പണിത കപ്പേളയുടെ ശിലാസ്ഥാപന കർമ്മവും ലേബർറൂം, നേത്രവാർഡ്, ലൈബ്രറി എന്നിവയുടെ ആശീർവാദവും 1964 ഡിസംബർ 27 ന് മാർ പാറേക്കാട്ടിൽ മെത്രാപ്പോലീത്തയാണ് നിർവ്വഹിച്ചത്. 1969 മാർച്ച് 20ന് ആശുപത്രിയിൽ പുതുതായി ആരംഭിച്ച കാൻസർ വാർഡിൽ കാൻസർ രോഗചികിത്സ സംബന്ധമായ കൊബാൾട്ട് യൂണിറ്റ് തുടങ്ങി. ആ വർഷം തന്നെ ഓർത്തോപീഡിക് വിഭാഗം ആരംഭിച്ചു. 1969 ൽ തന്നെ ഹോളണ്ടിലെ ഡച്ച് ബിഷപ്സ് കോൺഫറൻസിന്റെ സഹായത്തോടെ ഒരു റേഡിയം എക്യുപ്മെന്റ് കാൻസർ ചികിത്സക്കായി സ്ഥാപിച്ചിരുന്നു.

നേത്രവിഭാഗത്തിലെ ആധുനിക സംവിധാനങ്ങളും സൗകര്യങ്ങളും കേരളത്തിൽ ആദ്യമായി സജ്ജീകരിക്കപ്പെട്ടത് ലിറ്റിൽ ഫ്ളവർ ആശുപത്രിയിലായിരുന്നുവെന്നത് ചരിത്ര സത്യമാണ്. 1969 ൽ തന്നെ നേത്രവിഭാഗത്തിൽ കോണ്ടാക്ട്റ്റ് ലെൻസിന്റെ സ്പെഷൽ ഫെസിലിറ്റീസ് ഒരുക്കാൻ സാധിച്ചിരുന്നു. മധ്യകേരളത്തിലെ സുപ്രസിദ്ധ പാമ്പുവിഷചികിത്സ കേന്ദ്രമാണ് എൽ.എഫ്. ആശുപത്രി. നാട്ടൻപുറങ്ങളിലും മലയോരപ്രദേശത്തും നിരവധിപേർ പാമ്പുകടിയേറ്റ് മരിക്കുന്ന സാഹചര്യമുണ്ടായപ്പോഴാണ് 1975 ൽ ഈ വിഭാഗം ആരംഭിച്ചത്. അനേകവർഷത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ ആശുപത്രി സ്വന്തമായ ഒരു വിഷ ചികിത്സാ രീതിതന്നെ ആശുപത്രി വികസിപ്പിച്ചെടുത്തിട്ടുണ്ട്. അതിന് ദേശീയവും അന്തർദേശീയവുമായ അംഗീകാരവും ലഭിച്ചിട്ടുണ്ട്.

1947 മുതലാണ് ആശുപത്രിക്ക് മാത്രമായി ഒരു മുഴുവൻ സമയ ഡയറക്ടറെ നിയമിക്കാൻ തുടങ്ങിയത്. 1980 ൽ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച പ്രസ്ഥാനമായ വില്ലേജ് ഹെൽത്ത് കെയർ പ്രോഗ്രാം പ്രദേശത്തെ പാവപ്പെട്ട ജനങ്ങൾക്ക് വലിയൊരു ആശ്വാസമായിരുന്നു. കുഗ്രാമങ്ങളിലെ സാധുക്കളായ ജനങ്ങൾക്ക് ചികിത്സാസഹായങ്ങൾ എത്തിച്ചുകൊടുക്കുകയായിരുന്നു പ്രധാന ലക്ഷ്യം. ആരംഭത്തിൽ അങ്കമാലിക്ക് സമീപമുള്ള മൂന്ന് വില്ലേജുകളെയാണ് ദത്തെടുത്തത്. അയ്യായിരത്തോളം മനുഷ്യർ ഇതിന്റെ ഗുണഭോക്താക്കളായിരുന്നു. 1991 ആയപ്പോഴേക്കും 25 വില്ലേജുകളിലേക്ക് ഇതിന്റെ പ്രവർത്തനം വ്യാപിപ്പിച്ചിരുന്നു. ഏകദേശം മൂന്നു ദശവത്സരക്കാലം പദ്ധതി മുന്നോട്ട് പോയി. 1987 സുവർണജൂബിലി സമാപന ആഘോഷം മാർ ആന്റണി പടിയറ മെത്രാപ്പോലീത്തയാണ് ഉദ്ഘാടനം ചെയ്തത്. അങ്കമാലി ആശുപത്രിയുടെ ആരംഭകാലഘട്ടം മുതലുള്ള ചരിത്രം പരിശോധിച്ചാൽ പ്ലട്ടംപ്ലട്ടമായുള്ള ആശുപത്രിയുടെ വളർച്ചയിൽ സ്വദേശികളും വിദേശികളുമായ അനേകംപേരുടെ നിർലോഭമായ സഹായ സഹകരണങ്ങൾ വ്യക്തമാണ്. ആശുപത്രിയുടെ വളർച്ചയുടെ പാതയിൽ അനുകൂല, പ്രതികൂല ഘട്ടകങ്ങൾ ഏറെയുണ്ടായിരുന്നു. ആശുപത്രിയുടെ പ്രതികൂല സാഹചര്യങ്ങളിൽ ഒപ്പംനിന്ന് സേവനം അനുഷ്ഠിച്ചവരായിരുന്നു MSJ, FCC, CPS സന്യാസിനി സഭകളിലെ കന്യാസ്ത്രീകൾ.

മികവിന്റെ അക്കാദമിക് കേന്ദ്രം

പ്രതിസന്ധികളെ മറികടന്ന് വിജയകരമായി മുന്നോട്ട് പോയ എൽഎഫ് ഹോസ്പിറ്റലിന് 2005 ഏപ്രിൽ മാസത്തിൽ ISO സർട്ടിഫിക്കേഷൻ ലഭിച്ചു.

2007 ൽ നിർമ്മാണം പൂർത്തിയായ ആശുപത്രിയുടെ പുതിയ ബ്ലോക്ക് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ വെഞ്ചരിച്ചു. വന്ധ്യകാൻ സ്ഥാനപതി പെദ്രോ ലോപ്പസ് ക്വിന്താനയാണ് ഉദ്ഘാടനം ചെയ്തത്. 2011 ൽ പ്ലാറ്റിനം ജൂബിലി ആഘോഷ സമാപനം മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരിയാണ് ഉദ്ഘാടനം ചെയ്തത്. ആശുപത്രിയിൽ നിർമ്മിച്ച പുതിയ നേത്രചികിത്സ സമുച്ചയവും അന്നേ ദിവസം ആശീർവദിക്കുകയുണ്ടായി.

1979ൽ ആശുപത്രിക്ക് IMC അംഗീകാരം ലഭിച്ചിരുന്നു. NBE യുടെ അംഗീകാരവും യുകെയിൽ നിന്നുള്ള അംഗീകാരവും ലഭിച്ചു. 1991ൽ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ റിസർച്ച് സെന്റർ എന്ന അംഗീകാരം ലഭിച്ചതോടെയാണ് ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെന്റർ എന്ന പേരിലേക്ക് മാറിയത്. നിരവധി ദേശീയ അന്തർദേശീയ പ്രോഗ്രാമുകൾ ഈ ഗവേഷണവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്.700 ഓളം വിദ്യാർഥികൾ പഠിക്കുന്ന വിദ്യാഭ്യാസ കേന്ദ്രം കൂടിയാണ് എൽഎഫ് ആശുപത്രി. എംജി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഡിഗ്രികോഴ്സുകളും ഇവിടെ നടത്തുന്നുണ്ട്.

ഇന്ന്, അറുന്നൂറിലധികം ബെഡുകളോട് കൂടിയ, NABH അംഗീകാരത്തോടു കൂടിയ ആശുപത്രിയാണ് ലിറ്റിൽ ഫ്ളവർ. 32 ലധികം സ്പെഷ്യാലിറ്റികളും സൂപ്പർ സ്പെഷ്യാലിറ്റികളും 200 ലധികം വിദഗ്ദരായ ഡോക്ടർമാരും 20 അത്യാധുനിക ഓപ്പറേഷൻ തിയേറ്ററുകളും ഡോക്ടർമാരുടെ പെരി പഠനത്തിനായുള്ള 9 പി ജി പ്രോഗ്രാമുകളും 6 അക്കാദമിക്, ഗവേഷണ പ്രോഗ്രാമുകളും ഇവിടെയുണ്ട്. ചികിത്സതേടി ഇവിടെ എത്തിയ മുഴുവൻ മനുഷ്യരോടും കരുതലോടെ കരം കോർത്ത 90 വർഷങ്ങളാണ് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ കടന്നു പോകുന്നത്.

ICONS OF SUCCESS
DEEPIKA



നവതിയുടെ ഈ നിറവാർന്ന വർഷം,
കൂടുതൽ കരുതലോടെയും,
സമർപ്പണത്തോടെയും ജനങ്ങളിലേക്ക്
ഇറങ്ങിച്ചെല്ലുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.
കഴിഞ്ഞ 90 വർഷമായി ഒപ്പമുള്ള തലമുറകൾക്ക്
ഹൃദയം നിറഞ്ഞ നന്ദി.

പ്രത്യേകതകൾ

- **600+** കിടക്കകളുള്ള NABH അംഗീകൃത ആശുപത്രി
- **32+** സ്പെഷ്യാലിറ്റികൾ
- **200+** ഡോക്ടർമാർ
- **20+** അത്യാധുനിക ഓപ്പറേഷൻ തിയേറ്ററുകൾ
- **9+** ഡോക്ടർമാർക്കുള്ള പി.ജി. പ്രോഗ്രാമുകൾ
- **6+** അക്കാദമിക് & ഗവേഷണ പ്രോഗ്രാമുകൾ
- Tertiary ഒഫ്താൽമോളജി റഫറൽ സെന്റർ

Little Flower Hospital
& Research Centre, Angamaly
FRAGRANCE OF COMPASSION

0484 245 8550 www.lfhospital.org



വണ്ടൻമേട് മാസ് എന്റർപ്രൈസസ് ടി.ടി. ജോസ് വളർത്തിയ ബിസിനസ് വിസ്മയം



SALUTE TO THE FOUNDER

കേരളത്തിന്റെ ബിസിനസ് ലോകത്ത് വ്യക്തി മുദ്ര പതിപ്പിച്ചു അരനൂറ്റാണ്ടു പിന്നിട്ട മാസ് എന്റർപ്രൈസസ് കമ്പനിയുടെ സാരഥ്യം ഇന്നു രണ്ടാം തലമുറയുടെ കരങ്ങളിലാണ്. സ്ഥാപക ചെയർമാൻ ടി.ടി. ജോസ് പകർന്നു നൽകിയ ബിസിനസ് മൂല്യങ്ങൾ മുറുകെപിടിച്ചാണ് മുന്നോട്ടുള്ള പ്രയാണം. വണ്ടന്മേട് തച്ചേടത്തു ടി.ടി. ജോസ് എന്ന സാധാരണ കർഷക കുടുംബത്തിലെ അംഗം സ്വന്തം ആശയത്തിലും കഠിനാധ്വാനത്തിലും നിശ്ചയദാർഢ്യത്തിലും ദൈവാശ്രയത്തിലും പടുത്തുയർത്തിയ അഗ്രി ഇൻപുട് പ്രൊഡക്ഷൻ ആൻഡ് സെയിൽസ്, പ്ലാന്റേഷൻ, ടൂറിസം, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, സ്പൈസസ് എക്സ്പോർട്ടിംഗ്, കറിപൗഡർ നിർമാണം, ഫിനാൻസ് മാനേജ്മെന്റ് തുടങ്ങി നിരവധി സ്ഥാപനങ്ങളുടെ സംയുക്ത സംരംഭമാണ് മാസ് എന്റർപ്രൈസസ് പബ്ലിക് ലിമിറ്റഡ് കമ്പനി.

അമ്പത്തിയഞ്ചുവർഷം മുമ്പ് കർഷക കുടുംബമായ തച്ചേടത്ത് തോമസ് മാത്യു - ഏലിയാമ്മ ദമ്പതികൾ ആറു മക്കളുമായി വണ്ടന്മേട്ടിൽ താമസമാക്കി. വിദ്യാഭ്യാസത്തിനുശേഷം അഗ്രി ഇൻപുട്ട് (വളം - കീടനാശിനികളുടെ വിതരണ ഏജൻസി) സൊസൈറ്റിയിൽ സെയിൽസ് മാനേജരായി ജോലിക്കു ചേർന്നതാണ് വ്യാപാര രംഗത്തെ ടി.ടി. ജോസിന്റെ ആദ്യ കാൽവയ്പ്. സൊസൈറ്റിയിൽ ജോലിക്കാരനായിരിക്കുമ്പോഴാണ് സ്വന്തമായി ബിസിനസ് തുടങ്ങുന്നതിനുള്ള ആശയം ഉണ്ടാകുന്നത്. വ്യവസായത്തിലെ അദ്ദേഹത്തിന്റെ നൂതന ആശയങ്ങളും നിശ്ചയദാർഢ്യവും മനസിലാക്കിയ കേരളത്തിലെയും തമിഴ്നാട്ടിലെയും സുഹൃത്തുക്കളുടെ പിൻതുണയോടെ മാസ് എന്ന സ്ഥാപനത്തിനു വണ്ടന്മേട്ടിൽ തുടക്കമിട്ടു. ദൈവഭയവും ദൈവാശ്രയത്വവും മുറുകെപിടിച്ചുള്ള ടി.ടി. ജോസിന്റെ പ്രയാണം ഏറെ മുന്നേറി. വളം - കീടനാശിനികളുടെ വ്യാപാരത്തിൽ തുടങ്ങിയ സ്ഥാപനം ഏലക്കാ ലേലകേന്ദ്രവും പ്ലാന്റേഷനും ഏലക്കാ കയറ്റുമതിയും മാസ് - പാലാട്ട് കറിപൗഡർ ഫാക്ടറിയും ഹോട്ടൽ ബിസിനസുമായി പടിപടിയായി വളർന്നു. ബിസിനസിൽ പണം മുടക്കുന്നതിനും പുതിയ ആശയങ്ങൾ രൂപപ്പെടുത്തുന്നതിനും അദ്ദേഹത്തിനുണ്ടായിരുന്ന കഴിവും ധൈര്യവും തന്റേടവും മറ്റുള്ളവരിൽനിന്നും മാസ് എന്റർ പ്രൈസസ് ചെയർമാനെ വ്യത്യസ്തനാക്കി.

ഏലക്ക ഇ - ലേലത്തിന് പിന്നിലെ ദൂരദൃഷ്ടി

ഏലക്കാ ലേലകേന്ദ്രങ്ങൾ വളരെ പരിമിതമായി ഉണ്ടായിരുന്ന കാലത്താണ് മാസ് ലേലകേന്ദ്രം ആരംഭിച്ചത്. സ്പൈസസ് ബോർഡ് ചെയർമാനായിരുന്ന വി.ജെ. കുര്യന്റെ കാലത്ത് ആരംഭിച്ച ആദ്യ ഇ - ലേലകേന്ദ്രത്തിന് ടി.ടി. ജോസ് പൂർണ പിന്തുണ നൽകി.സ്വന്തം ഏലക്കാ ലേലകേന്ദ്രം ഇ - ലേലത്തിനുള്ള പ്ലാറ്റ്ഫോമായി വിട്ടുകൊടുക്കാനും ധൈര്യം കാണിച്ചു. പുറ്റടിയിൽ സ്പൈസസ് പാർക്കു സ്ഥാപിക്കുന്നതിനും മുൻകൈയെടുത്തത് ജോസ് തന്നെയായിരുന്നു. മൂന്നാറിൽ ഏലത്തോട്ടം വിലയ്ക്കുവാങ്ങി പ്ലാന്റേഷൻ രംഗത്തേക്കു കടന്ന മാസ്, മൂന്നാറിൽ ആയുർകാണ്ടി റിസോർട്ടും ആരംഭിച്ചു. ആയുർകാണ്ടിയിൽ കോട്ടേജുകൾ വിലകൂടി നൽകി ബിസിനസ് പങ്കാളികളെ ചേർത്ത് നൂതന ബിസിനസ് ആശയം അവതരിപ്പിച്ചത് 30 വർഷം മുമ്പാണ്. വണ്ടന്മേട്ടിലും സ്പൈസ് സ്കൂയർ എന്ന പേരിൽ റിസോർട്ടുണ്ട്.

ആശ്രയവും സഹായവും

കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ മാർ മാത്യു അറയ്ക്കലിന്റെ സുഹൃത്തുമായ ജോസിന്റെ പ്രേരണയാണ് സഹ്യാദ്രി ക്രെഡിറ്റ് സൊസൈറ്റിയുടെ ആരംഭത്തിനും പിന്നിൽ. ബിസിനസ് എന്നപോലെ നാടിന്റെ സാമൂഹ്യ വിഷയങ്ങളിലും സാധുജന സംരക്ഷണത്തിലും ബന്ധുക്കളുടെയും കുടുംബാംഗങ്ങളുടെ ക്ഷേമത്തിലും പ്രത്യേകം ശ്രദ്ധ പുലർത്തിയിരുന്നു. തെരക്കുകൾക്കിടയിലും കാഞ്ഞിരപ്പള്ളി പാസ്റ്ററൽ കൗൺസിൽ അംഗമായും വണ്ടന്മേട് സെന്റ് ആന്റണീസ് പള്ളി ട്രസ്റ്റിയായും സേവനം ചെയ്യാൻ ഈ ബിസിനസ് ശ്രേഷ്ഠനായിട്ടുണ്ട്.

വണ്ടന്മേട് ഹെഡ് ക്വാർട്ടറായ കമ്പനിയുടെ പുതിയ പ്രോജക്ടുകൾ പലതും കാക്കനാട് ഇൻഡസ്ട്രിയൽ പാർക്കിലാണ്. മറ്റുള്ളവരുടെ നന്മയിലും വളർച്ചയിലും എന്നും ഒപ്പം നിൽക്കാനും ശ്രദ്ധാലുവായിരുന്ന ജോസ് ഒറ്റയ്ക്കു തുടങ്ങി പലതായി വളർത്തിയ മാസിന്റെ തണലിൽ ഇന്ന് ആയിരത്തോളം കുടുംബങ്ങൾ ജീവിക്കുന്നുണ്ട്. തൊഴിൽ സംരംഭകർക്ക് മാസ് ഒരു യൂണിവേഴ്സിറ്റിയും തൊഴിലന്വേഷകർക്ക് എംപ്ലോയിമെന്റ് എക്സ്ചേഞ്ചുമാണ്. ടി.ടി. ജോസ് 2025 ഒക്ടോബർ 22ന് 70 -ാം വയസിൽ ശ്വാസകോശസംബന്ധമായ രോഗത്താൽ ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരിക്കുന്നതുവരെ മാസ് എന്റർപ്രൈസസിന്റെ ചെയർമാനായിരുന്നു. ഇപ്പോൾ മകൻ ആൻജോ ജോസാണ് കമ്പനിയുടെ സാരഥി. ഭാര്യ ആൻസിയും മകൾ അഞ്ജു ജോസും മറ്റു കുടുംബാംഗങ്ങളും ചേർന്നുള്ള ഡയറക്ടർ ബോർഡാണ് ഭരണച്ചുമതല.



MAS Enterprises Limited

ICONS OF SUCCESS
DEEPIKA

ക്രിസ്ത്യൻ വിവാഹങ്ങൾക്ക് ചാവറ മാട്രിമോണി

ഹൃദയങ്ങൾ ഒന്നായ 30 വർഷങ്ങൾ

Chavara Matrimony.com
Connecting Hearts

മലയാളി കുടുംബങ്ങൾ, വിവാഹാലോചനകളിലേക്കു കടക്കുമ്പോൾ, മാട്രിമോണിയെക്കുറിച്ചു ചിന്തിക്കുമ്പോൾ മനസിൽ ആദ്യമെത്തുന്നൊരു പേരുണ്ട് ചാവറ മാട്രിമോണി. മൂന്നു പതിറ്റാണ്ടോളമായി ഹൃദയങ്ങളെയും കുടുംബങ്ങളെയും സ്നേഹത്തിന്റെ പുണ്യനൂലിൽ കോർത്തിണക്കിയതിന്റെ സുകൃതനിറവാണ് ചാവറ മാട്രിമോണിയെ അതുല്യവും അനുപമവുമാക്കുന്നത്.

രണ്ടു ഹൃദയങ്ങളെ ഒന്നാക്കി, അതിലൂടെ പുതിയ കുടുംബത്തിന്റെ പിറവിക്കു തിരി തെളിച്ച സുകൃതസപര്യയ്ക്ക് മുപ്പതു വയസ്. കേരളത്തിന്റെ മാട്രിമോണി രംഗത്തു വിശ്വസ്തതയുടെയും മികവിന്റെയും അടയാളം കുറിച്ച ചാവറ മാട്രിമോണി, രണ്ടു ലക്ഷത്തോളം വിവാഹങ്ങൾക്കു വഴിയൊരുക്കിയാണ് അഭിമാനകരമായ മുപ്പതു വർഷം പൂർത്തിയാക്കുന്നത്.

കൊച്ചി മുതൽ യുഎസ്എ വരെ

എറണാകുളത്തു തുടക്കമിട്ട ചാവറ മാട്രിമോണി മൂന്നു പതിറ്റാണ്ടുകൊണ്ടു വളർന്നു പന്തലിച്ചു കേരളമാകെ തിളങ്ങി, ഇന്ത്യയിൽ തന്നെ ഒന്നാമതുള്ള മാട്രിമോണിയൽ സംരംഭമായി മാറി.

"നല്ല കുടുംബം ആകാശമോക്ഷത്തിന് സദൃശ്യം" എന്ന വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസിന്റെ ദർശനത്തെ വെളിച്ചമാക്കിയാണ് 1996 ൽ ചാവറ മാട്രിമോണിയുടെ തുടക്കം.

ക്രിസ്തീയ വിശ്വാസത്തിൽ അധിഷ്ഠിതമായും ധാർമിക മൂല്യങ്ങളിൽ അടിയുറച്ചും കുടുംബങ്ങളെ രൂപപ്പെടുത്തുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്ഥാനം ആരംഭിച്ചത്.

സിഎംഐ സഭയുടെ കുടുംബ പ്രേക്ഷിതവിഭാഗത്തിന്റെ ഭാഗമായി എറണാകുളത്തെ ചാവറ കൾച്ചർ സെന്ററിനു കീഴിൽ ആരംഭിച്ചതാണു ചാവറ ഫാമിലി വെൽഫെയർ സെന്ററും ചാവറ മാട്രിമോണിയും. ഫാ. ജോബ് മൈലാടിയിൽ സിഎംഐ ഡയറക്ടറായിരുന്നപ്പോഴാണ് കേരളത്തിൽ വിപ്ലവാത്മകമായ മുന്നേറ്റങ്ങളുണ്ടാക്കിയ ചാവറ മാട്രിമോണിയുടെ തുടക്കം. അമേരിക്കയിൽ ഉൾപ്പെടെ 32 ബ്രാഞ്ചുകളുമായി ചാവറ മാട്രിമോണി ഇന്നു പ്രഫഷണൽ സേവനം നൽകി പുതിയ ഉയരങ്ങളിലാണ്.

മാംഗല്യം രണ്ടു ലക്ഷം

രണ്ടു ലക്ഷത്തോളം വിവാഹങ്ങൾക്ക് വേദിയൊരുക്കി. നാലു ലക്ഷത്തോളം സംതൃപ്ത കുടുംബങ്ങളും ഏഴു ലക്ഷത്തിലധികം മികച്ച പ്രൊഫൈലുകളുമായി മുന്നേറുന്നു. ഇന്നു മലയാളി കുടുംബങ്ങൾ വിവാഹാലോചനയിലേക്കു കടക്കുമ്പോൾ സ്വാഭാവികമായി മനസിലെത്തുന്ന പേരായി ചാവറ മാട്രിമണി മാറി. സംതൃപ്തമായ സേവനം നൽകുന്ന സുസജ്ജവും സമർപ്പിതവുമായ ടീമാണ് ചാവറ മാട്രിമോണിയുടേത്.

ജോൺസൺ ഹാപ്പിയാണ്

മൂന്നു പതിറ്റാണ്ടിലെത്തിയ ചാവറ മാട്രിമോണിയുടെ വിജയഗാഥകൾക്കു പിന്നിൽ ജോൺസൺ സി. ഏബ്രഹാം എന്ന ക്രാന്തദർശിയും മനുഷ്യസ്നേഹിയുമായ പ്രതിഭയുടെ കൈയൊപ്പുണ്ട്. ഒരു ജീവനക്കാരനായി തുടങ്ങി, ചാവറ മാട്രിമോണിയുടെ മഹനീയ സാരഥ്യത്തിലേക്കു വളർന്നതിനു പിന്നിൽ കഠിനാധ്വാനത്തിന്റെ അധ്യായങ്ങളേറെ. കാലത്തിന്റെ സ്പന്ദനങ്ങൾ തിരിച്ചറിഞ്ഞു, മാട്രിമണി രംഗത്തു പ്രഫഷണൽ മികവും ഗുണമേന്മയും എല്ലാറ്റിലുമുപരിയായി വിശ്വസ്തതയും ഉറപ്പാക്കുന്നതിൽ ജോൺസൺ തെല്ലും വിട്ടുവീഴ്ച ചെയ്തില്ല. നവീനമായ ആശയങ്ങൾക്കും കുതിപ്പിനും പൂർണ പിന്തുണ നൽകുന്ന മികച്ച ടീം ജോൺസന്റെയും ചാവറ മാട്രിമോണിയുടെയും കരുത്താണ്. സിഎംഐ സന്യാസസമൂഹവും പൂർണ പിന്തുണയായി ഒപ്പമുണ്ട്.

മാട്രിമണി ഒരു ബിസിനസ് എന്നതിനപ്പുറം രണ്ടു ഹൃദയങ്ങളെയും അതിലൂടെ കുടുംബങ്ങളെയും ഒന്നാക്കുന്ന ദൈവികമായ ശുശ്രൂഷയായാണു കാണുന്നതെന്നു ജോൺസൺ സി. ഏബ്രഹാം പറഞ്ഞു. ഇതുവരെ മേഖലകളിൽ നിന്നും ലഭിച്ച സ്വീകാര്യതയ്ക്കും വളർച്ചയ്ക്കും പിന്നിൽ അവർ ണനീയമായ ദൈവാനുഗ്രഹവും ടീം വർക്കുമാണെന്നും അദ്ദേഹം വ്യക്തമാക്കി.

മുപ്പതാം വർഷത്തിൽ പുതുകുതിപ്പ്

ചാവറ മാട്രിമോണിയുടെ മുപ്പതാം വാർഷികാഘോഷം കൊച്ചിയിൽ വർണാഭമായ ചടങ്ങുകളോടെ ഉദ്ഘാടനം ചെയ്തപ്പെട്ടു. ചാവറ കൾച്ചറൽ സെന്റർ തിയേറ്റർ ഹാളിൽ നടി ഷീലയാണ് പരിപാടികൾ ഉദ്ഘാടനം ചെയ്തത്. ഒരു വർഷം നീണ്ടു നിൽക്കുന്ന സാമൂഹ്യക്ഷേമ സംരംഭങ്ങൾ ഉൾപ്പടെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ വാർഷികാഘോഷത്തിന്റെ ഭാഗമായി നടക്കും.



ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ.
ഡയറക്ടർ



ജോൺസൺ സി. ഏബ്രഹാം
എക്സിക്യൂട്ടീവ് ഡയറക്ടർ

സമൂഹത്തിനു കൈത്താങ്ങ്

മുഷ്തതാം വാർഷികാഘോഷത്തിന്റെ ഭാഗമായി പാലിയേറ്റീവ് രോഗികൾക്കായി മുളന്തുരുത്തി ബെത്ലെഹേം ജെറിയാട്രിക് കെയർഹോമിന് 80 കാർഡിയാക് ടേബിളുകൾ നൽകി. അതോടൊപ്പം കരിത്തല സെന്റ് ജോസഫ് സ്കൂളിലെ പുതിയ വിദ്യാർഥികൾക്ക് യൂണിഫോം നൽകുന്നതിനായി ഒരു ലക്ഷം രൂപ കൈമാറി. അതേ സ്കൂളിൽ കുട്ടികളുടെ കമ്പ്യൂട്ടർ പരിജ്ഞാനത്തിനായി ഒരു കംപ്യൂട്ടർ ലാബും സജ്ജമാക്കും.

ഭാവന രഹിതരായ മൂന്നു കുടുംബങ്ങൾക്ക് 30 -ാം വാർഷികാഘോഷത്തിന്റെ ഭാഗമായി ഭവനം നിർമിച്ചു നൽകും. ബാല്യത്തിലേ കാൻസർ ബാധിതരായ കുട്ടികളെ പങ്കെടുപ്പിച്ചു വിമാനയാത്രയും സംഘടിപ്പിക്കുമെന്നു ചാവറ മാട്രിമോണി ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ., എക്സിക്യൂട്ടീവ് ഡയറക്ടർ ജോൺസൺ സി. ഏബ്രഹാം എന്നിവർ അറിയിച്ചു.

2011ൽ കെസിബിസി പ്രോലൈഫ് സമിതിയുമായി ചേർന്ന് നാലിലധികം കുട്ടികളുള്ള കുടുംബങ്ങളെ ആദരിക്കുന്ന ജീവസമൃദ്ധി പദ്ധതിക്ക് ചാവറ മാട്രിമോണി തുടക്കം കുറിച്ചിരുന്നു. 2017 ൽ 40 വയസു കഴിഞ്ഞവർക്കായി സൗജന്യമായി സേവനം നൽകുന്ന എക്സ്പ്രസ് മാട്രിമോണി പദ്ധതി ആരംഭിച്ചു. 2019 ൽ ഭിന്നശേഷിക്കാർക്കു ഇണങ്ങിയ ജീവിതപങ്കാളിയെ കണ്ടെത്തുന്നതിനായി ആരംഭിച്ച ചാവറ എംപവർ മാട്രിമോണിയും ശ്രദ്ധേയ മുന്നേറ്റമായി.

ക്രിസ്മസ് കാലത്ത് അനാഥാലയങ്ങളിലെ അശരണർക്കായി ആരംഭിച്ച സാന്ത്വന സ്പർശം, സാമൂഹ്യ മേഖലയിൽ നിസ്തുല സേവനം നൽകുന്നവരെ ആദരിക്കുന്ന കാരുണ്യസംഗമം തുടങ്ങിയ സേവന പദ്ധതികൾ തുടരുന്നുണ്ട്. മൂന്നുപതിറ്റാണ്ടിന്റെ സേവന പുണ്യം പ്രമോദനമാക്കി, ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സിഎംഐ യുടെയും എക്സിക്യൂട്ടീവ് ഡയറക്ടർ ജോൺസൺ സി. ഏബ്രഹാമിന്റെയും നേതൃത്വത്തിൽ മാട്രിമോണി സേവനരംഗത്തു മാറ്റുന്ന കാലത്തിന് ആനുസരിച്ച് അനുയോജ്യമായ പുതുപാതകൾ വെട്ടിയൊരുക്കി മുന്നേറാനുള്ള തയാറെടുപ്പിലാണ് ചാവറ മാട്രിമോണി.



ടീം ചാവറ മാട്രിമോണി

തലമുറകൾ കൈമാറി വന്ന വിശ്വാസം

പുളിമൂട്ടിൽ സിൽക്സ്

ധീക്ഷണാശാലിയായ പിതാവ് ചാക്കോ ഔസേഫ് നട്ടുവളർത്തി, മകളായ ചാക്കോയുടെയും ജോണിന്റെയും പരിപാലനയിൽ കരുത്തുറ്റതായി, പിന്നീട്, അവരുടെ മക്കളുടെ തണലിൽ വളർന്നു പന്തലിച്ച വസ്ത്രവ്യാപാര രംഗത്തെ പെരുമ: പുളിമൂട്ടിൽ സിൽക്സ് എന്ന മധ്യകേരളത്തിന്റെ വസ്ത്ര പ്രാഡിയെ ഇങ്ങനെ വിശേഷിപ്പിക്കാം. തൊണ്ണൂറുകളുടെ തുടക്കത്തിൽ എറണാകുളം ജില്ലയിലെ ഉദയംപേരൂരിൽനിന്നാണ് പുളിമൂട്ടിൽ ചാക്കോ ഔസേഫ് ഭാര്യ ചിന്നമ്മയ്ക്കും സഹോദരനുമൊപ്പം തൊടുപുഴ ചുങ്കത്തേക്കു കുടിയേറുന്നത്. അദ്ധ്യധ്വാനിയായിരുന്ന ഇദ്ദേഹം കൃഷിക്കൊപ്പം മരച്ചക്ക് സ്ഥാപിച്ച് തൊടുപുഴയിൽ വെളിച്ചെണ്ണകച്ചവടവും പലചരക്ക് കച്ചവടവും ആരംഭിച്ചു. പിന്നീട്, 1924 ൽ സ്വന്തമായ കെട്ടിടത്തിൽ ജാളികട ആരംഭിച്ചു. കുറഞ്ഞസമയം കൊണ്ട് കച്ചവടം നല്ല രീതിയിൽ പുരോഗമിച്ചു. ദൈവകൃപയാൽ കച്ചവടം പുരോഗമിക്കുന്നതിനോടൊപ്പം ചാക്കോ ഔസേഫിന്റെ കുടുംബവും വികസിച്ചു. മറിയക്കുട്ടി, അന്നക്കുട്ടി, ചാക്കോ, സ്റ്റീഫൻ, ജോൺ, ഉണ്ണി, ജോസ്, തോമസ് എന്നീ മക്കൾ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ജോസ് ഒഴികെ ആൺമക്കളിൽ അഞ്ചു പേരും ചാക്കോ ഔസേഫിനൊപ്പം കച്ചവടത്തിന്റെ രസതന്ത്രങ്ങൾ പഠിച്ചു. ജോസ് പഠിച്ച് ഡോക്ടറായി. കച്ചവടത്തിൽ വ്യാപൃതനായിരിക്കുമ്പോഴും ഇടവക പള്ളിയായ ചുങ്കം സെന്റ് മേരീസ് ക്നാനായ പള്ളിയുടെ പ്രവർത്തനങ്ങളിലും ചാക്കോ ഔസേഫ് ശ്രദ്ധാലുവായിരുന്നു. മക്കളും ഈ പാതപിന്തുടർന്നു.

പുളിമൂട്ടിൽ സിൽക്സ് ഹൗസ്

മറ്റു ബിസിനസുകളെ അപേക്ഷിച്ചു വസ്ത്രവ്യാപാര രംഗത്തു കൂടുതൽ മികവ് പുലർത്താൻ സാധിക്കുന്നതിനാൽ, 1957 മാർച്ച് 21-ാം തീയതി തൊടുപുഴയുടെ മുഖച്ഛായ മാറ്റിക്കൊണ്ട് പുളിമൂട്ടിൽ സിൽക്സ് ഹൗസ് ആരംഭിച്ചു. മക്കളായ ഔസേഫ് ചാക്കോ, ഔസേഫ് ജോൺ എന്നിവരുടെ മേൽനോട്ടത്തിലാണ് കട ആരംഭിച്ചത്. ഔസേഫ് ചാക്കോയുടെ ഭാര്യ ഗ്രേസിയാണ് പുളിമൂട്ടിൽ സിൽക്സ് ഹൗസ് എന്ന പേര് നിർദേശിച്ചത്. അഞ്ചു ജീവനക്കാരുമായി തുടങ്ങിയ കടയെ തൊടുപുഴക്കാർ ഏറ്റെടുത്ത കാഴ്ചയാണ് പിന്നീട് കണ്ടത്. കടയിലെത്തുന്നവരോട് ആപ്പായിയെന്ന് മക്കളും നാട്ടുകാരും വിളിക്കുന്ന ചാക്കോ ഔസേഫും മക്കളും വളരെ സ്നേഹത്തോടെയും വിനയത്തോടെയും അടുത്തിടപഴകാൻ തുടങ്ങിയതോടെ ആളുകളെ ആകർഷിച്ചു. പുളിമൂട്ടിൽ സിൽക്സിനെ നയിക്കുന്ന പുതിയ തലമുറയും ഈ രീതിതന്നെയാണ് പിന്തുടരുന്നത്. കടയിൽ എത്തുന്ന ആളുകളുടെ ആവശ്യം ചോദിച്ചറിഞ്ഞ് വേണ്ട സേവനം ചെയ്യാൻ ഉടമകൾ സദാ തയാറാണ്. ഇതു തന്നെയാണ് ഈ വസ്ത്രപാരമ്പര്യത്തിന്റെ വിജയ രഹസ്യവും.

വളർച്ചയുടെ പടവുകൾ

1977 ഓഗസ്റ്റ് 17ന് തൊടുപുഴ കാർമൽ ജംഗ്ഷനിൽ ഇരുപതിനായിരം ചതുരശ്രയടി വിസ്തീർണമുള്ള അതിവിശാലമായ ഷോറൂമിൽ പുളിമൂട്ടിൽ സിൽക്സ് പ്രവർത്തനം ആരംഭിച്ചു. 60 ജീവനക്കാരുമുള്ള മധ്യകേരളത്തിലെ ഏറ്റവും വലിയ വസ്ത്രവ്യാപാര ശാലയായിരുന്നു അത്. പഴയകടയുടെ നടത്തിപ്പ് സഹോദരൻ തോമസിനെ ഏൽപ്പിച്ച് പുതിയ കടയുടെ നടത്തിപ്പ് ഔസേഫ് ചാക്കോയും ഔസേഫ് ജോണും ഏറ്റെടുത്തു. എൺപതുകളുടെ തുടക്കത്തിൽ ബിസിനസ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കോട്ടയം നഗരത്തിന്റെ ഹൃദയഭാഗത്ത് കെ.കെ. റോഡിനോടു ചേർന്ന് സ്ഥലം വാങ്ങി പുതിയ ഷോറൂമിന്റെ നിർമാണം ആരംഭിച്ചു. 1986 ഏപ്രിൽ പത്തിന് കേരളത്തിലെ ഏറ്റവും വലിയ ടെക്സ്റ്റൈൽ ഷോറൂമായ കോട്ടയം പുളിമൂട്ടിൽ സിൽക്സ് പ്രവർത്തനം ആരംഭിച്ചു. കൂടുതൽ വളർച്ച കൈവരിക്കാൻ, ബിസിനസ് സ്വതന്ത്രമായി നടത്താൻ സഹോദരന്മാർ തീരുമാനത്തിലെത്തി. ഇതിനെത്തുടർന്ന് കോട്ടയത്തെ കടയുടെ നിയന്ത്രണം ഔസേഫ് ചാക്കോ ഏറ്റെടുത്തു. 2007 ജനുവരി 15ന് തൃശൂർ പാലസ് റോഡിൽ അതിവിശാലമായ ഷോറും തുടങ്ങി. നടത്തിപ്പ് ചുമതല ഔസേഫ് ചാക്കോയുടെ മൂത്തമകൻ ഏബ്രഹാം ചാക്കോ (അബി) യുടെ നേതൃത്വത്തിലായിരുന്നു. 2008ൽ തൊടുപുഴയിൽ ഔസേഫ് ജോണിന്റെ മേൽനോട്ടത്തിൽ മക്കളായ റോയിയും റോജറും പുതിയ ഷോറൂം ആരംഭിച്ചു. ഔസേഫ് ചാക്കോയുടെ രണ്ടാമത്തെ മകൻ സ്റ്റീഫന്റെ നേതൃത്വത്തിൽ 2015ൽ കൊല്ലം ചിന്നക്കടയിൽ നാലാമത്തെ ഷോറൂം തുറന്നു. കോട്ടയത്തെ കടയുടെ നിയന്ത്രണം മൂന്നാമത്തെ മകൻ ജോണിയേറ്റെടുത്തു. 2018 ഡിസംബറിൽ തിരുവല്ലയിൽ ഔസേഫ് ജോണിന്റെ ഇളയമകൻ റോജർ പുതിയ കട ആരംഭിച്ചു. 2022 ഓഗസ്റ്റിൽ പാലായിലും 2024 ൽ എറണാകുളം എംജി റോഡിലും 2026 മാർച്ചിൽ അടൂരിലും പുതിയ ഷോറൂമുകൾ ആരംഭിച്ചു. കൂടാതെ അലമാര, കായി, ത്രെഡ്സ് എന്നീ എക്സ്ക്ലൂസീവ് ഡിസൈനർ ഷോറൂമുകളും ഓൺലൈൻ ഷോറൂമുമുണ്ട്.

വിശ്വസ്തത മുഖമുദ്ര

ഗുണനിലവാരവും വിലനിലവാരവും സമന്വയിപ്പിച്ചുള്ള വിപണനതന്ത്രമാണ് പുളിമൂട്ടിൽ സിൽക്സിന്റെ പ്രധാനവിജയരഹസ്യം.

ഉപഭോക്താക്കളുമായുള്ള ഹൃദ്യമായ ബന്ധമാണ് മറ്റൊരു പ്രത്യേകത. കാലത്തിനും ട്രെൻഡിനും അനുസരിച്ചുള്ള വസ്ത്രശേഖരമാണ് ഷോറൂമുകളിൽ ഒരുക്കിയിരിക്കുന്നത്. മാനേജ്മെന്റ് തലത്തിൽ കൊണ്ടുവന്ന തലമുറമാറ്റം സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് കൂടുതൽ കരുത്താണ് പകരുന്നത്. ഷെവലിയാർ ഔസേഫ് ചാക്കോയും ഔസേഫ് ജോണും പകർന്നു നൽകിയ ബിസിനസ് തന്ത്രങ്ങളാണ് മക്കളും കൊച്ചുമക്കളും പിന്തുടരുന്നത്.

തൊടുപുഴ, കോട്ടയം, തൃശൂർ, തിരുവല്ല, പാലാ, എറണാകുളം, കൊല്ലം, അടൂർ ഷോറൂമുകളിലായി 1800 ലധികം ജീവനക്കാരുണ്ട്. ഹൃദ്യമായ പെരുമാറ്റം കൊണ്ട്, ഉടമകൾക്കൊപ്പം തന്നെ കസ്റ്റമേഴ്സിന്റെ ആവശ്യം പൂർത്തീകരിക്കുന്ന ജീവനക്കാരാണ് സ്ഥാപനത്തിന്റെ ശക്തി. പുളിമൂട്ടിൽ സിൽക്സ് സ്ഥാപനങ്ങളിൽ ഉടമയും തൊഴിലാളികളും പരസ്പരം വിശ്വസിക്കുകയും ഒരു മനസോടെ ജോലി ചെയ്യുകയും ചെയ്യുന്നു. ഇതാണ് വളർച്ചയുടെയും വിശ്വസ്തതയുടെയും രഹസ്യം.



പുളിമൂട്ടിൽ സിൽക്സ് കുടുംബം.



പുളിമൂട്ടിൽ സിൽക്സ് പുതിയ തലമുറ.

ആദരം



ഷെവലിയാർ ഔസേഫ് ചാക്കോ



ഔസേഫ് ജോൺ

ഉദയംപേരൂർ ചാക്കോ ഔസേഫ് - അന്നമ്മ

ഷെവലിയാർ ഔസേഫ് ചാക്കോ

1933 ജൂലൈ ഏഴിന് ജനനം.
2015 മാർച്ച് 29ന് മരണം.

ഭാര്യ: ഗ്രേസി

മക്കൾ: ജോസ്മോൻ, അമീന, അബി, സ്റ്റീഫൻ, ജോണി, ഷൈനി, ബിനു.

ഔസേഫ് ജോൺ

1937 നവംബർ 15ന് ജനനം.
2022 ജനുവരി 22ന് മരണം.

ഭാര്യ: പെണ്ണമ്മ

മക്കൾ: റിനി, റെജി, റോയി, റോജർ.

കുടുംബ വിശേഷം





Through decades of service as an educator, academic leader, and entrepreneur, Prof. Antoney P. Joseph has built more than institutions-he has built opportunities, transformed lives, and inspired future generations.

Prof. Antoney P. Joseph

Shaping Futures Through Education, Innovation and Global Vision

Prof. Antoney P. Joseph's journey is a remarkable story of dedication, vision, and trans formative leadership in education. A distinguished mathematician, educator, and entrepreneur, who has successfully bridged the worlds of academic excellence and educational enterprise, impacting thousands of students across continents.

What began as a passion for mathematics evolved into a lifelong mission to create opportunities through quality education. From his early years as a Mathematics teacher to becoming the founder and leader of an internationally recognized educational institutions in Botswana, Zambia, and India, Dr. Anthoney Joseph Parathod has consistently demonstrated that education is not merely about imparting knowledge-it is about shaping futures.

His educational ventures, including Gaborone University College of Law and Professional Studies (GUC) in Botswana, Queensgate University College of Health Sciences in Zambia, and Prabhat Residential Public School in Kerala, stand as testaments to his commitment to academic excellence, innovation, and student empowerment. Through these institutions, he has created pathways for thousands of learners to access quality education, professional development, and global career opportunities.

His primary objective in launching an educational venture abroad was to provide students with access to job-oriented education and greater career opportunities.



Prabhath
RESIDENTIAL PUBLIC SCHOOL



From Teaching to Educational Entrepreneurship

Prof. Antoney's love for mathematics began in his early school years and grew stronger as he advanced through his studies. He chose Science as his preferred subject for his pre-degree studies and later pursued a bachelor's degree with Mathematics as his major. After graduating in Mathematics from SB College, Changanassery, he earned a Master's degree in Mathematics, a BEd., and a PhD. from Bhagalpur University.

From 1961 to 1993, he served as a teacher at Mount Assisi School in Bihar. In 1994 he joined in a educational institution in Botswana, Southern Africa. The Gaborone University College of Law and Professional Studies (GUC) has since grown into an institution that can compete with many leading educational establishments around the world.

His primary objective in launching an educational venture abroad was to provide students with access to job-oriented education and greater career opportunities. Today, the institution attracts not only international students but also students from Kerala and various parts of India. During this period, Prof. Antoney received a PhD. in Education from a university in Zambia and was awarded a professorship by another Zambian university.

A Different Approach to Education

According to Prof. Antoney, the educational system followed in many foreign countries is significantly different from that of India. Beyond textbook knowledge, students are taught essential life skills, social awareness, and practical knowledge appropriate to their age. They are also guided in identifying suitable career paths after completing their education.

He believes that education should help students gain clarity about their future professions and equip them with the skills needed to succeed. He intends to implement such educational practices in the institutions under his leadership.

Prabhat Residential Public School

While continuing to manage his institutions abroad, Prof. Antoney chose to strengthen his roots in his homeland by becoming part of another educational venture. He assumed a leadership role at Prabhat Residential Public School in Karimugal, Ernakulam, with the vision of creating greater opportunities for higher education and employment abroad for students.

The school is situated in a serene and scenic location away from the bustle of the city. It offers modern facilities, including smart classrooms, state-of-the-art sports grounds, a well-equipped computer laboratory, and a library designed to support students' academic growth.



GABORONE UNIVERSITY COLLEGE OF LAW AND PROFESSIONAL STUDIES

Gaborone University College of Law and Professional Studies (GUC)

Gaborone University College of Law and Professional Studies (GUC) is a privately owned tertiary educational institution in Botswana. It offers a wide range of BQA-accredited and internationally recognized programmes designed to meet the career aspirations of its graduates and support the human capital development initiatives of the Government of Botswana.

Established in 2006, the institution has witnessed remarkable growth and now operates seven campuses across Botswana.

GUC offers a wide range of multidisciplinary programmes at master's, degree, diploma, and certificate levels. It is the only college in Botswana that offers Law programmes at both certificate and diploma levels. The institution also provides vocational training in fields such as Engineering, Construction, Agriculture, and related disciplines. These programmes are specifically designed to enable students to acquire practical skills through hands-on training in state-of-the-art workshops under the guidance of experienced instructors.

The college was established with a staff complement of three lecturers and two administrative personnel. It opened its doors to 40 students, all specializing in Law. Within a short period, the Certificate in Law programme received accreditation from the Botswana Training Authority (BOTA). In 2008, several business programmes were also accredited. August 2008 marked a historic milestone when the first batch of thirteen students graduated with Certificates in Law.

programmes are carefully selected to meet the needs of industry and commerce in Botswana, as well as aspiring entrepreneurs who wish to establish their own businesses or pursue self-employment opportunities anywhere in the world. Strategic partnerships with internationally recognized institutions enable GUC to benchmark its programmes and continuously improve them in response to the changing demands of the employment market.

Website: www.guc.ac.bw

Queensgate University College of Health Sciences

Queensgate University College of Health Sciences, located in Lusaka Province, Zambia, is one of the emerging higher education institutions making a significant contribution to healthcare education in Southern Africa.

Established on 2nd August 2024 under the leadership of Chairman and Founder Prof. Antoney Joseph Parathod, the institution began as Queensgate College of Health Sciences with a vision to provide quality healthcare education and produce competent professionals capable of serving communities locally and internationally.

Within a relatively short period, the institution has experienced remarkable growth and development, leading to its evolution into Queensgate University College of Health Sciences. This achievement reflects the institution's commitment to academic excellence, quality assurance, innovation, and sustainable growth.

Today, Queensgate University College of Health Sciences serves more than 200 students and employees approximately 15 to 20 academic and administrative staff



QUEENSGATE COLLEGE OF HEALTH SCIENCES

members. The institution has also attracted international students from neighbouring countries such as Zimbabwe and Malawi, demonstrating its growing reputation as a regional centre for higher learning in health sciences.

It offers diploma and bachelor's degree programmes in Health Sciences. The institution is committed to producing healthcare professionals who are academically competent, ethically grounded, and equipped with the practical skills required to address modern healthcare challenges.

Queensgate University College of Health Sciences has ambitious plans for expansion in the coming years. The institution aims to strengthen its School of Nursing, expand healthcare-related programmes, enhance research and innovation activities, and establish additional academic schools. Among its future plans is the introduction of Business and Management Studies programmes, creating broader educational opportunities for students while contributing to workforce development and economic growth in Zambia and the wider African region.

Education with Employment Opportunities

A defining principle of Prof. Antoney's educational philosophy is simple yet powerful: "Education should lead to opportunity."His institutions are designed to bridge the gap between academic learning and professional success by emphasizing employability, practical training, leadership development, and international exposure. Students are encouraged to pursue higher studies, global careers, and entrepreneurial ventures with confidence and competence.

A Legacy of Impact

Through decades of service as an educator, academic leader, and entrepreneur, Prof. Antoney P. Joseph has built more than institutions-he has built opportunities, transformed lives, and inspired future generations.

His enduring commitment to excellence continues to shape educational landscapes across continents, leaving a legacy that demonstrates the transformative power of education in creating a better future for individuals, communities, and nations.



Prof. Antoney Joseph receving Deepika International Education Award from Dr. C. V. Ananda Bose (Administrative Service officer and former Governor of West Bengal)

RICHMAX®
Finvest
Enrich your life...

ജനകീയ ബ്രാൻഡ് ആയി റിച്ച്മാക്സ് ഗ്രൂപ്പ്

അമരക്കാരനായി അഡ്വ. ജോർജ് ജോൺ വാലത്ത്

സ്വന്തമായി വരുമാനം നേടിയിരുന്ന ബാല്യമാണ് കേരളത്തിൽ ജനിച്ച് ഉത്തരേന്ത്യയിൽ ബാല്യകാലം ചെലവിട്ട റിച്ച്മാക്സ് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ അഡ്വ. ജോർജ് ജോൺ വാലത്തിനെ മറ്റ് സംരംഭകരിൽനിന്ന് വ്യത്യസ്തനാക്കുന്നത്. രക്തത്തിൽ അലിഞ്ഞ് ചേർന്ന സംരംഭകത്വം റിച്ച് മാക്സ് ഗ്രൂപ്പ് എന്ന സ്ഥാപനത്തിന് ഉദയം നൽകുകയായിരുന്നു. മാതാപിതാക്കൾ സ്ഥിരവരുമാനം ഉള്ളവരായിരുന്നെങ്കിലും വിദ്യാഭ്യാസത്തോടൊപ്പം ജോലി, ഇരുചക്രവാഹനത്തിൽ ഒറ്റയ്ക്ക് ഹിമാലയം വരെ ചുറ്റുക തുടങ്ങിയ ശീലങ്ങൾ ജീവിതത്തെ മാറ്റിമറിച്ചു. നോൺ ബാങ്കിംഗ്, ജ്വല്ലറി, ട്രാവൽസ്, കൺസൾട്ടൻസി എന്നീ നാല് മേഖലകളിലായി പടർന്ന് കിടക്കുന്ന ജനപ്രിയ സ്ഥാപനമായ റിച്ച് മാക്സ് ഗ്രൂപ്പിന്റെ അമരക്കാരനായി തിളങ്ങുന്നതിന് പിന്നിൽ വെല്ലുവിളികളെ കഠിന പ്രയത്നങ്ങളിലൂടെ നേരിട്ടാണ്.

ലോകം മുഴുവൻ കോവിഡ് വ്യാപനത്തിൽ സ്തംഭിച്ച് നിൽക്കുമ്പോഴാണ് 2020 നവംബർ ഒന്നിന് കൊച്ചിയിൽ റിച്ച്മാക്സ് ഫിൻവെസ്റ്റ് ആദ്യ കാൽവെയ്പ്പ് നടത്തുന്നത്. കോവിഡ് കാലഘട്ടത്തിൽ ഒരു ധനകാര്യ സ്ഥാപനം തുടങ്ങുന്നത് റിസ്ക് ആണെന്ന ഉപദേശങ്ങൾ നിരവധിയായിരുന്നു. എന്നാൽ, ഏത് സാഹചര്യത്തിലും ജീവിക്കാൻ കൈയിൽ പണം ഓരോ വ്യക്തിക്കും ആവശ്യമാണ്. മാർക്കറ്റിലെ ഈ ഡിമാൻഡ്, ഒരു നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനിയുടെ വളർച്ച ഉറപ്പാക്കുമെന്ന വിശ്വാസത്തിന് കോട്ടം തട്ടിയില്ല.

വിസ്മയമായി റിച്ച് മാക്സ് വളർച്ച

അഞ്ച് വർഷം പിന്നിടുമ്പോൾ 125 ബ്രാഞ്ചുകൾ ഉള്ള ഇന്ത്യയിലെ മുൻനിര സ്ഥാപനമായി റിച്ച്മാക്സ് ഫിൻവെസ്റ്റ് മാറി. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് പുറമെ ഒറീസയിലും റിച്ച്മാക്സിന് സാന്നിധ്യമുണ്ട്. സാധാരണക്കാരന്റെ അടിയന്തര ആവശ്യങ്ങൾക്ക് താങ്ങായി നിൽക്കുന്ന ഒരു 'ജനകീയ ബ്രാൻഡ്' എന്ന ഇമേജ് റിച്ച്മാക്സ് നേടിക്കഴിഞ്ഞു. വളർച്ചയുടെ ഭാഗമായി സ്വർണാഭരണ മേഖലയിലേക്ക് പ്രവേശിച്ചപ്പോൾ അവിടെയും സ്വീകാര്യത ലഭിച്ചു. വാലത്ത് ജ്വല്ലറി എന്ന പേരിൽ ആലുവ, കാഞ്ഞൂർ എന്നിവിടങ്ങളിൽ ബ്രാഞ്ചുകൾ ആരംഭിച്ചു. മൂന്നാമത്തെ ബ്രാഞ്ച് ചരിത്ര പ്രസിദ്ധമായ തമിഴ്നാട് കുളച്ചലിൽ തുടങ്ങി. രണ്ടു വർഷം മുൻപ് റിച്ച്മാക്സ് ടൂർസ് ആൻഡ് ട്രാവൽസ് പ്രവർത്തനം തുടങ്ങി. 70 ഓളം വിദേശ വിനോദ കേന്ദ്രങ്ങളിലേക്ക് ടൂർ പാക്കേജുകൾ നടത്തുന്നു. റിച്ച്മാക്സ് മാർക്കറ്റിംഗ് ആൻഡ് കൺസൾട്ടൻസി എന്ന വിഭാഗവും ഗ്രൂപ്പിന് ഉണ്ട്.



സാമൂഹ്യ പ്രതിബദ്ധത കൈവിടാതെ

മാനേജ്മെന്റ് ബിരുദാനന്തരബിരുദവും നിയമത്തിൽ ബിരുദവുമുള്ള അഡ്വ. ജോർജ് ജോൺ വാലത്ത് സാധാരണക്കാരന്റെ അടിയന്തര ആവശ്യങ്ങൾ നിർവഹിക്കുന്ന ചെറുകിട വായ്പകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനാണ് തീരുമാനിച്ചത്. പരമാവധി അഞ്ചു മിനിറ്റിനുള്ളിൽ സ്വർണ വായ്പകൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കി.

ജോർജ് ജോണിന്റെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ പ്രവർത്തനങ്ങളും റിച്ച്മാക്സ് നടക്കുന്നുണ്ട്. സ്പർശ് എന്ന പേരിൽ മയക്കുമരുന്ന് വിരുദ്ധ ബോധവൽക്കരണ പരിപാടികൾ ഇതിന്റെ ഭാഗമാണ്. സ്ഥാപനത്തിലെ ഓരോ ജീവനക്കാരന്റെയും പേരിൽ 1200 ഓളം മരങ്ങൾ ഇതുവരെ നട്ടുപിടിപ്പിച്ചു. ജിസിസി ട്രേഡ് കൗൺസിൽ നിയമിച്ച ട്രേഡ് കമ്മീഷണർ (സൗദി അറേബ്യ) കൂടിയാണ് വാലത്ത്.

ഐസിഐസിഐ ബാങ്ക് മുച്വൽ ഫണ്ടുകൾ കൈകാര്യം ചെയ്താണ് ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്. ബാങ്കേതര സ്ഥാപനങ്ങളിൽ രണ്ടു പതിറ്റാണ്ടോളം പ്രവർത്തിച്ചു. കാലയളവിൽ അടുത്തറിഞ്ഞ ഉത്തരേന്ത്യൻ വിപണിയുടെ സംസ്കാരവും പ്രവർത്തനരീതികളും പിൽക്കാലത്ത് റിച്ച്മാക്സിനെ ഒരു പാൻ - ഇന്ത്യ ബ്രാൻഡായി വളർത്താൻ സഹായിച്ചു.

റിച്ച്മാക്സ് എന്ന വിന്നിംഗ് ടീം

ഒരു വ്യക്തിയുടെ മാത്രം പ്രയത്നമല്ല ഒരു സംരംഭത്തിന്റെ വൻ വിജയത്തിന് പിന്നിൽ. ടീം സ്പിരിറ്റ് ആണ് സ്ഥാപനത്തിന്റെ വളർച്ചയെ മുന്നോട്ട് നയിക്കുന്നത്. അതിനായി സ്ഥാപനത്തിനകത്ത് മികച്ചൊരു ടീമിനെ അദ്ദേഹം വളർത്തിയെടുത്തു. ജോർജ് ജോണിനൊപ്പം അമ്മയായ ബിബിയാന ജോൺ വാലത്ത്, ഡയറക്ടർമാരായ ജോളി സി.എം., പ്രവീൺ ബാബു ആർ. എന്നിവരടങ്ങിയ ബോർഡ് ഓഫ് ഡയറക്ടേഴ്സും 14 ലധികം ഡിപ്പാർട്ട്മെന്റ് തലവന്മാരുമാണ് സ്ഥാപനത്തെ നയിക്കുന്നത്.

ബാങ്ക് ഇന്റഗ്രേഷൻ മുഖേന ആർബിഐ നിർദ്ദേശങ്ങൾ കർശനമായി പിന്തുടർന്ന് പണമിടപാടുകൾ ഡിജിറ്റലായാണ് നടക്കുന്നത്. ഉപഭോക്താവിന്റെ അക്കൗണ്ടിലേക്ക് നിമിഷങ്ങൾക്കുള്ളിൽ തുക എത്തുന്നു. റെഗുലേറ്ററി കംപ്ലയൻസ് ഡിജിറ്റൽ സംവിധാനം പണമിടപാടുകളിലെ റിസ്ക് കുറയ്ക്കുന്നു. വേഗതയും സുതാര്യതയും റിച്ച്മാക്സ് ഗ്രൂപ്പിന്റെ മികവിന്റെ അടയാളങ്ങളായി മാറി.

ഏറ്റെടുക്കൽ തന്ത്രം

പുതിയ ലൈസൻസിനായി കാത്തുനിൽക്കാതെ ട്രാക്ക് റെക്കോർഡ് ശരിയായ പഴയ എൻബിഎഫ്സികൾ ഏറ്റെടുക്കുന്നത് റിച്ച്മാക്സിന്റെ മാനേജ്മെന്റ് തന്ത്രം ആണ്. ഇത് സാമ്പത്തിക ലാഭവും സമയലാഭവും നൽകുന്നു. 2030 ഓടെ ഇന്ത്യയിലുടനീളം 1000 ബ്രാഞ്ചുകൾ എന്ന നാഴികക്കല്ലും, 2040 ഓടെ ഒരു ഷെഡ്യൂൾഡ് ബാങ്കായി ഉയരുകയെന്ന ദീർഘകാല ലക്ഷ്യവുമാണ് റിച്ച്മാക്സിനെ മുന്നോട്ട് നയിക്കുന്നത്. പ്രതിസന്ധികൾക്ക് മുന്നിൽ പതറാതെ, തന്ത്രപരമായ നീക്കങ്ങളിലൂടെ മുന്നേറിയാൽ ഏതൊരു സംരംഭത്തിനും വിജയം നേടാമെന്ന് അഡ്വ. ജോർജ് ജോണും റിച്ച്മാക്സും തെളിയിക്കുന്നു. ഒരു സംരംഭകൻ എന്നതിലുപരി ഒരു വിഷനറി ലീഡർ എന്ന നിലയിൽ അദ്ദേഹം പകർന്നുനൽകുന്ന പാഠങ്ങൾ പുതുതലമുറ സംരംഭകർക്ക് എന്നും വഴികാട്ടിയായിരിക്കും.





ബൈക്ക് റൈഡ് എന്ന ഹരം

ജീവിതവിജയം ആഘോഷിക്കാൻ ആഡംബര കാറുകൾ എന്ന സങ്കൽപത്തിൽ ജോൺ വാലത്ത് വിശ്വസിക്കുന്നില്ല. ചെറുപ്പത്തിലെ ശീലമാക്കിയ ദീർഘദൂര ബൈക്ക് റൈഡിംഗ് ഇപ്പോഴും ആസ്വദിക്കും. 2026 ലും അതിന് മാറ്റമില്ല. ഹിമാലയൻ യാത്ര മൂന്നാമതും നടത്തി. ബൈക്കിൽ കറങ്ങി കുശലം പറയുന്ന എംഡിയെ ആലുവക്കാർക്ക് സുപരിചിതമാണ്. നിരന്തരം ജനങ്ങളുമായുള്ള ബന്ധം റിച്ച്മാക്സ് ഗ്രൂപ്പിന്റെ അവിഭാജ്യ ഘടകമാണ്.



വിഷ്ണു നമ്പൂതിരി

കാലത്തിന് മുമ്പേ നടന്ന മഹാ സംരംഭകൻ



എളിയ രീതിയിലുള്ള തുടക്കം. പിന്നീട് നലം തികഞ്ഞ സംരംഭകനായി ഹോം മാർക്കറ്റിംഗിൽ ലോകം കീഴടക്കിയ ചരിത്രമാണ് ബ്രാഹ്മിൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ വി. വിഷ്ണു നമ്പൂതിരിയുടേത്. 1987 -ലാണ് ഭക്ഷ്യോത്പന്ന വിതരണ മേഖലയിലേയ്ക്ക് ഇദ്ദേഹം കാലെടുത്തു വച്ചത്. പ്രഭാതത്തിൽ പ്രാർഥനാ നിർഭരമായ മനസുമായി നെറ്റിയിൽ നീട്ടി വരച്ച ചന്ദനക്കുറി ചാർത്തി, സുസ്മേര വദനനായി മുളകുപൊടി നിറച്ച ബാഗ് സൈക്കിളിൽ തൂക്കിയിട്ട് തൊടുപുഴ നഗരത്തിലെ കടകൾ തോറും കയറിയിറങ്ങി വില്പന നടത്തിയ കാലം. ഏറെ വൈകാതെ സ്കൂട്ടറിലും മിനി വാനിലുമായി കച്ചവടം. തുടർന്ന് കേരളത്തിലും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും ബ്രാഹ്മിൻസ് ഫുഡ് പ്രോഡക്ട്സിന്റെ ഉത്പന്നങ്ങൾ ധാരാളമായെത്തി. അധികം വൈകാതെ കരയും കടലും കടന്ന് രാജ്യാന്തര തലത്തിലേയ്ക്ക് ബ്രാഹ്മൺസിന്റെ യശസ് ഉയർന്നു. ഈ വളർച്ചയ്ക്കു പിന്നിൽ ചാലക ശക്തിയായി വർത്തിച്ചത് ഗുണമേൻമയിലെ വിട്ടുവീഴ്ചയില്ലാത്ത നിഷ്കർഷയും ഇടപാടുകാരുമായുള്ള സൗഹൃദത്തിന്റെ നയതന്ത്രവുമായിരുന്നു. ഉപഭോക്താക്കളുടെ പിന്തുണയാർജിച്ച് വിശ്വസ്തതയുടെ പാരമ്പര്യവുമായി മുന്നേറിയ ബ്രാഹ്മിൻസിനെ ജനങ്ങൾ ഇരു കൈയും നീട്ടി സ്വീകരിച്ചപ്പോൾ ഉത്പന്നങ്ങൾ അടുക്കള കീഴടക്കുകയായിരുന്നു.

തുടക്കം എണ്ണൂറു രൂപ മുതൽ മുടക്കിൽ

പുതുക്കുളത്ത് മന വിഷ്ണു നമ്പൂതിരി കൈ വയ്ക്കാത്ത ബിസിനസ് മേഖല കുറവാണ്. തേങ്ങ, വെളിച്ചെണ്ണ, ചെരുപ്പ് എന്നിവയുടെ വ്യാപാരം ഉൾപ്പെടെ ഇരുപതിലേറെ സംരംഭങ്ങൾക്കാണ് ഇദ്ദേഹം തുടക്കമിട്ടത്. ഇതിനു ശേഷമാണ് ഭക്ഷ്യോത്പന്ന മേഖലയിലേയ്ക്ക് കടന്നത്. എണ്ണൂറു രൂപ മുതൽ മുടക്കിലായിരുന്നു രംഗപ്രവേശം. അന്ന് ഈ മേഖലയിൽ കുത്തകകളില്ല. മട്ടാഞ്ചേരിയിൽ സഹായിയ്ക്കൊപ്പം നേരിട്ടെത്തി മുളകെടുത്ത് ഉണക്കിപ്പൊടിച്ച് ചെറു പായ്ക്കറ്റുകളിലാക്കി തൊടുപുഴ നഗരത്തിലെ കടകളിൽ എത്തിക്കുകയായിരുന്നു പതിവ്. നേരം പുലരും വരെ പൊടികൾ പായ്ക്കറ്റുകളിൽ നിറയ്ക്കും. രാവിലെ പായ്ക്കറ്റുകൾ നിറച്ച് സൈക്കിളുമായി കടകളിലേയ്ക്കു തിരിക്കും.

ഉത്പന്നങ്ങൾക്ക് പ്രിയവും പ്രചാരവും ഏറിയതോടെ 30,000 രൂപ വായ്പയെടുത്ത് പൊടിയ്ക്കുന്ന മെഷീൻ സ്വന്തമാക്കി. ഇന്നും തൊടുപുഴ ഓഫീസിലെ ചില്ലുകൂട്ടിൽ ആദ്യത്തെ ഫ്ളവർ മിൽ സൂക്ഷിച്ചു വച്ചിട്ടുണ്ട്. ഈ മില്ലിൽ പൊടിഞ്ഞുതിർന്ന കറികൂട്ടുകളാണ് പിന്നീട് ബ്രാഹ്മിൻസിന്റെ പേരിനും പെരുമയ്ക്കും അടിത്തറ പാകിയത്. വിവിധ രുചിക്കൂട്ടുകളോടു കൂടിയ കറി പൗഡറുകളും അച്ചാർ പൊടികളും ധാന്യപ്പൊടികളും സുഗന്ധ വ്യഞ്ജനക്കൂട്ടുകളും ബ്രാഹ്മിൻസിന്റെ ബ്രാൻഡിൽ പിറവിയെടുത്തു. പഞ്ചായത്തിൽ ജോലിയുണ്ടായിരുന്ന ഭാര്യ എൻ. മഞ്ജരിയെ ഓഫീസിൽ വിടാൻ പോകുമ്പോഴും സ്കൂട്ടറിൽ ഉത്പന്നങ്ങൾ കരുതി വച്ചിട്ടുണ്ടാകും. ബ്രാഹ്മിൻസിന്റെ വളർച്ചയുടെ നാഴികക്കല്ലുകൾ ഓഫീസിന്റെ ചുവരുകളിൽ ആലേഖനം ചെയ്തിട്ടുണ്ട്.



രുചിപ്പെരുമ വിദേശത്തും

ഇന്ത്യയ്ക്കു പുറമെ പശ്ചിമേഷ്യ, യൂറോപ്പ്, കാനഡ, അമേരിക്ക, ഓസ്ട്രേലിയ എന്നിവിടങ്ങളിലെ അടുക്കളകളിലും ബ്രാഹ്മിൻസിന്റെ രുചിപ്പെരുമ അടുത്തറിഞ്ഞവർ ഏറെയാണ്. വൈവിധ്യമാർന്ന നൂറോളം ഉത്പന്നങ്ങൾ വിവിധ രാജ്യങ്ങളിലെ 120 വിതരണ ഏജൻസികളിലൂടെയാണ് വിപണിയിലെത്തുന്നത്. എണ്ണായിരത്തോളം ടൺ ഭക്ഷ്യ പദാർഥങ്ങളാണ് ഇത്തരത്തിൽ മാർക്കറ്റുകളിൽ വിൽപ്പനയ്ക്കായി എത്തുന്നത്. 2006 -ൽ എംബിഎ പഠനത്തിനുശേഷം വിഷ്ണു നമ്പൂതിരിയുടെ മകൻ ശ്രീനാഥ് വിഷ്ണു എക്സിക്യുട്ടീവ് ഡയറക്ടറായി ചുമതലയേറ്റതോടെ കമ്പനി വളർച്ചയുടെ പടവുകളിലൂടെ ജൈത്രയാത്ര തുടങ്ങി. കാലാനുസൃതമായ പ്രഫഷണലിസം ബ്രാഹ്മിൻസിന്റെ വിജയവഴിയിലെ മുഖമുദ്രയായി. തൊടുപുഴയ്ക്കു പുറമെ നെല്ലാട്, പൈങ്ങോട്ടൂർ എന്നിവിടങ്ങളിൽ സംസ്കരണ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ജപ്പാൻ സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് യൂണിറ്റുകളുടെ പ്രവർത്തനം. അച്ചാർ യൂണിറ്റും എറണാകുളം പുണിത്തുറയിൽ മാർക്കറ്റിംഗ് ഓഫീസും പ്രവർത്തിച്ചു വരുന്നു.

കറി പൗഡറുകൾ വിജയിച്ചതോടെയാണ് അച്ചാർ നിർമാണത്തിലേയ്ക്ക് വിഷ്ണു നമ്പൂതിരി കടന്നത്. അതിന് പ്രോത്സാഹനമായത് ഭാര്യാ പിതാവ് ഇലഞ്ഞി മഠത്തിൽമന നാരായണൻ നമ്പൂതിരിയാണ്. ഇല്ലത്തെ പ്രധാന വിഭവമായിരുന്നു അച്ചാറുകൾ. ഊണിന് സമയമാകുമ്പോൾ വലിയ ഭരണിയിൽ വിവിധയിനം അച്ചാറുകൾ തയാറായിട്ടുണ്ടാകും. ഇല്ലത്തെ രുചിവൈഭവത്തിന് പ്രചുരപ്രചാരം നൽകാനാണ് ശ്രീ വിഷ്ണു എന്ന പേരിൽ അച്ചാർ യൂണിറ്റ് ആരംഭിച്ചത്. പിന്നീട് ബ്രാഹ്മിൻസ് ബ്രാൻഡിൽ അച്ചാർ യൂണിറ്റ് വയനാട്ടിലേയ്ക്ക് മാറ്റുകയായിരുന്നു. ജീവനക്കാരും മാനേജ്മെന്റും തമ്മിലുള്ള ഹൃദ്യമായ ബന്ധം ബ്രാഹ്മിൻസിന്റെ വിജയത്തിന് നൽകിയ സംഭാവന ചെറുതല്ല. സംസ്ഥാന സർക്കാരിന്റെ പുരസ്കാരം ഉൾപ്പെടെ നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ഭാര്യ എൻ. മഞ്ജരി. മകൻ ശ്രീനാഥ് വിഷ്ണു, ഭാര്യ അർച്ചന ശ്രീനാഥ്. മക്കളായ ശിവാനി ശ്രീനാഥ്, മാനസി ശ്രീനാഥ് എന്നിവരടങ്ങുന്നതാണ് കുടുംബം. ബ്രാഹ്മിൻസ് ഫുഡ് പ്രോഡക്ട്സിന്റെ ബ്രാൻഡ് നെയിം, വിപണനം എന്നിവ വിപ്രോയ്ക്ക് കൈമാറിയെങ്കിലും ഉത്പന്നങ്ങളുടെ നിർമാണകരാർ ശ്രീനാഥ് വിഷ്ണുവിന്റെ നേതൃത്വത്തിലുള്ള വിഷ്ണു നമ്പൂതിരി പ്രൈവറ്റ് ലിമിറ്റഡിനാണ്.

ബ്രാഹ്മിൻസിന്റെ പ്രശസ്തി ആഗോള തലത്തിൽ എത്തിച്ച സ്ഥാപകൻ വിഷ്ണു നമ്പൂതിരി 2023 ജൂൺ 27 -നാണ് ലോകത്തോട് വിടപറഞ്ഞത്. ഈ മഹാ പ്രതിഭയുടെ കഠിനാധ്വാനത്തിൽ ചാലിച്ചെടുത്ത ജീവിതത്തിനു മുന്നിൽ ഒരായിരം പ്രണാമം.



Vishnu Namboothiri GROUP
Sustaining Trust Since 1968

പ്രഭാതത്തിൽ പ്രാർഥനാ നിർഭരമായ മനസുമായി നെറ്റിയിൽ നീട്ടി വരച്ച ചന്ദനക്കുറി ചാർത്തി, സുസ്മേര വദനനായി മുളകുപൊടി നിറച്ച ബാഗ് സൈക്കിളിൽ തൂക്കിയിട്ട് തൊടുപുഴ നഗരത്തിലെ കടകൾ തോറും കയറിയിറങ്ങി വില്പന നടത്തിയ കാലം.

ഉപഭോക്താക്കളുടെ പിന്തുണയാർജിച്ച് വിശ്വസ്തതയുടെ പാരമ്പര്യവുമായി മുന്നേറിയ ബ്രാഹ്മിൻസിനെ ജനങ്ങൾ ഇരു കൈയും നീട്ടി സ്വീകരിച്ചപ്പോൾ ഉത്പന്നങ്ങൾ അടുക്കള കീഴടക്കുകയായിരുന്നു.







ജേക്കബ് തോമസിന്റെ കരുത്ത്; കരയിലും കായലിലും പടർന്ന സാമ്രാജ്യം



തോമസ് ജേക്കബ്

നൂതനാശയങ്ങളും വൈവിധ്യവത്കരണവും ലക്ഷ്യപ്രാപ്തിയിലെത്തുമെന്നതിനു തെളിവാണ് ജേക്കബ് തോമസ് എന്ന ബിസിനസ് അതികായൻ. ഹോസ്പിറ്റാലിറ്റി, കൺസ്ട്രക്ഷൻ രംഗത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ഇദ്ദേഹം, വൈവിധ്യവത്കരണത്തിലൂടെ പിതാവ് തോമസ് ജേക്കബ് ആരംഭിച്ച വ്യവസായങ്ങൾ സ്വപ്നതുല്യമായ വളർച്ചയിലെത്തിച്ചു. കേരളത്തിലെ ഏറ്റവും വലിയ ഗ്രാനൈറ്റ് ക്വാറികളിൽ ഒന്നായ പ്ലാക്കാട്ട് ഗ്രാനൈറ്റ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, ടൂറിസം രംഗത്തെ നവതരംഗം ബ്ലൂ ജെല്ലി ക്രൂയിസ് ആൻഡ് റിസോർട്സ് എന്നിവയ്ക്കു ജേക്കബ് തോമസാണ് നേതൃത്വം നൽകുന്നത്. റിയൽ എസ്റ്റേറ്റ് ബിസിനസിലും നിർമാണരംഗത്തേക്കും കമ്പനി കടന്നുകഴിഞ്ഞു. വീടുകളുടെയും ബിസിനസ് സംരംഭങ്ങൾക്കാവശ്യമായ കെട്ടിടങ്ങളുടെയും നിർമാണവും ഇതിൽപെടും. വിനോദ സഞ്ചാര മേഖലയിൽ നൂതന ആശയങ്ങൾ അവതരിപ്പിച്ച് പുത്തൻ പദ്ധതികൾ നടപ്പാക്കിവരുന്നു.



പ്ലാക്കാട്ട് ഗ്രാനൈറ്റ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്

ജേക്കബ് തോമസും മാതാവ് കുഞ്ഞുമോൾ തോമസുമാണ് പ്ലാക്കാട്ട് ഗ്രാനൈറ്റ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഡയറക്ടർമാർ. പത്തനംതിട്ടയിൽ 1984 നവംബർ 30 ന് ആരംഭിച്ച ക്വാറി, മേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിൽ നിർണായകപങ്കാണ് വഹിക്കുന്നത്. നിർമാണപ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാ വസ്തുക്കളും കമ്പനി വിതരണം ചെയ്യുന്നു. പിഡബ്ല്യുഡി എ ക്ലാസ് കോൺട്രാക്ടർ ലൈസൻസുള്ള കമ്പനി പിഡബ്ല്യുഡി റോഡ്, കെട്ടിടങ്ങളുടെ നിർമാണവും സതേൺ റെയിൽവേയുടെ നിർമാണപ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പംതന്നെ കേരളത്തിന്റെ വികസനപുരോഗതിയിൽ പങ്കാളിയാവുകയാണ് കമ്പനിയുടെ ലക്ഷ്യം.

PG I PLAKKATTU GRANITE INDUSTRIES PVT. LTD.

BLUE JELLY CRUISES|RESORTS THE PERFECT BACKWATER EXPERIENCE

PG PSAND

ബ്ലൂ ജെല്ലി ക്രൂയിസ് ആൻഡ് റിസോർട്ട്സ്

വേമ്പനാട്ടുകായലിന്റെ അഭൗമമായ സൗന്ദര്യത്തിലേക്കുള്ള ഉല്ലാസയാത്രയും മറ്റ് വിനോദങ്ങളും ബ്ലൂ ജെല്ലി ക്രൂയിസ് ആൻഡ് റിസോർട്ട്സ് പ്രദാനം ചെയ്യുന്നു. ബ്ലൂ ജെല്ലി മരീന ബീച്ചിൽ സ്വിമ്മിംഗ് പൂളും ജലകേളികളും റസ്റ്റോറന്റും ഇൻഡോർ ഗെയിംമുകളും ആയുർവേദ സെന്ററും കരകൗശലവസ്തുക്കളുടെ പ്രദർശനവും വില്പനയുമൊക്കെ ചേർന്നു കിഴക്കിന്റെ വെനീസിൽ വിസ്മയമാണ് ഒരുക്കിയിരിക്കുന്നത്.

ബ്ലൂ ജെല്ലി ടോപസ്, ബ്ലൂ ജെല്ലി ഒണിക്സ്, ബ്ലൂ ജെല്ലി ഒപൽ, ബ്ലൂ ജെല്ലി ആംബർ, ബ്ലൂ ജെല്ലി പേൾ എന്നീ ഹൗസ് ബോട്ടുകളിലുള്ള സഞ്ചാരം സന്ദർശകരുടെ മനംകവരും. വിശാലമായ ബഡ്റൂമുകളും കൊതിയൂറും ഉത്തരേന്ത്യൻ, ദക്ഷിണേന്ത്യൻ വിഭവങ്ങളും കേരളത്തിന്റെ തനതു ഭക്ഷണവും അതിവ രുചിയോടെ പാകം ചെയ്യുന്ന അടുക്കളകളും അപകടത്തെ പ്രതിരോധിക്കാൻ കഴിയുന്ന ആധുനിക സംവിധാനങ്ങളും സന്ദർശകർക്ക് മറക്കാനാവാത്ത അനുഭവം സമ്മാനിക്കുമെന്നു തീർച്ച. സമാനതകളില്ലാത്ത സൗകര്യങ്ങൾ സഞ്ചാരികൾക്ക് ഒരുക്കി ബ്ലൂ ജെല്ലി വിനോദസഞ്ചാരികളെ കാത്തിരിക്കുകയാണ്. റിസോർട്ടിൽ എത്തുന്നതുമുതൽ പരിചയസമ്പന്നരായ സഹായികൾ ഓരോ അതിഥികൾക്കും ഒപ്പമുണ്ടാകുമെന്നത് ബ്ലൂ ജെല്ലിയുടെ പ്രത്യേകതയാണ്.

മനംകുളിരുന്ന കാഴ്ചകൾ സമ്മാനിക്കാൻ അതീവ സുരക്ഷ ഉറപ്പുവരുത്തുന്ന ജല പാതകളിലൂടെയാണ് സഞ്ചാരികളെയും വഹിച്ചുകൊണ്ട് ഓരോ ഹൗസ് ബോട്ടുകളും നീങ്ങുന്നത്. തിരക്കേറിയ കായൽ റൂട്ടുകൾ ഒഴിവാക്കിയാവും അവയുടെ യാത്ര. കായലിന്റെ ചലനങ്ങൾ അടുത്തറിയുന്ന അതിവിദഗ്ധരായ ക്യാപ്റ്റൻമാരും സംഘവുമാണ് ഹൗസ് ബോട്ടുകളെ നിയന്ത്രിക്കുന്നത്. നാടൻ വള്ളങ്ങളിൽ സഞ്ചരിച്ച് സൂര്യാസ്തമയ ദർശനം, പരമ്പരാഗത പാചക കലകളുടെ പ്രദർശനം, മീൻ പിടുത്തവും കള്ളു ചെത്തും, ചുണ്ടൻ വള്ളങ്ങളിലെ സഞ്ചാരം, പാടശേഖരങ്ങളിലെ നടത്തം, കരിമാടിക്കുട്ടൻ പ്രതിമാ സന്ദർശനം, കള്ള് ഷാപ്പ് സന്ദർശനം, ഗ്രാമദർശനം, കയർ നിർമാണം തുടങ്ങിയവ അവയിൽ ചിലതു മാത്രം. സാധാരണ ഉച്ചയ്ക്ക് 12.30 നു വെൽക്കം ഡ്രിംഗോടുകൂടി ബ്ലൂ ജെല്ലി ഹൗസ് ബോട്ടുകളിൽ പ്രവേശനം തുടങ്ങും.

ടൂറിസം മേഖലയോട് അതിവതാത്പര്യമുള്ള കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ ജേക്കബ് തോമസിന്റെ ദീർഘവീക്ഷണത്തിൽ വിരിഞ്ഞതാണ് ഭൂമിയിലെ സ്വർഗമെന്നു വിശേഷിപ്പിക്കാവുന്ന ബ്ലൂ ജെല്ലി. ആഗോള ശ്രദ്ധയാകർഷിക്കത്തവിധത്തിൽ ഈ സംരംഭത്തെ വളർത്തിയെടുക്കാൻ അദ്ദേഹം വഹിക്കുന്ന പങ്ക് നിസ്തുലമാണ്. ജേക്കബ് തോമസിന് ഇതിനോടകംതന്നെ ആ മേഖലയിൽ നിരവധി പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ളതും തികച്ചും വ്യത്യസ്തവുമായ റിസോർട്ടുകൾ നിർമിച്ച് ലോക ടൂറിസത്തെ കേരളത്തിലെത്തിക്കണമെന്നാണു ജേക്കബ് തോമസിന്റെ സ്വപ്നം. അതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ഭാര്യ ചാച്ചു ജേക്കബും മക്കളായ തോമസ്, കാതറീൻ, അന്ന എന്നിവരും നൂതനസംരംഭങ്ങളിൽ പിന്തുണയുമായി കൂടെയുണ്ട്.









ജെ.ജെ. ഗാർഡൻസ്
ഡ്രാഗൺ ഫ്രൂട്ട് വിസ്മയം



കുന്നിൻമുകളിൽ പത്തേക്കറോളം പരന്നുകിടക്കുന്ന ഡ്രാഗൺഫ്രൂട്ട് തോട്ടം, വിനോദസഞ്ചാരികളുടെ പ്രിയപ്പെട്ട ഇടം. കെ.എസ്. ജോസഫ് എന്ന റിട്ട. ബാങ്ക് മാനേജരുടെ നിശ്ചയദാർഢ്യവും കഠിനാധ്വാനവും മൂലം കരിമ്പാറകൂട്ടത്തിനു നടുവിൽ തീർത്ത പറുദീസയാണ് പത്തനംതിട്ട അത്തിക്കയത്തെ ജെ.ജെ. ഗാർഡൻ എന്ന ഡ്രാഗൺഫ്രൂട്ട് ഫാം. മേയ് മുതൽ ഒക്ടോബർ വരെയുള്ള സീസണിൽ, ഇവിടെനിന്നുള്ള ഡ്രാഗൺഫ്രൂട്ടിന് സ്വദേശത്തെയും വിദേശത്തെയും ആവശ്യക്കാർ ഏറെയാണ്. ജെ.ജെ. നാച്വറൽസ് എന്ന പേരിൽ ഡ്രാഗൺഫ്രൂട്ടിൽനിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങളും വിപണിയിൽ എത്തിക്കുന്നുണ്ട്.

റാന്നി അത്തിക്കയം കരിക്കുന്നേൽ കെ.എസ്. ജോസഫ് 41 വർഷത്തെ ഔദ്യോഗിക സർവീസിനുശേഷം അസി സ്റ്റന്റ് മാനേജർ തസ്തികയിൽ ഫെഡറൽ ബാങ്കിൽനിന്ന് വിരമിക്കുന്നത്. റിട്ടയർമെന്റിനുശേഷം കൃഷിയിലേക്ക് തിരിയാൻ തീരുമാനിച്ച ജോസഫ് അത്തിക്കയത്ത് രണ്ടേക്കർ ഭൂമി നേരത്തെ വാങ്ങിയിരുന്നു. പാറപ്രദേശത്തുള്ള ഭൂമിയിൽ റബറും പാഴ്മരങ്ങളുമായിരുന്നു. പാറയും ജലത്തിന്റെ ദൗർലഭ്യവുമുള്ള ഭൂമിയിൽ ഏതു കൃഷി വിജയിക്കുമെന്ന അന്വേഷണമാണ് ഡ്രാഗൺഫ്രൂട്ടിൽ എത്തിയത്. 2017 ൽ ബാങ്കിൽനിന്ന് വിരമിക്കുന്നതിനു മുമ്പ് തന്നെ ഡ്രാഗൺഫ്രൂട്ട് കൃഷിയിലേക്ക് തിരിഞ്ഞു. ആദ്യഘട്ടത്തിൽ ഇരുന്നൂറ് മൂട്ടെയാണ് നട്തത്. ഇതിൽനിന്ന് അമ്പതിനായിരത്തോളം രൂപയുടെ പഴം ലഭിച്ചതോടെ, കൂടുതൽ സ്ഥലത്തേക്ക് കൃഷി വ്യാപിപ്പിച്ചു. മലേഷ്യൻ റെഡ്, ഇസ്രേലി യെല്ലോ, അമേരിക്കൻ ബ്യൂട്ടി തുടങ്ങിയ ഇനങ്ങളാണ് കൃഷി ചെയ്തത്. കള്ളിമുൾ ചെടിയുടെ വർഗത്തിൽപ്പെടുന്ന ഡ്രാഗൺഫ്രൂട്ട് ചെടി താങ്ങുകാലിലാണ് വളർത്തുന്നത്. ഒരു കോൺക്രീറ്റ് താങ്ങുകാലിൽ നാല് ചെടിവരെ നടും. മൂന്നു വർഷം കൊണ്ട് പൂർണവളർച്ചയെത്തുന്ന ചെടിയിൽ, ഒന്നാംവർഷം തന്നെ പഴമുണ്ടാകുമെന്ന പ്രത്യേകതയുമുണ്ട്.

ജെ.ജെ. നാച്വറൽസ് എന്ന ബ്രാൻഡിൽ ഡ്രാഗൺഫ്രൂട്ട് ജാം, സ്ക്വാഷ്, സോഫ്റ്റ് ഡ്രിഗ്സ് എന്നിവയാണ് വിപണിയിൽ എത്തിക്കുന്നത്. ഒരു എക്സ്പോർട്ടർവഴി, വിദേശരാജ്യങ്ങളിലേക്ക് പഴം കയറ്റുമതി ചെയ്യുന്നുണ്ട്. ഒരേക്കറിൽനിന്ന് ഒരു ടൺ പഴമാണ് കെ.എസ്. ജോസഫ് ഉത്പാദിപ്പിക്കുന്നത്. വാച്ചർവർ ഉൾപ്പെടെയുള്ള സംവിധാനമുള്ള തോട്ടം സന്ദർശിക്കാൻ സീസണിൽ നിരവധിപേരാണ് എത്തുന്നത്.

ഭാര്യ റിട്ട. അധ്യാപിക ജെസിക്കുട്ടി, മകൻ ജോമിൻ (ആർക്കിടെക്ട്), ജസ്റ്റിൻ (സഹ്യാദ്രി കോ - ഓപ്പറേറ്റീവ് സൊസൈറ്റി), ജസ്റ്റിന്റെ ഭാര്യ ഡിന്റു, പേരക്കുട്ടി ജുവാൻ എന്നിവർ കെ.എസ്. ജോസഫിന്റെ കൃഷി പരീക്ഷണങ്ങളിൽ ഒപ്പമുണ്ട്. കാർഷികരംഗത്തെ കെ.എസ്. ജോസഫിന്റെ പ്രവർത്തനങ്ങൾക്ക് നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.





പൊതുരംഗത്തെ നിറസാന്നിധ്യം
കെ.എഫ്. വർഗീസ് കല്ലുമാടിക്കൽ
കേരള കോൺഗ്രസ് വൈസ് ചെയർമാൻ



കെ.എഫ്. വർഗീസ് കല്ലുമാടിക്കൽ ചങ്ങനാശേരിയുടെ സാമൂഹിക - സാംസ്കാരിക പൊതുമണ്ഡലത്തിൽ പ്രശോഭിക്കുന്ന വ്യക്തിത്വം. വിദ്യാഭ്യാസ കാലം മുതൽ ജനസേവനത്തിൽ അഭിരുചിയുണ്ടായിരുന്ന കെ.എഫ്. വർഗീസ് എന്ന നാട്ടുകാരുടെ പ്രിയപ്പെട്ട കെ.എഫ്. ജർമനിയിൽ പ്രവാസിയായിരുന്നപ്പോഴും പൊതുപ്രവർത്തനം തുടർന്നു. ചങ്ങനാശേരി എസ്ബി കോളജിൽനിന്ന് എം.എ. പൂർത്തിയാക്കി, ആദ്യം കെ.എസ്. ആർ.ടി.സിയിലും പിന്നീട്, ജർമനിയിലും തന്റെ ഔദ്യോഗിക ജീവിതം നയിച്ച ഇദ്ദേഹം, പ്രവാസജീവിതം അവസാനിച്ച് നാട്ടിൽ തിരിച്ചെത്തിയപ്പോഴും ജനസേവകന്റെ കുപ്പായം അഴിച്ചുവച്ചില്ല. സമൂഹത്തിനും സമുദായത്തിനുമായി തന്റെ ജീവിതം സമർപ്പിച്ചിരിക്കുകയാണ് ഈ മനുഷ്യസ്നേഹി.

വിദ്യാഭ്യാസകാലത്ത് ചങ്ങനാശേരി അതിരൂപത മിഷൻലീഗ് പ്രസിഡന്റ്, യുവദീപ്തി അതിരൂപതാ സെക്രട്ടറി, എസ്ബി കോളജ് കേരള സ്റ്റുഡന്റ്സ് കോൺഗ്രസ് (കെ.എസ്.സി) യൂണിറ്റ് പ്രസിഡന്റ്, പ്ലാനിംഗ് ഫോറം ജനറൽ സെക്രട്ടറി, കോളജ് യൂണിയൻ ചീഫ് സ്റ്റുഡന്റ് എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചു. പിന്നീട്, കെ.എസ്.ആർ.ടി.സി. ജീവനക്കാരനായപ്പോൾ ട്രേഡ് യൂണിയൻ നേതാവ്, കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡ് മെംബർ എന്നീ നിലകളിലും പ്രവർത്തിച്ചു. കെ.എസ്.ആർ.ടി.സി. കണ്ടക്ടർ സ്റ്റേഷൻ മാസ്റ്റർ ഇൻസ്പെക്ടർ ഫെഡറേഷൻ (സി.എസ്.ഐ.എഫ്.) സ്ഥാപക ജനറൽ സെക്രട്ടറിയാണ്. മുൻമന്ത്രി ടി.എസ്. ജോണിന്റെ പേഴ്സണൽ സ്റ്റാഫിലും പ്രവർത്തിച്ചിട്ടുള്ള കെ.എഫ്. നിലവിൽ സി.എസ്.ഐ.എഫ്. സംസ്ഥാന വർക്കിംഗ് പ്രസിഡന്റാണ്.

ജർമനിയിൽ രണ്ടു ലോക മലയാള സമ്മേളനത്തിനു ചുക്കാൻ പിടിച്ചു. 1986, 94 വർഷങ്ങളിൽ നടന്ന ഹെർമൻ ഗുണ്ടർട്ട് മൂന്നാം ലോകമലയാള സമ്മേളനം, അർണോസ് പാതിരി സ്മരക നാലാം ലോകമലയാള സമ്മേളനം ജനറൽ കൺവീനർ ആയിരുന്നു. മലയാള കലാ, സാഹിത്യ, സാംസ്കാരിരംഗത്തെ പ്രമുഖരെ ഇരു സമ്മേളനങ്ങളിലുമായി ജർമനിയിൽ എത്തിക്കുന്നതിന് കെഎഫ് നിർണായക പങ്ക് വഹിച്ചു. ജർമനി സന്ദർശിക്കുന്ന കേരളാ നേതാക്കൻമാർക്ക് രാഷ്ട്രീയഭേദമെന്യേ കെ.എഫ് ആശ്രയമായിരുന്നു. കേരളത്തിലെ പല ബൃഹത്പദ്ധതികൾക്കും ധനസമാഹരണത്തിന് എത്തിയ നേതാക്കൾക്കൊപ്പം പ്രവർത്തിക്കാനും കെ.എഫിന് സാധിച്ചു.

കേരള കോൺഗ്രസ് നിയോജമണ്ഡലം പ്രസിഡന്റ്, ജില്ലാ വൈസ് പ്രസിഡന്റ്, ജില്ലാ ഓഫീസ് ചാർജ് സെക്രട്ടറി, ജില്ലാ പ്രസിഡന്റ്, സംസ്ഥാന ട്രഷറർ, സംസ്ഥാന ജനറൽ സെക്രട്ടറി, സംസ്ഥാന വൈസ് ചെയർമാൻ എന്നീ പദവികൾ വഹിച്ചു. കേരള കോൺഗ്രസ് രാഷ്ട്രീയത്തിൽ ചെയർമാൻ സ്ഥാനം ഒഴികെ എല്ലാ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്.

ഭാര്യ ത്രേസ്യാമ്മ പായിപ്പാട് വെട്ടിക്കാട് കുടുംബാംഗം. മക്കളായ ജിൻസൺ, ജയ്സമ്മ, ജോസമ്മ എന്നിവർ ജർമനിയിൽ ജോലി ചെയ്യുന്നു. കൃഷിയെ സ്നേഹിക്കുന്ന തികഞ്ഞ കർഷകനായ കെ.എഫ്. വർഗീസ് 15 ഏക്കർ പുരയിടത്തിൽ കൃഷി നേരിട്ട് നടത്തുന്നു. തെങ്ങും കമുകും ചന്ദനവുമാണ് പ്രധാന കൃഷി. കായ് ഫലമുള്ള 250 തെങ്ങുകളും മൂവായിരത്തോളം കമുകും ആയിരം ചന്ദനവുമുണ്ട്. പൈതൃകമായ ലഭിച്ച നിലത്ത് നെൽകൃഷിയും വീടിനോടു ചേർന്ന പശുഫാമുമുണ്ട്.

സി.എ. ജോണി പള്ളിവാതുക്കൽ
ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ ആചാര്യൻ

കോതമംഗലത്തെ കർഷകകുടുംബത്തിൽനിന്നു തുടങ്ങി കൊച്ചി മഹാനഗരത്തിന്റെ ഹൃദയഭൂമികയിലേക്കെത്തി തന്റെ പ്രഫഷനിൽ അതുല്യവിജയത്തിന്റെ ഗാഥകളെഴുതിയൊരു ചാർട്ടേഡ് അക്കൗണ്ടന്റുണ്ട്. ചാർട്ടേഡ് അക്കൗണ്ടന്റുമാർക്കിടയിൽ ആചാര്യനെന്നു വിളിക്കേണ്ട വ്യക്തിത്വം, സി.എ. ജോണി പള്ളിവാതുക്കൽ. കണക്കുകളുടെയും ഓഡിറ്റുകളുടെയും ലോകത്ത് അനന്യമായ വെന്നിക്കൊടി പാറിച്ച സി.എ. ജോണി പള്ളിവാതുക്കൽ, തന്റെ കരിയറിൽ അതിശയിപ്പിക്കുന്ന മികവടയാളങ്ങളിലൂടെയാണ് ഈ മേഖലയിൽ ശ്രദ്ധേയനാകുന്നത്. കൊച്ചിയിലും കേരളത്തിലാകെയും ചാർട്ടേഡ് അക്കൗണ്ടന്റുമാർക്കിടയിലും അവരുടെ സേവനം സ്വീകരിക്കുന്നവർക്കിടയിലും സി.എ. ജോണി പള്ളിവാതുക്കലിന്റെയും ജോണി ആൻഡ് കോ ചാർട്ടേഡ് അക്കൗണ്ടന്റ്സ് എന്ന സ്ഥാപനത്തിന്റെയും തലപ്പൊക്കം സുപരിചിതമാണ്.

പ്രതിഭയുടെ മുദ്രകൾ

മൂന്നര പതിറ്റാണ്ടു പിന്നിട്ട വിശ്വസ്തതയും കാര്യക്ഷമവുമായ സേവനവഴികളാണ് സി.എ. ജോണി പള്ളിവാതുക്കലിനെയും അദ്ദേഹം നയിക്കുന്ന ജോണി ആൻഡ് കോ ചാർട്ടേഡ് അക്കൗണ്ടന്റ്സ് എന്ന സ്ഥാപനത്തിന്റെയും മികവടയാളങ്ങളെ അർഥപൂർണമാക്കുന്നത്. മികച്ച പ്രഭാഷകൻ കൂടിയായ സിഎ ജോണി പള്ളിവാതുക്കൽ, രാജ്യത്തിനകത്തും പുറത്തും മികവറിയിച്ച കോർപറേറ്റ് ട്രെയ്നർ കൂടിയാണ്. കുസാറ്റ്, ഇഗ്നോ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ് ഓഫ് ഇന്ത്യ (ഐസിഎഐ), കണ്ണൂർ യൂണിവേഴ്സിറ്റി, രാജഗിരി സ്കൂൾ ഓഫ് മാനേജ്മെന്റ് ഉൾപ്പടെ പ്രശസ്തമായ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഫിനാൻസ് ആൻഡ് ടാക്സേഷൻ വിഷയങ്ങളിൽ വിസിറ്റിംഗ് ഫാക്കൽട്ടിയായും ഇദ്ദേഹം സേവനം ചെയ്യുന്നുണ്ട്.

കൃഷിയിൽനിന്നു കണക്കിലേക്ക്

കോതമംഗലം കോട്ടപ്പടിയിലെ കാർഷിക കുടുംബത്തിൽ 1950 ലാണ് ജോണി പള്ളിവാതുക്കലിന്റെ ജനനം. കർഷകനായ തോമസ് ജോസഫും ഏലിയാമ്മ ജോസഫുമാണു മാതാപിതാക്കൾ. കച്ചിറമറ്റം കുടുംബാംഗമാണ് ഏലിയാമ്മ. ഉപ്പുകണ്ടം, കോട്ടപ്പടി സ്കൂളുകളിലും കോതമംഗലം മാർ അത്തനേഷ്യസ്, മൂവാറ്റുപുഴ നിർമല കോളജുകളുമായിരുന്നു പഠനം. ബിഎസ്സി മാത്തമാറ്റിക്സിനുശേഷം തൃശൂർ ഗവ. എൻജിനിയറിംഗ് കോളജിൽ കെമിക്കൽ എൻജിനിയറിംഗിന് അഡ്മിഷൻ കിട്ടി. എങ്കിലും നികുതിവകുപ്പിൽ ഉദ്യോഗസ്ഥനായ സഹോദരന്റെ മാർഗനിർദേശത്തിൽ സിഎ പഠനത്തിലേക്കു വഴിമാറുകയായിരുന്നു. 1980ൽ എറണാകുളത്തു സിഎയ്ക്കു ചേർന്നതു ജോണിയുടെ കരിയറിൽ പുതിയ വഴിത്തിരിവിന്റെ തുടക്കമായി. 1988ൽ സിഎ പാസായി. വേണുഗോപാൽ ആൻഡ് കമ്പനി, കുരുവിള ആൻഡ് ജോസ്, വർമ ആൻഡ് വർമ തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങളിലായിരുന്നു പരിശീലനം. സിഎ രംഗത്തെ പ്രമുഖനായ വേണുഗോപാൽ സി. ഗോവിന്ദ് ജോണിക്കു റോൾമോഡലാണ്. ഇതിനൊപ്പം എറണാകുളം ലോ കോളജിൽ ഈവനിംഗ് ബാച്ചിൽ നിയമപഠനവും നടത്തി. നിയമരംഗത്ത് ആഴത്തിലുള്ള അവഗാഹമുള്ള അപൂർവം ചാർട്ടേഡ് അക്കൗണ്ടന്റുമാരിൽ ഒരാളാണു ജോണി.

ജോണി ആൻഡ് കമ്പനി

1988ൽ രവിപുരത്തായിരുന്നു ജോണി ആൻഡ് കമ്പനിയുടെ തുടക്കം. ഇടപ്പള്ളിയിൽ 9200 ചതുരശ്ര അടി വിസ്തീർണത്തിൽ ഒരുക്കിയ ജെ ആൻഡ് കോ ചേംബേഴ്സ് എന്ന സ്വന്തം കെട്ടിടത്തിലാണ് 2007 മുതൽ സ്ഥാപനം പ്രവർത്തിക്കുന്നത്. ഇപ്പോൾ 40 ജീവനക്കാരും അനേകം പ്രമുഖ ക്ലയിന്റുകളുമായി ജോണി ആൻഡ് കമ്പനി മികവിന്റെ ഉയരങ്ങളിലാണ്.



ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ (ഐസിഎഐ) എറണാകുളം ശാഖ സ്റ്റുഡന്റ്സ് വിഭാഗം ചെയർമാൻ (199697), ശാഖ ചെയർമാൻ (19992000 സുവർണജൂബിലി വർഷം), കളമശേരി റോട്ടറി ക്ലബ് പ്രസിഡന്റ് (200102), കെഎംഎ, എഐഎംഎ അംഗം, ഇടപ്പള്ളി സെന്റ് ജോർജ് ഫൊറോന പള്ളിയിലെ ഫാമിലി യൂണിറ്റ് ഏകോപന സമിതി വൈസ് ചെയർമാൻ തുടങ്ങിയ നിലകളിലും സേവനം ചെയ്തിട്ടുണ്ട്.

2024 -ൽ ദീപിക ഏർപ്പെടുത്തിയ ഐക്കൺസ് ഓഫ് ദ ഇയർ പുരസ്കാര ചടങ്ങിൽ സിഎ പ്രഫഷണൽ എക്സലൻസ് അവാർഡ് സിഎ. ജോണി പള്ളിവാതുക്കൽ കരസ്ഥമാക്കിയിട്ടുണ്ട്. ജീവകാരുണ്യ പ്രവർത്തനരംഗത്തു സജീവമായ പള്ളിവാതുക്കൽ ജോസഫ് മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ മാനേജിംഗ് ട്രസ്റ്റിയാണ്.

കുടുംബം

കോതമംഗലം ഇലഞ്ഞിക്കൽ കുടുംബാംഗമായ റീനയാണു ജോണിയുടെ പത്നി. ഡോ. ഇ.സി. തോമസിന്റെയും ഡോ. തെരേസ് തോമസിന്റെയും മകളാണ് റീന. മകൾ നീനു ജോണി. മരുമകൻ അഡ്വ. വിവേക് വർഗീസ് ഇടമുറിക്കൽ, കൊച്ചുമകൾ ജെന്നി ജോർജിയേറ്റ് വിവേകുമാണ് മറ്റ് കുടുംബാംഗങ്ങൾ. തൊട്ടതെല്ലാം പൊന്നാക്കി മാറ്റിയ ജോണി ആൻഡ് കോ ചാർട്ടേഡ് അക്കൗണ്ടന്റ്സ് പ്രൊപ്രൈറ്റർ സിഎ. ജോണി പള്ളിവാതുക്കലിന്റെ മികവിന്റെ വഴികൾക്കു ശക്തമായ തുടർച്ചയാകാൻ സിഎ പഠനം നടത്തുന്ന മകൾ നീനു ജോണി, ജോണി ആൻഡ് കമ്പനിയുടെ സാരഥ്യത്തിലുണ്ട്. വിജയവഴികളേക്കുറിച്ചു സിഎ. ജോണി പള്ളിവാതുക്കലിനു പറയനുള്ളത് ഒന്നു മാത്രം. വിജയത്തിൽ രഹസ്യങ്ങളില്ല, നിശ്ചയദാർഢ്യവും ദീർഘവീക്ഷണവും അനുഭവസമ്പത്തും.. അതാണു പ്രധാനം.



ദീപിക 2024 ഐക്കൺസ് ഓഫ് ദ ഇയർ, സിഎ പ്രഫഷണൽ എക്സലൻസ് അവാർഡ്, ജോണി ആൻഡ് കോ ചാർട്ടേർഡ് അക്കൗണ്ടന്റ്സ് പ്രൊപ്രൈറ്റർ സിഎ ജോണി പള്ളിവാതുക്കൽ, ഭാര്യ റീന ജോണി, സിഎ വേണുഗോപാൽ സി. ഗോവിന്ദ് എന്നിവർ ചേർന്നു മന്ത്രി റോഷി അഗസ്റ്റിനിൽനിന്ന് ഏറ്റുവാങ്ങുന്നു.

SMR Group
Synonym of Loyalty

SMR®
ST. MARYS RUBBERS. PVT LTD

Mr. Sunny Jacob, Edackattu House, founder and Director of ST MARY'S RUBBERS (SMR) Group, who is the one hailing from a renowned rubber growing family of Kanjirappally, Kottayam has all the traits of typical agriculturist in his blood. He followed the path of his parents in cultivation of natural rubber and other cash crops right from days of his schooling, later he realized the potential of crop-based industries in Kerala.

As an enthusiastic entrepreneur he started his career as a rubber dealer. Meanwhile, he meticulously studied the rubber industry scenario in and out, fully comprehending its diversified field and opportunities. Then moved on to latex processing to become one of India's leading players in the field. Diversification is the backbone of every successful business man. As an innovative entrepreneur, In the year 2013, Mr. Sunny implemented the idea with the vision to become a trusted manufacturer and supplier of a broad range of medical gloves with superior safety and protection reliabiltiy. Under his directorship, SMR has reached it's heights and now SMR is the largest and reputed manufacturer and Exporter of Latex Surgical, Examination & Gynecological Gloves and currently exports to over 80 coutnries worldwide in the regions of America, Europe, Middle East, Africa etc. As an own-brand manufacturer SMR has developed a range of successful brands such as Medismart, Medismart Plus and Soteria which are trusted and recognized by laboratories, hospitals, and surgeons around the world. The company has got various certifications such as US FDA 510(K), CE 2460, ISO 9001: 2015, ISO: 14001: 2015, ISO 13485: 2016 and ISI.

As a recognition to his entrepreneurial skills, various organizations in India and abroad have given their awards and laurels to Mr. Sunny Jacob. Some of them are – 1) Best Entrepreneur Award by Department of Industries and Commerce, Kerala 2) Industrial Excellence Award by Rasthra Deepika, Kottayam. 3) Yuva Prathibha Puraskaram for Indutsrial Excellence etc.

Mrs. Mini Sunny W/o Mr. Sunny Jacob is a post graduate in commerce and has thorough knowledge on the business practices and well experienced in the indutsry. She was born in a family of business people in the year of 1970. She also took part in managing the day to day affairs of the Company. She acts as the Whole-time Director of ST MARY'S RUBBERS PRIVATE LIMITED and Director of S M R PLANTATION PRIVATE LIMITED. Her expertise and professional knowledge has helped the entities to be in better heights.

Later in the Year 2021 Mr. Akhil Sunny, S/o Mr. Sunny Jacob and Mini Sunny joined the company as Executive Director and CEO of the company. He is a MBA Graduate. During his school days itself, he was thoroughly involved in the operations of the company. Now he is the back bone of the company. His younger brother Mr. Arvin Sunny is doing graduation and is also involved in the family business.

As of now, SMR has created a lot of employment opportunities, wherein about 1000 people are enthusiastically working in different units located in various parts of the coutnry. Above all, it's nothing but the God's gift and blessings, as Mr. Sunny always says, made him to conquer the heights of a successful entrepreneur.



MR. SUNNY JACOB
WHOLE-TIME DIRECTOR



MRS. MINI SUNNY
WHOLE-TIME DIRECTOR



MR. AKHIL SUNNY
DIRECTOR



മുടിവളരാൻ ഇനി ശസ്ത്രക്രിയ വേണ്ട

ആത്മവിശ്വാസമുള്ള മുടിവളർച്ചയ്ക്ക് ഡി ലാപ്പ്

D Lapp
Hair Regenerative Clinic

മുടികൊഴിച്ചിൽ ഇന്ന് പലരുടെയും ജീവിതത്തിൽ ആത്മവിശ്വാസത്തെ തന്നെ ബാധിക്കുന്ന ഒരു പ്രശ്നമായി മാറിയിരിക്കുകയാണ്. കണ്ണാടിയുടെ മുന്നിൽ നിൽക്കുമ്പോൾ മുടി പതിയെ കുറയുന്നതായി കാണുന്നത് പലരെയും ആശങ്കയിലാക്കുന്നു. ചെറുപ്പക്കാരായാലും പ്രായമായവരായാലും പുരുഷന്മാരെയോ സ്ത്രീകളെയോ വ്യത്യാസമില്ലാതെ ബാധിക്കുന്ന ഒരു സാധാരണ പ്രശ്നമായി മുടികൊഴിച്ചിൽ മാറിക്കഴിഞ്ഞു.

ജീവിതശൈലിയിലെ മാറ്റങ്ങൾ, മാനസിക സമ്മർദം, പോഷകാഹാരക്കുറവ്, ഹോർമോൺ വ്യതിയാനങ്ങൾ, പരിസ്ഥിതി മലിനീകരണം തുടങ്ങി നിരവധി കാരണങ്ങൾ ഇതിനു പിന്നിലുണ്ട്. ഈ സാഹചര്യത്തിൽ പലരും പരിഹാരമായി തേടുന്നത് മുടി ട്രാൻസ്പ്ലാന്റേഷനെയാണ്. എന്നാൽ, ശസ്ത്രക്രിയ മാത്രമല്ല മുടിവളർച്ചയ്ക്ക് ആധുനികവും ശാസ്ത്രീയവും പാർശ്വഫലം ഇല്ലാത്തതുമായ മറ്റൊരു മാർഗമുണ്ടെന്ന് മലയാളികളെ പരിചയപ്പെടുത്തുകയാണ് സൗത്ത് ഇന്ത്യയിലെ ഏക സ്പെഷ്യലൈസ്ഡ് ഹെയർ റീജനറേറ്റീവ് ക്ലിനിക്കായ ഡി ലാപ്പ് ഹെയർ ക്ലിനിക്.



ട്രാൻസ്പ്ലാന്റേഷനല്ല ഏക പരിഹാരം

കഷണ്ടിയെന്ന പ്രശ്നത്തിന് ട്രാൻസ്പ്ലാന്റേഷൻ മാത്രമാണ് ഫലപ്രദമായ മാർഗമെന്ന ധാരണ ഇപ്പോഴും പലർക്കുമുണ്ട്. എന്നാൽ, തലച്ചർമ്മത്തിലെ കോശങ്ങളെ വീണ്ടും സജീവമാക്കുന്ന റീജനറേറ്റീവ് ചികിത്സയിലൂടെ മുടിവളർച്ച സാധ്യമാക്കാമെന്നാണ് ഡി ലാപ്പ് മുന്നോട്ട് വയ്ക്കുന്നത്.

ക്ലിനിക്കിന്റെ സ്ഥാപകനും ചീഫ് കൺസൾട്ടന്റുമായ ഡോ. നീരജ് രവിപ്രസാദ് പറയുന്നത് ഹെയർ ട്രാൻസ്പ്ലാന്റേഷൻ ഒഴിവാക്കാൻ കഴിയുന്ന ഫലപ്രദമായ ചികിത്സാ രീതിയാണ് റീജനറേറ്റീവ് ചികിത്സാ രീതിയെന്നാണ്. ട്രാൻസ്പ്ലാന്റേഷൻ ചെയ്താലും മുടികൊഴിച്ചിൽ പൂർണമായും ഇല്ലാതാകില്ല. റീജനറേറ്റീവ് ചികിത്സ വഴി മുടിയുടെ വളർച്ചയെ ശക്തിപ്പെടുത്തി മുടികൊഴിച്ചിൽ തടയുകയാണ് ചെയ്യുന്നത്. മാത്രമല്ല ട്രാൻസ്പ്ലാന്റേഷനേക്കാൾ ചികിത്സാ ചെലവും കുറവാണ്. ഗ്രേഡ് ആറ് വരെയുള്ള കഷണ്ടി ചെറിയ ചെലവിൽ തന്നെ പരിഹരിക്കാനാവും. ചില കേസുകളിൽ ഗ്രേഡ് ഏഴ് വരെ പോലും വിജയകരമായ ഫലങ്ങൾ ലഭിച്ചിട്ടുണ്ടെന്നും ഡോ. നീരജ് പറയുന്നു.



ശാസ്ത്രീയ അടിസ്ഥാനത്തിലുള്ള ചികിത്സ

ഡി ലാപ്പിൽ പൂർണമായും ശാസ്ത്രീയ അടിസ്ഥാനത്തിലുള്ള ചികിത്സാരീതികളാണ് പിന്തുടരുന്നത്. രോഗികളിൽനിന്ന് ശേഖരിക്കുന്ന രക്തം മറ്റ് മിശ്രിതങ്ങളൊന്നും ചേർക്കാതെ അൾട്രാ സെൻട്രിഫ്യുഗേഷൻ പ്രക്രിയയിലൂടെ പ്ലേറ്റ്ലെറ്റ് കൗണ്ട് വർധിപ്പിച്ച് ഫൈബ്രിൻ ലഭ്യത ഉറപ്പാക്കുന്നു.

ഇങ്ങനെ ലഭിക്കുന്ന പ്ലാസ്മയുടെ കൂടെ എക്സോസോംസും ഓർഗാനിക് സ്റ്റംസെൽസും ചേർത്ത് മൈക്രോ നീഡിലിംഗ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ത്വക്കിന്റെ പുറംപാളിയിൽ മാത്രം ഇൻജക്ട് ചെയ്യുന്നതാണ് ചികിത്സ. ബ്ലഡിലേക്ക് ഒന്നും കടത്തിവിടാത്തതിനാൽ പാർശ്വഫലങ്ങൾ ഉണ്ടാകില്ല. ഓരോരുത്തരുടെയും തലച്ചർമ്മത്തിന്റെ അവസ്ഥ, മുടിയുടെ സ്വഭാവം, ശരീരഘടന, ജീവിതശൈലി എന്നിവ വിലയിരുത്തിയ ശേഷമാണ് വ്യക്തിഗത ചികിത്സാ പദ്ധതി തയാറാക്കുന്നത്.

സ്റ്റം സെൽ ആക്ടിവേഷൻ വഴി മുടി പുനരുജ്ജീവനം

പുതുമയാർന്ന സമീപനമാണ് ഡി ലാപ്പിൽ സ്വീകരിക്കുന്നത്. ശസ്ത്രക്രിയാതീതമായ സ്റ്റം സെൽ ആക്ടിവേഷൻ പോലുള്ള ചികിത്സാരീതികളിലൂടെ തലച്ചർമ്മത്തിലെ നിദ്രാവസ്ഥയിലുള്ള കോശങ്ങളെ സജീവമാക്കുകയാണ് ലക്ഷ്യം. ശരീരത്തിന്റെ സ്വാഭാവിക പുനരുജ്ജീവന ശേഷിയെ ഉപയോഗപ്പെടുത്തുന്ന ഈ ചികിത്സകൾ മുടികൊഴിച്ചിൽ കുറയ്ക്കാനും ശക്തമായ മുടിവളർച്ചയ്ക്ക് സഹായിക്കാനും സഹായിക്കുന്നു. സ്വാഭാവികവും ആരോഗ്യകരവുമായി മുടിവളർച്ചയ്ക്കുള്ള സാഹചര്യം സൃഷ്ടിക്കുകയാണ് ചികിത്സയുടെ പ്രധാന ലക്ഷ്യം.

തലച്ചർമപ്രശ്നങ്ങൾക്കും സമഗ്രപരിഹാരം

മുടികൊഴിച്ചിലിനൊപ്പം തലച്ചർമവുമായി ബന്ധപ്പെട്ട മറ്റു പ്രശ്നങ്ങൾക്കും ഡി ലാപ്പിൽ ചികിത്സ ലഭ്യമാണ്. ഡാൻഡ്രഫ്, സെബോറിക് ഡെർമറ്റൈറ്റിസ് എന്നിവയ്ക്കുള്ള ചികിത്സ, ഗ്രോത്ത് ഫാക്ടർ കോൺസന്റ്രേറ്റ് തെറാപ്പി, ഐബ്രോസ്, ബിയേർഡ് ആൻഡ് മസ്റ്റാച്ച്, സമഗ്ര തലമുടി പരിശോധന തുടങ്ങിയ സേവനങ്ങൾ രോഗിയുടെ വ്യക്തിഗത ആവശ്യങ്ങൾ പരിഗണിച്ച് നൽകുന്നു. ക്ലിനിക് സന്ദർശിക്കുന്നവർക്ക് മുൻപ് ചികിത്സ നേടിയവരുടെ ഫലം രേഖപ്പെടുത്തിയ ഡോക്യുമെന്റേഷനും ഫോട്ടോ രേഖകളും നേരിട്ട് കാണാനുള്ള സൗകര്യവും ഇവിടെ ഒരുക്കിയിട്ടുണ്ട്.

ഗുണനിലവാരത്തിൽ വിട്ടുവീഴ്ചയില്ല

ഗുണനിലവാരത്തിലും ഫലപ്രാപ്തിയിലും വിട്ടുവീഴ്ച ചെയ്യാതെ മുന്നോട്ട് പോയതാണ് ഡി ലാപ്പിനെ ശ്രദ്ധേയമാക്കിയത്. ഐഎസ്ഒ 9001:2015 സർട്ടിഫിക്കേഷനും ഗൾഫ് കോർപറേഷൻ കൗൺസിലിന്റെ ജിസിസി അക്രഡിറ്റേഷനും ക്ലിനിക്കിന് ലഭിച്ചിട്ടുണ്ട്. ഇന്റർനാഷണൽ അക്രഡിറ്റേഷൻ ഫോറത്തിന്റെ ഐഎഎഫ് അംഗീകാരവും സ്ഥാപനത്തിനുണ്ട്. ഗൾഫ് രാജ്യങ്ങളിൽ പ്രവർത്തിക്കാൻ പ്രത്യേക ലൈസൻസുകളുടെ ആവശ്യമില്ലെന്നതും ഈ അംഗീകാരങ്ങളുടെ പ്രത്യേകതയാണ്. ക്ലിനിക്കിൽ ഉപയോഗിക്കുന്ന എല്ലാ പ്രോഡക്ടുകളും ഡ്രഗ് കൺട്രോളർ ജനറൽ ഓഫ് ഇന്ത്യയുടെ അനുമതി നേടിയവയാണ്.



Our Doctor Dr. Nieraj Raviprasad getting award for his excellence in aesthetic field from MLA Mr Anil Kumar on Jan 1st 2022



മൂന്നര വർഷത്തിൽ പതിനായിരം കസ്റ്റമേഴ്സ്

മൂന്നര വർഷത്തിനുള്ളിൽ പതിനായിരത്തിനടുത്ത് കസ്റ്റമേഴ്സിലേക്ക് എത്താൻ ഡി ലാപ്പിന് കഴിഞ്ഞിട്ടുണ്ട്. നിലവിൽ കോഴിക്കോട് രണ്ടും കൊച്ചിയിലെ കടവന്ത്രയിൽ ഒരു കേന്ദ്രവും പ്രവർത്തിക്കുന്നു. കേരളത്തിന് പുറത്തും വിദേശത്തുമായി ക്ലിനിക്കുകൾ ആരംഭിക്കാനുള്ള ശ്രമത്തിലാണ്.

ആത്മവിശ്വാസം തിരികെ നൽകുക ലക്ഷ്യം

ശാസ്ത്രീയമായി തെളിയിച്ച ചികിത്സാരീതികളിലൂടെ മുടി പുനരുജ്ജീവിപ്പിക്കാനും രോഗികളുടെ ആത്മവിശ്വാസം വീണ്ടെടുക്കാനും സഹായിക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്ന് ക്ലിനിക്കിന്റെ സ്ഥാപകനായ ഡോ. നീരജ് രവിപ്രസാദ് പറയുന്നു. സ്വന്തം തലയിലും സഹോദരന്റെ തലയിലും ഈ ചികിത്സ പരീക്ഷിച്ച് വിജയിച്ച ശേഷമാണ് അദ്ദേഹം ഇത് ഒരു സംരംഭമായി വികസിപ്പിച്ചത്. ശസ്ത്രക്രിയയില്ലാതെ മുടിവളർച്ചയ്ക്ക് വഴിയൊരുക്കുന്ന റീജനറേറ്റീവ് ചികിത്സാരീതികളിലൂടെ ആരോഗ്യകരമായ മുടിയും ആത്മവിശ്വാസവും ഒരുമിച്ച് തിരികെ നൽകുന്ന വിശ്വസനീയ കേന്ദ്രമായി മാറുകയാണ് ഇന്ന് ഡി ലാപ്പ് ഹെയർ ക്ലിനിക്.

ജെഎൻ ലൈറ്റ്സ്
നാടിന്റെ വെളിച്ചം



ഹൈമാസ്റ്റ്, മിനി മാസ്റ്റ് ലൈറ്റുകളിലൂടെ കേരളത്തെ പ്രകാശപൂരിതമാക്കിയ ജെഎൻ ലൈറ്റ്സ് ഉടമ സഞ്ജയ് വർഗീസ്. തിരിച്ചടികളിൽ തളരാതെ ഒരു നൂതന സംരംഭത്തെ മുന്നിൽനിന്ന് നയിച്ച ക്രാന്തദർശിയായ സംരംഭകൻ. തിരുവല്ല ആസ്ഥാനമായി പ്രവർത്തിക്കുന്ന ജെഎൻ ലൈറ്റ്സ് മധ്യതിരുവിതാംകൂറിൽ ആയിരത്തിലധികം ഹൈമാസ്റ്റ്/ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. എൽഇഡി ഹൈമാസ്റ്റ്, മിനി മാസ്റ്റ്, സോളാർ ലൈറ്റുകൾക്കൊപ്പം സോളാർ ഹൈബ്രിഡ് ലൈറ്റുകളും സ്ഥാപിക്കുന്ന നൂതന പദ്ധതി നടപ്പിലാക്കിവരുന്നു. പ്രധാനമന്ത്രിയുടെ മുഫ്ത് ബിജിലി യോജന പദ്ധതിയുടെ കീഴിൽ നിരവധി വീടുകളിലും സോളാർ പാനലുകൾ സ്ഥാപിച്ചു. മുൻ ബിസിനസിൽനിന്നേറ്റ തിരിച്ചടിയിൽ തളരാതെ 2013 ൽ സഞ്ജയ് വർഗീസ് ജെഎൻ ലൈറ്റ്സ് തിരുവല്ലയിൽ ആരംഭിച്ചു. ഓതറയിലെ മേരിവില്ല എന്ന സ്വന്തം വീടുതന്നെയായിരുന്നു ആദ്യത്തെ ഓഫീസ്. ഭാര്യ ലിസി നൽകിയ പതിനായിരം രൂപയിൽ തുടങ്ങിയ സ്ഥാപനം പതിമൂന്നുവർഷം പിന്നിടുമ്പോൾ 15 കോടി രൂപ വിറ്റുവരവുള്ള പ്രസ്ഥാനമായി വളർന്നു.

തുടക്കം അഞ്ചു കരാറിൽ

2013 ൽ അഞ്ചു കരാറുമായാണ് ജെഎൻ ലൈറ്റ്സ് ആരംഭിക്കുന്നത്. ഇന്ന് അമ്പതോളം കരാർ ജോലികൾ ചെയ്തുവരുന്നു. തുടക്കത്തിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പുതുപ്പള്ളി മണ്ഡലത്തിലും ലൈറ്റുകൾ സ്ഥാപിക്കാനായി. 2008ൽ ശശി തരൂർ എംപിക്കുവേണ്ടി തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിൽ കേരളത്തിലെ ആദ്യത്തെ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നത് സഞ്ജയ് വർഗീസ് ആണ്. മധ്യതിരുവിതാംകൂറിൽ പ്രവർത്തിക്കുന്ന ജെഎൻ ലൈറ്റ്, ചെറിയ പട്ടണങ്ങൾ ഉൾപ്പെടെ ഹൈമാസ്റ്റ്, മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചു. എംപി, എംഎൽഎ ആസ്തിവികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളും ചെയ്തുവരുന്നു. കൂടാതെ നിരവധി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലും ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. തുടക്കത്തിൽ ഹൈമാസ്റ്റ് ലൈറ്റിൽ മെറ്റൽ ഹാലജൻ ലാമ്പുകളായിരുന്നെങ്കിൽ ഇപ്പോൾ എൽഇഡി ലാമ്പുകളാണ് ഉപയോഗിക്കുന്നത്. എൽഇഡിയിലേക്ക് മാറിയതോടെ വൈദ്യുതോപയോഗം കുറയുകയും ലൈറ്റുകളുടെ പ്രചാരം വർധിക്കുകയും ചെയ്തു. ഒരു പ്രദേശത്ത് ലൈറ്റ് ഇട്ടാൽ, അതുമായി ബന്ധപ്പെട്ട് നിരവധി ഓർഡറുകൾ ലഭിക്കാൻ തുടങ്ങി. ഇതാണ് തങ്ങളുടെ വിജയരഹസ്യമെന്ന് സഞ്ജയ് വർഗീസ് പറഞ്ഞു. മധ്യതിരുവിതാംകൂറിലെ സർക്കാർ മേഖലയിൽ ഹൈമാസ്റ്റ്, മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന്റെ 90 ശതമാനവും ജെഎൻ ലൈറ്റ്സ് ആണ്.

പിന്നീട്, സോളാർ ലൈറ്റിലേക്കും സോളാർ ഹൈബ്രിഡ് ലൈറ്റിലേക്കും തിരിഞ്ഞു. ഇടുക്കിയിലെ മലയോര മേഖലയിൽ സോളാർ ഹൈബ്രിഡ് ലൈറ്റുകൾ സ്ഥാപിച്ചു. 2022 - 23 സാമ്പത്തിക വർഷം മൂന്നാർ, ദേവികുളം, പള്ളിവാസൽ, മാങ്കുളം, കാന്തല്ലൂർ എന്നിവിടങ്ങളിലാണ് ഹൈബ്രിഡ് ലൈറ്റുകൾ സ്ഥാപിച്ചത്. മൊത്തം ഇടുക്കി ജില്ലയിൽ പദ്ധതി നടപ്പിലാക്കിവരുന്നു. ഗവൺമെന്റ് കോൺട്രാക്ടഡ് ഏജൻസികളായ KEL, SILK, KSI-, യുണൈറ്റഡ് ഇലക്ട്രിക്കൽസ്, ഇൻകെൽ എന്നിവയുടെ എംപാനൽ പട്ടികയിലുള്ള ജെഎൻ ലൈറ്റ്സ് ഇസ്റ്റലേഷൻ, ടെസ്റ്റിംഗ്, കമ്മീഷനിംഗ്, സർവീസ് എന്നിവ പിഎംസി അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. ഫിലിപ്സിന്റെ ഏറ്റവും വലിയ കരാറുകാരനാണ്. മുഫ്ത് ബിജിലി യോജന പദ്ധതിയിൽ എംപാനൽ ഉള്ള കമ്പനിയുമാണ്. ഗവൺമെന്റ് സെക്ടറിലും അനർട്ട്, എംഎൻആർഇ, കെഎസ്ഇബി എന്നിവയുടെയും അംഗീകാരമുള്ള പത്തനംതിട്ടയിലെ ഏക സ്ഥാപനമാണ് ജെഎൻ ലൈറ്റ്സ്.

ഗുണമേന്മ മുഖ്യം; പരാതി കുറവ്

ഗുണമേന്മയുള്ള ബ്രാൻഡഡ് ഉത്പന്നങ്ങളാണ് ഉപയോഗിക്കുന്നത്. അതിനാൽ, പരാതികൾ വളരെ കുറവാണ്. കംപ്ലെയിന്റുകൾ ഉണ്ടായാൽ പരിഹരിക്കുന്നതിനായി 24 മണിക്കൂറും നാല് എഎംസി വാഹനങ്ങൾ സജ്ജമാണ്. 48 മണിക്കൂറിനുള്ളിൽ പരാതികൾ പരിഹരിക്കുമെന്നും സഞ്ജയ് പറഞ്ഞു. ഹൈമാസ്റ്റ്, മിനി മാസ്റ്റ് ലൈറ്റുകൾക്ക് മൂന്നു വർഷത്തെ വാറണ്ടിയും പിന്നീട്, മൂന്നുവർഷം വാർഷിക അറ്റകുറ്റപ്പണിയും ചെയ്തു കൊടുക്കും. സോളാർ ലൈറ്റുകൾക്ക് അഞ്ചു മുതൽ പത്തുവർഷത്തെ വാറണ്ടി ഉണ്ട്. വിപണിയെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാടും നൽകുന്ന സേവനത്തെക്കുറിച്ചുള്ള അറിവും നൂതനാശയങ്ങളുമാണ് ജെഎൻ ലൈറ്റിനെ മറ്റുള്ളവരിൽനിന്നും വ്യത്യസ്തമാക്കുന്നത്.

നിലവിൽ പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി ജില്ലകളിലാണ് പ്രവർത്തനം. സിസ്റ്റം ഇന്റഗ്രേറ്റർ ആയി പ്രവർത്തിക്കുന്ന ജെഎൻ ലൈറ്റ് ടയർ വൺ ക്വാളിറ്റിയുള്ള ഘടകങ്ങളാണ് ഉപയോഗിക്കുന്നത്. ഹൈമാസ്റ്റ് ലൈറ്റിന് എൽ ആന്റി ടി ഉത്പന്നങ്ങളും വിക്രം, വാനി, അദാനി, റിലയൻസ് സോളാർ പാനലുകളും പോളിക്യാബ് കേബിളുകളും എക്സൈഡ് ബാറ്ററികളുമാണ് പ്രധാനമായും ഉപയോഗിക്കുന്നത്. ഗുണമേന്മയുള്ള മികച്ച ഘടകങ്ങൾ ഉപയോഗിക്കുന്നതിനാൽ, കംപ്ലെയിന്റുകൾ തീർത്തും കുറവാണ്.

നിലവിൽ, തിരുവല്ലയിലും തിരുവനന്തപുരത്തുമാണ് ജെഎൻ ലൈറ്റ്സിന് ഓഫീസ് ഉള്ളത്. തിരുവല്ല ഓതറയിൽ വീടിനോട് ചേർന്ന് ഓഫീസും നിർമാണ യൂണിറ്റുമുണ്ട്. 25 പേർ ജീവനക്കാരുണ്ട്. വർഷം 15 കോടി രൂപയുടെ ടേൺഓവറാണ് കമ്പനിക്കുള്ളത്. അടുത്ത സാമ്പത്തിക വർഷം ചെങ്ങന്നൂർ ഇൻസ്ട്രിയൽ എസ്റ്റേറ്റിൽ ഫാക്ടറി സ്ഥാപിച്ച്, സ്വന്തമായി നിർമാണ രംഗത്തേക്ക് തിരിയും. പ്രവർത്തനങ്ങൾ തിരുവനന്തപുരം മുതൽ തൃശൂർ വരെ വ്യാപിപ്പിക്കാനും ലക്ഷ്യമിടുന്നു.

ബിരുദവും ഇലക്ട്രിക്കൽ ഡിപ്ലോമയുമുള്ള സഞ്ജയ് വർഗീസിന് സിവിൽ, ഇലക്ട്രിക്കൽ ബി ക്ലാസ് ലൈസൻസ് ഉണ്ട്. ഭാര്യ ലിസി വർഗീസാണ് ജെഎൻ ലൈറ്റ്സിന്റെ എച്ച്ആർ വിഭാഗം കൈകാര്യം ചെയ്യുന്നത്. ബിരുദധാരിയായ മകൻ സച്ചിൻ തിരുവനന്തപുരം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. ഏഷ്യൻ സ്കൂൾ ഓഫ് ബിസിനസിൽനിന്ന് എംബിഎ പൂർത്തിയാക്കിയ മകൾ സാഞ്ജനയും ബിസിനസിൽ പങ്കാളിയാണ്. മുൻപ്രധാനമന്ത്രി മൊറാർജി ദേശായിയുടെ പേഴ്സണൽ സ്റ്റാഫിൽ അംഗമായിരുന്ന വി.പി. തോമസിന്റെയും ഇന്ത്യൻ റെയിൽവേയിൽനിന്ന് മേട്രണായി റിട്ടയർ ചെയ്ത മറിയാമ്മ വർഗീസിന്റെയും മകനാണ് സഞ്ജയ് വർഗീസ്. ബിസിനസ് രംഗത്തെ മികച്ച സംഭാവനകൾക്ക് നിരവധി പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

Sanjay Varghese: Father of High Mast Light





LISIE Cancer Centre

The best stand alone Oncology centre in central Travancore

ലിസി കാൻസർ സെന്റർ:

അർബുദ രോഗികൾക്ക് ആശ്വാസതീരം

അർബുദം രോഗത്തിനപ്പുറം അതു ജീവിതത്തിലെ വല്ലാത്ത ദുരിതമാണെന്നും ആവലാതിപ്പെടുന്നവർ നമുക്കു ചുറ്റും ഇന്നുമുണ്ട്. രോഗിയെ മാത്രമല്ല, രോഗിയുടെ കുടുംബത്തെയും പല അർഥങ്ങളിൽ അതു തളർത്തുന്നതു കൊണ്ടുതന്നെയാണ് അത്തരം ആവലാതികൾ ഉയരുന്നത്.

കാലം മാറി, അർബുദത്തിന്റെ കഥയും മാറി. കൃത്യസമയത്തു രോഗനിർണയം നടത്താനും ശരിയായ ചികിത്സയ്ക്കും ഇന്നു സാധ്യതകളും സംവിധാനങ്ങളും ഏറെയാണ്. അക്കാര്യത്തിൽ താങ്ങാവുന്ന നിരക്കിൽ സമഗ്രവും അത്യാധുനികവുമായ മികച്ച അർബുദചികിത്സ ലഭ്യമാക്കി ആരോഗ്യരംഗത്തു ശ്രദ്ധേയമാവുകയാണ് കൊച്ചിയിലെ ലിസി കാൻസർ സെന്റർ (എൽസിസി).

സമഗ്രം, സമ്പൂർണം

മെഡിക്കൽ ഓങ്കോളജിസ്റ്റ്, സർജിക്കൽ ഓങ്കോളജിസ്റ്റ്, റേഡിയേഷൻ ഓങ്കോളജിസ്റ്റ്, റേഡിയോളജിസ്റ്റ്, മറ്റ് ഹെൽത്ത് കെയർ പ്രൊഫഷണലുകൾ എന്നിവരുടെ കൂട്ടായ സേവനമാണ് ലിസി കാൻസർ സെന്ററിനെ വ്യത്യസ്തമാക്കുന്നത്. കാൻസറിനുള്ള ചികിത്സ എന്നതിലുപരി രോഗിയുടെയും കുടുംബത്തിന്റെയും ക്ഷേമത്തിനാണ് ഇവിടെ പ്രാധാന്യം.

സമഗ്രമായ കാൻസർ സ്ക്രീനിങ് പ്രോഗ്രാം ലിസി കാൻസർ സെന്റർ വാഗ്ദാനം ചെയ്യുന്നു. വിദഗ്ധനായ ഓങ്കോളജിസ്റ്റിന്റെ കൺസൾട്ടേഷനോടെ അത്യാധുനിക രോഗപരിശോധന, ചികിത്സാ ഉപകരണങ്ങളുടെ പിന്തുണ ഇവിടെ ഉറപ്പാക്കുന്നു.

സ്തനാർബുദം, ഗർഭാശയമുഴ കാൻസർ, കൊളൊറെക്റ്റൽ, ശ്വാസകോശ കാൻസർ, പ്രോസ്റ്റേറ്റ് കാൻസർ തുടങ്ങിയവ നേരത്തെ കണ്ടെത്തുന്നതിനുള്ള അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പരിശോധനകൾ ഇവിടെ ലഭ്യമാക്കുന്നു. ഡോക്ടർ മാർ കൃത്യമായ മാർഗനിർദേശങ്ങൾ നൽകുകയും വാക്സിൻ അടക്കമുള്ള ചികിത്സാ രീതികളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്യുന്നു.

അർബുദത്തിനു താങ്ങാവുന്ന നിരക്കിൽ സമഗ്രവും അത്യാധുനികവുമായ ചികിത്സ ലഭ്യമാക്കുകയാണ് കൊച്ചിയിലെ **ലിസി കാൻസർ സെന്റർ**

ശാസ്ത്രീയമാണ്, ശരിയാണ്

ശാസ്ത്രീയമായ ചികിത്സാ രീതി ഉറപ്പാക്കുകയാണ് ലിസി കാൻസർ സെന്റർ. ഇതിലൂടെ അനാവശ്യമായ ചികിത്സ ഒഴിവാക്കാനും സങ്കീർണമായ കേസുകൾക്ക് ശരിയായ ചികിത്സ ഉറപ്പാക്കാനും അവസരമൊരുക്കുന്നു. സർജന്മാരും എൻഡോക്രൈനോളജിസ്റ്റുകളും ന്യൂക്ലിയർ മെഡിസിൻ ഫിസിഷ്യന്മാരും ഓങ്കോളജിസ്റ്റുകളുമടങ്ങുന്ന വിദഗ്ധസംഘം ഓരോ രോഗിക്കും അനുയോജ്യമായ ചികിത്സാ പദ്ധതി തയാറാക്കുന്നു. രോഗം പൂർണമായും നീക്കം ചെയ്യാനുതകുന്ന കൃത്യമായ ശസ്ത്രക്രിയകൾ ഇവിടെ നടത്താനാകും.

കേരളത്തിൽ, പ്രത്യേകിച്ച് സ്ത്രീകൾക്കിടയിൽ തൈറോയ്ഡ് കാൻസർ വർധിച്ചുവരുന്നതായി എൽസിസിയിലെ ഡോ. സന്ദീപ് സുരേഷ് ചൂണ്ടിക്കാട്ടുന്നു. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ കാൻസർ രജിസ്ട്രി വിവരങ്ങൾ പ്രകാരം കാൻസർ രോഗബാധിതരുടെ എണ്ണത്തിൽ പ്രതിവർഷം 9.6 ശതമാനം വർധന രേഖപ്പെടുത്തുന്നുണ്ട്. ഇത് ആശങ്കാജനകമാണെങ്കിലും ആധുനിക പരിശോധനകളിലൂടെയും സ്ക്രീനിങ്ങിലൂടെയും ദോഷകരമായി മാറാൻ സാധ്യതയില്ലാത്ത ചെറിയ ട്യൂമറുകൾ പോലും കണ്ടെത്തപ്പെടുന്നു എന്നതാണ് കണക്കുകൾ കൂടാൻ കാരണം.

2050 ഓടെ ലോകത്ത് കാൻസർ രോഗികളുടെ എണ്ണത്തിൽ 77 ശതമാനം വർധനയുണ്ടാകുമെന്നാണ് ലോകാരോഗ്യ സംഘടനയുടെ വിലയിരുത്തൽ. 2022ലെ 20 ദശലക്ഷം രോഗികളിൽ നിന്ന് 2025 ആയപ്പോൾ അത് 35 ദശലക്ഷമായി. 2020ൽ ഇന്ത്യയിൽ 1.4 ദശലക്ഷം പുതിയ കേസുകൾ റിപ്പോർട്ട് ചെയ്തപ്പോൾ, 2025ൽ ഇത് 1.57 ദശലക്ഷമായി വർധിച്ചു. 2020 -25 കാലയളവിൽ കാൻസർ കേസുകളുടെ എണ്ണത്തിൽ 12.8 ശതമാനം വർധനയുണ്ടായതായി ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് ചൂണ്ടിക്കാട്ടുന്നു. 2040 ഓടെ ഇത് 2.08 ദശലക്ഷമാകുമെന്നാണു വിലയിരുത്തൽ - ഡോ. സന്ദീപ് പറഞ്ഞു.

മികച്ച ടീം

മികച്ച ഉപകരണങ്ങൾക്കൊപ്പം അത് ഫലപ്രദമായ രീതിയിൽ ഉപയോഗിക്കാൻ പരിശീലനവും അനുഭവസമ്പത്തും ആർജിച്ച ഡോക്ടർമാരും ഫിസിസിസ്റ്റുകളും ടെക്നോളജിസ്റ്റുകളും നഴ്സുമാരും അടങ്ങുന്ന മികച്ച ടീം എൽസിസിയുടെ പ്രത്യേകതയാണ്. എസ്ആർഎസ്, എസ്ബിആർടി തുടങ്ങിയ അത്യാധുനിക സാങ്കേതിക വിദ്യകൾക്കായി നിരവധി ക്ലിനിക്കൽ പ്രോട്ടോകോളുകൾ സ്ഥാപിക്കാനും ഫോസ്പിറ്റലിന് കഴിഞ്ഞു.

പാൻക്രിയാറ്റിക് കാൻസർ ബാധിച്ചവരിലെ കഠിനമായ വേദന നിയന്ത്രിക്കുന്നതിനായി "സീലിയാക് പ്ലെക്സസ് "(Celiac plexus)നായി സിംഗിൾ ഫ്രാക്ഷൻ റേഡിയോസർജറി ചെയ്ത രാജ്യത്തെ ആദ്യ സ്ഥാപനങ്ങളിലൊന്നാണ് എൽസിസിയെന്നും മാനേജ്മെന്റ് പറയുന്നു.

ഹെമറ്റോ-ഓങ്കോളജി വിഭാഗവുമായി സഹകരിച്ച് ടിഎംഎൽഐ പോലുള്ള നൂതന പ്രോട്ടോക്കോളുകളും ഇവിടെ നടപ്പാക്കുന്നു. സർജിക്കൽ ഓങ്കോളജി, പർമണോളജി വിഭാഗങ്ങളുമായി ചേർന്ന് സങ്കീർണമായ ചികിത്സകളും ചെയ്യുന്നുണ്ട്. കാൻസർ സർജറിയും പ്ലാസ്റ്റിക് സർജറിയും സംയോജിപ്പിച്ചു സർജറി വഴി ഓങ്കോപ്ലാസ്റ്റിക് ബ്രെസ്റ്റ് ശസ്ത്രക്രിയക്ക് ശേഷവും രോഗികൾക്ക് തങ്ങളുടെ ശരീരപ്രകൃതിയെ കുറിച്ച് ആത്മവിശ്വാസം ലഭിക്കുന്നു. ലിസി കാൻസർ സെന്ററിൽ രോഗികൾക്ക് മികച്ച ജീവിത നിലവാരം ഉറപ്പാക്കുന്നതിനായി പ്രത്യേക സ്പീച്ച് ആൻഡ് സ്വാലോയിങ് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്.

അനസ്തീഷ്യ നൽകുന്ന രീതിയിലുണ്ടാകുന്ന പോസ്റ്റ് -ഓപറേറ്റിവ് സങ്കീർണതകൾ രോഗി സുഖപ്രാപിക്കുന്നത് വൈകിപ്പിച്ചേക്കാം അതിനാൽ, എൽസിസിയിൽ ക്യാൻസർ ശസ്ത്രക്രിയകളിൽ അനസ്തീഷ്യയും റിക്കവറിയും ഓരോ രോഗിക്കും അനുയോജ്യമായ രീതിയിൽ പ്രത്യേകം തയാറാക്കുന്നു. വേഗത്തിൽ സുഖം പ്രാപിക്കുന്നതിനായി ഒപ്പിയോയിഡ് ഫ്രീ മർട്ടി-മോഡൽ അനൽ ജീസിയ, എൻഹാൻസ്ഡ് റിക്കവറി ആസ്റ്റേറ്റർ സർജറി തുടങ്ങിയ അത്യാധുനിക സംവിധാനങ്ങളാണ് ഇവിടെ ഉപയോഗിക്കുന്നത്. കാൻസർ തിരിച്ചുവരാനുള്ള ഘട്ടകങ്ങളെ കുറക്കുന്ന ഇത്തരം നൂതന രീതികൾ എൽസിസിയിൽ ഉണ്ട്.

ഹെമറ്റോ ഓങ്കോളജി - സ്റ്റെം സെൽ ട്രാൻസ്പ്ലാന്റ് സേവനം

മുതിർന്നവർക്കും കുട്ടികൾക്കും ഒരുപോലെ പ്രയോജനപ്രദമാകുന്ന വിധത്തിൽ സജ്ജീകരിച്ച അത്യാധുനിക സ്റ്റെം സെൽ ട്രാൻസ്പ്ലാന്റ് സംവിധാനം ലിസി ഹോസ്പിറ്റലിന്റെ പ്രത്യേക വിഭാഗമാണ്. രക്തസംബന്ധമായ അസുഖങ്ങൾക്കും കാൻസറിനും ശാശ്വത പരിഹാരം ലക്ഷ്യമിട്ടുള്ള ഈ വിഭാഗത്തിൽ മാച്ച്ഡ് റിലേറ്റഡ്, അൺ റിലേറ്റഡ്, ഹാപ്ലോ ഐഡന്റിക്കൽ സ്റ്റെം സെൽ ട്രാൻസ് പ്ലാന്റുകൾ നടത്തിവരുന്നു. കൂടാതെ അഡ്വാൻസ്ഡ് സെല്ലുലാർ തെറാപ്പിയുടെ ഭാഗമായി വിപ്ലവകരമായ കാർ -ടി സെൽ തെറാപ്പിയും ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്.

ടീം ഡോക്ടേഴ്സ് ലിസി കാൻസർ സെന്റർ ഡയറക്ടർ ഫാ. ഡോ. പോൾ കരേടനൊപ്പം.



എൽസിസി - പ്രധാന സവിശേഷതകൾ

- ഇന്റർനാഷണൽ ഗൈഡ് ലൈൻ അടിസ്ഥാനമാക്കിയുള്ള ചികിത്സാക്രമം
- ചികിത്സയ്ക്ക് വിവിധ വിഭാഗങ്ങളിലെ ഏറ്റവും വിദഗ്ധരായ ഡോക്ടർമാരുടെ ടീം
- സുസജ്ജമായ ന്യൂക്ലിയർ മെഡിസിൻ വിഭാഗം. ഇന്ത്യയിൽ തന്നെ ആദ്യമായി 180 സ്ലൈസ് ഡിജിറ്റൽ PET, CT CEM (Contrast enhance mammogram) സംവിധാനമുള്ള കേരളത്തിലെ ഏക സെന്റർ.

സുസജ്ജം ശസ്ത്രക്രിയാ വിഭാഗം

സങ്കീർണമായ കാൻസർ ശസ്ത്രക്രിയകൾ മുൻകൂട്ടി കണ്ടുകൊണ്ടാണ് എൽസിസിയിലെ ശസ്ത്രക്രിയ വിഭാഗം സജ്ജീകരിച്ചിരിക്കുന്നത്. നാല് അത്യാധുനിക മോഡുലാർ ഓപറേഷൻ തിയേറ്ററുകൾ ഇവിടെയുണ്ട്. ഓപറേഷൻ തിയേറ്ററിനോടൊപ്പം ഏറ്റവും പുതിയ മോണിറ്ററിങ് സംവിധാനങ്ങളുള്ള പോസ്റ്റ് -ഓപറേറ്റീവ് റിക്കവറി റൂമുകളും ഐസിയുവും ക്രമീകരിച്ചിരിക്കുന്നു. വിവിധതരം സ്കാനുകൾക്ക് പുറമെ, റേഡിയോ ആക്റ്റിവ് ഘടകങ്ങൾ ഉപയോഗിച്ചുള്ള ഫലപ്രദമായ ചികിത്സകളും ഇവിടെ ലഭ്യമാണ്. ഇതിൽ പ്രധാനപ്പെട്ട ഒന്നാണ് തൈറോയ്ഡ് സംബന്ധമായ രോഗങ്ങൾക്കുള്ള ഹൈഡോസ് റേഡിയോ അയോഡിൻ ചികിത്സ. ശസ്ത്രക്രിയക്കു ശേഷം അവശേഷിക്കുന്ന രോഗാണുക്കളെ നീക്കം ചെയ്യാനും രോഗം വീണ്ടും വരുന്നത് തടയാനും ഈ രീതി ഉപയോഗിക്കുന്നു.

ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പടർന്ന ന്യൂറോ എൻഡോക്രൈൻ ട്യൂമറുകൾക്കും പ്രോസ്റ്റേറ്റ് കാൻസറിനുമുള്ള പിആർആർടി ചികിത്സ, TARE (Transarierial Radioembolization), ലിവർ കാൻസർ (Hepatocellular Carcinoma) എന്നിവയ്ക്കുള്ള അത്യാധുനിക ചികിത്സ തുടങ്ങിയവയും ഇവിടെ ചെയ്യുന്നുണ്ട്.

കാർ -ടി സെൽ തെറാപ്പി

ലിംഫോമ, അല്ലെങ്കിൽ ലുക്കീമിയ പോലുള്ള ചില പ്രത്യേകതരം കാൻസറുകൾക്ക് നൽകുന്ന അത്യാധുനിക ചികിത്സാരീതിയാണ് കാർ -ടി (CART) സെൽ തെറാപ്പി. കീമോ തെറാപ്പിയോട് പ്രതികരിക്കാത്തതോ, സ്റ്റെം സെൽ ട്രാൻസ്പ്ലാന്റിന് ശേഷം വീണ്ടും വന്നതോ ആയ കാൻസറുകൾക്കാണ് ഇത് പ്രധാനമായും ഉപയോഗിക്കുന്നത്. കേരളത്തിൽ ഈ ചികിത്സ ലഭ്യമായ ചുരുക്കം കേന്ദ്രങ്ങളിൽ ഒന്നാണ് ലിസി കാൻസർ സെന്റർ. രാജ്യാന്തര തലത്തിലുള്ള ചികിത്സാ ചെലവിന്റെ പത്തിലൊന്ന് ചെലവിൽ ലിസിയിൽ ഈ സൗകര്യം ലഭ്യമാകുന്നു.

മിതമാണ് ചെലവ്

സാങ്കേതിക പുരോഗതിക്കൊപ്പം ചികിത്സാ ചെലവ് മിതമാക്കാനും എൽസിസി ശ്രദ്ധിക്കുന്നു. രോഗനിർണയത്തിനും അതിന്റെ തീവ്രത അറിയാനുമായി നടത്തുന്ന സിടി, എംആർഐ, പിഇടി, സിടി തുടങ്ങിയ പരിശോധനകളും തുടർന്ന് നടത്തുന്ന ബയോപ്സിയും താരതമ്യേന കുറഞ്ഞ നിരക്കിൽ ഇവിടെ നടത്താനാകും.

ഓങ്കോളജി രംഗത്ത് നടക്കുന്ന പുതിയ ഗവേഷണങ്ങളും പുതിയ മരുന്നുകളുടെ വരവ് ഈ രംഗത്തു പൊതുവേ ചെലവ് വർധിപ്പിക്കുന്നുണ്ട്. പല മരുന്നുകൾക്കും പേറ്റന്റ് ഉള്ളതിനാലും വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യേണ്ടതിനാലും വില കൂടുതലാണ്. കൂടാതെ, ചികിത്സ നീണ്ടുനിൽക്കുന്നതും ഇടക്കിടെയുള്ള ആശുപത്രി പ്രവേശനവും പരിശോധനകളും സാമ്പത്തിക ബാധ്യത വർധിപ്പിക്കുന്നു. എന്നാൽ, മാനുഷിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് അത്യാധുനിക ചികിത്സ താരതമ്യേന താങ്ങാവുന്ന നിരക്കിൽ നൽകി എൽസിസി വ്യത്യസ്തമാകുന്നു.

സൗരോർജ്ജ രംഗത്ത് ദീർഘവീക്ഷണത്തിന്റെ 10 വർഷങ്ങൾ

GEPS® DISTRIBUTIONS

സോളാർ ഊർജ്ജ രംഗത്ത് കേരളത്തിൽ വിപ്ലവം സൃഷ്ടിച്ച് മുന്നേറുകയാണ് കണ്ണൂർ ചാലോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ജെപ്സ് സോളാർ. 2026 ലെ കണക്കനുസരിച്ച് ആഗോളതലത്തിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന ഇന്ത്യയുടെ സൗരോർജ വിപ്ലവത്തിൽ സജീവ പങ്കാളിയാണ് ജെപ്സ് സോളാർ. 10 വർഷം കൊണ്ട് സോളാർ മേഖലയിൽ തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിച്ച് മുന്നേറുകയാണ് ഈ കമ്പനി. 2016ൽ കൂടാളിയിൽ ജെപ്സിന്റെ ആദ്യത്തെ കമ്പനിയായ ഗ്രീൻ എനർജിയ ആരംഭിച്ചു. 2022ൽ സഹപ്രവർത്തകരെയും സുഹൃത്തുക്കളെയും ഉൾപ്പെടുത്തിക്കൊണ്ട് ജെപ്സിന്റെ മാതൃകമ്പനിയായ ജെപ്സ് എനർജി ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന് ചാലോട് തുടക്കം കുറിച്ചു.



സി.വി. നിധീഷ്
(മാനേജിംഗ് ഡയറക്ടർ)

മാർക്കറ്റിംഗിൽനിന്ന് ബിസിനസ് രംഗത്തേക്ക്

മറ്റ് മുൻനിര സോളാർ കമ്പനികളെ മറികടന്ന് തന്റേതായ സ്ഥാനം നേടിയെടുക്കാൻ ജെപ്സിനു കഴിഞ്ഞതിനു പിന്നിൽ മാനേജിംഗ് ഡയറക്ടർ സി.വി. നിധീഷിന്റെ കഠിനാധ്വാനവും ദീർഘവീക്ഷണവുമാണെന്ന കാര്യത്തിൽ തർക്കമില്ല. ശ്രീകണ്ഠാപുരം എസ്ഇഎസ് കോളജിൽനിന്നും ബിബിഎ പഠനം പൂർത്തിയാക്കിയശേഷം മാർക്കറ്റിംഗ് മേഖലയോടുള്ള താത്പര്യപ്രകാരം തൃശൂരിൽ സോളാർ കമ്പനിയിൽ ജോലിയിൽ ചേർന്നു.

ഊർജ മേഖലയിൽ അനന്തസാധ്യതകളുടെ അവസരമാണെന്ന് തുറന്നിടുന്നതെന്ന് തിരിച്ചറിഞ്ഞതോടെ അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുക എന്ന ലക്ഷ്യത്തോടെ ഇരുപത്തിനാലാം വയസിൽ കൂടാളിയിൽ ഗ്രീൻ എനർജിയ എന്ന കമ്പനി ആരംഭിച്ചു. 2016ൽ കേവലം ഒരു ജീവനക്കാരനെ മാത്രം വെച്ച് കൂടാളിയിൽ ആരംഭിച്ച സ്ഥാപനത്തിൽ ഇന്നു നൂറോളം ജീവനക്കാരുണ്ട്. സാധാരണ കുടുംബത്തിലായിരുന്നു നിധീഷിന്റെ ജനനം. പിതാവ് രവീന്ദ്രൻ നൽകിയ 50,000 രൂപ മൂലധനം ഉപയോഗിച്ച് ആരംഭിച്ച കമ്പനിക്ക് 2026 ആവുമ്പോഴേക്കും 50 കോടിയുടെ മുകളിൽ വിറ്റുവരവുണ്ട്.

കൂടാളി പഞ്ചായത്തിലെ കൊടോളിപ്രം രാഗേഷ് നിവാസിൽ രവീന്ദ്രൻ - ഗിരിജ ദമ്പതികളുടെ ഇളയ മകനാണ് സിവിനിധീഷ്. ഭാര്യ ശ്യാമയും ബിസിനസ് രംഗത്ത് ഇദ്ദേഹത്തിനു പൂർണപിന്തുണ നൽകുന്നുണ്ട്. മാധവ്, ധ്രുവ് എന്നിവർ മക്കളാണ്. സഹോദരൻ രാഗേഷും ജെപ്സ് സോളാർ ബിസിനസ് മേഖലയിൽ സജീവമാണ്. വിസ്മയയാണ് രാഗേഷിന്റെ ഭാര്യ. റിഥവ് ഇവരുടെ മകനാണ്. വി ഗാർഡ്, ഹൈക്കോൺ കമ്പനികളുടെ മികച്ച വിതരണക്കാർക്കുള്ള അവാർഡുകൾ തുടർച്ചയായി ഈ കമ്പനി നേടിയിട്ടുണ്ട്. മലയാളത്തിലെ ആദ്യദിനപത്രമായ ദീപികയുടെ യംഗ് എന്റർപ്രണർ അവാർഡും ലഭിച്ചിട്ടുണ്ട്.

ജെപ്സ് നല്കുന്നത് മികച്ച സേവനങ്ങൾ

സൗരോർജ സംവിധാനങ്ങളുടെ രൂപകൽപന, സൗരോർജ പാനൽ സ്ഥാപിക്കൽ, സൗരോർജ ഉപകരണങ്ങളുടെ വില്പന, അറ്റകുറ്റപ്പണി എന്നി സേവനങ്ങളാണ് ജെപ്സ് സോളാർ നൽകുന്നത്. വീടുകളിലും സ്ഥാപനങ്ങളിലും സൗരോർജ പാനലുകൾ സ്ഥാപിച്ച് ഊർജസ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം നിറവേറ്റാൻ ജെപ്സ് സോളാറിനു കഴിഞ്ഞിട്ടുണ്ട്. 2024 - 25 സാമ്പത്തിക വർഷത്തിൽ പ്രധാനമന്ത്രി സൂര്യഭവനം പദ്ധതിയിൽ കണ്ണൂരിൽ ഏറ്റവും കൂടുതൽ സോളാർ ഇൻസ്റ്റലേഷൻ വിജയകരമായി പൂർത്തിയാക്കിയ സോളാർ കമ്പനി എന്ന ബഹുമതിയും ജെപ്സ് സോളാറിന് ലഭിച്ചു.

കെഎസ്ഇബി റിപ്പോർട്ട് പ്രകാരം കേരളത്തിൽ സബ്സിഡി നൽകാൻ പറ്റുന്ന ആയിരത്തിലധികം വിതരണക്കാരിൽ നിന്നും ഏറ്റവും മികച്ച 15 കമ്പനികളുടെ പേര് പുറത്തു വിട്ടതിൽ കണ്ണൂരിൽ ഒന്നാം സ്ഥാനവും സംസ്ഥാനത്ത് ഏഴാംസ്ഥാനവും ജെപ്സിന് ലഭിച്ചത് അഭിമാനമാണ്. കേരള വിഷനുമായും തലശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുമായും സഹകരിച്ചു കൊണ്ട് കേരളത്തിൽ ഉടനീളം മികച്ച സേവനമാണ് ജെപ്സ് സോളാർ നൽകുന്നത്.

കേരളത്തിൽ 3000ത്തിലധികം സോളാർ പാനലുകൾ സ്ഥാപിച്ചതിലൂടെ കൂടുതൽ ഉയരങ്ങൾ കീഴടക്കുകയാണ് കമ്പനി. ജെപ്സ് ഡിസ്ട്രിബ്യൂഷൻസ് ഇന്ത്യ എൽഎൽപി (LLP) , ജെപ്സ് സോളാർ പ്രൊജക്ട് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, എന്നിവ സഹോദര സ്ഥാപനങ്ങളാണ്. വി ഗാർഡ്, ഹൈക്കോൺ, കിർലോസ്കർ എന്നീ കമ്പനികളുടെ ഡിസ്ട്രിബ്യൂട്ടർ കൂടിയാണ് ജെപ്സ് സോളാർ. ഇതുകൂടാതെ അദാനി, വാരി, വിക്രം തുടങ്ങിയ സോളാർ പാനലുകളും സ്ഥാപിച്ചുനൽകാൻ ജെപ്സ് സോളാറിന് കഴിയുന്നുണ്ട്. കണ്ണൂർ, കാസർഗോഡ്, വയനാട്, മലപ്പുറം, എറണാകുളം, കൊല്ലം എന്നിവിടങ്ങളിൽ ബ്രാഞ്ചുകളും 14 ജില്ലകളിൽ മാർക്കറ്റിംഗ് സർവീസിംഗ് ശൃംഖലയുമുള്ള ജെപ്സ് സോളാർ വരും കാലങ്ങളിൽ വിദേശ വിപണിയും ലക്ഷ്യമിടുന്നു.

ഗുണനിലവാരത്തിന് മുൻഗണന

സോളാർ കമ്പനി എന്ന നിലയിൽ ജെപ്സ് ഗുണനിലവാരത്തിനും ഉപഭോക്തൃ സേവനത്തിനുമാണ് എപ്പോഴും മുൻതൂക്കം നൽകുന്നതെന്ന് സിവി. നിധീഷ് പറയുന്നു. സോളാർ കമ്പനിക്ക് പുറമെ സൂപ്പർ മാർക്കറ്റ് രംഗത്തേക്കും ജെപ്സ് കടന്നു. ജെപ്സ് മാർട്ട് സൂപ്പർ മാർക്കറ്റ് ചെയിൻ കണ്ണൂർ ജില്ലയിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കേരളത്തിലെ എല്ലാ ജില്ലകളിലും സൂപ്പർ മാർക്കറ്റ് ആരംഭിക്കാനുള്ള തയാറെടുപ്പിലാണ് ജെപ്സ് മാർട്ട്. ഫാണ്ടർ ആൻഡ് മാനേജിംഗ് ഡയറക്ടർ സി.വി. നിധീഷിനൊപ്പം ഡയറക്ടർമാരായ എം.വി. വരുൺ, എം.പി. പ്രശോഭ്, ശ്രീനാഥൻ കാവുങ്കൽ, സുനിൽ കുമാർ എന്നിവരും ജെപ്സ് ഗ്രൂപ്പിന് ചുക്കാൻ പിടിക്കുന്നു. കൂടാതെ, നൂറിലധികം ജീവനക്കാരുടെ പിന്തുണയും സഹകരണവും ജെപ്സിന്റെ വിജയത്തിനു പിന്നിലുണ്ട്.



ജെപ്സിലെ ജീവനക്കാർ





VARUN N V
DIRECTOR-OPERATIONS (COMMERCIAL PROJECTS)



PRASOBH M P
DIRECTOR-OPERATIONS (RESIDENTIAL PROJECTS)



SREENATHAN KAVUNKAL
DIRECTOR-INVESTOR COMMUNICATIONS & BOARD RELATIONS



SUNIL KUMAR
DIRECTOR-INVESTMENT MERGERS & ACQUISITIONS

പീറ്റർ പോൾ പിട്ടാപ്പിള്ളിൽ
ഗൃഹോപകരണ വിപണിയുടെ സാരഥി

ചിട്ടാപ്പിള്ളിൽ®
ഏജൻസീസ് Pvt. Ltd.
THE MOST TRUSTED NAME IN TV, MOBILES AND APPLIANCES

ഗൃഹോപകരണ വിപണിയിൽ കേരളത്തിന്റെ മുഖമുദ്രയാണ് പിട്ടാപ്പിള്ളിൽ ഏജൻസീസ്. ഗുണനിലവാരത്തിലും ഉപഭോക്തൃസേവനത്തിലും അടിയാളപ്പെടുത്തിയ മികവിന്റെ മുദ്രകൾ പിട്ടാപ്പിള്ളിലിനെ മൂന്നര പതിറ്റാണ്ടോളമായി ഈ രംഗത്തു വിശ്വസ്തതയുടെ പര്യായമാക്കി. 37 വർഷത്തിലേക്കടുക്കുന്ന മഹത്തായ സേവന ചരിത്രവും കേരളത്തിലുടനീളമുള്ള 86 ഷോറൂമുകളുടെ ശൃംഖലയുമായി പുതിയ ഉയരങ്ങളിലേക്കു കുതിക്കുന്ന പിട്ടാപ്പിള്ളിൽ ഏജൻസീസിനു മലയാളിയുടെ ഹൃദയങ്ങളിലാണ് ഇടം. ഹോം അപ്ലയൻസസ് രംഗത്ത് കേരളത്തിൽ കമ്പനികൾ നിരവധിയാണ്. ഉപഭോക്താക്കൾക്കു തെരഞ്ഞെടുക്കാൻ ഓപ്ഷനുകൾ ധാരാളവും. അതിൽ വിശ്വാസത്തിന്റെയും കാലത്തിനൊത്ത പുതുമകളുടെയും ഗുണമേന്മയുടെയും പേരിലാണ് പിട്ടാപ്പിള്ളിൽ സവിശേഷ സ്ഥാനം സ്വന്തമാക്കുന്നത്.

സംസ്ഥാനത്തെ ഏറ്റവും വലുതും വിശ്വസനീയവുമായ ഗൃഹോപകരണ റീട്ടെയിൽ ശൃംഖലയാണ് പിട്ടാപ്പിള്ളിൽ ഏജൻസീസ്. മാനേജിംഗ് ഡയറക്ടർ പീറ്റർ പോൾ പിട്ടാപ്പിള്ളിലിന്റെ ദീർഘവീക്ഷണമുള്ള കാഴ്ചപ്പാടും സമർപ്പണവുമാണു ബ്രാൻഡിനെ അഭിമാനകരമായ ഉയരങ്ങളിൽ എത്തിക്കുന്നതിൽ മുഖ്യപങ്കു വഹിച്ചത്.

സ്നേഹപൂർവം 'പോളേട്ടൻ'

വ്യവസായ മേഖലയിലുള്ളവർ 'പോളേട്ടൻ' എന്ന് സ്നേഹത്തോടും ആദരവോടും കൂടി വിളിക്കുന്ന പീറ്റർ പോൾ പിട്ടാപ്പിള്ളിൽ, എൻജിനിയറിംഗ് പൂർത്തിയാക്കി 1973 ൽ ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിലാണു തന്റെ കരിയർ ആരംഭിച്ചത്. 1977 ൽ പ്രവാസലോകത്തേക്ക്. ലോകത്തിലെ ഏറ്റവും വലിയ എണ്ണക്കമ്പനിയായ ഗൾഫിലെ അരാംകോയുടെ സൗദി പ്ലാന്റിൽ ജൂനിയർ എൻജിനിയറായി ജോലിയിൽ പ്രവേശിച്ചു.

ജോലിയിലുള്ള സമർപ്പണത്തിനും അസാധാരണ മികവിനുമുള്ള അംഗീകാരമായി പത്തു വർഷത്തെ സേവന കാലയളവിൽ പലവട്ടം സ്ഥാനക്കയറ്റങ്ങൾ അദ്ദേഹത്തെ തേടിയെത്തി. കമ്പനിയുടെ സാങ്കേതിക ഉപദേഷ്ടാവായും അദ്ദേഹം നിയമിതനായി.

ഗൾഫിലെ ജോലിക്ക് വിരാമമിട്ടു കുടുംബത്തോടൊപ്പം ഇന്ത്യയിലേക്ക് മടങ്ങാനുള്ള തീരുമാനത്തിൽ നിന്നു പിന്തിരിപ്പിക്കാൻ കമ്പനിയും സഹപ്രവർത്തകരും ഏറെ ശ്രമിച്ചെങ്കിലും, കുടുംബത്തോടും മാതാപിതാക്കളോടുമുള്ള കടമകൾ നിർവഹിക്കുന്നതിനു പ്രാധാന്യം നൽകിയ പീറ്റർ പോൾ, കേരളത്തിലേക്കെത്തി.

കുടുംബബന്ധത്തിൽ വേരുന്നിയും ജനിച്ച നാടിന്റെ ഗന്ധമറിഞ്ഞും മക്കൾ വളരണമെന്ന ആഗ്രഹവും അദ്ദേഹത്തിനുണ്ടായിരുന്നു. തന്റെ സഹോദരങ്ങളോടും ബന്ധുക്കളോടുമൊപ്പമുള്ള സഹവാസവും പ്രധാനമാണെന്ന് അദ്ദേഹം കരുതി.

പെരുമ്പാവൂരിൽ തുടക്കം

1990 ജനുവരി 30 നു പെരുമ്പാവൂരിൽ ചെറിയ ഷോറൂമിൽ മൂന്ന് ജീവനക്കാരുമായാണു പിട്ടാപ്പിള്ളിൽ ഏജൻസീസിന്റെ തുടക്കം. ഉപഭോക്താക്കൾ, വിതരണക്കാർ, ജീവനക്കാർ എന്നിവരോടുള്ള പ്രതിബദ്ധതയും വിശ്വസ്തതയും ഉറപ്പിയുറപ്പിക്കുന്ന നയങ്ങളും നിലപാടുകളുമാണു പിട്ടാപ്പിള്ളിൽ ഏജൻസീസ് തുടക്കം മുതലേ മുഖമുദ്രയാക്കിയത്.

ബൃഹത്തായ റീട്ടെയിൽ ശൃംഖല

ഇന്നു കേരളത്തിലെ ഏറ്റവും വലിയ ഹോം അപ്ലയൻസ് റീട്ടെയിൽ ശൃംഖലയാണ് പിട്ടാപ്പിള്ളിൽ ഏജൻസീസ്. ഇന്ത്യയിലെ മികച്ച 20 റീട്ടെയിലർമാരിലൊന്നായി സ്ഥാപനം വളർന്നു. കേരളത്തിലെ 63 നഗരങ്ങളിലായി 86 റീട്ടെയിൽ ഔട്ട്ലെറ്റുകളിലേക്ക് പിട്ടാപ്പിള്ളിലിന്റെ വിജയഗാഥയുടെ ശൃംഖല വ്യാപിച്ചു.

ഉപഭോക്തൃബന്ധം

ഉപഭോക്താക്കളുമായി നിരന്തരമായ സമ്പർക്കവും വിശ്വാസ്യതയിലൂന്നിയ ബന്ധവും രൂപപ്പെടുത്തുന്നതിലും വളർത്തുന്നതിലും പിട്ടാപ്പിള്ളിൽ ഏജൻസീസ് എക്കാലവും ശ്രദ്ധിക്കുന്നു. മത്സരാധിഷ്ഠിതമായ ഗൃഹോപകരണവിപണിയിൽ അതു തന്നെയാണ് പിട്ടാപ്പിള്ളിലിനെ പൊതുവേ സ്വീകാര്യമാക്കുന്നതും.



ഉപഭോക്താക്കളുടെ സംതൃപ്തിയാണു ബിസിനസ് വിജയത്തിന്റെ യഥാർഥ അളവുകോലെന്നു പീറ്റർ പോൾ പിട്ടാപ്പിള്ളിൽ പറയുന്നു. സാധനങ്ങളുടെ ഗുണനിലവാരത്തിലും അതിന്റെ കൃത്യമായ വിതരണവും ഇൻസ്റ്റാളേഷനിലുമെല്ലാം ഉപഭോക്താവ് സംതൃപ്തനാണെന്ന് ഉറപ്പാക്കും. ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ മാത്രമേ ഉപഭോക്താവിനു നൽകൂ. വിൽപനാനന്തര സേവനത്തിനു ശക്തമായ ടീമിന്റെ പിന്തുണയും ഇതിനുണ്ട്. കമ്പനി അംഗീകൃത സേവന കേന്ദ്രങ്ങളുമായി സേവനം ഏകോപിപ്പിക്കുന്നതിന് എല്ലാ ഷോറൂമുകളിലും പ്രത്യേകം ജീവനക്കാരുണ്ട്.

വി കെയർ, ഐഎസ്ഒ സർട്ടിഫിക്കേഷൻ

വി കെയർ എന്ന ബ്രാൻഡഡ് എക്സ്റ്റൻഡഡ് വാറണ്ടിപ്രോഗ്രാം പിട്ടാപ്പിള്ളിൽ ഏജൻസീസ് നൽകുന്നുണ്ട്. ഇത് സ്റ്റാൻഡേർഡ് ഉത്പന്ന വാറണ്ടിയ്ക്കു പുറമേയുള്ള അധിക വാറൻറിയാണ്. ദക്ഷിണേന്ത്യയിലെ ആദ്യത്തെ ഐഎസ്ഒ സർട്ടിഫൈഡ് ഹോം അപ്ലയൻസ് റീട്ടെയിലറായ പിട്ടാപ്പിള്ളിൽ, എല്ലാ പ്രമുഖ ബ്രാൻഡുകളുടെയും ഏറ്റവും വിശ്വസ്ത പങ്കാളിയാണ്. വിദേശത്തുള്ള ഉപഭോക്താക്കൾക്ക് സമഗ്രമായ ഷോപ്പിംഗ് അനുഭവം പ്രദാനം ചെയ്യുന്നതിന് ഗ്ലോബൽ ടച്ച് പ്രോഗ്രാം പിട്ടാപ്പിള്ളിൽ ആവിഷ്കരിച്ചിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ചാറ്റ്ബോട്ട് സംവിധാനമുണ്ട്.

സാമൂഹ്യപ്രതിബദ്ധതയോടെ

സിഎസ്ആർ പ്രവർത്തനങ്ങളുടെ ഭാഗമായി പിട്ടാപ്പിള്ളിൽ സാമൂഹ്യപ്രതിബദ്ധതയുള്ള വിവിധ പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കിവരുന്നു. ഹാർട്ട് കെയർ ഫൗണ്ടേഷനുമായും കേരള കാൻസർ കെയർ സൊസൈറ്റിയുമായും സഹകരിച്ച് രോഗികൾക്കു ചികിത്സാ സഹായം, വിദ്യാർഥികളിൽ കായികാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിനും അപകടകരമായ ലഹരികളിൽനിന്നു വിദ്യാർഥികളെ അകറ്റിനിർത്തുന്നതിനും ലക്ഷ്യമിട്ടു സ്കൂളുകളിൽ ഫുട്ബോൾ ടീമുകൾ എന്നിവ അത്തരം പദ്ധതികളിൽ ചിലതാണ്. ജീവനക്കാരും ആശ്രിതരുമടങ്ങുന്ന 6000 പേർക്കു ചികിത്സാ ചെലവുകൾക്കു പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇലക്ട്രോണിക് മാലിന്യങ്ങളുടെ പുനരുപയോഗത്തിന് അംഗീകൃത കമ്പനികളുമായി സഹകരിച്ചുള്ള പദ്ധതികളുമുണ്ട്.





ആയുരാരോഗ്യ സൗഖ്യ സാഫല്യം

രോഗയാതനകളിൽനിന്നു മുക്തരായി ആയുരാരോഗ്യസൗഖ്യത്തോടെ ജീവിക്കുക..... ഏതൊരു വ്യക്തിയും ആഗ്രഹിക്കുന്ന ഒരു കാര്യമാണ്. ഏതൊരാളുടെയും ഈ ആഗ്രഹത്തെ സഫലീകരിച്ചു നൽകുന്ന ഒരു സ്ഥാപനമുണ്ട്, എറണാകുളം വടുതലയിൽ. ഡോ. രാഹുൽ ലക്ഷ്മണും ഭാര്യ ഡോ. ലക്ഷ്മി രാഹുലും നേതൃത്വം നൽകുന്ന ഹീൽഡ് (HealED). എല്ലാ ശാരീരിക ബുദ്ധിമുട്ടുകളിൽനിന്നും ആശ്വാസതീരമണയാൻ ഈ സ്ഥാപനം നിങ്ങളെ സഹായിക്കുന്നു. ഇവിടെയെത്തുന്നവർക്ക് ആയുരാരോഗ്യസൗഖ്യത്തോടെ മടങ്ങാനാവുമെന്ന ആത്മവിശ്വാസം ഹീൽഡ് നിങ്ങൾക്ക് നൽകുന്നു. വൈദ്യശാസ്ത്രത്തിലെ എല്ലാ വിഭാഗത്തെയും ഉൾപ്പെടുത്തി ആവിഷ്കരിച്ച സംയോജിത ചികിത്സാ രീതിയാണ് (Integrative medicine) ഇവിടെയുള്ളത്. ശരിയായ സമയത്ത് ശരിയായ വിഭാഗത്തിന്റെ സഹായത്തോടെ ചികിത്സയിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാനും രോഗിക്ക് കൃത്യമായ പരിചരണം ഉറപ്പാക്കാനും സംയോജിത ചികിത്സാ രീതിയിലൂടെ സാധിക്കുന്നു.

നാനാത്വത്തിൽ ഏകത്വം

നാനാത്വത്തിൽ ഏകത്വം എന്ന സങ്കൽപ്പമാണ് ഹിൽഡിന്റെ മുഖമുദ്ര. ഇത് വൈദ്യശാസ്ത്രത്തിൽ കൊണ്ടുവരികയാണ് ഹീൽഡ്. ആധുനിക വൈദ്യശാസ്ത്രത്തോടൊപ്പം ഫംഗ്ഷണൽ മെഡിസിൻ, ന്യൂട്രിഷണൽ മെഡിസിൻ, നാനോ മെഡിസിൻ, ആയുർവേദം, യോഗശാസ്ത്രം, മെഡിറ്റേഷൻ, നാച്വറോപ്പതി, ഹോമിയോപ്പതി, സിദ്ധ, മർമ എന്നിങ്ങനെ വിവിധ ചികിത്സാരീതികൾ ശാസ്ത്രീയമായി സംയോജിപ്പിച്ചാണ് ഇവിടെ ചികിത്സ. വൈദ്യശാസ്ത്രത്തിലെ വിവിധ ശാഖകളെ ഒരു കുടക്കീഴിൽ കൊണ്ടു വന്ന് അവയിലെ നന്മകളെ സംയോജിതമായി സമാഹരിച്ച് ചികിത്സയ്ക്കെത്തുന്നവർക്ക് സമ്പൂർണ ആരോഗ്യ പരിചരണം നൽകുന്നു.

വഴിത്തിരിവായി അധ്യാപകന്റെ ചോദ്യം

സംയോജിത ചികിത്സ എന്ന ആശയത്തിലേക്ക് ഡോ. രാഹുലിനെയും ഡോ. ലക്ഷ്മിയെയും എത്തിച്ചത് കോഴിക്കോട് മെഡിക്കൽ കോളജിൽ എംബിബിഎസ് പഠനകാലത്ത് തങ്ങളുടെ പ്രഫസറായ ഡോ. പി.സി. ഈശോയുടെ ഒരു ചോദ്യമാണ്. എല്ലാ ഫാർമസ്യൂട്ടിക്കൽ മരുന്നുകളും കടലിലേക്ക് എറിഞ്ഞു കളഞ്ഞാൽ എന്തു സംഭവിക്കുമെന്നായിരുന്നു ചോദ്യം. പലരും പല ഉത്തരങ്ങളും പറഞ്ഞെങ്കിലും അധ്യാപകൻ പറഞ്ഞത് കടലിലെ മത്സ്യങ്ങൾ ചത്തുപൊങ്ങുമെന്നല്ലാതെ മറ്റൊന്നും സംഭവിക്കില്ലെന്നായിരുന്നു. ചട്ടക്കൂടുകൾക്കപ്പുറം ചിന്തിക്കാൻ കൂടി അദ്ദേഹം വിദ്യാർഥികളെ ഉപദേശിച്ചു. ഇക്കാര്യം ലക്ഷ്മി മറ്റൊരു ബാച്ചിൽ പഠിച്ചുകൊണ്ടിരുന്ന സുഹൃത്തും പിന്നീട് ജീവിത പങ്കാളിയുമായ രാഹുലുമായി ചർച്ച ചെയ്തു. ഇത് പിന്നീട് ഹീൽഡിലേക്കുള്ള വഴിത്തിരിവായി മാറി.

ഇവിടെ രോഗികളില്ല, വ്യക്തികൾ മാത്രം

ഹീൽഡിൽ ചികിത്സയ്ക്കായി എത്തുന്നവരെ ആരെയും ഒരു രോഗിയായി കാണുന്നില്ല. രോഗി എന്ന ഒരു വിളി പോലും ഇവിടെ ഇല്ല. ചികിത്സക്കെത്തുന്നവരെ ഒരു വ്യക്തിയായി കണ്ട് പരസ്പര ബഹുമാനത്തോടെയുള്ള പെരുമാറ്റം. ഇവിടെയെത്തുന്നവർക്ക് ഏറ്റവും അനുയോജ്യമായി ചികിത്സ ഉറപ്പാക്കുകയാണ് ലക്ഷ്യം. ഇതിനായി ആദ്യം ആശ്വാസം തേടി വരുന്നവരിൽ നിന്നും അവരുടെ ബന്ധുക്കളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് രോഗത്തെ ഏതൊക്കെ ചികിത്സാ രീതികളിലൂടെ സമീപിക്കാമെന്ന കൃത്യമായ ധാരണയിലെത്തുന്നു.

പരിപൂർണ പരിചരണം ലക്ഷ്യം

ഹീൽഡിൽ എത്തുന്ന ഒരു വ്യക്തിയുടെ പരിപൂർണ പരിചരണം എന്നൊരു ലക്ഷ്യം മാത്രമാണ് ഇവർക്ക് മുമ്പിലുള്ളത്. പലരും തങ്ങളുടെ രോഗത്തെക്കുറിച്ച് കൃത്യമായി മനസിലാക്കുന്നില്ല. അവർ മരുന്ന് കഴിക്കുന്നുണ്ട്. അതുകൊണ്ടു തന്നെ താത്കാലികമായി ആശ്വാസവും ലഭിക്കുന്നു. എന്നാൽ തന്റെ രോഗത്തെപ്പറ്റിയോ അതിന്റെ കാരണത്തെപ്പറ്റിയോ കൃത്യമായി മനസിലാക്കുകയോ അതിന് വേണ്ട ചികിത്സയും ചെയ്യുന്നില്ല. ഇവിടെയാണ് ഹീൽഡിന്റെ പ്രസക്തി. രോഗത്തിന്റെ യഥാർഥ കാരണത്തെ കൃത്യമായി കണ്ടുപിടിച്ച് ചികിത്സിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്. ഇവിടേക്ക് എത്തുന്ന ആളിന്റെ ബയോകെമിസ്ട്രിയും മെറ്റബോളിസവും കൃത്യമായി പഠിച്ച് അവരുടെ പ്രശ്നം വിവിധ വൈദ്യശാസ്ത്ര ശാഖകൾ ചേർത്ത് ആഴത്തിൽ അപഗ്രഥിച്ച് മനസിലാക്കുന്നു. രോഗം വന്നത് എന്ത് കാരണം കൊണ്ടാണെന്ന് ഇതോടെ വ്യക്തമാകും. തുടർന്ന് രോഗത്തിന്റെ അവസ്ഥ, സാഹചര്യം, സ്വഭാവം എന്നിവയെല്ലാം പരിശോധിച്ച് ഏറ്റവും ഉചിതമായ ചികിത്സാസമ്പ്രദായം, രോഗമുള്ള വ്യക്തിയുടെയും ബന്ധുക്കളുടെയും സമ്മതത്തോടെയും സഹകരണത്തോടെയും സ്വീകരിക്കുന്നു.

ഇന്റഗ്രേറ്റീവ് മെഡിക്കൽ ഡയഗ്നോസ്റ്റിക് ബോർഡ്

വൈദ്യത്തിന്റെ വ്യത്യസ്ത മേഖലകളിലുള്ള ഡോക്ടർമാരെ ഉൾപ്പെടുത്തി രൂപീകരിച്ച ഇന്റഗ്രേറ്റീവ് മെഡിക്കൽ ഡയഗ്നോസ്റ്റിക് ബോർഡ് ആണ് ഹീൽഡിന്റെ പ്രത്യേകത. ആയുർവേദ, നാച്വറോപ്പതി, സിദ്ധ, ഹോമിയോപ്പതി, സൈക്യാട്രി തുടങ്ങിയ മേഖലകളിൽ നിന്നുള്ള ഒമ്പത് ഡോക്ടർമാരുടെ സംഘമാണ് ബോർഡിന് കീഴിലുള്ളത്. ചികിത്സയ്ക്കെത്തുന്നവരും ഇവരുടെ കുടുംബവും ഈ ഒമ്പത് ഡോക്ടർമാരുമായി ഒരുമിച്ചിരുന്ന് സംസാരിക്കും. രോഗത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ മനസിലാക്കിക്കഴിഞ്ഞാൽ ഡോക്ടർമാർ അവരുടെ അഭിപ്രായം പറയും. ഈ അഭിപ്രായങ്ങൾ വിലയിരുത്തിയ ശേഷമാണ് ചികിത്സാ രീതികൾ നിശ്ചയിക്കുക. ഏറ്റവും നല്ല പരിചരണമാണ് ഇവിടെ നൽകുന്നത്. ടുഗദർ എവരി വൺ അച്ചീവ്സ് മോർ (TEAM) എന്ന രീതിയിൽ ഒരു ടീം വർക്ക് ആയാണ് ഇവിടെ എല്ലാവരും കാര്യങ്ങൾ ചെയ്യുന്നതെന്ന് ഡോ. രാഹുൽ ലക്ഷ്മൺ പറയുന്നു.

ഹീൽഡിനെ നയിക്കുന്നത്

മോഡേൺ മെഡിസിൻ മിടുക്കോടെ പഠിച്ച് ബിരുദാനന്തര ബിരുദങ്ങൾ സ്വന്തമാക്കിയ ഡോ. രാഹുൽ ലക്ഷ്മണും ഡോ. ലക്ഷ്മി രാഹുലുമാണ് ഹീൽഡിനെ നയിക്കുന്നത്. ഹിൽഡിന്റെ പ്രവർത്തനം തുടങ്ങിയിട്ട് അഞ്ച് വർഷത്തിലേറെയായി. ഗുണമേന്മക്കാണ് തങ്ങൾ പ്രാധാന്യം നൽകുന്നതെന്ന് ഇരുവരും പറയുന്നു. അതുകൊണ്ടു തന്നെ ഇവിടെ വന്നു പോയവരിൽ നിന്നും അറിഞ്ഞാണ് കൂടുതൽ പേരും തങ്ങളുടെ സ്ഥാപനത്തിലേക്ക് എത്തുന്നത്. സ്ഥാപനത്തിന് പരസ്യങ്ങൾ ഒന്നും തന്നെയുണ്ടായിരുന്നില്ല. ഏതാനും മാസങ്ങൾക്ക് മുമ്പാണ് സോഷ്യൽ മീഡിയയിൽ തന്നെ ഹീൽഡ് സജീവമാകുന്നത്. അതുവഴി കണ്ടറിഞ്ഞും കേട്ടറിഞ്ഞും ഇവിടേക്ക് ആളുകൾ എത്തുന്നുണ്ട്. ഇവിടെയെത്തുന്ന എല്ലാവരുടെയും മുഖത്തു രോഗശാന്തി നേടിയതിന്റെ സന്തോഷവും സമാധാനവും തെളിഞ്ഞു കാണാനാകും. വേദനിക്കുന്നവർക്ക് ആശ്വാസം നൽകുകയെന്നതാണ് തങ്ങളുടെ സന്തോഷമെന്ന് ഡോ. രാഹുലും ഡോ. ലക്ഷ്മിയും പറയുന്നു.



> ഇവിടെയെത്തുന്ന എല്ലാവരുടെയും മുഖത്തു രോഗശാന്തി നേടിയതിന്റെ സന്തോഷവും സമാധാനവും തെളിഞ്ഞു കാണാനാകും. വേദനിക്കുന്നവർക്ക് ആശ്വാസം നൽകുകയെന്നതാണ് തങ്ങളുടെ സന്തോഷമെന്ന് ഡോ. രാഹുലും ഡോ. ലക്ഷ്മിയും പറയുന്നു.

കൈനിറയെ ബിരുദങ്ങൾ; ഡോ. ലക്ഷ്മിയെ പോലെ മറ്റൊരാളില്ല

വൈദ്യശാസ്ത്ര ബിരുദത്തോടൊപ്പം എംടെക്കും സ്വന്തം പേരിൽ നിരവധി പേറ്റന്റും നേടിയ വ്യക്തിയാണ് ഹീൽഡിന്റെ അമരത്തുള്ള ഡോ. ലക്ഷ്മി രാഹുൽ. കോഴിക്കോട് മെഡിക്കൽ കോളജിൽ നിന്ന് എംബിബിഎസും എംഡിയും റാങ്കോടെ വിജയിച്ചശേഷം തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളജിൽ നിന്നു റാങ്കോടെ തന്നെ ആയുർവേദം പാസായി. ഫംഗ്ഷനണൽ മെഡിസിൻ, ന്യൂട്രീഷ്യൻ മെഡിസിൻ എന്നിവ യുഎസിലും ഓസ്ട്രേലിയയിലുമായി പഠിച്ചു. അതിനുശേഷം യോഗ, സിദ്ധ, നാച്വറോപ്പതി എന്നിവയിലും ഉന്നത വിജയത്തോടെ പഠനം പൂർത്തിയാക്കി. ഇതിനെല്ലാം പുറമേ നാനോ മെഡിക്കൽസിൽ എംടെക്കും നേടി. ഇങ്ങിനെയൊരാൾ ഇന്ത്യയിൽ തന്നെ ഡോ. ലക്ഷ്മി രാഹുൽ മാത്രമേയുള്ളൂ എന്ന് പറയേണ്ടി വരും. നോർവെ, സ്വീഡൻ, സ്വിറ്റ്സർലന്റ് എന്നിവിടങ്ങളിൽ വിവിധ മെഡിക്കൽ ഗവേഷണ പ്രബന്ധങ്ങൾ ഇതിനകം അവതരിപ്പിച്ചു. കൂടാതെ ഡോ. ലക്ഷ്മിയുടെ പേരിൽ ഹെർബൽ ബേസ്ഡ് നാനോ പ്രിപ്പറേഷൻസിൽ മൂന്ന് ഇന്ത്യൻ പേറ്റന്റുകൾ ഉണ്ട്. ആയുർവേദ മരുന്നുകളെ നാനോ ലെവലിലേക്ക് എത്തിച്ച് ഏറ്റവും ശുദ്ധമായ തരത്തിൽ അതിന്റെ ഫലത്തെ കാര്യക്ഷമമായി ഉയർത്തുന്ന രീതിയാണ് സ്വീകരിക്കുന്നത്.

നാളത്തെ തലമുറയ്ക്ക് പഠിക്കാൻ

ഇവിടെ നൽകുന്ന ഓരോ ചികിത്സയും ഫലവും നാളത്തെ തലമുറയ്ക്ക് വേണ്ടി കൃത്യമായി ഡോക്യുമെന്റ് ചെയ്യുന്നുണ്ട്. ഓരോ മാസവും രണ്ട് റിവ്യൂ മീറ്റിംഗ് ഉണ്ടാകും. കൃത്യമായ സയന്റിഫിക് ടൂൾസ് ഉപയോഗിച്ചാണ് ഓരോന്നും ഡോക്യുമെന്റ് ചെയ്യുന്നത്. ഇത്തരം ഗവേഷണം നാളത്തെ തലമുറയ്ക്കുള്ള സമ്മാനമാണെന്ന് ഹീൽഡിന്റെ സാരഥികൾ പറയുന്നു.

ഡോക്ടറും സിനിമാതാരവും

സന്ത്യൻ അന്തിക്കാട് സംവിധാനം ചെയ്ത സൂപ്പർ ഹിറ്റ് സിനിമ സന്ദേശം സിനിമയിൽ ശ്രീനിവാസന്റെയും ജയറാമിന്റെ അനിയനായി അഭിനയിച്ചത് ഡോ. രാഹുൽ ലക്ഷ്മൺ ആണ്. പിന്നീട് വിദ്യാഭ്യാസ തിരിക്കുകളിൽപ്പെട്ടതിനാൽ അഭിനയ മോഹം ഉപേക്ഷിച്ചു. 32 വർഷങ്ങൾക്ക് ശേഷം ശ്രീനിവാസന്റെ മകൻ ധ്യാൻ ശ്രീനിവാസനൊപ്പം ഡോ. രാഹുൽ ലക്ഷ്മൺ അഭിനയിച്ചു. 2024 ൽ എസ്.എൻ. സ്വാമി സംവിധാനം ചെയ്ത സീക്രട്ട് എന്ന സിനിമയിൽ ഡോക്ടർ ആയി തന്നെയാണ് അഭിനയിച്ചത്. വക്കീൽ ആകാനായിരുന്നു ഡോ. രാഹുലിന് താത്പര്യമെങ്കിലും ആദ്യ അവസരത്തിൽ തന്നെ എംബിബിഎസ് പ്രവേശനം നേടിയതോടെ ഈ മേഖലയിൽ തന്നെ തുടരാമെന്ന് ഉറപ്പിച്ചു. വേദനിക്കുന്നവർക്ക് ആശ്വാസം നൽകുന്നതാണ് ഏറ്റവും സന്തോഷം നൽകുന്നതെന്ന് ഡോ. രാഹുൽ ലക്ഷ്മൺ പറയുന്നു.

ഇന്റഗ്രേറ്റഡ് മെഡിസിൻ ഇൻസ്റ്റിറ്റ്യൂട്ട് സ്വപ്നം

ഭാവിയിൽ ഇന്റഗ്രേറ്റഡ് മെഡിസിൻ പഠിപ്പിക്കുന്നതിന് ഒരു ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങണമെന്നതാണ് തങ്ങളുടെ സ്വപ്നമെന്ന് ഡോ. രാഹുലും ഡോ. ലക്ഷ്മിയും പറയുന്നു. അതിലേക്കുള്ള യാത്രയിലാണ് തങ്ങളിപ്പോൾ. കൂടാതെ വൈപ്പിൻ എളങ്കുന്നപ്പുഴയിൽ സ്ത്രീകൾക്കായി വെൽനെസ് ക്ലിനിക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. നിലവിൽ ഹീൽഡിന്റെ വടുതല കാമ്പസിൽ ഹീൽഡ് ലാബ്സ് ആരംഭിച്ചിട്ടുണ്ട്.

നിർമാണ മേഖലയിലെ പി.ജെ വിപ്ലവം

P.J Builders

നിർമാണ മേഖലയിൽ രണ്ട് പതിറ്റാണ്ട് പിന്നിടുകയാണ് കണ്ണൂർ ആസ്ഥാനമായുള്ള പി.ജെ. ബിൽഡേഴ്സും അതിന്റെ അമരക്കാരൻ ജോസ് പ്ലാക്കൂട്ടത്തിലും. ബിൽഡേഴ്സ് മേഖലയിൽ രണ്ട് പതിറ്റാണ്ട് പിന്നിടുമ്പോൾ പി.ജെ. ബിൽഡേഴ്സിലൂടെ നിരവധി പേരുടെ വീടെന്ന സ്വപ്നമാണ് പൂവണിഞ്ഞത്. കൃത്യമായ തയാറെടുപ്പോടെ വീട് നിർമാണത്തിന് ഇറങ്ങിത്തിരിക്കുന്നവർക്ക് യാതൊരു ആശയ കുഴപ്പവുമില്ലാതെ തെരഞ്ഞെടുക്കാവുന്ന സ്ഥാപനമാണ് പി.ജെ. ബിൽഡേഴ്സ്.

ഹവിൽദാറായി വിരമിച്ചു

2002 ലാണ് ജോസ് പ്ലാക്കൂട്ടത്തിൽ ഇന്ത്യൻ സൈന്യത്തിൽനിന്നും ഹവിൽദാറായി വിരമിച്ചത്. പതിനാറര വർഷത്തെ സൈനിക ജീവിതത്തിനുശേഷം തിരിച്ചെത്തിയ ജോസ് പ്ലാക്കൂട്ടത്തിൽ കൃഷിയിലൂടെയും ചെറിയൊരു ജോലി നേടിയും ജീവിതം മുന്നോട്ട് കൊണ്ടുപോകാനാണ് വിചാരിച്ചിരുന്നത്. അതിനായി കണ്ണൂർ ജില്ലയിലെ തിരുമേനിയിൽ 15 ഏക്കർ സ്ഥലം എടുത്ത് കൃഷി ആരംഭിക്കുകയും ചെയ്തു. കൊട്ടിയൂർ വെങ്ങലോടിയിലായിരുന്നു ജോസ് പ്ലാക്കൂട്ടത്തിലിന്റെ സ്വദേശം. എന്നാൽ, വിരമിച്ചശേഷം മക്കളുടെ പഠനത്തിനും ഭാര്യയുടെ ജോലി ആവശ്യത്തിനുമായി കണ്ണൂരിലേക്ക് സ്ഥലം മാറേണ്ടി വന്നു. അങ്ങനെ, തെക്കിപള്ളി ഇടവകയിലെ അഞ്ചുകണ്ടിയിൽ മനോഹരമായൊരു വീട് പണി കഴിപ്പിച്ചു. ഒന്നരവർഷക്കാലം ഈ വീട്ടിൽ താമസിച്ചെങ്കിലും ചില കാരണങ്ങളാൽ വീട് വിൽക്കേണ്ടി വന്നു. ഈ വീടു വിറ്റുകിട്ടിയ ലാഭത്തിൽനിന്നാണ് നിർമാണമേഖലയിലേക്ക് തിരിയാനുള്ള ആശയമുദിച്ചത്. ആദ്യലാഭവും കൊട്ടിയൂരുള്ള കുടുംബ സ്വത്തുവിറ്റുകിട്ടിയ പണവും ഉപയോഗിച്ച് കണ്ണൂരിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥലം വാങ്ങി. അവിടെ മനോഹരമായ വീടുകൾ പണിതു വിൽപ്പന നടത്തി. വീടുനിർമാണം പരീക്ഷണാടിസ്ഥാനത്തിലാണ് തുടങ്ങിയതെങ്കിലും നല്ല ലാഭം കിട്ടിയതോടെ കൂടുതൽ വീടുകൾ പണിതു.



ജോസ് പ്ലാക്കൂട്ടത്തിൽ
(എംഡി പി.ജെ. ബിൽഡേഴ്സ്)

വഴിത്തിരിവായത് ജോസ് വില്ലാസ് മതുക്കോത്ത്

ആദ്യകാലത്ത് ജോസ് പ്ലാക്കൂട്ടത്തിൽ ഒരു ബ്രാൻഡ് നെയിമിനു കീഴിലല്ല കെട്ടിടങ്ങൾ നിർമിച്ചത്. 2006ൽ 18 ഓളം വില്ലകൾ നിർമിച്ച് അതിനു ജോസ് വില്ലാസ് മതുക്കോത്ത് എന്ന പേരിട്ടു. ഈ വില്ലകൾക്ക് നല്ല പ്രതികരണം ലഭിച്ചപ്പോൾ വീണ്ടും കെട്ടിടങ്ങൾ നിർമിച്ച് നൽകാൻ ആവേശമായി. പിന്നീട് പി.ജെ. ബിൽഡേഴ്സ് എന്ന പേരിൽ ജില്ലയിലെമ്പാടും അറിയപ്പെട്ടു. 2017 ലാണ് രജിസ്റ്റേഡ് കൺസ്ട്രക്ഷൻ കമ്പനിയായി പി.ജെ ബിൽഡേഴ്സ് മാറുന്നത്. കണ്ണൂർ, മേലെചൊവ്വ, കൂത്തുപറമ്പ്, ഇരിട്ടി, കിളിയന്തറ, പേരാവൂർ, കുന്നോത്ത്, നടുവിൽ, ചെറുപുഴ തുടങ്ങി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പിജെ ബിൽഡേസ് കെട്ടിടങ്ങൾ നിർമിച്ച് നൽകിയിട്ടുണ്ട്. ചെറുകുന്നിൽ കനോഷ്യൻ സിസ്റ്റേഴ്സിനു വേണ്ടി കോൺവന്റ് നിർമിച്ചു. കണ്ണൂർ ബിഷപ് ഡോ. അലക്സ് വടക്കുംതലയാണ് ഇതിന്റെ ഉദ്ഘാടനം നിർവഹിച്ചത്. വില്ലകൾ, വീടുകൾ, റിസോർട്ടുകൾ, കോൺവെന്റ് ഉൾപ്പെടെ നൂറിലധികം ബിൽഡിംഗുകൾ ഇപ്പോൾ നിർമിച്ചു കഴിഞ്ഞു.

തുടക്കത്തിൽ സ്വദേശമായ കൊട്ടിയൂരിൽനിന്ന് പത്തിലധികം ആളുകളെ കൊണ്ടുവന്നായിരുന്നു കെട്ടിടങ്ങൾ നിർമിച്ചിരുന്നത്. ഇപ്പോൾ മലയാളികളും ഇതരസംസ്ഥാനങ്ങളിൽനിന്നുമായി 125 ഓളം ജോലിക്കാരുണ്ട്. കെട്ടിടങ്ങളുടെ ഇന്റീരിയറും ഇന്റർലോക്കുമടക്കം മുഴുവൻ പണിയും പൂർത്തീകരിച്ചാണ് നൽകുന്നത്. ഇതിനായി മികച്ച ആർക്കിടെക്കുകളും ഇന്റീരിയർ ഡിസൈനർമാരും എൻജിനിയർമാരും പി.ജെ. ബിൽഡേഴ്സിലുണ്ട്.

ഉപഭോക്താവിന്റെ സമയം വിലപ്പെട്ടത്

ഗുണമേൻമയുള്ള മെറ്റീരിയിലാണ് നിർമാണത്തിന് ഉപയോഗിക്കുന്നത്. അതിനാൽ, ഇടപാടുകാർക്ക് കൂടുതൽ ഈടു നിൽക്കുന്ന ഭവനങ്ങളും സ്ഥാപനങ്ങളും നിർമിച്ച് നല്കുവാൻ സാധിക്കും. മെറ്റീരിയലുകളെല്ലാം താൻ തന്നെ നേരിട്ടാണ് വാങ്ങുന്നത്. ഇതിന്, ഒരിക്കലും ഇടനിലക്കാരില്ല. ലാഭത്തെക്കാൾ ഉപരി സത്യസന്ധമായി ജോലി ചെയ്താൽ സമയബന്ധിതമായി കാര്യങ്ങൾ ചെയ്തു കൊടുത്താൽ നിർമാണ മേഖലയിൽ ശോഭിക്കാൻ കഴിയുമെന്നും ജോസ് പ്ലാക്കൂട്ടത്തിൽ പറഞ്ഞു.

ബിൽഡേഴ്സ് മേഖലയിലെ സുതുര്യഹമായ സേവനത്തിന് ജോസ് പ്ലാക്കൂട്ടത്തിലിന് നിരവധി ആദരവുകൾ ലഭിച്ചിട്ടുണ്ട്. കണ്ണൂർ രൂപതയുടെ താന്നിക്കുന്ന് ഇടവകക്കാർക്കായി സ്വന്തമായി കുരിശുപള്ളി നിർമിച്ച് നൽകിയിട്ടുണ്ട്. മേലെചൊവ്വ സെന്റ് ഫ്രാൻസിസ് അസീസി പള്ളിയുടെ നിർമാണത്തിലുണ്ടായിരുന്ന കൈക്കാരനും പ്രഥമ കോർഡിനേറ്ററുമായിരുന്നു. ചേംബർ ഓഫ് കൊമേഴ്സ് കോഷേറ്റീവ് മെംബർ, പീസ് മൂവ്മെന്റ് വൈസ് ചെയർമാൻ, ഓൾ കേരള ഗൺ ലൈസൻസ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിക്കുന്നു. നിലവിൽ പ്ലാക്കൂട്ടത്തിൽ കുടുംബയോഗത്തിന്റെ പ്രസിഡന്റാണ്.

ബിൽഡേഴ്സ് മേഖലയ്ക്ക് പുറമെ കൃഷിയും ജോസ് പ്ലാക്കൂട്ടത്തിലിന് ഏറെ ഇഷ്ടമാണ്. നിലവിൽ പേരാവൂർ കോളയാട് 15 ഏക്കർ സ്ഥലത്ത് റബർ, തെങ്ങ്, കവുങ്ങ് തുടങ്ങിയ കൃഷികൾ ചെയ്യുന്നുണ്ട്. മുണ്ടയാട് വൈദ്യർപീടികയിൽ സ്വന്തമായൊരു ഹോട്ടൽ സമുച്ചയവും ജോസ് പ്ലാക്കൂട്ടത്തിലിനുണ്ട്. കൂടാതെ, റിസോർട്ട് മേഖലയിലേക്ക് ബിസിനസ് വ്യാപിപ്പിക്കാനുള്ള തയാറെടുപ്പിലാണ്. മിലിട്ടറിയിൽനിന്ന് കിട്ടിയ ചിട്ടയായ ജീവിത ശൈലിയാണ് തന്റെ വിജയത്തിനു പിന്നിലെന്ന് ജോസ് പ്ലാക്കൂട്ടത്തിൽ പറയുന്നു.

കുടുംബം

കൊട്ടിയൂർ വെങ്ങലോടിയിൽ പരേതരായ പാപ്പച്ചൻ (ഏബ്രഹാം) - ചിന്നമ്മ ദമ്പതികളുടെ മകനായ ജോസ് കണ്ണൂർ മേലെചൊവ്വയിലാണ് താമസം. റിട്ടനഴ്സിംഗ് സൂപ്രണ്ട് കെ.കെ. മേരിയാണ് ഭാര്യ. അഡ്വ. മാനുവേൽ, എൽഎൽബി രണ്ടാം വർഷ വിദ്യാർഥിയായ അൽഫോൻസ് മരിയ ജോസഫ് എന്നിവരാണ് മക്കൾ. ഡോക്ടർ വൃന്ദ മരുമകളും ക്യുനീറ്റ മേരി മാനുവേൽ കൊച്ചുമകളുമാണ്.



ജോസ് പ്ലാക്കൂട്ടത്തിൽ കുടുംബത്തോടൊപ്പം





SRI. P.V PAULOSE VAIDYAN

Parathuvayalil Hospital

Established in 1955 by the late Sri. P.V Paulose Vaidyan, Parathuvayalil Hospital stands as a legacy institution rooted in excellence and trust. Under the visionary leadership of Dr. P.P Pathrose, Chief Physician and son of the founder, the hospital has evolved into a centre of distinction in integrative health care.

Accredited by NABH and empanelled under CGHS, the hospital is renowned for it's expertise in the diagnosis and management of musculoskeletal disorders addressing pain, mobility limitations and functional impairment with precision and care.

Our multidisciplinary team delivers comprehensive, patient centric treatment, combining advanced orthopaedic care with time honored Ayurvedic healing. Every treatment plan is thoughtfully designed to restore function, enhance recovery, and improve quality of life.

MEDICAL DIRECTORS



DR. P.P PATHROSE



DR. K.V PRASANNA



DR. SUNIL PAUL



DR. NINA MADAPPILLIL

Integrated Care Philosophy

We seamlessly blend modern orthopaedics, physiotherapy and classical Ayurveda through a carefully measured and safe approach- ensuring optimal outcomes with minimal invasiveness.

CENTRES OF EXCELLENCE



Pam Labs India Health Care Pvt Ltd
(Pharmaceutical Division)

A GMP & ISO certified manufacturing unit producing over 300 + high quality formulations, ensuring purity, safety and efficacy



Advanced Orthopaedic Interventions

- Regenerative therapy (Autologous Platelet Rich Plasma- PRP)
- Intra-articular visco supplementation
- Hydro-dilatation for shoulder disorders
- Selective nerve root blocks
- Transforaminal epidural injections
- Caudal epidural injections
- Minimally invasive day care procedures
- Comprehensive fracture management

Physiotherapy & Rehabilitation

- Robotic spinal decompression
- Interferential Therapy (IFT)
- TENS (Transcutaneous Electrical Nerve Stimulation)
- Ultrasound therapy (UST)
- Cryotherapy & Moist heat therapy
- A fully equipped therapeutic gym and aqua-therapy pool further enhance rehabilitation and functional recovery

Ortho Care Pvt Ltd
(Orthopedic Unit)

Specialized in manufacturing,

- Orthopaedic braces
- Splints
- Lumbar supporst

SATMAYA- Premium Healing Rtereat:

An exclusive recovery destination featuring private villas and serene surroundings, designed for patients requiring long term rehabilitation and holistic care.



Ayurvedic Therapies

Our curated Ayurvedic Programs include:

- Panchakarma (Detoxification therapies)
- Sirodhara
- Udwarthanam
- Abhyanga (Therapeutic massage)
- Pizhichil
- Therapeutic Yoga

(For balance, flexibility and Coordination)

24/7 Medical support

- Round the clock trauma care
- In house laboratory services
- X-ray and ECG facilities
- On call Orthopaedics Surgeon and Physicians

ഡോ. ജിസ് തോമസ് പാലൂക്കുന്നേൽ

കലയിൽ തിളങ്ങിയ ഡോക്ടർ



കലയിലും ആരോഗ്യരംഗത്തും ഒരുപോലെ പ്രതിഭ തെളിയിച്ചു വ്യത്യസ്തനായൊരാൾ, പ്രമുഖ ശിശുരോഗവിദഗ്ധനായ ഡോ. ജിസ് തോമസ് പാലൂക്കുന്നേൽ. കേരളത്തിന്റെ മെഡിക്കൽ മേഖലയിലെന്ന പോലെ സിനിമയിലും സുപരിചിതൻ. പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ കഴിഞ്ഞ ആറ് വർഷമായി ശിശുരോഗ വിഭാഗത്തിന്റെ മേധാവിയാണ് ഡോ. ജിസ് തോമസ്. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ, പീഡിയാട്രിക് ക്രിട്ടിക്കൽ കെയർ, നവജാത ശിശു പരിചരണം തുടങ്ങിയ മേഖലകളിൽ മികച്ച ചികിത്സാ സേവനങ്ങൾ നൽകുന്നു. പാലാ പാലൂക്കുന്നേൽ കുടുംബാംഗമായ ഡോ. ജിസ് തോമസ് ശിശുരോഗ വിദഗ്ധൻ എന്നതിനൊപ്പം പ്രതിഭ തെളിയിച്ച അക്കാഡമീഷ്യൻ, എഴുത്തുകാരൻ, സിനിമാ സംവിധായകൻ എന്നീ നിലകളിലും ശ്രദ്ധേയനാണ്.

അക്കാഡമിക് മികവ്

കോട്ടയം ഗവ. മെഡിക്കൽ കോളജിലാണ് ഡോ. ജിസ് തോമസ് എംബിബിഎസ് പഠനം പൂർത്തിയാക്കിയത്. തുടർന്ന് ഒഡീഷയിലെ ബർഹാംപുർ എംകെസിജി മെഡിക്കൽ കോളജിൽനിന്ന് പീഡിയാട്രിക്സിൽ എംഡി നേടി. നവജാത ശിശു ചികിത്സയിൽ കൂടുതൽ പ്രാവീണ്യം നേടുന്നതിനായി അദ്ദേഹം കൊച്ചിയിലെ പിവിഎസ് ആശുപത്രിൽ ഫെലോഷിപ് ഇൻ നിയോനാറ്റോളജി പൂർത്തിയാക്കി. പിജി പഠനശേഷം കാരിത്താസ്, കിംസ് ആശുപത്രികളിൽ കൺസൽട്ടന്റ് പീഡിയാട്രീഷനായി സേവനം ചെയ്തിട്ടുണ്ട്.

സർഗാത്മകം

വൈദ്യശാസ്ത്ര രംഗത്തോടൊപ്പം തന്നെ കലാരംഗത്തും ഡോ. ജിസ് തോമസ് ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ട്രോജൻ എന്ന മലയാള സിനിമയ്ക്ക് കഥയും തിരക്കഥയുമെഴുതി സംവിധാനം നിർവഹിച്ചത് ഡോ. ജിസാണ്. 2022 ൽ പുറത്തിറങ്ങിയ ഈ ചിത്രം വ്യത്യസ്തമായ പ്രമേയവും അവതരണവും കൊണ്ടു പ്രേക്ഷകർക്കിടയിൽ മികച്ച പ്രതികരണം നേടി. ഈ ചിത്രത്തിലൂടെ സിനിമാ രംഗത്തേക്ക് നടത്തിയ മികച്ച പ്രവേശനത്തിന് വിവിധ സാമൂഹികസാംസ്കാരിക സംഘടനകളിൽ നിന്നും മികച്ച സംവിധായകനുൾപ്പടെയുള്ള വിവിധ അംഗീകാരങ്ങൾ ലഭിച്ചു.

അഞ്ച് ഹ്രസ്വചിത്രങ്ങളും ഡോ. ജിസ് കഥയും തിരക്കഥയും എഴുതി സംവിധാനം ചെയ്തിട്ടുണ്ട്. സമൂഹപ്രാധാന്യമുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അദ്ദേഹത്തിന്റെ ഈ ചിത്രങ്ങൾ സോഷ്യൽ മീഡിയയിലും സിനിമാസ്നേഹികൾക്കിടയിലും ശ്രദ്ധ നേടിയിരുന്നു. സിനിമാ രംഗത്ത് പുതിയ പദ്ധതികൾക്കുള്ള തയാറെടുപ്പിലാണ് ഡോ. ജിസ് തോമസ്.

എഴുത്തിലും സജീവം

പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട നിരവധി ലേഖനങ്ങൾ ഡോ. ജിസ് തോമസ് എഴുതിയിട്ടുണ്ട്. ദീപിക ഉൾപ്പെടെ പ്രമുഖ മാധ്യമങ്ങളിൽ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കുട്ടികളുടെ ആരോഗ്യപരിപാലനത്തെയും മാതാപിതാക്കൾക്കുള്ള മാർഗനിർദേശങ്ങളെയും സംബന്ധിച്ചുള്ളതാണ് അദ്ദേഹത്തിന്റെ വിവിധ ലേഖനങ്ങൾ.

ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ് എന്ന ദേശീയ ശിശുരോഗ വിദഗ്ധ സംഘടനയിലും ഡോ. ജിസ് തോമസ് സജീവമാണ്. 2016 ൽ ബെസ്റ്റ് സെക്രട്ടറി അവാർഡ് നേടി. അതേവർഷം അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഐഎപി കോട്ടയം ബ്രാഞ്ചിന് ബെസ്റ്റ് ബ്രാഞ്ച് അവാർഡും ലഭിച്ചു. ആരോഗ്യ വിദ്യാഭ്യാസ രംഗത്തും ഇദ്ദേഹം സജീവമാണ്.

വളർച്ചയുടെ പടവുകളിൽ

സഹ്യാദ്രി കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി ലിമിറ്റഡ്





ഇടപാടുകളിലുള്ള വിശ്വസ്തതയും, നീതിപൂർവമായ പ്രവർത്തനങ്ങളും കാഞ്ഞിരപ്പള്ളി ആസ്ഥാനമായി പ്രവർത്തിക്കുന്ന സഹ്യാദ്രി കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി ലിമിറ്റഡിനെ (SCCS) വേറിട്ടതാക്കുന്നു. 2004 മെയ് മാസം 2524 അംഗങ്ങളിൽനിന്നും ഓഹരി മൂലധനം സമാഹരിച്ച് കേരളത്തിലും തമിഴ്നാട്ടിലും പ്രവർത്തന പരിധിയോടെ പ്രവർത്തനം ആരംഭിച്ചു. ആദ്യ സാമ്പത്തിക വർഷത്തിൽ തന്നെ 3.27 കോടി രൂപ നിക്ഷേപവും 12.87 ലക്ഷം രൂപ പ്രവർത്തന ലാഭവുമുണ്ടായി. ലാഭം മാത്രം ലക്ഷ്യം വയ്ക്കാതെ ജനക്ഷേമത്തിന് ഊന്നൽ നൽകിയുള്ള പ്രവർത്തനമാണ് സഹ്യാദ്രി കാഴ്ചവയ്ക്കുന്നത്. 2025-26 സാമ്പത്തിക വർഷത്തിൽ നിക്ഷേപയിനത്തിൽ 307.36 കോടി രൂപ സമാഹരിക്കുകയും വായ്പയിനത്തിൽ 223.98 കോടി രൂപ നൽകുകയുംചെയ്തു. 2026 മാർച്ചിൽ സൊസൈറ്റിയുടെ മൊത്തം ബിസിനസ്സ് 500 കോടിക്ക് മുകളിലെത്തി. 18,000ൽ പരം അംഗങ്ങളിൽ നിന്നായി 9.14 കോടി രൂപയുടെ ഓഹരിയും, 24.67 കോടി രൂപയുടെ റിസർവ് ഫണ്ടും ഉൾപ്പെടെ 34 കോടി രൂപയുടെ ആസ്തി സൊസൈറ്റിക്കുണ്ട്. 2024 - 2025 സാമ്പത്തിക വർഷം 4.20 കോടി രൂപയാണ് സൊസൈറ്റിയുടെ ലാഭം. ലാഭത്തിന്റെ 12 മുതൽ 16 ശതമാനം വരെ ഡിവിഡന്റായി ഓഹരി ഉടമകൾക്ക് നൽകിവരുന്നു. 2025-2026 സാമ്പത്തിക വർഷം 300 കോടി രൂപയുടെ നിക്ഷേപമാണ് സൊസൈറ്റി ലക്ഷ്യം വച്ചിരുന്നതെങ്കിലും ഏഴരക്കോടി രൂപയുടെ അധിക നിക്ഷേപം ലഭിച്ചു. കാഞ്ഞിരപ്പള്ളി രൂപത ബിഷപ്പ് മാർ ജോസ് പുളിക്കൽ ചെയർമാനും കെ.സി. ജോർജ് മാനേജിംഗ് ഡയറക്ടറുമായ ഭരണസമിതിയാണ് സഹ്യാദ്രി കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റിയെ നയിക്കുന്നത്.

കർഷകരെ സഹായിക്കാൻ കാഞ്ഞിരപ്പള്ളി കേന്ദ്രീകരിച്ച് ഒരു ഗ്രാമീണ ബാങ്ക് എന്ന ബിഷപ്പ് മാർ മാത്യു അറയ്ക്കലിന്റെ ആഗ്രഹമാണ് സഹ്യാദ്രി മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി ലിമിറ്റഡിന്റെ രൂപീകരണത്തിനു പിന്നിൽ. 2003ൽ റിസർവ് ബാങ്കിൽനിന്ന് ബാങ്കിംഗ് ലൈസൻസ് ലഭിച്ചില്ലെങ്കിലും, കേന്ദ്രസർക്കാർ അനുമതിയോടെ കേന്ദ്ര സഹകരണ മന്ത്രാലയത്തിന് കീഴിൽ 2004 മാർച്ച് 16 ന് കേരളത്തിലെ ആദ്യ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി സഹ്യാദ്രി (License No 175/2004) സ്ഥാപിതമായി.

ആദ്യഘട്ടത്തിൽ കാഞ്ഞിരപ്പള്ളിയിൽ ഒരു ശാഖയുമായി പ്രവർത്തനം തുടങ്ങിയ സഹ്യാദ്രിക്ക് ഇന്ന് കേരളത്തിലും തമിഴ്നാട്ടിലുമായി 15 ശാഖകൾ ഉണ്ട്. നിലവിൽ കാഞ്ഞിരപ്പള്ളി, കുരിശുങ്കൽ (കാഞ്ഞിരപ്പള്ളി), പൊൻകുന്നം, ഭരണങ്ങാനം, ആനിക്കാട്, മുണ്ടക്കയം, മുക്കൂട്ടുതറ, പൊടിമറ്റം, കട്ടപ്പന, മുരിക്കാശ്ശേരി, അണക്കര, കുമളി, തേക്കടി, വെള്ളയാംകുടി, കമ്പം (തമിഴ്നാട്) എന്നീ ശാഖകളിലായി 60 ജീവനക്കാരും 15 പാർട്ട് ടൈം ജീവനക്കാരും സേവനം ചെയ്തുവരുന്നു. പൈക, ചേറ്റുകുഴി എന്നീ സ്ഥലങ്ങളിൽ കസ്റ്റമർ ഫെസിലിറ്റേഷൻ സെന്ററുകൾ ഉടൻ പ്രവർത്തനം ആരംഭിക്കുന്നു.

സഹ്യാദ്രി കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ബാങ്കുകളിൽ ലഭിക്കുന്ന മിക്ക സേവനങ്ങളും ലഭ്യമാണ്. കൃഷി അവശ്യത്തിനുള്ള വായ്പകളാണ് കൂടുതലായി നൽകുന്നതെങ്കിലും, ഭവനനിർമാണം, വിദ്യാഭ്യാസം, വാഹന വായ്പകൾ മൈക്രോ ഫിനാൻസ്, ഗോൾഡ് ലോൺ സേവനങ്ങളും നൽകിവരുന്നു. സ്ത്രീ സാഹ്വദ മൈക്രോ ഫിനാൻസ് സേവനങ്ങൾക്ക് മുൻഗണന നൽകുന്നുണ്ട്.

എല്ലാ ആഴ്ചയിലും സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി ചേർന്ന് വായ്പാ ആവശ്യങ്ങൾ പരിഗണിച്ചു തീരുമാനങ്ങൾ എടുക്കുന്നതിനാൽ മറ്റു സൊസൈറ്റികളെ അപേക്ഷിച്ച് കുറഞ്ഞ സമയത്തിനുള്ളിൽ സഹ്യാദ്രിയിൽനിന്നും വായ്പകൾ ലഭിക്കുന്നു. മറ്റു ചാർജുകൾ ഒന്നും ഇല്ലാതെ വളരെ എളുപ്പത്തിൽ, കുറഞ്ഞ പലിശ നിരക്കിൽ അഞ്ചു മിനിറ്റിനുള്ളിൽ സ്വർണപണയം ലഭിക്കുമെന്ന പ്രത്യേകത സഹ്യാദ്രിയെ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വ്യത്യസ്തമാക്കുന്നു.

ബാങ്കിംഗ് രംഗത്തെ സേവനങ്ങൾക്ക് സഹ്യാദ്രി കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റിക്ക് ഗ്ലോബൽ ബിസിനസ് ആൻഡ് ലീഡർഷിപ്പ് കൗൺസിൽ എക്സലൻസ് അവാർഡ്, നാഷണൽ കോ-ഓപ്പറേറ്റീവ് എക്സലൻസ് അവാർഡ് എന്നീ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. കാഞ്ഞിരപ്പള്ളി ജംഗ്ഷനിൽ നാലു നിലയിൽ 19,000 ചതുരശ്ര അടി വിസ്തീർണമുള്ള പുതിയ ഹെഡ് ഓഫിസിന്റെയും ബ്രാഞ്ചിന്റെയും നിർമാണം പുരോഗമിക്കുകയാണ്. സൊസൈറ്റിയുടെ ലാഭത്തിന്റെ ഒരു ശതമാനം സിഎസ്ആർ ഫണ്ടിലേക്ക് മാറ്റി ഡയാലിസിസ്ചെയ്യുന്നവർക്കാൻസർ രോഗികൾ ഉൾപ്പെടെയുള്ള വർക്ക് ചികിത്സാ സഹായവും ഭവനരഹിതർക്കു വീടുനിർമാണ സഹായവും നൽകി വരുന്നു.



ഭരണസമിതി

മാർ മാത്യു അറയ്ക്കൽ (ചെയർമാൻ എമിരിറ്റസ്)
മാർ ജോസ് പുളിക്കൽ (ചെയർമാൻ)
ഫാ. സക്കറിയാസ് ഇല്ലിക്കമുറിയിൽ (വൈസ് ചെയർമാൻ)

ഡയറക്ടേഴ്സ്:
റവ. ഡോ. മാത്യു പായിക്കാട്ട് | ശ്രീ. ജോർജ് ജെ. മാത്യു പൊട്ടംകുളം
ശ്രീ. ജോസഫ് എം. കള്ളിവയലിൽ | അഡ്വ. ജോർജ് പുന്തോട്ടം
ശ്രീ. സണ്ണി മാത്യു വെട്ടുണിക്കൽ | പ്രഫ. ഫിലോമിൻ ജോസഫ് പുറപ്പന്താനം
ശ്രീ. കെ. എ. ഏബ്രഹാം കല്ലറയ്ക്കൽ

ശ്രീ. കെ. സി. ജോർജ് (മാനേജിംഗ് ഡയറക്ടർ)
ശ്രീ. ജോസ് ജോസഫ് (ജനറൽ മാനേജർ)

സ്വർണ വ്യാപാരരംഗത്തെ വജ്രശോഭ
ഡോ. സി.വി. രവീന്ദ്രനാഥ്



സി.വി.ആർ എന്ന ഡോ. സി.വി. രവീന്ദ്രനാഥിന് ബിസിനസ് സംരംഭങ്ങൾ ലാഭോപാധിമാത്രമല്ല, സ്വർണവ്യാപാരമുൾപ്പടെ എല്ലാം പവിത്രമായ ഒരു ക്രയവിക്രയമാണ്. ജ്വല്ലറിരംഗത്ത് കണ്ണൂരിലെ അദ്ദേഹത്തിന്റെ കൃഷ്ണ ജ്വൽസ് വജ്രശോഭയോടെ തിളങ്ങി നിൽക്കുന്നതിനു കാരണവും അതുതന്നെ. ശുദ്ധത, ദൈവികത, ആത്മീയത എന്നീ മൂല്യങ്ങളിലൂന്നിയാണ് എല്ലാ ബിസിനസ് സംരംഭങ്ങളും. ബിസിനസുകാരൻ എന്നതിലുപരി ആത്മീയാന്വേഷി, താന്ത്രിക് ഗവേഷകൻ, എഴുത്തുകാരൻ, താന്ത്രിക് വാസ്തുശാസ്ത്ര ഡിസൈനർ തുടങ്ങിയ മേഖലകളിലും കൈയൊപ്പ് പതിപ്പിച്ച പ്രതിഭാധനനാണ് ഡോ. സി.വി. രവീന്ദ്രനാഥ്. അവിചാരിതമായി ചില നിർബന്ധങ്ങളെ തുടർന്ന് സ്വർണ വ്യാപാരത്തിലെത്തി വിജയഗാഥ രചിച്ച വ്യക്തിത്വത്തിനുടമയാണ് കൃഷ്ണ ജ്വൽസ്, ശിവോഹം ടെമ്പിൾ ഓഫ് കോൺഷ്യസ്നെസ് ട്രസ്റ്റ് പ്രസിഡന്റും മാനേജിംഗ് ട്രസ്റ്റിയും കൃഷ്ണ ഇൻഫ്രാസ്ട്രാറ്റജിക് മാനേജ്മെന്റ് കൺസൾട്ടന്റ് പ്രൈവറ്റ് ലിമിറ്റഡ് പ്രെയർമാനുമായ ഡോ. സി.വി. രവീന്ദ്രനാഥ്. കണ്ണൂർ സ്വദേശികളായ സി.വി. ചന്തുക്കുട്ടി - പി. മൈഥിലി ദമ്പതികളുടെ മകനായി 1954ൽ സിലോണിൽ (ഇന്നത്തെ ശ്രീലങ്ക) ആയിരുന്നു ജനനം. ചന്തുക്കുട്ടി സിലോണിൽ ലങ്ക മാനുഫാക്ചറിംഗ് വർക്സ് എന്ന സ്വർണ വ്യാപാര സ്ഥാപനത്തിന്റെ ഉടമയും ഐലന്റ് ഗോൾഡ് ഹാസ് എന്ന സ്ഥാപനത്തിന്റെ മുഖ്യപങ്കാളിയുമായിരുന്നു. ബ്രിട്ടീഷ് രാജ്ഞിയുടെ ഗുണമേന്മാ സർട്ടിഫിക്കറ്റ് നേടിയ സ്ഥാപനമായിരുന്നു ഐലന്റ് ഗോൾഡ് ഹാസ്. സിലോണിൽ തമിഴ് വംശജരും സ്വദേശീയരും തമ്മിൽ ആരംഭിച്ച പ്രശ്നങ്ങൾ ഉടലെടുത്തതോടെ സി.വി.ആറിന്റെ കുടുംബം 1959ലാണ് കേരളത്തിലേക്ക് തിരിച്ചെത്തുന്നത്.

പഠനകാലത്തും ശ്രദ്ധേയൻ

കണ്ണൂർ സെന്റ് മൈക്കിൾസ് ആംഗ്ലോ ഇന്ത്യൻ ബോയ്സ് ഹൈസ്കൂളിലായിരുന്നു സി.വി.ആറിന്റെ പ്രാഥമികപഠനം. പ്രീഡിഗ്രിക്കുശേഷം കോയമ്പത്തൂരിലെ പി.എസ്.ജി കോളജ് ഓഫ് ടെക്നോളജിയിൽനിന്ന് എൻജിനിയറിംഗിൽ എല്ലാ മാത്തമാറ്റിക്സ് സബ് വിഷയങ്ങളിലും നൂറു ശതമാനം നേടി വിജയിച്ചു. രാജസ്ഥാനിലെ ബിലാനിയിലെ ബിർള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സയൻസസിൽ ബിടെക്കിനായി ചേർന്ന് ഒരു വർഷം പഠിച്ചു. ഇതിനിടെയാണ് ഇതല്ല തന്റെ വഴി എന്ന് മനസിലാക്കുന്നത്. തുടർന്ന് 1976ൽ മുബൈയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ് മെന്റിൽ കാറ്ററിംഗ് ടെക്നോളജി ആൻഡ് അപ്ലൈഡ് ന്യൂട്രീഷൻ കോഴ്സിന് ചേർന്നു. പഠനകാലത്ത് ഹോട്ടൽ മാനേജുമെന്റുമായി ബന്ധപ്പെട്ട് വ്യത്യസ്തമായ പ്രോജക്ട് അവതരിപ്പിച്ചിരുന്നു. എന്നാൽ, അന്നത്തെ തലമുറയെ സംബന്ധിച്ചിടത്തോളം ഉൾക്കൊള്ളാൻ കഴിയുന്നതായിരുന്നില്ല പ്രോജക്ടിന്റെ വ്യാപ്തി. അതു കൊണ്ടു തന്നെ വേണ്ടത്ര പ്രോത്സാഹനം ലഭിച്ചില്ല. എന്നാൽ, പ്രോജക്ടിനെ കുറിച്ച് കേട്ടറിഞ്ഞ ഹോട്ടൽ ഹോളിഡേ ഇൻ ജനറൽ മാനേജരും സിളയെുമായ രാജീവ് ചോപ്ര സി.വി.ആറുമായി ബന്ധപ്പെട്ട് ജോലി ഓഫർ ചെയ്തു. കോഴ്സ് പൂർത്തിയാവുന്നതിന് മുമ്പായിരുന്നു ഇത്. സി.വി.ആറിലെ പ്രതിഭയെ ആദ്യം കണ്ടെത്തിയതും ഒരുപക്ഷേ രാജീവ് ചോപ്രയായിരിക്കും. ഹോളി ഡേ ഇന്നിൽ 1980ൽ ട്രെയിനിയായി ചേർന്ന് എട്ടുമാസത്തിനുള്ളിൽ സ്ഥിരംജീവനക്കാരനായി. 1982ൽ വെൽകം ഗ്രൂപ്പ് (ഐടിസി) വിൻഡ്സർ മാനർ ഷെറാട്ടണിൽനിന്ന് ഓഫർ ലഭിച്ചു. 1983 ൽ കൊച്ചിയിലെ ഹോട്ടൽ കാസിനോയിൽ ജോയിൻ ചെയ്തു ഇവിടെ ജനറൽ മാനേജർ ആയിരുന്നു.

പുതിയ കർമ മേഖലയായി സ്വർണ വിപണി

അച്ഛന്റെ സുഹൃത്തും ഭാര്യപിതാവുമായ കുഞ്ഞിക്കണ്ണന്റെ നിർബന്ധ പ്രകാരമാണ് ഹോട്ടൽ മാനേജ്മെന്റ് മേഖലയിലെ ജോലി ഒഴിവാക്കി സി.വി.ആർ കണ്ണൂരിലേക്ക് വരുന്നത്. 1985ൽ സി.വി.ആറും കുഞ്ഞിക്കണ്ണനും ചേർന്ന് ആരംഭിച്ച കുഞ്ഞിക്കണ്ണൻ ജ്വല്ലേഴ്സിലൂടെയാണ് സ്വർണ മേഖലയിൽ സജീവമാകുന്നത്. കണ്ണൂർ ചെമ്പോട്ടി ബസാറിലെ 100 സ്ക്വയർ ഫീറ്റ് ഷോറൂമിൽ സി.വി.ആർ അടക്കം മൂന്ന് ജീവനക്കാരുമായിട്ടായിരുന്നു തുടക്കം. സ്വർണത്തിന്റെ ശുദ്ധി, പരമ്പരാഗത ഡിസൈൻ, ഗുണമേൻമ എന്നിവ കുഞ്ഞിക്കണ്ണൻ ജ്വല്ലറിയെ ജനകിയമാക്കി. ഈസമയം ബഹറിൻ എയർപോർട്ടിൽനിന്നും ക്വാളിറ്റി കൺട്രോളർ ജോലി ഓഫറും തേടിയെത്തി. ഇതോടെ പുതിയ മേഖല അറിയാനും പഠിക്കാനുമായി ബഹറിനിലേക്ക് പറന്നു. എന്നാൽ, ജോലിയിൽ തിളങ്ങി നിൽക്കുന്നതിനിടെ, ബഹറിനിൽ യാദൃശ്ചികമുണ്ടായ സാഹചര്യത്തിൽ ഭാര്യാ പിതാവ് തിരിച്ചു വിളിച്ചതോടെ കണ്ണൂരിൽ തിരിച്ചെത്തി വീണ്ടും സ്വർണ ബിസിനസിൽ വ്യാപൃതനായി.

രാജ്യത്തെ ആദ്യ ബിഐഎസ് ഹോൾമാർക്ക് ജ്വല്ലറി

മാറി വരുന്ന കാലത്തിനു മുമ്പേ സഞ്ചരിച്ചാലേ പിടിച്ചു നിൽക്കാനാവൂ എന്ന ദീർഘ വീക്ഷണത്തോടെയുള്ള രാജ്യത്തെ ആദ്യ സ്വർണ ബിസിനസുകാരനായാണ് ഡോ. രവീന്ദ്രനാഥിന് ചരിത്രത്തിലുള്ള സ്ഥാനം. ഇന്ത്യയിലെ ആദ്യ ബിഐഎസ് ഹാൾമാർക്ക് മുദ്ര നേടുന്ന സ്ഥാപനമായി അദ്ദേഹം തന്റെ ജ്വല്ലറിയെ മാറ്റി. 2000 ഏപ്രിൽ ഒന്നിനാണ് ഇന്ത്യയിലെ ആദ്യത്തെ ബിഐഎസ് സർട്ടിഫൈഡ് ജ്വല്ലറിയായി കുഞ്ഞിക്കണ്ണൻ ജ്വല്ലറി മാറുന്നത്. കണ്ണൂരിലെ ബാങ്ക് റോഡിൽ 200സ്ക്വയർഫീറ്റിൽ 100 ഗ്രാം സ്റ്റോക്കോടുകൂടി തുടങ്ങിയ കുഞ്ഞിക്കണ്ണൻ ജ്വല്ലറിയുടെ വളർച്ച അതിവേഗമായിരുന്നു. കുഞ്ഞിക്കണ്ണൻ ജ്വല്ലറിയുടെ ചുവടു പിടിച്ചാണ് പിന്നീട് രാജ്യത്തെ പ്രമുഖ വ്യാപാര ശൃംഖലകൾ പോലും ബിഐഎസ് ഹോൾമാർക്ക് നേടിയെടുക്കുന്നത്.

കൃഷ്ണ ജ്വൽസിലേക്ക്

2013ലാണ് തന്റെ കുടി പങ്കാളിത്തമുള്ള കുഞ്ഞിക്കണ്ണൻ ജ്വല്ലറിയെ ഡോ. സി.വി. രവീന്ദ്രനാഥ് കൃഷ്ണ ജ്വൽസ് എന്ന പേരിൽ റീബ്രാൻഡ് ചെയ്യുന്നത്. താവക്കരയിലെ തറവാട് വീടായ കൊളംബോ ഹൗസ് സ്ഥതിചെയ്തിടത്താണ് സി.വി.ആർ തന്നെ താന്ത്രിക് ഡിസൈനിൽ രൂപകൽപന ചെയ്ത ആറു നിലകളിലായുള്ള കൃഷ്ണ ജ്വൽസ് ഷോറും ആരംഭിക്കുന്നത്. 24,000 സ്ക്വയർ ഫീറ്റിൽ 300 കിലോഗ്രാം സ്റ്റോക്കോടു കൂടിയ ഷോറും. ജ്വല്ലറിയുടെ മുഖച്ചായ മാറിയതോടെ ബിസിനസ് ഗ്രാഫ് വീണ്ടും ഉയർന്നു. 1991 ൽ ജെമോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അമേരിക്കയിൽ ഫൈൻ ജ്വല്ലറി സെയിൽസ് കൺസൾട്ടന്റിലും 1992ൽ ഇന്ത്യൻ ഡയമണ്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ (ഐഡിഐ) സുറത് ഡയമണ്ട്സ് സെയിൽസിലും വൈദഗ്ധ്യം നേടിയതും മുതൽക്കൂട്ടായി. ചിൻമയാനന്ദ സ്വാമിയുടെ ശിഷ്യൻ കൂടിയായ സി.വി. രവീന്ദ്രനാഥിന് വർഷങ്ങൾക്കു മുമ്പ് ഗുരു നൽകിയ ഉപദേശ പ്രകാരമാണ് റീബ്രാൻഡ് ചെയ്ത ജ്വല്ലറിക്ക് കൃഷ്ണ ജ്വൽസ് എന്ന പേര് നൽകിയത്.

കൃഷ്ണാ ബീച്ച് റിസോർട്ട്

ഉത്തര മലബാറിലെ ടൂറിസം വികസനത്തിന്റെ പാതയിലേക്ക് നയിച്ച സംരംഭകനെന്ന ഖ്യാതിയും ഇദ്ദേഹത്തിന് അവകാശപ്പെടാനുണ്ട്. പുരാതന താന്ത്രിക വാസ്തുവിദ്യയിൽ ഉന്നിയ കൃഷ്ണാ ബീച്ച് റിസോർട്ട് എന്ന സ്വപ്നം യാഥാർഥ്യമാക്കിയെടുത്തതിനു പിന്നിൽ 33 വർഷത്തെ പരിശ്രമമാണ്. ഭാരതീയ പൈതൃകത്തിന്റെയും സംസ്കാരത്തിന്റെയും കലർപ്പില്ലാത്ത സമഞ്ജസ സമ്മേളനമാണ് പള്ളിയാംമൂല കടൽത്തീരത്ത് അഞ്ച് ഏക്കറിലുള്ള കൃഷ്ണ ബീച്ച് റിസോർട്ട്. ബിസിനസ്, വിവാഹം, ശരീരത്തിനും മനസിനും ആത്മാവിനും ഊർജം പകരുന്ന വെൽനസ് കേന്ദ്രം കൂടിയാണിത്.

പഠിതാവും അധ്യാപകനും എഴുത്തുകാരനും

ബിസിനസ് നയിക്കുമ്പോഴും വിജ്ഞാന തൃഷ്ണ ശമിക്കാതെ പൈപുണ്യവികസന പഠനത്തിനു സമയം കണ്ടെത്തുന്ന വിദ്യാർഥിയും ഡോ. സി.വി. രവീന്ദ്രനാഥിലുണ്ട്. 2000ത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് അഹമ്മദാബാദിലും 2001ൽ ഐഐഎം കോഴിക്കോടും 2002ൽ റീജണൽ എൻജിനിയറിംഗ് കോളജ് ആർഡ് മാനേജ്മെന്റ് സ്റ്റഡീസിൽനിന്ന് മാനേജ്മെന്റ് മേലയിലും വിവിധ പ്രോഗ്രാമുകൾ ചെയ്തു. 2004 - 2006ൽ മധുര കാമരാജ് യൂണിവേഴ്സിറ്റിയിൽനിന്ന് എംഎയും എംഫിലും പൂർത്തിയാക്കി. 2007ൽ ഹൈദരബാദ് ഇന്ത്യൻ സ്കൂൾ ഓഫ് ബിസിനസിൽ മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം പൂർത്തിയാക്കി. 2008ൽ ദി പ്രോസ്പെക്ടസ് ഓഫ് മെഡിറ്റേറ്റീവ് ടെക്നിക്സ് ഇൻ ട്രാൻസ്ഫോമിംഗ് സോഷ്യോപേഴ്സണൽ ഡൊമൈനിസ് ഓഫ് ഇന്റർ നാഷണൽ ടെററിസം ആൻഡ് ഫണ്ടമെൻറലിസം എന്ന വിഷയത്തിൽ കണ്ണൂർ യൂണിവേഴ്സിറ്റി ഫിലോസഫി ഡിഷാർട്ട് മെന്റിൽനിന്ന് ഗവേഷണം പൂർത്തിയാക്കി. 2014ൽ കൊളംബോ ഇന്റർ നാഷണൽ ഓപ്ഷൻ യൂണിവേഴ്സിറ്റിയിൽനിന്ന് എസ്ക്യുഇൻ ബിസിനസ്മാനേജ് മെന്റെ എന്ന വിഷയത്തിൽ ഓണററി പിഎച്ച്ഡിയും നേടി. സ്പിരിച്വാലിറ്റിയിൽ ഓണററി ഡോക്ടറേറ്റും ലഭിച്ചിട്ടുണ്ട്. തത്വചിന്തകൻ കൂടിയായ ഇദ്ദേഹം യുജിസി അക്കാഡമിക് സ്റ്റാഫ് കോളജ് കണ്ണൂർ, കണ്ണൂർ യൂണിവേഴ്സിറ്റി ഡിഷാർട്ട്മെന്റ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കണ്ണൂർ എന്നിവിടങ്ങളിൽ സ്പിരിച്വൽ കോഷ്യന്റ്, താന്ത്രിക് മാനേജ്മെന്റ് എന്നി വയുടെ വിസിറ്റിംഗ് ഫാക്കൽറ്റിയുമാണ്.

ഇംഗ്ലീഷിൽ നിരവധി പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. My Love Unto thee (2001), Secret of Secrets (2005), My feelings unto thee (2005), Neela Chela (2016) Beatuy of Intuitive Creativity (2023), Ecstay of Beauty (2023), Tantric Management (2023), Mystical Messages of Manifestations (2024), Trinity to Divine (2014) തുടങ്ങിയവ സി.വി.ആറിന്റെ കൃതികളാണ്.

2000ൽ അമേരിക്കയിലെ ഇന്റർനാഷണൽ സൊസൈറ്റി ഓഫ് പൈയർട്സിനുള്ള പുരസ്കാരം. 2011ൽ കേന്ദ്ര സർക്കാരിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോംപ്രഹെൻസീവ് മാനേജ്മെന്റിന്റെ മികച്ച സിഎസ്ആർ സംരംഭക അവാർഡ്, 2019 മുതൽ റെസ്പോൺസിബിൾ ടൂറിസം അവാർഡ് എന്നിവയുൾപ്പെടെ നാൽപത് വർഷത്തിനിടെ 45 പുരസ്കാരങ്ങളും നേടിയിട്ടുണ്ട്. 1996ലെ ജമനാലാൽ ബജാജ് ഉചിന് വ്യവഹാർ പുരസ്കാരം മുൻ രാഷ്ട്രപതി കെ.ആർ. നാരായണനിൽ നിന്നാണ് ഏറ്റുവാങ്ങിയത്.

കരുതലും കൈത്താങ്ങും മുതിൽപ്പിലിയും

ബിസിനസുകളുടെ ഗ്രാഫുകൾ ഉയർന്നു പോകുമ്പോഴും സമൂഹത്തിൽ സഹായം ആവശ്യമായവരെ കണ്ടെത്തി ചേർത്തു പിടിക്കുന്ന മനുഷ്യസ്നേഹി കൂടിയാണ് സി.വി.ആർ. എസ്എസ്എൽസി പരീക്ഷയിൽ ഫുൾ എ പ്ലസ് നേടുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 200 പെൺകുട്ടികൾക്ക് വർഷം തോറും മെറിറ്റ് സ്കോളർഷിപ് നൽകി വരുന്നു. സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി സ്ത്രീ ശക്തി പുരസ്കാരങ്ങളും കൃഷ്ണ ജ്വൽസ് പ്രതിവർഷം നൽകി വരുന്നുണ്ട്. കലാ സാഹിത്യ സംഗീത മേഖലകളിലുള്ളവർക്കായി കൃഷ്ണ ജ്വൽസും ശിവോഹം ടെമിൽ ഓഫ് കോൺഷ്യസ്നെസ് ട്രസ്റ്റും ചേർന്ന് 2009 മുതൽ "മയിൽ പീലി പുരസ്കാരം" നൽകി വരുന്നുണ്ട്. എം.ടി. വാസുദേവൻ നായർ, അടൂർ ഗോപാലകൃഷ്ണൻ, ഒഎൻ.വി കുറുപ്പ്, സുഗതകുമാരി തുടങ്ങിയവർ പുരസ്കാരത്തിന് അർഹമായ പ്രധാനികളിൽ ചിലരാണ്.

കുടുംബം

പ്രേമ സുധയാണ് ഭാര്യ. ഡോ. സുനിത, സനിത, ശുഭ എന്നിവരാണ് മക്കൾ. ഡോ. സുനിത ഹോസ്പിറ്റാലിറ്റി ആൻഡ് ഹോട്ടൽ മാനേജ്മെന്റിൽ ബിഎസ്സിയും വേദിക് മാനേജ്മെന്റിൽ എംബിഎയും ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ഡോക്ടറേറ്റും നേടിയിട്ടുണ്ട്. സനിത ഹോട്ടൽ മാനേജ്മെന്റിൽ ബിഎച്ച്എമ്മും അമേരിക്കയിലെ യൂണിവേഴ്സിറ്റി ഓഫ് ടൊളാഡോയിൽനിന്ന് എംബിഎയും പൂർത്തിയാക്കി. ശുഭ ജ്വല്ലറി മാനേജ്മെന്റ് ആൻഡ് ഡിസൈനിൽ ബിബിഎ സ്വർണമെഡലോടെ പഠനം പൂർത്തിയാക്കിയതിനൊപ്പം എംബിഎയും നേടിയിട്ടുണ്ട്. ശുഭയ്ക്കാണ് കൃഷ്ണ ജ്വൽസിന്റെ മേൽനോട്ട ചുമതല നൽകിയിരിക്കുന്നത്. സംഗീതവും വായനയുമാണ് സി.വി.ആറിന്റെ പ്രധാന ഹോബി. റേഡിയോയിൽനിന്ന് ഗാനങ്ങൾ കേൾക്കുന്നതാണ് ഏറെപ്രിയം.





മൂന്നാർ വഴി വട്ടവടയിലേക്ക്...

കേരളത്തിലെ ജൈവപച്ചക്കറി ഗ്രാമം വട്ടവടയുടെ ദൃശ്യം. പശ്ചിമഘട്ടത്തിന്റെ ഉഷ്മളതയും വന്യതയും ആസ്വദിക്കാൻ സീസണിൽ വിനോദസഞ്ചാരികളുടെ വൻതിരക്കാണിവിടെ.

അഖിൽ പുരുഷോത്തമൻ.

മലബാറിന്റെ സാംസ്കാരിക പൈതൃകത്തിൽ അതുല്യമായ സ്ഥാനമുള്ള ഒരു അനുഷ്ഠാന കലാരൂപമാണ് തിറ. ഭക്തിയും കലയും ആത്മീയതയും ഒത്തുചേരുന്ന ഈ ദൈവിക അവതരണം നൂറ്റാണ്ടുകളായി മലബാറിലെ ക്ഷേത്രങ്ങളിലും കാവുകളിലും അരങ്ങേറുന്നു. 'മലബാറിന്റെ മണ്ണിൽ വിശ്വാസത്തിന്റെയും പാരമ്പര്യത്തിന്റെയും ജ്വാലയായി ജ്വലിക്കുന്ന അനുഷ്ഠാന കലാരൂപമാണ് തിറ. വർണ്ണാഭമായ വേഷഭൂഷണങ്ങളും താളമേളങ്ങളുടെ മുഴക്കവും ഭക്തിനിർഭരമായ ചുവടുകളുമായി ദൈവിക ശക്തിയുടെ പ്രതീകമായി തിറ അരങ്ങിലെത്തുന്നു. ജനങ്ങളുടെ സുഖദുഃഖങ്ങളിൽ പങ്കുചേരുകയും അനുഗ്രഹം ചൊരിയുകയും ചെയ്യുന്ന ദൈവ സാന്നിധ്യമായി തിറയെ ഭക്തർ ആരാധിക്കുന്നു. മലബാറിന്റെ സംസ്കാരവും ആത്മീയതയും തലമുറകളിലേക്ക് പകർന്നു നൽകുന്ന അമൂല്യ പൈതൃകമാണ് തിറ.

വിഘ്നേഷ് തട്ടാങ്കണ്ടി



പച്ചപ്പിന്റെ കേദാരമാണ് ഇടുക്കി. നിരവധി ജലാശയങ്ങൾ ഇവിടെ ഉള്ളതിനാൽ സഞ്ചാരികളെ ഇങ്ങോട്ടേക്ക് ആകർഷിക്കുന്നു. കേരളത്തിന്റെ കെടാവിളക്കായ ഇടുക്കി പദ്ധതിയുടെ ഭാഗമായി ഇരട്ടയാർ ഡാമിൽ നിന്ന് ഇടുക്കി ജലാശയത്തിലേക്ക് വെള്ളമെത്തിക്കുന്നതിനായി വൈദ്യുതി ബോർഡ് നിർമിച്ച നാല് കിലോമീറ്റർ ദൈർഘ്യമുള്ള അഞ്ചുരുളി തുരങ്കമുഖം വിസ്മയക്കാഴ്ചയുടെ കലവറയാണ്. ദീർഘവീക്ഷണത്തിന്റെയും എൻജിനിയറിംഗ് വൈദഗ്ധ്യത്തിന്റെയും നേർക്കാഴ്ചയാണ് ഈ തുരങ്കം. സുരക്ഷാ കാരണങ്ങളാൽ തുരങ്കമുഖത്തിനു സമീപം വരെയേ സന്ദർശകർക്ക് പ്രവേശനമുള്ളൂ.

- അഖിൽ പുരുഷോത്തമൻ -

സത്യദൂതികയ്ക്ക്

140

ദീപ്തവർഷങ്ങൾ

SINCE 1887

Rashtra Deepika Ltd.
P.B. No.7, College Road
Kottayam, Kerala - 686001
0481-2566707, 2566708
deepika@deepika.com
www.deepika.com
www.facebook.com/deepika newspaper